

വികസനരേഖ 96



കാലടി ഗ്രാമ പഞ്ചായത്ത്

കാലടി ഗ്രാമ പഞ്ചായത്ത്

9_ാം പദ്ധതി വികസന രേഖ '96

വികസന സെമിനാർ 23-12_'96

രാവിലെ 9 മുതൽ

കാലടി നാസ് ഓഡിറേറാറിയത്തിൽ

68-8

ജനകീയാസൂത്രണ പ്രസ്ഥാനം

ഭാരതമെന്നപേർ കേട്ടാല–
അഭിമാനപൂരിതമാകണം അന്തഃരംഗം.
കേരളമെന്ന് കേട്ടാലോതിളയക്കണം
ചോര നമുക്ക് ഞരമ്പുകളിൽ

കാലടി ഗ്രാമ പഞ്ചായത്ത്

വികസന രേഖ – 1996



അവതരണം

ഒമ്പതാം പഞ്ചവൽസര പദ്ധതിയുടെ ഗോപുര വാതിൽക്കലെത്തിനിൽക്കുന്ന കേരളം, പുരോഗതിയിലും, വികസനത്തിലും ഒരു കുതിച്ചു ചാട്ടത്തിനൊരുങ്ങുന്നു. ആസൂത്രണത്തിലും നിർവ്വഹണത്തിലും, ഔദ്യോഗിക വൃന്ദത്തിന്റെ മാത്രം കൈകാര്യ കർതൃത്വം ഉണ്ടായിരുന്ന ഇന്നലെകളുടെ ചരിത്രത്തിലൊരു പൊളിച്ചെഴുത്തു നടത്തി. ഗുണഭോക്താക്കളായ മുഴുവൻ ജനങ്ങളെയും പങ്കാളികളാക്കുക എന്ന വലിയ മാറ്റത്തിന് തുടക്കം കുറിക്കുകയാണ് ഇവിടെ. ഈ മാറ്റത്തിന്റെ ആവേശം ഉൾക്കൊണ്ടുകൊണ്ട് കൂടിയ ഗ്രാമസഭായോഗങ്ങളിലെല്ലാം തന്നെ വനിതകളടക്കം വൻ ജനക്കൂട്ടം പങ്കെടുത്തു. തങ്ങളുടെ ഗ്രാമത്തിന്റെ ജീവിത തുടിപ്പുകൾ തൊട്ടറിഞ്ഞിട്ടുള്ള അനുഭവ സമ്പന്നതയുള്ള കാരണവൻമാരും, കർഷകരും, കർഷകതൊഴിലാളികളും, മറ്റെല്ലാവരും നിർദ്ദേശങ്ങൾകൊണ്ടും, ചരിത്ര വിശദീകരണം കൊണ്ടും ഗ്രാമസഭാചർച്ചകളെ ധന്യമാക്കി. ഗ്രാമീണ ജനതയുടെ വികസന ചിന്തയിൽ നിന്നുയർന്നു വന്ന സൃഷ്ടിപരവും പ്രായോഗികമായ നിർദ്ദേശങ്ങളും അടങ്ങിയ റിപ്പോർട്ട് വികസന സെമിനാറിന്റെ ചർച്ചയ്ക്കും, അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

എന്ന്,

ശ്രീ. കെ. ജി. സുരേഷ്
പ്രസിഡൻറ് & ചെയർമാൻ
ജനകീയാസൂത്രണ സമിതി
കാലടി ഗ്രാമപഞ്ചായത്ത്

ശ്രീ. ടി. ആർ. വി. നമ്പൂതിരിപ്പാട്
കൺവീനർ
ജനകീയാസൂത്രണ സമിതി.
കാലടി ഗ്രാമപഞ്ചായത്ത്.

ശ്രീ. മഞ്ഞപ്ര ഉണ്ണികൃഷ്ണൻ
ചീഫ് കോ - ഓർഡിനേറ്റർ
ജനകീയാസൂത്രണ സമിതി
കാലടി ഗ്രാമപഞ്ചായത്ത്.

ശ്രീ. പി. ടി. ഗോപാലൻ
(സെക്രട്ടറി, ഗ്രാമപഞ്ചായത്ത്)

കാലടി
30-11-'96

"കാലടി പഞ്ചായത്ത് വികസന രേഖ 1996"
(റിപ്പോർട്ട് 9–ാം പദ്ധതി).

പത്രാധിപസമിതി : "ജനകീയാസൂത്രണ സമിതി കാലടി ഗ്രാമപഞ്ചായത്ത്."

സാങ്കേതിക വിവരം : അവലംബം; പഞ്ചായത്താഫീസ്
വില്ലേജ് ആഫീസ്, (കാലടി, മറ്റൂർ)
ഇലക്ട്രിസിറ്റി ആഫീസ്
കൃഷിഭവൻ
മൈനർ ഇറിഗേഷൻ ഓഫീസ്
വെറ്ററിനറി ഓഫീസ്
സ്കൂളുകൾ
കോളേജുകൾ
ബാങ്കുകൾ
റേഷൻ കടകൾ
സംസ്കൃതസർവ്വകലാശാല
പട്ടികജാതികോളനികൾ
ജില്ലാ, താലൂക്കു സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ
വില്ലേജ് എക്റ്റൻഷൻ ഓഫീസ്

കവർ ലേഔട്ട് : ആർട്ടിസ്റ്റ് എൻ. എൻ. സാബു. (മാണിക്യമംഗലം).

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

ശ്രീ. കെ. ജി. സുരേഷ്
ശ്രീ. ടി. ആർ. വി. നമ്പൂതിരിപ്പാട് (DRP)
ശ്രീ. മഞ്ഞപ്ര ഉണ്ണികൃഷ്ണൻ (DRP)
ശ്രീ. എം. ആർ. വിദ്യാധരൻ (DRP)
ശ്രീ. പി. ആർ ദാമോദരൻ (PRP)
ശ്രീ. സാബു പണ്ടാല
ഡോ. ബി. രമേഷ് (PRP)
(ശ്രീ. ശങ്കരാകോളേജ്, കാലടി.)
ശ്രീ. കെ. എൻ. ഗോപാലകൃഷ്ണൻ
(ശൃംഗേരിമഠം)
സഹായികൾ: ശ്രീ. മാർട്ടിൻ പി. ആൻറണി,
ശ്രീ. എം. കെ. അലി
(വി. ഇ. ഒ. കാലടി)

ശ്രീ. പി. ജി. മനോജ്
(ശാസ്ത്ര സാഹിത്യപരിഷത്ത്),
ശ്രീമതി ശ്രീദേവി (കൃഷി ഓഫീസർ, കാലടി)

ശ്രീ. ഡേവിഡ്
(കൃഷിഭവൻ, കാലടി)

ശ്രീ. പി. എൻ. ശശിധരൻ നായർ.
ശ്രീ. ശംഭു നമ്പൂതിരിപ്പാട്
(ശ്രീശങ്കരാകോളേജ്),
ശ്രീ. പി. സുരേഷ്കുമാർ
(ഇൻവെസ്റ്റിഗേറ്റർ, താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ആഫീസ്, ആലുവ),

പി. ടി. ഗോപാലൻ
(ഗ്രാമപഞ്ചായത്ത് സെക്രട്ടറി),
പഞ്ചായത്ത് ജീവനക്കാർ.

കൂടാതെ പേര് ചേർക്കാത്ത നിരവധി പൊതു പ്രവർത്തകരും, വിവിധ ഓഫീസ് ജീവനക്കാരും.


ജനകീയാസൂത്രണ സമിതി

ശ്രീ. കെ. ജി. സുരേഷ് - ചെയർമാൻ (ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്)
ശ്രീ. ടി. ആർ. വി. നമ്പൂതിരിപ്പാട് - ജനറൽ കൺവീനർ.
ശ്രീ. മഞ്ഞപ്ര ഉണ്ണികൃഷ്ണൻ - ചീഫ് കോ. ഓർഡിനേറ്റർ (ഡി. ആർ. പി.)

ഗ്രാമ സഭാ കൺവീനർമാർ

ശ്രീമതി മേരി വർഗീസ് (വൈസ് പ്രസിഡൻറ്)
അഡ്വ. ടി. വി. ആൻറു.
ശ്രീമതി ശാരദാചന്ദ്രൻ
ശ്രീ. തച്ചിൽ ജോർജ്
ശ്രീമതി എൽസി ഔസേപ്പ്
ശ്രീമതി അമ്മിണി അഗസ്റ്റിൻ
ശ്രീ. ടി. പി. ജോർജ്
ശ്രീ. കരീം മീരാൻ
ശ്രീ. വാലസ്പോൾ
ശ്രീ. മാത്യൂസ് കോലഞ്ചേരി (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)


ശ്രീ. പി. ടി. ഗോപാലൻ (സെക്രട്ടറി, ഗ്രാമപഞ്ചായത്ത്)
ശ്രീ. എം. ആർ. വിദ്യാധരൻ (ഡി. ആർ. പി)
പ്രൊഫ. കെ. എ. നടരാജൻ (")
ശ്രീ. മാർട്ടിൻ പി. ആൻറണി (")
ശ്രീ. എൻ. സി. ഇളയിടം (")
ശ്രീ. എൻ. എൻ. വിജയൻ (")
ശ്രീ. സ്റ്റാൻലി സെബാസ്റ്റ്യൻ (")



കെ. ജി. സുരേഷ്
പ്രസിഡന്റ്




മേരി വർഗ്ഗീസ്
(വൈ. പ്രസിഡന്റ്)



മാത്യുസ് കോലഞ്ചേരി
(സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)

വാർഡ് മെമ്പർമാർ



അഡ്വ: T.V. ആൻറു



ശാരദാ ചന്ദ്രൻ




തച്ചിൽ ജോർജ്



എൽസി ഔസേഫ്




അമ്മിണി അഗസ്റ്റിൻ



T.P. ജോർജ്



കരീം മീരാൻ



വാലസ് പോൾ

ഉള്ളടക്കം

• അവതരണം

1. ആമുഖം

2. പൊതുവിവരണം

3. സാമൂഹിക – ചരിത്ര പശ്ചാത്തലം

4. ഭൂപ്രകൃതി – ജനപ്രകൃതി.

5. 1 കൃഷിയും ജലസേചനവും

5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

5.3 വിദ്യാഭ്യാസം.

5.4 കുടിവെള്ളം, പൊതുജനാരോഗ്യം.

5.5 വ്യവസായം

5.6 ഊർജ്ജം, ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം.

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും

5.8 സംസ്കാരം.

5.9 വനിത

5.10 സഹകരണമേഖല

5.11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

5.12 വിഭവസമാഹരണം.

6. ഉപസംഹാരം.

സാമൂഹിക ചരിത്രപശ്ചാത്തലം

ആമുഖം

ചരിത്രം

ഭൂപ്രകൃതി - ജനപ്രകൃതി

ഭൂപ്രകൃതി

കാലാവസ്ഥ

മഴ

ചൂട്

മണ്ണ്


ജൈവസമ്പത്ത്

സസ്യാവരണം

വനം

പരിസ്ഥിതിപ്രശ്നങ്ങൾ

മനുഷ്യപ്രകൃതി


കാലടി ഗ്രാമ പഞ്ചായത്ത്
N
INDEX
പഞ്ചായത്തതിർ
വാർഡതിർ
റോഡുകൾ
തോടുകൾ
കാലടി
പെരിയാർ നദി

ആമുഖം

ആസൂത്രണ പ്രക്രിയയെക്കുറിച്ചുള്ള സാധാരണ ജനങ്ങളുടെ ധാരണ, അത് അധികാര കേന്ദ്രങ്ങളിൽ നിന്നും നടപ്പാക്കുന്നതാണെന്നായിരുന്നു. എന്നാൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തീ രാജ് സംവിധാനം നിലവിൽ വരികയും അധികാര കേന്ദ്രീകരണത്തിൽ നടന്നതുപോലെ പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും സാധാരണ ജനങ്ങൾക്ക് യാതൊരു പങ്കുമില്ല എന്ന വിശ്വാസം തിരുത്തികുറിച്ചുകൊണ്ട് അധികാര വികേന്ദ്രീകരണത്തോടൊപ്പം അറിവിന്റെ വികേന്ദ്രീകരണവും സാദ്ധ്യമാക്കുന്നതാണ് ജനകീയാസൂത്രണ പരിപാടിയെന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞു. ഈ കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതിയിലും അതിന്റെ ആസൂത്രണ നിർവഹണത്തിലും സാധാരണ ജനങ്ങൾക്ക് കാര്യമായ പങ്കുണ്ടായിരുന്നില്ല. എന്നാൽ ഒമ്പതാം പദ്ധതിയുടെ ആസൂത്രണവും നിർവഹണവ!ും സംബന്ധിച്ച് കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള ജനകീയാസൂത്രണ പരിപാടി ഇന്ത്യയ്ക്ക് മാത്രമല്ല ലോകത്തിന് തന്നെയും മാതൃകയാവുമെന്നതിന് സംശയമില്ല. ഗ്രാമീണ ജനതയുടെ ഉയിർത്തെഴുന്നേല്പിന് ശക്തി പകരുന്ന ഗ്രാമസ്വരാജെന്ന രാഷ്ട്രപിതാവിന്റെ സങ്കല്പം കൂടുതൽ പ്രാവർത്തികമാകുന്നത് ഗുണഭോക്താക്കളായ ഗ്രാമവാസികളുടെ പങ്കാളിത്തം കൊണ്ടുമാത്രമാണ്. ലോകത്തിന് തന്നെ മാതൃകയായിട്ടുള്ള കേരള മോഡലിന്റെ കാതൽ തികഞ്ഞ ജനകീയ പങ്കാളിത്തമാണ്. അറിവിന്റെ വികേന്ദ്രീകരണം ഗ്രാമസഭയിൽ നിന്നും തുടങ്ങി സംസ്ഥാനത്തിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിൽ വരെ പ്രതിഫലിക്കുമ്പോൾ മാത്രമെ തുലോം ശരീയായതും കൃത്യവുമായ ഒരു ആസൂത്രണ സംവിധാനം ഫലവത്താകുകയുള്ളു. അതിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശികാസൂത്രണം ഗ്രാമസ്വരാജിന്റെ ഏറ്റവും പ്രധാന ഘടകമായിത്തീരുന്നത്. ഇതിനുവേണ്ടി സംസ്ഥാനസർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് ജനകീയാസൂത്രണ പ്രസ്ഥാനം സംസ്ഥാന തലത്തിൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായി ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചത്. കേരളത്തിലെ പ്രതിപക്ഷ നേതാവ്, മുൻമുഖ്യമന്ത്രിമാർ, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രഗത്ഭർ എന്നിവർ ഉൾക്കൊള്ളുന്ന സമിതിയാണിത്. കേരളത്തിലെ ഗ്രാമാഗ്രാമാന്തരങ്ങളിലും, നഗരങ്ങളിലും ആസൂത്രണം ജനകീയമാക്കുന്ന ഈ പ്രസ്ഥാനത്തിന് എല്ലാ ഭാവുകങ്ങളും അഭിവാദനങ്ങളും അർപ്പിക്കുന്നു.

ഇതിന്റെ ഭാഗമായി ആസൂത്രണത്തിന്റെ ഒന്നാംഘട്ടം സംസ്ഥാനത്തും, ജില്ലയിലും നടന്നതുപോലെ കാലടി പഞ്ചായത്തിലും നടന്നു. ജില്ലാ റിസോഴ്സ് പേഴ്സൺ എന്ന നിലയ്ക്ക് എട്ട് സന്നദ്ധപ്രവർത്തകരും, വാർഡ് മെമ്പർമാരും പ്രസിഡൻറും ഉൾപ്പെടെയുള്ളവർ ഒന്നാംഘട്ട പരിശീലനത്തിൽ പങ്കെടുക്കുകയും സമയബന്ധിതമായി ഗ്രാമപഞ്ചായത്ത് സമിതി കൂടി ഡി. ആർ. പിമാരുടെ സഹായത്തോടെ പഞ്ചായത്ത് തല ശില്പശാല നടത്തുകയും ചെയ്തു. ഈ ശില്പശാലയ്ക്ക് ശേഷം 1996 ഒക്ടോബർ 13-ാം തീയതിക്കുള്ളിൽ തന്നെ എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭ കൂടുകയും ജനങ്ങളുടെ പങ്കാളിത്തത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയുണ്ടായി. പൊതുവെയുണ്ടായിരുന്ന തെറ്റിദ്ധാരണകൾ നീക്കി കക്ഷി, രാഷ്ട്രീയ, ജാതി, വർഗ്ഗപ്രായ, ലിംഗ ഭേദങ്ങൾക്ക് അതീതമായി സുതാര്യവും, സുസ്ഥിരവും ദ്രുതഗതിയിലുള്ളതുമായ വികസന പ്രവർത്തനങ്ങൾക്ക് രൂപം നല്കുന്നതിന് ആണിക്കല്ലായി പ്രവർത്തിക്കത്തക്കവണ്ണം ഗ്രാമസഭകളിൽ ചർച്ചകളും നിർദ്ദേശങ്ങളും ഉരുത്തിരിയുകയും 12 വിവിധ വിഷയങ്ങളെ അധികരിച്ചുള്ള സൂക്ഷ്മാവലോകനവും നടന്നു. ഗ്രാമസഭകളിൽ മൊത്തം 11 വാർഡുകളിലായി. 1107 പേർ പങ്കെടുത്തു. അതിൽ വനിതാ പ്രാതിനിധ്യം, സാമൂഹിക, പിന്നോക്ക വിഭാഗങ്ങളുടെ പങ്കാളിത്തം എന്നിവ പ്രതീക്ഷയ്ക്ക് വക നല്കുന്ന വിധത്തിലായിരുന്നു.

പട്ടിക – 1

ഗ്രാമീണോത്സവത്തിന്റെ പ്രതീതിയിലായിരുന്നു. മിക്കവാറും ഗ്രാമസഭകൾ മുന്നൊരുക്കത്തിലും പ്രചാരണത്തിലും ശ്രദ്ധേയമായ ആഭിമുഖ്യം പ്രദർശിപ്പിച്ചില്ല. പ്രാദേശികാസൂത്രണത്തിൽ ഗ്രാമസഭകളിലെ സാധാരണക്കാരായ കൃഷിക്കാരും, കാരണവന്മാരും ശാസ്ത്രവിദഗ്ധരെക്കാൾ അറിവിന്റെ വികേന്ദ്രീകരണത്തിലും, ആസൂത്രണത്തിലും താല്പര്യം കാണിച്ചത് ഈ പ്രസ്ഥാനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി. അങ്ങിനെ നമ്മുടെ ഗ്രാമങ്ങളിൽ ജീവിക്കുന്ന സാധാരണക്കാരിലും വിദഗ്ധന്മാരിൽനിന്ന് പുതിയ അറിവ് നേടുന്നത് ആഹ്ലാദകരമാണ്.

രണ്ടാംഘട്ട പ്രവർത്തനത്തിന്റെ മുന്നോടിയായി ജില്ലാതല ശില്പശാലയ്ക്കുശേഷം പഞ്ചായത്തുതല ശില്പശാല നടത്തുകയും ഡി. ആർ. പിമാരുടെയും വിവിധ ഗവ. സ്ഥാപനങ്ങളുടെയും ശ്രമഫലമായി പഞ്ചായത്ത് പ്രസിഡൻറിന്റെയും സമിതിയുടെയും നേതൃത്വത്തിൽ ദ്വിതീയ വിവരശേഖരണവും ഫലപ്രദമായി ചെയ്തു. ഈ വിവരശേഖരണത്തിന് പഞ്ചായത്ത് സമിതിയിലെ എല്ലാ അംഗങ്ങളും അവരുടേതായ പങ്കു വഹിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പരിപാടി

അധികാര വികേന്ദ്രീകരണത്തിന്റെ വിശദാംശങ്ങൾ ചർച്ചചെയ്യുകയും പഞ്ചായത്തീരാജ് സംവിധാനത്തെകുറിച്ച് നാസ്സിൽ വച്ച് സെമിനാർ നടത്തുകയുമുണ്ടായി. 8 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നമ്മുടെ പഞ്ചായത്തിൽനിന്നും ഒന്നാം ഘട്ട ജില്ലാതല ശില്പശാലയിൽ പങ്കെടുപ്പിക്കുകയും പരിശീലനും സിദ്ധിച്ച ഡി. ആർ. പി. മാരിൽ മൂന്ന് പേർ പിറ്റേദിവസം തന്നെ പഞ്ചായത്ത് സമിതിയിൽ വിഷയം അവതരിപ്പിക്കുകയും ചെയ്തു. നിർദ്ദേശിച്ച തീയതിയായ 13-10-'96 നുള്ളിൽ തന്നെ എല്ലാ ഗ്രാമസഭയും വിളിച്ചു ചേർക്കുകയും ചെയ്തു. ചിലയിടങ്ങളിൽ ഗ്രാമസഭ സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തിക്കുകയുണ്ടായി. നവംബർ 1-ാം തീയതി പുനരർപ്പണദിനമായി ആചരിക്കുകയും കാലടി പൊതു മാർക്കറ്റ് ശുചീകരണ പ്രവർത്തനം നടത്തകുയും ചെയ്തു. അന്നു തന്നെ കർഷകദിനാചരണത്തിന്റെ ഭാഗമായി പൊതുയോഗം നടത്തുകയും കർഷകരെ ആദരിക്കുകയുമുണ്ടായി.

പിന്നീട് രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിൽ പഞ്ചായത്തിൽനിന്നും പ്രസിഡൻറും സെക്രട്ടറിയും 4 ഡി. ആർ. പിമാരും വി. ഈ. ഒ, എൽ. വി. ഇ. ഒ എന്നിവരും പങ്കെടുത്തു. ഡി. ആർ. പി. മാരായ ടി. ആർ. വി നമ്പൂതിരിപ്പാട്, മഞ്ഞപ്ര ഉണ്ണികൃഷ്ണൻ, എം. ആർ. വിദ്യാധരൻ, പ്രൊഫ. കെ. എ. നടരാജൻ എന്നിവർ വിവിധ ദ്വിതീയ വിവരശേഖരണം നടത്തി.

രണ്ടാംഘട്ട പഞ്ചായത്തുതല പരിശീലനത്തിൽ പഞ്ചായത്ത് സമിതിഅംഗങ്ങളും ഉദ്യോഗസ്ഥരും, പി. ആർ. പിമാരും ഡി. ആർ. പി മാരും ഉൾപ്പെടെ സ്വാഗതസംഘം രൂപീകരിക്കുകയും ചെയ്തു. 5 പഠന പര്യടന ഗ്രൂപ്പ് ഉണ്ടാക്കി.

പഞ്ചായത്ത് തലത്തിൽ തലങ്ങും വിലങ്ങും പഠനപര്യടനഗ്രൂപ്പിന് പഞ്ചായത്ത് സമിതി മെമ്പർമാർ നേതൃത്വം നല്കി. പഠനപര്യടന പരിപാടി ശ്രീ. പി. ജെ. ജോയി, എം. എൽ. എ. ഉദ്ഘാടനം ചെയ്തു. അഡ്വ. ടി. വി. ആൻറു. 1] ശ്രീശങ്കരാപാലം മുതൽ വേങ്ങൂർ വരെ (ഗ്രൂപ്പ് -1)
ശ്രീമതി ശാരദാ ചന്ദ്രൻ, അമ്മിണി അഗസ്റ്റിൻ. (നേതൃത്വം) 2) ശൃംഗേരി കടവുമുതൽ കുഴിയമ്പാടംപാലം വരെ (ഗ്രൂപ്പ് 2)
ടി. പി. ജോർജ്, തച്ചിൽ ജോർജ്, മാത്യൂസ് കോലഞ്ചേരി. കെ. ജി. സുരേഷ് 3) ഉടുമ്പുഴ കോളനി മുതൽ മംഗലത്തറ വരെ (ഗ്രൂപ്പ് - 3)
വാലസ് പോൾ 4) പിരുരൂർ തെക്കേക്കര മുതൽ കൈപ്പട്ടൂർവഴി കൊറ്റമംപാലംവരെ (ഗ്രൂപ്പ് - 4)
കരീംമീരാൻ, മേരിവർഗീസ് 5) പിരുരൂർ കവല മുതൽ കുറ്റിലക്കര - മരോട്ടിച്ചുവട് വഴി എരപ്പ് വരെ (ഗ്രൂപ്പ് - 5)

മേൽ പഠനപര്യടനത്തിൽ നിന്നു ലഭിച്ച വിവരങ്ങൾ ശേഖരിച്ച് ഭൂപ്രകൃതി, മണ്ണി

ന്റെ തരം, സസ്യാവരണം, ജലസ്രോതസ്സുകൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ അടയാളപ്പെടുത്തി ഭൂപടം നിർമ്മിച്ചു.

മറ്റ് വിവരശേഖരണത്തിനായി പി. ആർ. പിമാരുടെ സഹായത്തോടെയും പഞ്ചായത്ത് സ്റ്റാഫിന്റെ സഹായത്തോടെയും ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിക്കുകയുമുണ്ടായി. ചില പ്രധാന വ്യക്തികളേയും സ്ഥാനപങ്ങളേയും സമീപിച്ച് കൂടുതൽ വിവരശേഖരണം നടത്തുകയും കാരണവന്മാരിൽനിന്നും രേഖകളിൽനിന്നും സ്വരൂപിച്ച വിവരങ്ങളും ചേർന്നാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്.

പൊതുസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പ്രധാനവകുപ്പുകളുടെ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്കൃതസർവ്വകലാശാലാ ഉൾപ്പെടെ 24 പ്രധാന ഓഫീസുകളാണുള്ളത്, ഈ പഞ്ചായത്തിലുണ്ടായിരുന്ന അസി. കൺസർവേറ്റർ, റെയിഞ്ചാഫീസ്; മൊബൈൽ വെറ്ററിനറി യൂണിറ്റ് എന്നിവ ഈ പഞ്ചായത്തിൽനിന്ന് മാറ്റപ്പെട്ടിട്ടുണ്ട്.

പഠനപര്യടനം



പഠനപര്യടനപരിപാടി P.J. ജോയി MLA ഉദ്ഘാടനം ചെയ്യുന്നു.



പഠന പര്യടനം ഗ്രൂപ്പ് – 1

പഠനപര്യടനം – ഗ്രൂപ്പ് – 5



1–ാം ഗ്രൂപ്പ് – ശ്രീ. ശങ്കരാ പാലം മുതൽ വേങ്ങൂർ തോട് വരെ

കൺവീനർ: അഡ്വ: ടി. വി. ആൻറു – ശാരദാ ചന്ദ്രൻ, അമ്മിണി അഗസ്റ്റിൻ (പഞ്ചായത്ത് മെമ്പർമാർ), എം. കെ. അലി (V.E.O) പാപ്പച്ചൻ മാസ്റ്റർ, ഇ. എൻ. വിശ്വനാഥൻ, എം. ജെ. ജോർജ്, മറിയാമ്മ ഫ്രാൻസീസ്, പി. എ. ജോസ്, കെ. എം. മാണി.

2–ാം ഗ്രൂപ്പ്

കൺവീനർ ടി. പി. ജോർജ് (പഞ്ചാ: മെമ്പർ), മാത്യൂസ് കോലഞ്ചേരി (സ്റ്റാൻറിംഗ് ചെയർമാൻ), തച്ചിൽ ജോർജ് (മെമ്പർ), മഞ്ഞപ്ര ഉണ്ണികൃഷ്ണൻ, കെ. എ. നടരാജൻ, എൻ. സി. ഇളയിടം, മാർട്ടിൻ ആൻറണി (DRP മാർ), ഡി. കൃഷ്ണൻ നമ്പൂതിരി, എൻ. ശ്രീദേവി കൃഷിഓഫീസർ, കെ. പി. ജോഷി, ക്ലാരമ്മ ജോർജ്, ഡോ. ബി. രമേശ്, കെ. എസ്. ആർ. പണിക്കർ, പി. എ. ആൻറണി, എസ്. രവീന്ദ്രൻ, എം. വി. ആൻറണി.

3–ാം ഗ്രൂപ്പ്

കൺവീനർ: കെ. ജി. സുരേഷ് (പഞ്ചാ: പ്രസിഡൻറ്), എൽസി ഔസേഫ് (പഞ്ചാ: മെമ്പർ), മഞ്ഞപ്ര ഉണ്ണികൃഷ്ണൻ (D. R. P) ടി. എ. ഡേവീഡ് (അഗ്രികൾച്ചർ അസിസ്റ്റൻറ്), കെ. എം. മാണി, എൻ. ആർ. ചന്ദ്രൻ, എ. വി. ഭാസ്കരൻ, കെ. ഒ. ബേബി, കെ. വി. കുമാരൻ, സി. മാധവൻ.

4–ാം ഗ്രൂപ്പ്

പിരാരൂർ – കുറ്റിലക്കര മരോട്ടിച്ചുവട് എരപ്പ് വരെ

കൺവീനർ : മേരി വർഗ്ഗീസ്

പി. എൻ. ശശിധരൻ നായർ, എം. സി. ദേവസ്സിക്കുട്ടി, ടി. ആർ. വി. നമ്പൂതിരിപ്പാട്, ഫാ: ഇട്ടൂപ്പ് ആലുക്കൽ, ശാരദാ ചന്ദ്രൻ, പി. ടി. പൗലോസ്, ജോസഫ് വയലിക്കുട, എം. സി. ആൻറു, എം. ജെ. ജോർജ്ജ്.

5–ാം ഗ്രൂപ്പ്

തെക്കേക്കര മുതൽ മറ്റൂർ, കൈപ്പട്ടൂർ. കൊറ്റമം പാലം വരെ.

കൺവീനർ : വാലസ് പോൾ

എം. എ. മീരാൻ പിള്ള, ബാബു പൈങ്കിളി, ടി. ആർ. വി. നമ്പൂതിരിപ്പാട്, അവരാച്ചൻ മാങ്കായി, എം. എ. ശശി, കെ. രമേശ്, മാത്യൂസ് കോലഞ്ചേരി, തോമസ് (ഹെഡ്മാസ്റ്റർ)

അനുബന്ധം – 7

കാലടി ഗ്രാമ പഞ്ചായത്ത്

7.1 സ്ഥാപന വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗ സ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1	2	3	4	5	6	7
1	പിരാരൂർ പോസ്റ്റാഫീസ്	പോസ്റ്റൽ സർവ്വീസ്	വാടക	3		
2	പി. ഡി. ഡി. പി സെൻട്രൽ സൊസൈറ്റി	ഡയറി ഡവലപ്മെന്റ്	സ്വന്തം	116	1981	
3	വില്ലേജാഫീസ്	റവന്യൂ	സ്വന്തം	4	19	
4	എഫ്. എ.. സി. റ്റി. സെൻട്രൽ ഡിപ്പോ, കാലടി, മറ്റൂർ	ഫാക്റ്റ്, വളം	വാടക	3		
5	കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കാലടി	ഹെൽത്ത് സർവ്വീസ്	സ്വന്തം	62	1955	
6	കാലടി ഫാർമേഴ്സ് ബാങ്ക്	ബാങ്കിംഗ് സർവ്വീസ്	സ്വന്തം	7		
7	ബാാബു കോർപ്പറേഷൻ ഡിപ്പോകൾ – 3	ഈറ്റ, പനമ്പ്	വാടക	12		
8	എക്സൈസ് റെയിഞ്ചാഫീസ്	എക്സൈസ്	വാടക	14	1994	
9	ബാങ്ക് ഓഫ് ഇന്ത്യ	ബാങ്കിംഗ് സർവ്വീസ്	വാടക	14		

പഞ്ചായത്ത് തലത്തിലുള്ള വിവരങ്ങൾ മാത്രം ശേഖരിക്കാനുള്ള ഫോറമാണിത്. ഈ രീതിയിൽ പഞ്ചായത്തിനകത്തുള്ളവ ഏല്ലാ വിഭാഗത്തിലുമുള്ള (അലോപ്പതി, ഹോമിയോ, ആയുർവ്വേദം. etc.) ആരോഗ്യ സ്ഥാപനത്തെ സംബന്ധിച്ചും ഭൗതിക വിവരങ്ങൾ ശേഖരിക്കുൻങ്ങന്നതിന് പ്രത്യേക ഫോറങ്ങൾ തയ്യാറാക്കാവുന്നതാണ്. ഇതിനായി ഓരോ സ്ഥാപനത്തിനും അവശ്യം ഉണ്ടായിരിക്കേണ്ട അംഗീകൃത സൗകര്യങ്ങൾ എന്തൊക്കെയെന്ന് മനസ്സിലാക്കണം.

അനുബന്ധം – 7
കാലടി ഗ്രാമ പഞ്ചായത്ത്
7.1 സ്ഥാപന വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗ സ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1	2	3	4	5	6	7
10	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ	ബാങ്കിംഗ്	വാടക	18		
11	ജില്ലാ സഹകരണ ബാങ്ക്	ടി	വാടക	7		
13	സൗത്ത് ഇന്ത്യൻ ബാങ്ക്	ബാങ്കിംഗ്	വാടക	10		
14	കാലടി പോസ്റ്റാഫീസ്	തപാൽ	വാടക	9		
15	കൃഷിഭവൻ	കൃഷി വകുപ്പ്	വാടക	5		
16	ഇലക്ട്രിക്കൽ മേജർ സെക്ഷൻ	വൈദ്യുതി	വാടക	39		
17	ഇറിഗേഷൻ സെക്ഷൻ (ഇലക്ടിക്കൽ വിംഗ്)	ജല സേചനം	വാടക	12		
18	വെറ്ററാനറി ഡിസ്പൻസറി	മൃഗ സംരക്ഷണം	വാടക	3		
19	മൈനർ ഇറിഗേഷൻ സെക്ഷൻ, കാലടി	ജലസേചനം	വാടക	13		
20	കാലടി വില്ലേജാഫീസ്	റവന്യൂ	സ്വന്തം	5		
21	പോലീസ് സ്റ്റേഷൻ, കാലടി	നീതി ന്യായം	സ്വന്തം	26		

അനുബന്ധം - 7
കാലടി ഗ്രാമ പഞ്ചായത്ത്
7.1 സ്ഥാപന വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗ സ്ഥരുടെ എണ്ണം
1	2	3	4	5
22	ടെലിഫോൺ എക്സ്ചേഞ്ച്	ടെലിഫോൺ	വാടക	41
23	മാണിക്യ മംഗലം പോസ്റ്റാഫീസ്	ടെലിഫോൺ	വാടക	2
24	ഗവ. ഹോമിയോ ഡിസ്പൻസറി	ആരോഗ്യം	വാടക	4
25	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്	ഡെവലപ്മെന്റ്	വാടക	2
26	ടെലികോം സെന്റർ	(കമ്മ്യൂണി ക്കേഷൻ)	വാടക	2

സ്ഥാപനങ്ങൾ സംബന്ധിച്ചകൂടുതൽ വിവരങ്ങൾ

വ്യവസായം				വ്യാപാരം		സേവനം		സഹകരണം		സന്നദ്ധസംഘടനകൾ	
ചെറുകിട	എണ്ണം	പരമ്പരാഗതം		പച്ചക്കറി	20	ഹോമിയോ	6	സഹകരണബാങ്ക്	1	ക്ലാസ്സുകൾ Arts Sports	8
അരിമില്ല്	37			പഴക്കട (കുൾബാർ)	15	ആയുർവ്വേദം	5	ഹരിജൻ സൊസൈറ്റി	1	വായനശാലകൾ	4
				പലവ്യഞ്ചനം	50	ലോഡ്ജുകൾ	4	സഹകരണ കോളേജ്	1	പ്രകൃതി ക്ലാസ്സുകൾ	2
				സ്റ്റേഷനറി	20	ബാങ്കുകൾ	6				
		ബാംബൂ ഡിപ്പോ	3	ബേക്കറി	12	ടൈപ്പിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	5				
ഇഷ്ടിക				ഹാർഡ് വെയേഴ്സ്	6	തയ്യൽ കടകൾ	10				
(ഹോളോ-ബ്രിക്സും വയർ കട്ടയും മുൾപ്പടെ)	11			കള്ള് ഷാപ്പ്	2	ബാർബർഷാപ്പ്	15				
				മെഡിക്കൽ സ്റ്റോർ	5	പാരലൽ കോളേജ്	3				
				ജവുളിക്കടകൾ	15	ബ്യൂട്ടി പാർലറുകൾ	2				
				ആഭരണശാല	10	പ്രസ്സുകൾ	4				
റബ്ബർ	14			ഫർണീച്ചർക്കട	10	ബുക്ക് സ്റ്റാൾ	1				
ഓയിൽ മിൽ	9			ഇലക്ട്രിക്ക് കട	5	ഫോട്ടോ സ്റ്റാറ്റ്	10				
				ഫ്ളവർ മാർട്ടുകൾ	3	STD ബൂത്ത്	6				
കോൺക്രീറ്റ്)	2			ഷൂ മാർട്ടുകൾ	10						
				മാവേലി സ്റ്റോറുകൾ	1						

കാലടി ഗ്രാമഞ്ചായത്ത്

വിശേഷാൽ ഗ്രാമസഭയിൽ പങ്കെടുത്തത്. ഗ്രാമ സഭാംഗങ്ങളുടെ എണ്ണം

വാർഡ്നമ്പർ	പുരുഷൻമാര	സ്തീകൾ	ആകെ
I	118	7	125
II	91	14	105
III	100	28	128
IV	94	9	103
V	62	4	66
VI	77	21	98
VII	66	15	81
VIII	70	50	120
IX	59	5	64
X	75	40	115
XI	90	12	102
ആകെ	902	205	1107

പൊതുവിവരണം

1.	പഞ്ചായത്തിന്റെ പേര്	:	കാലടി ഗ്രാമപഞ്ചായത്ത് [സ്പെഷ്യൽ ഗ്രേഡ്]
2.	ഉൾപ്പെടുന്ന വില്ലേജുകൾ	:	മറ്റൂർ വില്ലേജ് കാലടി വില്ലേജിന്റെ നീലീശ്വരം കര ഒഴികെ.
3.	ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	:	കാലടി പഞ്ചായത്തിന്റെ 6 മുതൽ 11 വരെ ചെങ്ങൽ പഞ്ചായത്തിന്റെ 1 മുതൽ 5 വരെ
4.	ബ്ലോക്ക് പഞ്ചായത്ത്	:	അങ്കമാലി
5.	താലൂക്ക്	:	ആലുവ
6.	ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	കാലടി
7.	ജില്ലാ പഞ്ചായത്ത്	:	എറണാകുളം
8.	അസംബ്ളി മണ്ഡലം	:	അങ്കമാലി
9.	പാർലമെൻറ് നിയോജക മണ്ഡലം	:	മുകുന്ദപുരം
10.	വിസ്തീർണ്ണം	:	16.684 ച. കി. മീ.
11.	അതിരുകൾ	:	വടക്ക്: വേങ്ങൂർ തോട്, അങ്കമാലി മുനിസിപ്പാലിറ്റി, തുറവൂർ, മഞ്ഞപ്ര, പഞ്ചായത്തുകൾ.
		കിഴക്ക് :	കൊറ്റമം തോട്, മലയാറ്റൂർ - നിലീശ്വരം പഞ്ചായത്ത്.
		പടിഞ്ഞാറ് :	കാഞ്ഞൂർ പഞ്ചായത്ത്, അങ്കമാലി മുനിസിപ്പാലിറ്റി
		തെക്ക് :	പെരിയാർ നദി, കാഞ്ഞൂർ പഞ്ചായത്ത്.
12.	ജനസംഖ്യ	:	24707 പേർ (1991 സെൻസ്സ്)
13.	ജനസാന്ദ്രത	:	1481 പേർ ഒരു ച.കി. മീറ്റർ
14.	വാർഡുകൾ	:	11 എണ്ണം
	പ്രസിഡൻറ്	:	ശ്രീ. കെ.ജി. സുരേഷ്
	വൈസ് പ്രസിൻറ്	:	ശ്രീമതി മേരി വർഗീസ്
	സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ	:	ശ്രീ. മാത്യൂസ് കോലഞ്ചേരി
	ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ	:	1) ചെങ്ങൽ : ശ്രീ. കെ. വി. ഷാജി 2) ശ്രീ. ജോർജ് കൂട്ടുങ്ങൽ (ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ്)
	ജില്ലാപഞ്ചായത്ത് അംഗം	:	കാലടി - ശ്രീ. പി.കെ. ഇബ്രാഹിം കുട്ടി (ജില്ലാപഞ്ചായത്ത് പ്രസിഡൻറ്)
	അസംബ്ലി നിയോജകമണ്ഡലം	:	എം.എൽ.എ. ശ്രീ. പി.ജെ. ജോയി
	പാർലമെൻറ് അംഗം	:	മുകുന്ദപുരം - ശ്രീ. പി.സി. ചാക്കോ എം.പി.

പഞ്ചായത്ത് ആരംഭിച്ച വർഷം = 1956

പഞ്ചായത്ത് സമിതി അംഗങ്ങൾ

വാർഡ്		പേരും വിലാസവും
I	-	ശ്രീമതി മേരി വർഗീസ്, കുടിയിരിപ്പിൽ, മറ്റൂർ.
II	-	അഡ്വ. ടി. വി. ആൻറു, തോട്ടത്തിൽ, മറ്റൂർ
III	-	ശ്രീമതി ശാരദാ ചന്ദ്രൻ, വാഴേലിപ്പറമ്പിൽ, വട്ടപ്പറമ്പ്
IV	-	ശ്രീ. കെ.ജി. സുരേഷ്, കോയിക്കൽ, വട്ടപ്പറമ്പ്
V	-	ശ്രീ. തച്ചിൽജോർജ്, തച്ചിൽ, കാലടി
VI	-	ശ്രീമതി എൽസി ഔസേപ്പ്, താനത്തിൽ, പൊതിയക്കര
VII	-	ശ്രീമതി അമ്മിണി അഗസ്റ്റിൻ,പാലിശേരി, കാലടി
VIII	-	ശ്രീ. ടി.പി. ജോർജ്, താനത്തിൽ, കൈപ്പട്ടൂർ
IX	-	ശ്രീ. കരീം മീരാൻ, അണ്ടേത്ത്, മേക്കാലടി
X	-	ശ്രീ. വാലസ് പോൾ, പുത്തൻ വീട്, പനയാലി
XI	-	ശ്രീ. മാത്യൂസ് കോലഞ്ചേരി, കോലഞ്ചേരി വീട്, നെട്ടിനംപിള്ളി

വനിതാസംവരണം : 4 (I; III, VI, VII വാർഡുകൾ
പട്ടികജാതിസംവരണം : 1 (IV-ാം വാർഡ്

പഴയ കോട്ടയം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ മാണിക്യമംഗലം വില്ലേജിൽപെട്ട സ്ഥലമാണ് കാലടി. മാണിക്യമംഗലം വില്ലേജ് തിരുവിതാംകൂറിൽ പെട്ട സ്ഥലമായിരുന്നു. ചെങ്ങൽ പാലം മുതൽ പടിഞ്ഞാട്ട് കൊച്ചിരാജ്യാതിർത്തിയായിരുന്നു. കൊച്ചി തിരുവിതാംകൂർ അതിർത്തി നിർണ്ണയിച്ചിരുന്ന "കൊതി" കല്ല് ഇന്നും ഇവിടെക്കാണാം. കാലടി അന്ന് പ്രധാന ചൗക്കയും വണ്ടിപ്പേട്ടയുമായിരുന്നു. എറണാകുളം ജില്ലയും ആലുവ താലൂക്കും രൂപീകരിക്കപ്പെട്ടപ്പോൾ പഞ്ചായത്ത് അതിർത്തി നിർണ്ണയത്തിലൂടെ കാലടി പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. എന്നാൽ വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് മാണിക്യമംഗലം വില്ലേജിനെ മറ്റൂർ, കാലടി എന്നീ രണ്ടു വില്ലേജുകളാക്കി. കാലടി വില്ലേജിൻെറ നീലീശ്വരം കര ഒഴികെയുള്ള ഭാഗങ്ങൾ ഇപ്പോൾ നമ്മുടെ പഞ്ചായത്തിലാണ്. പിരാരൂർ, കുറ്റിലക്കര, മറ്റൂർ, മരോട്ടിച്ചുവട്, വട്ടപ്പറമ്പ്, പൊതിയക്കര, മാണിക്യമംഗലം, തോട്ടക്കം, നെട്ടിനംപിള്ളി, പനയാലി, മേക്കിലടി, കൈപ്പട്ടൂർ, കാലടി എന്നീ കരകൾ പഞ്ചായത്തിലുൾപ്പെടുന്നു.

പ്രധാന ചരിത്ര സംഭവങ്ങൾ

1887	കൈപ്പട്ടൂർ സെ. മേരീസ് പ ള്ളി സ്ഥാപിതമായി
1906	ശൃംഗേരി ക്ഷേത്ര പുനർനിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തു.
1910	ശൃംഗേരി ക്ഷേത്ര ശിലാസ്ഥാപനം നടന്നു.
1924	വലിയ വെള്ളപ്പൊക്കമുണ്ടായി, കാലടിപട്ടണം വെള്ളപ്പൊക്കത്തിൽ മുങ്ങിയിരുന്നു
1933	മറ്റൂർ ഹരിജൻ സ്ക്കൂൾ സ്ഥാപിച്ചു
1936	ആഗമാനന്ദ സ്വാമികൾ ശ്രീരാമകൃഷ്ണ ആശ്രമം സ്ഥാപിച്ചു

1937	ഹരിജൻ കോളനി സ്ഥാപിച്ചു
1947	എസ്.എൻ.ഡി.പി. വായനശാല സ്ഥാപിച്ചു
1952	ഐക്യമുന്നണിയോഗം എസ്.എൻ.ഡി.പി. വായനശാലയിൽ നടന്നു. ഈ.എം. എസ്. നമ്പൂതിരിപ്പാട് പങ്കെടുത്തു. B.S. ശങ്കർ ആണ് അദ്ധ്യക്ഷം വഹിച്ചത്
1953	കാലടി ശിവരാത്രി മഹോത്സവം ആരംഭിച്ചു
1954	ശ്രീശങ്കരാകോളേജ് ഉദ്ഘാടനം ചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവ് നിർവ്വഹിച്ചു
1956	ഇന്ത്യൻ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് കാലടി സന്ദർശിച്ചു
1958	കർഷക സമ്മേളനം ശ്രീ ശങ്കരാകോളേജിൽ വച്ച് നടന്നു നൂതന പ്രസ്ഥാനത്തിന്റെ ദേശീയക്യാമ്പ് വിനോബാഭാവെ, ജയപ്രകാശ് നാരായണൻ എന്നിവരുടെ നേതൃത്വത്തിൽ നടന്നു
1959	പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി കാലടി സന്ദർശിച്ചു
1961	ശക്തമായ വെള്ളപ്പൊക്കക്ഷാമം, നേരിട്ട് കണ്ട് മനസ്സിലാക്കാൻ ഏ.കെ.ജി. സന്ദർശനം നടത്തി
1962	ആഗമാനന്ദസ്വാമികളുടെ ചരമം
1966	നെഹ്റു ആർട്ട്സ് &സ്പോർട്ട്സ് സൊസൈറ്റി സ്ഥാപിച്ചു
1976	അന്തർദേശീയ സർവ്വമതക്ഷേത്രം സ്ഥാപിതമായി
1978	പ്രധാനമന്ത്രിയായിരുന്ന മൊറാർജിദേശായി കാലടി സന്ദർശിച്ചു
1978	ഇന്ത്യൻ രാഷ്ട്രപതിയായിരുന്ന ഡോ. നീലം സഞ്ജീവറെഡ്ഡി കാലടി സന്ദർശിച്ചു
1978	അന്നത്തെ ചിഫ് ഇലക്ഷൻ കമ്മിഷണർ എസ്.എൽ. ഷക്ധർ കാലടി സന്ദർശിച്ചു
1985	സുപ്രീംകോടതി ചിഫ് ജസ്റ്റീസായിരുന്ന വൈ.വി. ചന്ദ്രചൂഡ് കാലടി സന്ദർശിച്ചു
1989	ഉപരാഷ്ട്രപതിയായിരുന്ന ഡോ. ശങ്കർദയാൽ ശർമ്മ കാലടി സന്ദർശിച്ചു 1200-ാം ശ്രീശങ്കര ജയന്തി ആഘോഷം ഉദ്ഘാടനം ചെയ്തു
1990	ജസ്റ്റീസ് രംഗനാഥമിശ്ര കാലടി സന്ദർശിച്ചു
1991	രാഷ്ട്രപതിയായിരുന്ന ആർ.വെങ്കിട്ടരാമൻ കാലടി സന്ദർശിച്ചു

കൂടാതെ ഇന്ത്യൻ പ്രസിഡൻറായിരുന്ന വി.വി. ഗിരി, പ്രധാനമന്ത്രിയായിരുന്ന ലാൽ ബഹാദൂർ ശാസ്ത്രി തുടങ്ങിയ നിരവധിദേശീയ നേതാക്കൾ കാലടി സന്ദർശിച്ചുട്ടുണ്ട്.

മുൻ പ്രസിഡൻറുമാർ

	പേര്	കാലഘട്ടം
1	സർവ്വശ്രീ. പി.ഐ. ഇട്ടിയച്ചൻ (വില്ലേജ് യൂണിയൻ ചെയർമാൻ)	
2	" ഒ. വർഗീസ് (പ്രസിഡൻറ്	29-1-55 - 25-9-58
3	" പി.ഐ. ലോനൻ (ഇൻ ചാർജ്)	1-5-61 - 23-7-62
4	" ഈ.വി. ആൻറണി (പ്രസിഡൻറ്)	24-7-62 - 31-12-62
5	" പി.എം. ഫ്രാൻസിസ്	3-9-66 - 14-3-68
6	" വി.എം. എബ്രഹാം	30-3-68 - 20-8-79
7	" കെ. രാഘവൻപിള്ള	1-10-79 - 19-5-81
8	" ഈ. വി. ആൻറണി (ഇൻചാർജ്)	20-5-81 - 2-6-81
9	" എം.കെ. അനന്തൻപിള്ള	3-6-81 - 22-12-83
10	" ഈ. വി. ആൻറണി	23-12-83 - 28-10-84
11	" തച്ചിൽ ജോർജ്	23-1-88 - 20-6-90
12	" ജോസ് കയ്യാല (ഇൻചാർജ്)	21-6-90 - 16-7-90
13	" പി.കെ. മോഹൻദാസ്	17-7-90 - 30-9-95

ആദ്യത്തെ പഞ്ചായത്ത് കമ്മിറ്റി

1. സർവ്വശ്രീ. ഒ. വർഗ്ഗീസ് (പ്രസിഡൻറ്)
2. പി. ഈ. കുട്ടൻ മേനോൻ
3. കെ.എസ്. ജോസഫ്
4. പി.ഐ. ലോനൻ
5. കെ.കെ. ആലി
6. സി.എൻ. കുമാരൻ
7. കെ.സി. ആൻറണി

9-5-56ൽ ഭാരത് സേവക് സമാജിൻെറ ക്യാമ്പിനോടനുബന്ധിച്ച് 3 ഫർലോങ്ങ് നീളം പഞ്ചായത്ത് റോഡും ശങ്കരവിലാസം കടവും ശ്രമദാനമായി തീർത്തു.

സർവ്വശ്രീ. സോമശേഖരൻ വൈദ്യർ, വി.കെ.ജി. പണിക്കർ, സ്റ്റീഫൻ പൂണോളി, ഈട്ടുങ്ങപ്പടി രാമകൃഷ്ണൻ, ഒറവൻതുരുത്തി രാമകൃഷ്ണൻ, എം.കെ. അനന്തൻ പിള്ള തുടങ്ങിയവർ സ്വാതന്ത്ര്യ സമരത്തിൽ കാലടിയിൽ പങ്കെടുത്തിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

സാമൂഹിക ചരിത്ര പശ്ചാത്തലം

കാലടിയുടെ ചരിത്രത്തിന് പൂർണ്ണാ നദിയോളം പഴക്കമുണ്ട്. വാത്മീകി രാമായണത്തിലും പെരിയ പുരാണത്തിലും സംഘകാല സാഹിത്യത്തിലും പെരിയാറിനെ കുറിച്ച് പരാമർശനമുണ്ട്. അതിൽ സൂചിപ്പിക്കുന്ന ചൂർണ്ണി നദിയാണ് പൂർണ്ണാനദിയും പിന്നീട് പെരിയാറുമായിത്തിർന്നതെന്ന് വിശ്വസിക്കുന്നു. നദീ തട സംസ്ക്കാരത്തിന്റെ ഏകവും പ്രാക് രൂപവുമായ ജനസംസ്കൃതിയുടെ വേരുകൾ ഈ പ്രദേശത്തു നിന്നും കണ്ടെത്തിയിട്ടുണ്ട്. 'കാലടി' എന്ന സ്ഥലനാമത്തെക്കുറിച്ച് പെരിയാറിന്റെ കൈവഴികൾക്കിടക്ക് ഡെൽറ്റയായത് മൂലമാണെന്ന് അഖില വിജ്ഞാനകോശത്തിൽ സൂചിപ്പിച്ചു കാണുന്നു. {Vol: No 3കാ} ബുദ്ധ - ജൈനമതങ്ങളുടെ ആചാരമായിരുന്ന പാദപൂജ നടന്നിരുന്ന സ്ഥലങ്ങളെ 'കാലടികൾ' എന്ന് വിളിച്ചിരുന്നുവെന്ന് സ്ഥല പുരാണത്തിൽ കാണുന്നു.

ആദിശങ്കരന്റെ ജന്മം കൊണ്ട് പാവനമായ കാലടി അന്താരാഷ്ട്ര പ്രധാനമായ പുണ്യ സങ്കേതവും ടൂറിസ്റ്റ് കേന്ദ്രവുമാണ്. ഏതാണ്ട് 12 നൂറ്റാണ്ടിന് മുമ്പ് ചേര രാജാവായ കുലശേഖര രാജശേഖര വർമ്മൻ ശങ്കരാചാര്യരെ കാലടിയിൽ വന്നു സന്ദർശിച്ചിരുന്നതായി ചരിത്രം പറയുന്നു. [കേരള ചരിത്രം ശ്രീധരമേനോൻ]ശങ്കരാചാര്യ ചരിത്രത്തിന്റെ ഭാഗമായ മുതലക്കടവ്, ആര്യാംബാ സമാധി സ്ഥലം, കാർത്ത്യായനി ക്ഷേത്രം, ശ്രീ ശങ്കരനാൽ പ്രതിഷ്ഠിക്കപ്പെട്ടുവെന്ന് കരുതുന്ന ശ്രീകൃഷ്ണ ക്ഷേത്രം, തിരുവെള്ള മാൻതുള്ളി ക്ഷേത്രം, പുത്തൻകാവ് ഭഗവതി ക്ഷേത്രം, എന്നിവ ഇന്നും കാലടിയിലുണ്ട്. തിരിവതാംകൂർ ദിവാനായിരുന്ന ശ്രീ മാധവറാവു A. D. 1906-ൽ കാലടിയിൽ കൈപ്പിള്ളിൽ ഇല്ലം സ്ഥിതി ചെയ്തിരുന്ന 'കണ്ടക്കര' പുരയിടവും അതിനോട്ചേർന്ന 25 ഏക്കർ സ്ഥലവും എടുത്ത് മതിൽ കെട്ടി തിരിച്ചാണ് ഇന്നത്തെ ശ്രംഗേരി ക്ഷേത്രവും മറ്റും സ്ഥാപിച്ചത്. [എറണാകുളം ജില്ലാ ഡയറക്ടറി 1961] ക്ഷേത്രങ്ങളുടെ ഉൽഘാടനകർമ്മം 1910 ൽ ശ്രംഗേരി മഠത്തിൽ 33-ാമത് സന്യാസിവര്യനായ ശ്രീ സച്ചിദാനന്ദ ശിവാഭിനവ നൃസിംഹ ഭാരതീ സ്വാമികളാൽ നിർവഹിക്കപ്പെട്ടു.

ഈ നൂറ്റാണ്ടിന്റെ ചരിത്രപശ്ചാത്തലം പരിഗണിക്കുമ്പോൾ കാലടിയുടെ ഉണർവ്വിന് ഏറ്റവും കാരണക്കാരനായ മഹദ് വ്യക്തി ആഗമാനന്ദ സ്വാമികളായിരുന്നു എന്ന് പറയണം. കാലടിയുടെ പുരോഗതിയുടെ ചരിത്രവും സ്വാമികളുടെ ജീവിതവും ഇഴപിരിഞ്ഞ് കിടക്കുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ സ്വാതന്ത്ര്യ സമരത്തിന്റെ മൂർദ്ധന്യത്തിൽ 1936-ലാണ് ആഗമാനന്ദ സ്വാമികൾ രാമകൃഷ്ണാശ്രമം സ്ഥാപിച്ചത്. എന്നാൽ സ്വാമികളുടെ സങ്കേതം അതിവേഗം സാമൂഹിക പരിഷ്ക്കരണത്തിന് വേദിയായി മാറി. വൈക്കം സത്യാഗ്രഹത്തിന്റെ മൂർദ്ധന്യത്തിൽ അയിത്തജാതിക്കാർക്ക് ക്ഷേത്ര പ്രവേശനം അനുവദിച്ചതിൽ രാസത്വരകമായിത്തീർന്നത് ശ്രീമദ്. ആഗമാനന്ദസ്വാമികളായിരുന്നുവെന്നത് വളരെ ശ്രദ്ധേയമാണ്.

ശങ്കരാചാര്യരുടെ ജീവിത കാലത്ത് പ്രമുഖമായ പത്തു നമ്പൂതിരി ഇല്ലങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ശങ്കരാചാര്യരുടെ ചരിത്രത്തോട് ബന്ധപ്പെടുത്തി ആര്യാംബയുടെ മരണാനന്തര ചടങ്ങുകളുമായി സഹകരിച്ച രണ്ട് ഇല്ലങ്ങൾ മാത്രമേ അവശേഷിച്ചിട്ടുള്ളുവെന്ന് പറയുന്നു. ദേശീയ പ്രസ്ഥാനക്കാലത്ത് മറ്റു ചില ജന്മിമാരും ഇടപ്രഭുക്കന്മാരുമായ പനയിൽ പാഴൂർ മനയുടെയും പറയത്തു മേനോൻമാരുടെയും ഭൂ ഉടമസ്ഥതയിലായിരുന്നു കാലടിയിൽ അധികവും. ചരിത്ര വിസ്മൃതിയിൽ ആണ്ടുപോകുമായിരുന്ന കാലടിയെ പുനരുജ്ജീവിപ്പിക്കാൻ ആഗമനാന്ദ സ്വാമികളുടെ ആശ്രമ സ്ഥാപനം സഹായിച്ചു. അതിനു വേണ്ട സ്ഥലം നല്കിയത് പറയത്ത് ഗോവിന്ദമേനോനായിരുന്നു.

കാലിടിയിൽ മറ്റൂരുള്ള തിരുവെള്ള മാൻതുള്ളിക്ഷേത്രം, നായത്തോട് ശിവനാരായണക്ഷേത്രം, കോതകുളങ്ങര ഭഗവതി ക്ഷേത്രം

എന്നിവിടങ്ങളിലേക്ക് പറയത്ത് കുട്ടൻ മേനോന്റെ നേതൃത്വത്തിൽ ക്ഷേത്രപ്രവേശനത്തിന് പോയിരുന്നതായി പറയുന്നു. ഹരിജനോദ്ധാരണ പ്രവർത്തനത്തിന്റെ ഭാഗമായി ഹരിജൻ സ്കൂൾ, ഹരിജൻ ഹോസ്റ്റൽ, ഹരിജൻ കോളനി എന്നിവ സ്ഥാപിക്കാൻ മുൻകൈയ്യെടുത്ത് ശ്രീ. പറയത്ത് കുട്ടൻമേനോനും ആഗമാനന്ദ സ്വാമികളുമായിരുന്നു. സ്വാമികളുടെ ശ്രമഫലമായി അദ്വൈതാശ്രമത്തോടനുബന്ധിച്ച് ഒരു സംസ്കൃത സ്ക്കൂളും 1953-ൽ ശ്രീ ശങ്കരാ കോളേജും സ്ഥാപിച്ചു. ശ്രീ ശങ്കരാ കോളേജിന്റെ ഉൽഘാടനാവസരത്തിൽ ഇന്ത്യൻ രാഷ്ട്രപതിയായിരുന്ന ഡോ. രാജേന്ദ്ര പ്രസാദിന്റെ സന്ദർശനം അന്ന് ഇന്നാട്ടുകാർക്ക് വളരെ സംതൃപ്തി ഉളവാക്കി.

ഭൂദാന പ്രസ്ഥാനത്തിന്റെ ഭാഗമായി 1958-ൽ ശ്രീശങ്കരാകോളേജിൽ നടന്ന കർഷക സമ്മേളനത്തിൽ ദേശീയ നേതാക്കളായിരുന്ന വിനോബഭാവെ, ജയപ്രകാശ് നാരായണൻ, എന്നിവരും മറ്റു പ്രമുഖരും പങ്കെടുത്തു.

കാലത്തിന്റെ വിസ്മൃതിയിൽ ആണ്ടുപോയിരുന്ന ശ്രീകൃഷ്ണക്ഷേത്രത്തിന്റെയും ആര്യാംബ സമാധിസ്ഥാനത്തിന്റെയും പുനരുദ്ധാരണവും ശൃംഗേരി ക്ഷേത്രം നവീകരിച്ച് തീർത്ഥാടകപ്രാധാന്യമാക്കിയതും ഈ കാലഘട്ടത്തിലാണ്. ശ്രംഗേരി ക്ഷേത്ര സമുച്ചയങ്ങളും അതോടനുബന്ധിച്ച വേദപാഠശാലയും ചരിത്ര പഠനത്തിന് ഏറെ പ്രസക്തിയുള്ളതാണ്. തീർത്ഥാടകർക്ക് സൗകര്യത്തിന് വേണ്ടി ഒരു യാത്രി നിവാസും ഗസ്റ്റ് ഹൗസും ഇപ്പോൾ കാലടിയിലുണ്ട്. അദ്വൈതാശ്രമത്തോടനുബന്ധിച്ച് ബ്രഹ്മാനന്ദോദയം സ്ക്കൂളും, സംസ്കൃത യു. പി. സ്ക്കൂളും ജൂനിയർ ബേസിക് സ്കൂളും ഹോസ്റ്റലും പ്രവർത്തിച്ചു വരുന്നു.

ഇന്നത്തെ കാലടിയെ തീർത്ഥാടനകേന്ദ്രമാക്കുന്നതിൽ ഈ നൂറ്റാണ്ടിന്റെ അവസാനത്തിലും ശ്രമം നടന്നിട്ടുണ്ട്. കാലടിയിൽ വിശ്വമതക്ഷേത്രം മതമൈത്രിയുടെ പ്രതീകമാണ്. അതുപോലെ അന്തർദ്ദേശീയ പ്രശസ്തിയാർജ്ജിച്ച ശ്രീ ആദിശങ്കര കീർത്തി സ്തംഭ മണ്ഡപം ഉയർന്നു നിലകൊള്ളുമ്പോൾ മതമൈത്രിയുടെ പ്രതീകമായി ത്രിവേണീസംഗമം പോലെ മുസ്ലിം മസ്ജിദും ക്രിസ്ത്യൻ പള്ളിയും നിലകൊള്ളുന്നു. പഴയ കുന്നത്തു നാട് താലൂക്കിനതിരിടുന്ന പെരിയാറിനു കുറുകെ എം സി. റോഡിൽ സ്ഥിതിചെയ്യുന്ന ശ്രീ ശങ്കരാ പാലം ആഗമനാന്ദ സ്വാമികളുടെയും അന്ന് എം എൽ സിയായിരുന്ന പൂണോളി ഇട്ടിച്ചന്റെയും ശ്രമഫലമാണ്. 1963-ൽ അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് ശ്രീ രാജേന്ദ്രപ്രസാദാണ് ശ്രീ ശങ്കരാ പാലത്തിന്റെ ഉൽഘാടനകർമ്മം നിർവ്വഹിച്ചത്. പിന്നീട് വളരെ കാലം കാലടി കുന്നത്തുനാട് പാർലമെന്റ് നിയോജകമണ്ഡലത്തിന്റെ ഭാഗമായിരുന്നു. ശ്രീ ശങ്കരാചാര്യരോട് ബന്ധപ്പെട്ട ഐതിഹ്യങ്ങളുമായ് അടുത്ത സ്ഥലങ്ങളായ മലയാറ്റൂർ [വൃഷാചലമാണെന്നും അറിയപ്പെടുന്നു] തോട്ടുവാ, ചേരാനല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലൂടെ ഒഴുകിയിരുന്ന പൂർണ്ണാ നദിയെ [പെരിയാറിനെ] കാലടിയിലൂടെ ഒഴുക്കിയതാണെന്നും ഐതിഹ്യം പറയുമ്പോൾ കാലടി പഞ്ചായത്തിലെ മറ്റൂർ തിരുവെള്ള മാൻ തുള്ളി ക്ഷേത്രം, മാണിക്യമംഗലം കാർത്ത്യായനി ദേവീ ക്ഷേത്രം, ശിവക്ഷേത്രം നീലം കുളങ്ങര ഭഗവതിക്ഷേത്രം, കത്തിയമ്പലം, ശൃംഗേരി, ശിവക്ഷേത്രം എന്നിവക്കും പ്രാധാന്യമുണ്ട്. കേരളത്തിലെ ക്രൈസ്തവദേവാലയങ്ങളിൽ ഏറെ പ്രസിദ്ധമായ കാഞ്ഞൂർ പള്ളിയുടെ പ്രശസ്തിയോടെ കാലടിയിലും ക്രൈസ്തവ പ്രാധാന്യമേറിയ പള്ളികൾ സ്ഥാപിതമായിട്ടുണ്ട്. 1887-ൽ സ്ഥാപിതമായ കൈപ്പട്ടൂർ സെ. മേരീസ് പള്ളി, കാലടിയിലെ സെ. ജോർജ് പള്ളി, മറ്റൂരിലെ സെ. ആൻറണീസ് പള്ളി, മറ്റൂരിലെ തന്നെ സെ. ജോർജ് യാക്കോബായ പള്ളി, പൊതിയക്കര സെ. ജോസഫ് പള്ളി, തോട്ടകത്തെ സെ. റോക്കീസ് പള്ളി എന്നീ ക്രിസ്ത്യൻ പള്ളികളും മുസ്ളീം സമുദായത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന കാലടി ജുമാമസ്ജിദും, മേക്കാലടിയിലെ ഹുറൂൾ ഇസ്ലാം മദ്രസയും മുസ്ളീം പള്ളിയും വിവിധ ജാതി മത സംഗമകേന്ദ്രമായ കാലടിയെ മാനവ സാംസ്കാരിക പ്രതീകത്തിന്റെ പുണ്യ ഭൂമിയാക്കുന്നു.

ഈ അടുത്ത കാലത്തായി പടുത്തുയർത്തപ്പെട്ട ഒട്ടനവധി സ്ഥാപനങ്ങൾ കാലടിയിലുണ്ട്. ദക്ഷിണേന്ത്യയിലെ തന്നെ ആദ്യ സംസ്കൃത സർവ്വകലാശാല കാലടിയിൽ പ്രവർത്തനമാരംഭിച്ചുകഴി

ഞ്ഞു. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സാമീപ്യം കാലടിയുടെ പുരോഗതിക്ക് സഹായകമാവുമെന്ന് കരുതുന്നു. വിദ്യാഭ്യാസപരവും, സാംസ്ക്കാരികവുമായ ഒട്ടേറേ മാറ്റങ്ങൾ കാലടിയിലുണ്ടായിട്ടുണ്ട്. കാലടി സോമശേഖരൻ വൈദ്യരുടെ ശ്രമഫലമായി 1947-ൽ സ്ഥാപിതമായ എസ്. എൻ. ഡി. പി. ലൈബ്രറിയും വായനശാലയും ഇന്ന് കേരളത്തിലെ നാല് അക്കാദമിക്ക് സെൻററുകളിൽ ഒന്നായി ഗ്രന്ഥശാലാ സംഘം തെരഞ്ഞെടുത്ത് പ്രവർത്തനം നടത്തുന്നുണ്ട്. അതുപോലെ കാലടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 ഹൈസ്ക്കൂൾ, 5 യു. പി. സ്ക്കൂൾ, 7 എൽ. പി. സ്ക്കൂൾ, ശ്രീ ശങ്കരാകോളേജ്, സംസ്കൃത യൂണിവേഴ്സിറ്റി എന്നിവയും, നാല് വായനശാലകൾ, പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, വില്ലേജാഫീസുകൾ [2], കമ്പി, ടെലിഫോൺ ആഫീസുകൾ, ' വാട്ടർ അതോറിറ്റി സ്ഥാപനം, എക്സൈസ് റേഞ്ച് ഓഫീസ്, ഗവ. ആശുപത്രി, ഹോമിയോ, മൃഗസംരക്ഷണാശുപത്രികൾ, ഊമ ബധിര വിദ്യാലയം, ബാലവാടികൾ വിവിധ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ മറ്റ് സന്നദ്ധസാംസ്കാരിക സംഘടനകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ നെഹ്റു ആർട്ട്സ് സൊസൈറ്റി ഓഡിറ്റോറിയവും, പൂർണ്ണാ ഓഡിറ്റോറിയവും ഇന്നത്തെ കാലടിയുടെ പുരോഗതിയിൽ നാഴികകല്ലുകളാണ്. ഒരു സിനിമാ തിയ്യേറ്ററും പഞ്ചായത്തിലുണ്ട്.

എന്നാൽ വളരെക്കാലം കാലടിയിൽ പ്രവർത്തിച്ചിരുന്ന ഫോറസ്റ്റു കൺസർവേറ്റർ ആഫീസും റെയിഞ്ചാഫീസും കാലടി പഞ്ചായത്തിൽ നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്. വെറ്ററിനറി യൂണിറ്റും മാറ്റിയിട്ടുണ്ട്. കാർഷിക ഗ്രാമമായ കാലടിയിൽ കാർഷികാനുബന്ധ വിപണന വാണിജ്യ സാദ്ധ്യമായ വ്യവസായങ്ങളുടെ കുറവുണ്ടെങ്കിലും കേരളത്തിലെ പല പ്രധാന റൈസ് മില്ലുകളും മോഡേൺ റൈസ് മില്ലുകളും കാലടിയിലാണ്. അതുകൊണ്ട് കേരളത്തിലെ അരിവിപണനത്തിന്റെ കേന്ദ്രം കാലടിയാണെന്ന് പറയാം. സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ ജാതി കൃഷിയുള്ളത് കാലടിയിലും സമീപപ്രദേശങ്ങളിലുമാണ്. അതിനാൽ മലഞ്ചരക്കു വിപണനത്തിന്റെ സിരാകേന്ദ്രമാണിന്ന് കാലടി.

വളരെക്കാലമായി മുടങ്ങി കിടന്നിരുന്ന കാലടിയുടെ ദേശീയോൽസവമായി വിശാലമായ കാലടി മണപ്പുറത്ത് ശിവരാത്രി ആഘോഷിച്ചു വരുന്നു. 1953-ൽ ആണ് കാലടി ശിവരാത്രി ആഘോഷം സമാരംഭിച്ചത്. കൈപ്പട്ടൂർ പള്ളിയിലെ ജപമാലയും മറ്റു പള്ളികളിലെ തിരുവുൽസവങ്ങളും ശ്രദ്ധേയമായ ഉൽസവപരിപാടികളാണ്. ഏപ്രിൽ – മെയ് മാസങ്ങളിലായി വരുന്ന ശ്രീ ശങ്കരജയന്തിയും സെപ്തംബർ – ഒക്ടോബർ മാസങ്ങളിലായി വരുന്ന ശ്രീശാരദാ ശരന്നവരാത്രിയും മഹോൽസവങ്ങളായി ആഘോഷിക്കുന്നതോടുനുബന്ധിച്ച് ശൃംഗേരിയിലും, കീർത്തി മണ്ഡപത്തിലും ശ്രീരാമകൃഷ്ണാശ്രമത്തിലും സംഗീതകച്ചേരികൾ, മറ്റു സാംസ്ക്കാരിക പരിപാടികൾ, രഥോൽസവം തുടങ്ങിയവ നടത്തിവരുന്നു. ശ്രീകൃഷ്ണക്ഷേത്രം, കാർത്ത്യായനി ക്ഷേത്രം, വെള്ളവാൻ തുള്ളി ക്ഷേത്രം നീലം കുളങ്ങര ക്ഷേത്രം, പുത്തൻ കാവ്, വാമനപുരം – വാമനക്ഷേത്രം, എന്നിവിടങ്ങളിൽ ക്ഷേത്രോൽസവങ്ങളും നടന്നു വരുന്നു. കൂടാതെ കേരളത്തിലെ 18 പൂരങ്ങളിൽ പ്രസിദ്ധമായ മാണിക്യമംഗലം ക്ഷേത്രത്തിലെ പൂരവും, കാർത്തിക വിളക്കും നടന്നു വരുന്നു. കൂടാതെ കാഞ്ഞൂർ, മലയാറ്റൂർ പള്ളി, പെരുന്നാളുകൾ, വെള്ളാരം പിള്ളി ശിവപാർവ്വതിക്ഷേത്രം, ഉൽസവങ്ങൾ, ശിവഗിരി തീർത്ഥാടനം എന്നിവക്ക് കേന്ദ്രസ്ഥാനമായികാലടി പട്ടണത്തിന് സ്ഥാനമുണ്ട്. ശ്രീ. ശങ്കരാചാര്യരുടെ 1200-ാം ജന്മദിനമത്താടനുബന്ധിച്ച് നമ്മുടെ രാഷ്ട്രപതി ശങ്കർ ദയാൽ ശർമ്മഉൽഘാടനം നിർവ്വഹിച്ച യോഗത്തിൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടും പങ്കെടുത്തു. 1975-ൽ ശ്രീ ആദിശങ്കരകീർത്തിസ്തംഭമണ്ഡപം ഉൽഘാടനത്തിന് കാഞ്ചികാമകോടി പീഠത്തിലെ ശ്രീ ജയേന്ദ്ര സരസ്വതിസ്വാമികൾ സന്ദർശിക്കുകയുണ്ടായി. 1963-ൽ 20 ലക്ഷം രൂപാ മുടക്കി 1352 അടി നീളത്തിൽ നിർമ്മിച്ച ശ്രീ ശങ്കരാപാലത്തിന്റെ ഉൽഘാടനം ശ്രീ. പി. പി. ഉമ്മർകോയയുടെ അദ്ധ്യക്ഷതയിൽ ഇന്ത്യൻ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് നിർവ്വഹിച്ചു. 1958-നു ശേഷം ശൃംഗേരി മഠാധിപതി ശ്രീ.

അഭിനവ വിദ്യാതീർത്ഥ മഹാസ്വാമികളും ഇപ്പോഴത്തെ അധിപതി ശ്രീ. ഭാരതീതീർത്ഥ മഹാസ്വാമികളും പലവട്ടം കാലടി സന്ദർശിച്ചിട്ടുണ്ട്.

എന്നാൽ വിനോദ സഞ്ചാര തീർത്ഥാടന കേന്ദ്രമായ കാലടിയിൽ തിങ്ങി നിറഞ്ഞ അസൗകര്യങ്ങൾ മാറ്റപ്പെടേണ്ടതുണ്ട്. പച്ചക്കറി വിപണനത്തിന് പേരു കേട്ട കാലടി മാർക്കറ്റ് തടി വ്യവസായത്തിന് പ്രാധാന്യം നല്കാവുന്ന സ്ഥാപനങ്ങൾ, പൾപ്പ് ഫാക്ടറി, ഈറ്റ - മുള വ്യവസായത്തിനും പരമ്പരാഗത വ്യവസായങ്ങൾക്കും ഏറെ സാധ്യതയുണ്ടായിരുന്നിട്ടും ഇവിടെ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. സ്ത്രീ വിദ്യാഭ്യാസവും ഹരിജനോദ്ധാരണവും ഇവിടെ നടന്നിട്ടുണ്ടെങ്കിലും പൊതുരംഗത്ത് ഇന്നും പിന്നോക്കാവസ്ഥയാണെന്നു പറയാം. പൗരാണികമായ സാംസ്ക്കാരിക സമ്പത്തുണ്ടെങ്കിലും സാമ്പത്തിക സാംസ്ക്കാരിക പുരോഗതിക്കാവശ്യമായ കാർഷിക, വ്യവസായിക, സാംസ്ക്കാരിക രംഗങ്ങളിലെ വെല്ലുവിളികളെ അതിജീവിക്കാനാകുന്ന സമ്പന്നമായിരുന്ന ഭൂതകാലത്തിൽ നിന്നും ഊർജ്ജം സംഭരിച്ചുകൊണ്ട് ജനകീയാസൂത്രണപ്രക്രിയയിലൂടെ നല്ലൊരു ഭാവികാലത്തേക്ക് കുതിച്ചു ചാട്ടം നടത്താമെന്ന് പ്രത്യാശിക്കുന്നു.

ഭൂ പ്രകൃതിയും വിഭവങ്ങളും

ഭൂ പ്രകൃതി

കാലടി പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം പെരയാറിനു വടക്ക് അങ്കമാലി മുനിസിപ്പാലിറ്റി, തുറവൂർ, മഞ്ഞപ്ര പഞ്ചായത്തുകളാണ്. പടിഞ്ഞാറ് കാഞ്ഞൂർ പഞ്ചായത്തുമായി വേർത്തിരിക്കുന്ന പുളിയാമ്പുള്ളിത്തോടും നെൽപ്പാടവുമാണ്. കിഴക്ക് മലയാറ്റൂർ, നിലീശ്വരം പഞ്ചായത്തുകളുമായി വേർതിരിക്കുന്ന കൊറ്റമം തോടാണ്. ചൊവ്വര മലയാറ്റൂർ റോഡിൽ കൊറ്റമം പാലവും കാലടി ശ്രീ ശങ്കരാ പാലം തെക്ക് വശത്തും, വേങ്ങൂർ തോട് അതിരിടുന്ന വടക്കു വശത്ത് പാലവും മഞ്ഞപ്ര പഞ്ചായത്തുമായി വേർതിരിക്കുന്ന കുഴിയമ്പാടം പാലവുമുണ്ട്.

അതിരുകൾ തോടും പുഴയും നെൽപ്പാടങ്ങളും ചേർന്ന് പ്രകൃതിരമണീയമായ പഞ്ചായത്തിൽ അല്പം തീര സമതലവും ഏറെ സമതലവും ഇടക്കിടക്ക് കുന്നിൻ ചെരിവുകളുമുണ്ട്. ചില ഭാഗത്ത് ചതുപ്പും കുളപ്പാറകളുമുണ്ടെങ്കിലും വടക്ക് ഭാഗത്ത് അല്പം ഉയർന്ന കുന്നിൻ പ്രദേശവുമുണ്ട്. തെക്കു വശത്ത് കാലടിക്ക് അരപ്പെട്ട കെട്ടിയ പ്പോലെ പെരിയാർ ഒഴുകുന്നു. എം. സി. റോഡിൽ, ആലുവ, കുന്നത്തുനാട് താലൂക്കുകളെ വേർതിരിക്കുന്ന പെരിയാറിന്റെ ഭൂരിഭാഗവും എന്നാൽ ഈ പഞ്ചായത്തിലല്ല. എം. സി. റോഡിലെ ഏറ്റവും വലിയതും കേരളത്തിലെ തന്നെ വലിയ പാലങ്ങളിൽ ഒന്നുമായ ശ്രീ ശങ്കരാപാലം, കാലടി പഞ്ചായത്തിന്റെ അതിർത്തിയിലാണെങ്കിലും അധികാര പരിധിയിൽ കുറച്ചു മാത്രമാണ് കാലടിക്കുള്ളത്.

ഈ പ്രദേശത്ത് കാലടി ഏറെ ഉയർന്നു നില്ക്കുന്നു എന്നോ പുഴക്ക് ഇവിടെ ആഴം കൂടുതലാണെന്നോ പറയാം. അതായത് തീരം ഉയർന്നു നില്ക്കുന്നുവെന്നർത്ഥം. എങ്കിലും നല്ല വർഷകാലങ്ങളിൽ പുഴ നിറഞ്ഞൊഴുകും. അതിനുശേഷം ഇടിഞ്ഞു പോകുന്ന പുഴയരികിന്റെ പ്രാന്ത പ്രദേശങ്ങളും തോടുകളുടെ സമീപ പ്രദേശങ്ങളും തീരസമതലമാണ്. ആസ്ത്രേലിയ ഭൂഖണ്ഡത്തിന്റെ രൂപസാദൃശ്യമുള്ള കാലടി പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗങ്ങളായ മറ്റൂർ കുന്ന്, തോട്ടകം കുന്ന്, എന്നിവ ഉയർന്ന പ്രദേശങ്ങളാണ്. എന്നാൽ ഈ ഭാഗങ്ങളിൽ കരിങ്കൽ പാറകൾ ഒട്ടും തന്നെയില്ലെന്ന് പറയാം. വളരെ ചെറിയ കരിങ്കൽ പാറ തോട്ടകത്തുണ്ട്. പ്രധാന ഭൂ പ്രകൃതി സമതലമാണ്. എന്നാൽ പഞ്ചായത്തിന്റെ മധ്യഭാഗത്തും, വടക്കു ഭാഗത്തും ചെറിയ കുന്നുകളുണ്ട്. അതു മൂലം തെക്ക് - കിഴക്കോട്ടും, തെക്ക് - പടിഞ്ഞാറോട്ടും ചെരിവുകളാണ്. ചുരുക്കത്തിൽ തീരസമതലം, വിശാല സമതലം, കുന്നിൻ ചെരിവുകൾ, ചെറിയ താഴ്വര, ചെറുകുന്ന് ഉയർന്ന കുന്നിൻ മണ്ട എന്നിങ്ങനെ ഭൂപ്രകൃതിയുടെ എല്ലാ സ്വഭാവങ്ങളും കാലടി പഞ്ചായത്തിലുണ്ട്. പൊതുവെ പറഞ്ഞാൽ ഈർപ്പരാശിയുള്ള ഒരു ഉഷ്ണ മേഘലാ പ്രദേശമാണ്. 1924, 1961, എന്നീ വർഷങ്ങളിൽ സംഭവിച്ച വെള്ള പ്പൊക്കങ്ങളാണ് കാലടിയെ ബാധിച്ച പ്രധാന പ്രകൃതി ക്ഷോഭങ്ങൾ.

പഞ്ചായത്തിന്റെ 70 ശതമാനം സമതലമാ

ണ്. ഭൂപ്രകൃതിയുടെ അനുബന്ധം ഗ്രാഫു രൂപത്തിൽ കൊടുക്കുന്നു. നെൽകൃഷിക്കും മറ്റു വിളകൾക്കും പ്രത്യേകിച്ച് ജാതി, തെങ്ങ്, വാഴ തുടങ്ങിയ കൃഷികൾക്കും അനുയോജ്യമാണ്. കൂടാതെ ഇഷ്ടിക, കളിമൺ, തുടങ്ങിയവയ്ക്ക് പറ്റിയ ഭൂപ്രൃതിയും കാലടിയിലുണ്ട്.

കാലാവസ്ഥ

എറണാകുളം ജില്ലയുടെ പൊതു കാലാവസ്ഥയാണ് കാലടിയ്ക്കെങ്കിലും കാലാവസ്ഥ നിയന്ത്രക്കുന്ന കിഴക്കൻ മലകളും ചെരിവു സമതലങ്ങളുമായതുകൊണ്ടും നദിയുടെ കുറേ ഭാഗം ഉയർന്ന പ്രദേശത്തു നിന്നും ഒഴുക്കു കുറഞ്ഞിരിക്കുന്നതുകൊണ്ടും മിതശീതോഷ്ണ കാലാവസ്ഥയാണ് പൊതുവെ. കാലാവസ്ഥയുടെ ഏറ്റ കുറച്ചിലുകൾ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുന്നുണ്ടെങ്കിലും ഉയർന്ന പ്രദേശങ്ങളിൽ ശക്തിയായ ചൂടും അനുഭവപ്പെടുന്നുണ്ട്. 25.8 ഡിഗ്രി സെൽഷ്യസ് ചൂട് പൊതുവേയും എന്നാൽ പുഴയുടെ സമീപപ്രദേശങ്ങളിൽ സുഖ ശീതള കാലാവസ്ഥയും അനുഭവപ്പെടുന്നു. വിസ്തൃതമായ സമതല പ്രദേശമായതിനാൽ സാധാരണ രീതിയിൽ കാറ്റിന്റെ വേഗത താരതമ്യേന കുറവാണ്. ഈർപ്പരാശിയുള്ള ഉഷ്ണമേഘലാപ്രദേശമാണിത്.

മഴ

ശരാശരി 139 ദിവസം ആണ്ടിൽ മഴ ലഭിക്കുന്നു. കാലവർഷം തുലാം വർഷത്തേക്കാൾ ശക്തിയേറിയതാണ്. ശരാശാരി3431. 88 mmവർഷത്തിൽ മഴ ലഭിക്കുന്നു.

മഴലഭിച്ചത് മാസം

വർഷം	ജനു.	ഫെബ്രു.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്ത.	ഒക്ടോ.
1975 -	10.5	34.3	59	-	611.4	497.5	528.5	399.9	408.3	

(മലയാറ്റൂർ റെയിൽ ഗേജ് സ്റ്റേഷൻ)

കാറ്റ്

കാറ്റിന്റെ വേഗത സാധാരണ ഗതിയിലാണ്. വലിയ വ്യതിയാനങ്ങൾ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഉണ്ടായിട്ടില്ലെങ്കിലും ചെറിയ കൊടുങ്കാറ്റുകൾ ഇടയ്ക്ക് കൃഷിയെ കാര്യമായി ബാധിക്കാറുണ്ട്.

ചൂട്

ശരാശരി ചൂട് 25.8 ഡിഗ്രി സെൽഷ്യസ് - 31.3ഡിഗ്രി സെൽഷ്യസിൽ ആണ്. എന്നാൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ 34 ഡിഗ്രി സെൽഷ്യസ് ചൂട് വരെ ഉണ്ടാവാറുണ്ട്.

ജലലഭ്യത

കാലടി പഞ്ചായത്തിന്റെ ഭൂരി ഭാഗവും സമതല പ്രദേശമാണെന്ന് സൂചിപ്പിച്ചുകഴിഞ്ഞു. എന്നാൽ ജലലഭ്യതയുടെ കാര്യത്തിൽ വേണ്ടത്ര സൗകര്യങ്ങൾ ഇന്നില്ല. സമ്പന്നമായിരുന്ന കാലടി പുഴ വറ്റി വരണ്ടിരിക്കുന്നു. പല കുളങ്ങളും ഇന്ന് നിൽക്കുന്നില്ല. തോടുകൾ റോഡുകളായും തീർന്നിട്ടുണ്ട്. നീർവാർച്ച പ്രദേശങ്ങൾ മണ്ണിട്ട് നികത്തി ജലസ്രോതസ്സുകൾ അടച്ചു കഴിഞ്ഞിരിക്കുന്നു. ആണ്ടിൽ ലഭിക്കുന്ന മഴയുടെ നല്ലൊരു ശതമാനം ഭൂമിയുടെ അടിത്തട്ടിലേക്കിറങ്ങി നീർത്തടങ്ങളായിരുന്ന പഴയ കാലസ്ഥിതിയിൽ കുളങ്ങളും തോടുകളും ഏതൊരു വേനലിലും ജലക്ഷാമമില്ലാതിരുന്നു.

ശരാശരി മഴയുടെ അടിസ്ഥാനത്തിൽ 139 ദിവസം ലഭിച്ചിരുന്ന കണക്ക് പ്രകാരം 3431.88mmമഴയിൽനിന്നും ജലം ലഭിക്കുന്നുണ്ടെങ്കിലുംഭൂഗർഭജല ലഭ്യത പലസ്ഥലങ്ങളിലും പരിമിതമാണ്. ആകെ ലഭിക്കുന്ന ജലത്തിന്റെ മുക്കാൽ പങ്കും ഉപയോഗശൂന്യമായിപോകുന്നു. കാലടിയുടെ പ്രധാന ജലസ്രോതസ്സ് പെരിയാർ നദിയാണ്. പഴയ കാലത്ത് ഒഴുകിവന്നിരുന്ന ജലം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിരുന്നുവെങ്കിലും ഇന്ന് പെരിയാറിൽ ജലത്തിന്റെ അളവ് തീരെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആകെ പുറംപോക്ക് ഭൂമിയുടെ 25 ശതമാനം പുഴയാണെങ്കിലും ജല ലഭ്യതയുടെ തോത് അതിലും വളരെ കുറവാണ്. 111.64 ഏക്കറാണ് കാലടി പഞ്ചായത്തിൽ പുഴയുടെ വിസ്തീർണ്ണം. പഞ്ചായത്തിൽ ആകെ 8 പ്രധാന തോടുകളുണ്ട്. ഈ തോടുകളുടെ ആകെ വിസ്തൃതി 74.48 ഏക്കറാണ്. തോടുകൾ വേണ്ട വിധം സംരക്ഷിക്കാത്തതുകൊണ്ട് വർഷക്കാലങ്ങളിൽ ഇടിഞ്ഞ് പാടശേഖരങ്ങൾ വെള്ളക്കെട്ട് പ്രദേശങ്ങളായി


മാറുകയും, വേനൽക്കാലങ്ങളിൽ തീരെ ജലലഭ്യത ഇല്ലാതെ ആവുകയും ചെയ്യുന്നു. ഉടുംപുഴ തോട്, ഊമൻ തോട്, മാണിക്യമംഗലം കൈതതോട്, വേങ്ങൂർ തോട്, പുളിയാമ്പിള്ളി തോട്, എരപ്പ് തോട്, ആര്യപ്പാറത്തോട്, മുക്കടായിതോട്, എന്നിവയാണ് പ്രധാന തോടുകൾ. ആകെ 23 കുളങ്ങൾ പഞ്ചായത്തിൽ പൊതുവായുണ്ട്. 6.8 ഏക്കർ വിസ്തൃതി ഉണ്ടെങ്കിലും മിക്കവാറും വറ്റി വരണ്ടവയാണ്. വേനൽക്കാലത്ത് വറ്റി വരളുന്ന കുളങ്ങളാണ് ഭൂരിഭാഗവും. പഞ്ചായത്തിൽ ആകെ വലുതും ചെറുതുമായ 10 ലിഫ്റ്റു ഇറിഗേഷൻ സ്ക്കീമുകൾ ഉണ്ടെങ്കിലും വർഷത്തിൽ അധികദിവസവും വെള്ളം ഒഴുകാത്തതുകൊണ്ട് കിണറുകളും കുളങ്ങളും ജലലഭ്യതയുടെ കാര്യത്തിൽ പ്രതിസന്ധിയിലാണ്. പഴയ മോട്ടോറുകളുടെ തകരാറു നിമിത്തവും കാലാകാലങ്ങളിൽ കനാൽ മെയിൻറനൻസ് ചെയ്യാത്തത് കൊണ്ടും കൃഷി ഇറക്കേണ്ട സമയത്ത് വെള്ളമെത്തിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. ഈ കനാലുകളുടെ ആയ കെട്ട് വിസ്തീർണ്ണം 930 ഹെക്ടറാണ്. എന്നാൽ കാർഷികാവശ്യത്തിനു പയോഗപ്പെടുന്നില്ല. മാത്രവുമല്ല കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സഹായിക്കുന്നുമില്ല. ചാലക്കുടി ഇറിഗേഷൻ പ്രൊജക്റ്റിന്റെ ഇടത് കര കനാലും, ആവണം കോട് ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്റ്റുമാണ് പ്രധാന കനാലുകൾ. ജലസേചനാസൗകര്യത്തിനുള്ള ആകെ കിണറുകൾ 693 എണ്ണം ഉണ്ട്. പ്രധാനമായി പുഴയിലെ ജലനിരപ്പ് മണൽ വാരൽ മൂലം കുറയുമ്പോൾ കിണറുകളിൽ ജലം വറ്റി പോകുന്നു. നീരൊഴുക്ക് സംബന്ധിച്ച് പഞ്ചായത്തിന്റെ മധ്യഭാഗത്ത് ഇടത്തരം കുന്നിൻ പ്രമദശമായതിനാൽ പടിഞ്ഞാട്ടും കിഴക്കോട്ടും ചരിവു പ്രദേശമാണ്. അതുകൊണ്ട് മഴയിൽ നിന്ന് ലഭിക്കുന്ന ജലം പെട്ടെന്ന് ഒഴുകി പോവുകയും നീർത്തടങ്ങൾ വറ്റി പോകുകയും ചെയ്യുന്നു. ഈ കുന്നിൻ പ്രദേശത്തിന്റെ താഴ്വര പ്രദേശങ്ങളിൽ കിടങ്ങുകൾ തീർത്ത് ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ കാർഷിക പ്രാധാന്യമേറിയ കാലടിയുടെ ജലസേചനാ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ കഴിയുകയുള്ളു. കൂടാതെ മാണിക്യമംഗലം തുറ പോലുള്ള വിസ്തൃത ജലസ്രോതസ്സിനെ വേണ്ട വിധം പ്രയോജനപ്പെടുത്തിയാൽ 18 ഏക്കറോളം സ്ഥലത്ത് ജലം കെട്ടി കിടക്കുന്ന ഈ തുറയുടെ പരിസരപ്രദേശങ്ങൾ കൃഷിക്കും കുടിവെള്ളത്തിനും ശാശ്വത പരിഹാരമാക്കാം. പുഴയുടെ തീരപ്രദേശങ്ങൾ ഉയർന്ന ഭാഗമായതുകൊണ്ട് ജലം നേരിട്ട് ലഭ്യമാകുന്നില്ല. ലിഫ്റ്റ് ഇറിഗേഷനെ ആശ്രയിക്കേണ്ടി വരും. സമതലത്തിൽ തോട് താഴോട്ട് കൂടുതൽ ഫലപ്രദമായി ഒഴുകാതിരിക്കുന്നതിനാൽ വെള്ളം കെട്ടി നിന്ന് പരിസ്ഥിതി പ്രശ്നം ഉണ്ടാകുകയും ചെയ്യുന്നു. ഉയർന്ന ദ്രേശങ്ങളിൽ ജലലഭ്യത തീരെയില്ല. അവിടേക്ക് ജലം ലഭ്യമാക്കുവാൻ അക്വഡേക്റ്റുകൾ സ്ഥാപിക്കയെ നിർവ്വാഹമുള്ളു. ചെളി പ്രദേശങ്ങളിൽ ജലലഭ്യത മലിനജലപ്രവാഹമായതിനാൽ അടുത്ത പ്രദേശങ്ങളിൽ ജലലഭ്യതയുണ്ടെങ്കിലും മലിനമായിത്തീരുന്നു. പിരാരൂർ പ്രദേശത്ത് പാടങ്ങളിൽ ഫോസ്ഫറസ് ചേർന്ന ചെളി പ്രദേശമായതിനാൽ കാർഷികവിളകളെ പോലും പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രദേശത്തെ ജലസ്രോതസ്സിൽ പ്രധാനമായ തോടും കുളങ്ങളും, ഇരുമ്പ് കലർന്ന ജലമാണ്. തോട്ടകം, വട്ടപ്പറമ്പ്, മരോട്ടിച്ചോട്, മറ്റൂർ, പൊതിയക്കര ഭാഗങ്ങൾ വരൾച്ച ബാധിത പ്രദേശങ്ങളാണ്. ഉടുംപുഴ തോടിന് സമീപം മെറ്റൽ ക്രഷറുകൾ, എല്ലുപൊടി കമ്പനി, റബ്ബർ ത്രെഡ് ഫാക്ടറികൾ ഉള്ളതിനാൽ ജലമലിനീകരണ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. അതുപോലെ 9-ാം വാർഡിലുള്ള അനേകം ക്രഷറുകളിലെ പൊടിപടലങ്ങളേറ്റ് സമീപ പ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ മലിനമാകുന്നു. 3-ാം വാർഡിലെ എല്ലുപൊടികമ്പനിയിൽ വേണ്ടത്ര സംവിധാനമില്ലാതെ എല്ല് ചീയിക്കുന്നതുകൊണ്ട് പരിസരപ്രദേശത്തെ ജലസ്രോതസ്സുകൾ മലിനമാകുന്നുണ്ട്.

മണ്ണ്

ഒരു പ്രദേശത്തിന്റെ ചരിത്രത്തിന് മണ്ണുമായി ഏറെ ബന്ധമുണ്ടെന്ന് പറയേണ്ടതില്ലല്ലോ? സാംസ്കാരിക-ചരിത്ര അവലോകനത്തിലൂടെ ബോദ്ധ്യപ്പെടുന്നത് ഭൂപ്രകൃതി പ്രത്യേകിച്ചും മണ്ണുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. പൗരാണിക സാമൂഹ്യവ്യവസ്ഥയുടെ അടിവേരുകൾ ആണ്ടിരിക്കുന്നത് മണ്ണിൽ നിന്നും കണ്ടെത്തുന്ന ചരിത്രാവശിഷ്ടങ്ങളിലൂടെയാണ്. നമുക്ക് ലഭിക്കുന്ന പല ചരിത്രവിവര


കാലടി പഞ്ചായത്ത്

വിളവിതരണ ഭൂപടം





INDEX.	
	തെങ്ങ്
	തെങ്ങ്
R	റബർ
Mx	തെങ്ങ്, കുരുമുളക്, എന്നിവയും കൂടാതെ മുകളിൽ വിവരിച്ച ജാതി, ഞ്ഞിപ്പ മുതലായവയും

ഭൂമിയുടെ കിടപ്പ്




	ഉയർന്ന പ്രദേശം	20%
	താഴ്വര	5%
	നീരസമതലം	5%
	സമതലം	70%





കാലടി പഞ്ചായത്ത്


ഭൂപ്രകൃതിയും - മണ്ണിന്റെ തരവും



ചാർട്ട് 1. ഭൂമിയുടെ തരം.



ചാർട്ട് 2. ഭൂമിയുടെ കൈവശാവകാശം



ങ്ങളും മണ്ണടരുകളെ സംബന്ധിച്ചുള്ളതായതിനാൽ പ്രാധാന്യം എടുത്ത് പറയേണ്ടതില്ലല്ലോ. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം കാർഷികവ്യവസ്ഥയുടെ അഭിവൃദ്ധി സൂചിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ മണ്ണിന്റെ തരം വിശകലനം ചെയ്യുമ്പോൾ പ്രധാനമായും എല്ലാത്തരം മണ്ണിന്റേയും സമഗ്രത അവകാശപ്പെടാം. എക്കൽമണ്ണ്, ചെളിമണ്ണ്, മണൽചേർന്ന മണ്ണ്, ചെമ്മണ്ണ്, വെട്ടുകൽ മണ്ണ്, കുളപ്പാറ, കരിങ്കൽപ്പാറ എന്നിങ്ങനെ വിവധതരം മണ്ണിന്റെ ഘടനയുണ്ട്. പുഴയുടെയും തോടുകളുടെയും തീരപ്രദേശങ്ങളിൽ കാണുന്ന എക്കൽ മണ്ണ് പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 5 ശതമാനത്തോളം വരും. നീർവാർച്ചകുറഞ്ഞ പ്രദേശമായത് കൊണ്ട് ഇവിടെയും നെൽകൃഷിക്കും ഫലഭൂയിഷ്ടമാണ്. ചെളിമണ്ണ് എക്കലിനും, മണൽ ചേർന്ന മണ്ണിനും ഇടക്കാണ്. ചെളിമണ്ണ് കുറെ താഴ്ന്ന പ്രദേശങ്ങളിലാണെങ്കിലും നെൽകൃഷിക്ക് അനുയോജ്യമാണ്. എന്നാൽ പാടശേഖരങ്ങളിൽ ചിലയിടത്ത് മണൽ ചേർന്ന മണ്ണ് അപൂർവ്വമായെങ്കിലും കണ്ട്വരുന്നു. ഇത്തരം പ്രദേശങ്ങളിൽ നീർവാർച്ച കുറവായതിനാൽ നെൽകൃഷിക്ക് അത്ര ഉപയുക്തമല്ല. ചെമ്മണ്ണ് നിറഞ്ഞ പാടശേഖരങ്ങളും, പുരയിടങ്ങളുമാണ് ഏറെയും. ഇവിടെ നെൽകൃഷിയും, തെങ്ങും ധാരാളമായി കൃഷിചെയ്തു വരുന്നു. വെട്ടുകൽ മണ്ണുള്ള പ്രദേശങ്ങളിൽ പുരയിടകൃഷിക്ക് അനുയോജ്യമാണ്. ഏറ്റവും ഫലഭൂയിഷ്ടമായ പ്രദേശമാണിത്. ജലലഭ്യത ഉണ്ടെങ്കിൽ തെങ്ങ്, കുരുമുളക്, വാഴ, മരച്ചീനി, കിഴങ്ങ്വർഗ്ഗങ്ങൾ എന്നിവക്ക് വളരെ അനുയോജ്യമാണ്.

(മാപ്പ് 3)

ജൈവസമ്പത്ത്

നമ്മുടെ പഞ്ചായത്ത് ജൈവസമ്പത്തിന്റെ കാര്യത്തിൽ ഒരു കാലത്ത് ഏറെ സമ്പന്നമായിരുന്നു. ഒട്ടുമിക്കവിളകളും ഇവിടെ കൃഷി ചെയ്തിരുന്നു. കാലടി അരിവിപണനത്തിന്റെ സിരാകേന്ദ്രമായിരുന്നതും ഇത്കൊണ്ടാണ്. നെൽകൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയും, ഭൂപ്രകൃതിയും കാലടിയെ സമ്പന്നമാക്കി. കുളങ്ങളും, തോടും, കൈതോടുകളും എന്നും വറ്റാത്ത ജലശ്രോതസ്സുകളായി നിറഞ്ഞ് കിടന്നിരുന്നതിനാൽ വിവധതരം മത്സ്യങ്ങളും, തവളകളും, ഞണ്ട്, ഞവണിക്കയും നിറഞ്ഞ വൈവിധ്യമാർന്ന ജൈവസമ്പത്തിന്റെ ഉറവിടമായിരുന്നു നമ്മുടെ പാടശേഖരങ്ങൾ. 12 പാടശേഖര സമിതിയും എല്ലാവാർഡുകളിലും കേരകർഷക സമിതികളും പ്രവർത്തിക്കുന്നത് തന്നെ ഈ സമ്പന്നതക്ക് ഉദാഹരണമാണ്. മലഞ്ചരക്ക് വ്യാപാരത്തോട് ബന്ധപ്പെടുത്തി ജില്ലയിൽ തന്നെ ഏറ്റവും അധികം ജാതിക്കകൃഷിയുള്ളതും കാലടിയിലാണ്. പണ്ട് കാലടിയിലെത്തിയവിദേശികൾ പ്രചരിപ്പിച്ചതാണത്രേ ജാതിക്കകൃഷി. ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള ജാതിക്കത്തോട്ടങ്ങൾ കാലടിയിലുണ്ട്. സസ്യസമ്പത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ ഇടകലർന്ന കൃഷിക്കാണ് ഏറ്റവും പരിഗണന ഉണ്ടായിട്ടുള്ളത്. നാഗലിംഗവൃക്ഷം അപൂർവ്വ സസ്യസമ്പത്താണ്. അനവധി ഔഷധ സസ്യങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. അപൂർവ്വഇനത്തിൽപ്പെട്ടവ പെരിയാറിന്റെ തീരപ്രദേശങ്ങളിലും, മാണിക്യമംഗലം തുറയിലും പലപ്പോഴും കണ്ട് വരുന്നു. ശീത കാലാവസ്ഥയിൽ ശങ്കരപാലത്തിന് മേലുള്ള ടെലിഫോൺ കമ്പികളിൽ ദേശാടനപക്ഷികൾ ധാരാളമായി എത്താറുണ്ട്. മാണിക്യമംഗലം തുറഭാഗത്തും, പനയാലി, പിരാരൂർ, ചെമ്പിച്ചേരിപാടങ്ങളിലും ധാരാളം എരണ്ടപക്ഷികളും എത്തുന്നത് കൗതുകകരമാണ്. എന്നാൽ നമ്മുടെ പാരിസ്ഥിക പ്രശ്നങ്ങളിൽ ഉപകാരികളായിരുന്ന ആറ്റകിളികളും, തവള തുടങ്ങിയ ജന്തുക്കളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ജൈവസമ്പത്തിന്റെ ഏറ്റവും പ്രബലമായി നിന്നിരുന്ന ചെറിയ കാടുകളും, ജൈവവൈവിദ്ധ്യം നിറഞ്ഞഭൂപ്രകൃതിയും, കോൺക്രീറ്റ് കൂടാരങ്ങളുടേയും, നഗരവൽക്കരണത്തിന്റേയും ഫലമായി ശുഷ്ക്കമായി കൊണ്ടിരിക്കുന്നത് ഗൗരവ പൂർണ്ണമായ വിലയിരുത്തൽ ആവശ്യപ്പെടുന്നു.

(മാപ്പ് 2)

മനുഷ്യപ്രകൃതി

ഏതൊരു നാടിന്റെയും ചരിത്രത്തിന്റെ നിർണ്ണായകസ്വാധീനം മനുഷ്യപ്രകൃതിയെ ആസ്പദമാക്കിയാണെന്ന് പറയേണ്ടതില്ലല്ലോ. തീരപ്രദേശങ്ങളിൽ നിന്നും വനപ്രദേശങ്ങളിലേക്ക് കുടിയേറിയ മനുഷ്യസംസ്കൃതിയുടെ ഇടത്താവളങ്ങളായിരുന്നു സമതലങ്ങൾ. പുഴയും ആറും കടലും വനവും മനുഷ്യസംസ്കൃതി

യുടെ ഈറ്റില്ലങ്ങളായിരുന്നുവല്ലോ. ഇത്തരം ആദിമമനുഷ്യന്റെ ജീവസങ്കേതങ്ങളായിരുന്ന കാടും പുഴയും നാഗരികമനുഷ്യന്റെ കുടിയേറ്റ ഫലമായിതനിമനഷ്ടപ്പെട്ടു. പെരുങ്കൽ സംസ്കാരത്തിന്റെ ചിഹ്നങ്ങളായ നന്നങ്ങാടികൾ, കുഴിയൻ ചട്ടികൾ, ശിലായുഗആയുധങ്ങൾ, നാണയങ്ങൾ മുതലായവ കാലടിയിലുള്ള പരിസപ്രദേശങ്ങളിൽ നിന്നും കണ്ടെത്തുകയും ശങ്കരകോളേജ് കോമേഴ്സ് വിഭാഗത്തിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുമുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽപോലും സമീപപ്രദേശങ്ങളെ അപേക്ഷിച്ച് നാഗരികമേൽക്കോയ്മ അത്രയൊന്നും അവകാശപ്പെടാനില്ലായിരുന്നു. കാർഷികവൃത്തിയെമാത്രം ആശ്രയിച്ച് കഴിഞ്ഞിരുന്ന ജനതതിക്ക് കാലടി ഗ്രാമം ഏറ്റവും അനുയോജ്യമായിതോന്നിതിരുന്നു. കൃഷിയും, കന്നുകാലിവളർത്തലും തൊഴിലായി സ്വീകരിച്ചവരായിരുന്നു ജനസംഖ്യയിൽ ഭൂരിപക്ഷവും. ജനസംഖ്യയുടെ കണക്ക്പോലും അപൂർവ്വം ജന്മി ഇടപ്രഭുക്കന്മാരുടെ കരംതീരുവയിൽ മാത്രം ഉൾക്കൊണ്ടിരുന്നതാണ്. ലഭ്യമായ വിവരങ്ങൾവച്ച് പരിശോധിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ വാർഷിക ജനസംഖ്യാനിരക്ക് 3 ശതമാനത്തോളം വർദ്ധനവുണ്ട്.

ജനസംഖ്യാനിരക്ക്

താമസമുള്ള വീടുകൾ- 4891, കുടുംബങ്ങൾ - 4902, ജനസംഖ്യ ആകെ - 24707, പു: - 12564, സ്ത്രീ - 12143, 6 വയസ്സ് താഴെ M - 1364, F - 1267, S/C - M - 1315; F - 1343, S/T - M - 70; F- 3

അവലംഭം : Population censes 1990-'91

ജനസംഖ്യവർദ്ധനവിന്റെ തോത് സംസ്ഥാനത്തിന്റേറയും, ജില്ലയുടെയും അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ കുറവാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിന് പ്രധാന കാരണം ജനനത്തെക്കുറിച്ച് പഞ്ചായത്തിൽ റിപ്പോർട്ടുചെയ്യുന്ന കണക്ക് തദ്ദേശീയ ആശുപത്രിയിലെ കണക്കുകൾ മാത്രമാണ്. ഇന്ന് ഭൂരിഭാഗം ഗർഭിണികളും സമീപ പട്ടണങ്ങളിലെ ആശുപത്രികളിൽ പ്രസവം നടത്തുകയും ചെയ്യുന്നതുകൊണ്ട് ആ വിവരങ്ങൾ അതാത് മുനിസിപ്പാലിറ്റികളിലും, പഞ്ചായത്തിലും രേഖപ്പെടുത്തുന്നു. പഞ്ചായത്ത് ജനസംഖ്യവർദ്ധനവിനെ സഹായിക്കുന്ന മറ്റൊരുകാര്യം ഉദ്യോഗസംബന്ധമായും, സ്ഥാപനങ്ങളിലെ ജോലിപ്രവർത്തനങ്ങളുമായി വന്ന് താമസിക്കുന്നവരെ കുറിച്ചുള്ളതാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കാര്യമായ മാറ്റം ഈ കുടിമാറ്റം മുഖേന ഉണ്ടായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ബാലമരണം (പ്രസവത്തോടെയുള്ളത്) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ശരാശരി കുടുംബാംഗസംഖ്യ 1991-ലെ കണക്ക് പ്രകാരം 5 എണ്ണമാണ്. എന്നാൽ 628 പുരുഷന് 607 സ്ത്രീ എന്നതാണ് പുരുഷ-സ്ത്രീ അനുപാതം. സംസ്ഥാന ശരാശരിയേക്കാൾ ഇത് കുറവാണ്. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ കാര്യത്തിൽ മൊത്തം ജനസംഖ്യയുടെ 6.4% ആണ്. അതുപോലെ ആകെ ജനസംഖ്യയുടെ 11.05% പട്ടികജാതി-പട്ടികവർഗ്ഗസമൂഹമാണ്. 49.15% ആണ് ആകെ ജനസംഖ്യയിൽ സ്ത്രീകളുടെ പങ്ക്. സ്ത്രീകളും, കുട്ടികളും, പിന്നോക്കജാതിക്കാരും ജനസംഖ്യയുടെ 70.85% ആണെന്നത് മനുഷ്യവിഭവത്തെ ഉപയോഗപ്പെടുത്തുന്നതിൽ ഏറ്റവും ശ്രദ്ധേയമായ അവസ്ഥയാണ്.

വനം

പ്രകൃതിസമ്പത്തുകളിൽ ഏത് രാജ്യത്തിന്റെയും പ്രദേശത്തിന്റെയും സാമ്പത്തികവും പാരിസാസ്ഥതികവുമായ നിലനില്പിൽ വനം നല്ല പങ്കുവഹിക്കുന്നുണ്ട്. സഹ്യപർവ്വതനിരകളോട് ചേർന്നു കിടക്കുന്ന പഞ്ചായത്താണ് നമ്മുടേതെങ്കിലും ഒട്ടും വനസമ്പത്ത് നമ്മുടെ പഞ്ചായത്തിന് അവകാശപ്പെടാനില്ല. എന്നാൽ പൗരാണികകാലത്ത് നമ്മുടെ പഞ്ചായത്തതിർത്തികളിൽ കുറച്ചൊക്കെ നിക്ഷിപ്തവനങ്ങളുണ്ടായിരുന്നു. വനവികസനത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിന് കാര്യമായ നേട്ടം കൈവരിക്കാനാവില്ല. എന്നാൽ സാമൂഹിക വനവല്ക്കരണപരിപാടി, നിക്ഷിപ്തവനഭൂമി സംരക്ഷണം സർപ്പക്കാവുകൾ തുടങ്ങിയ ചെറിയ വനസംസ്കൃതി വികസിപ്പിച്ചെടുക്കാൻ കഴിയും.

ഇതിനെ സംബന്ധിക്കുന്ന ഒരു ജൈവവൈവിദ്ധ്യ രജിസ്റ്റർ സൂക്ഷിക്കാനും വനത്തിന്റെ തുടർച്ചയായി ലഭിക്കുന്ന പുഴത്തീരങ്ങളിൽ ചെറു വനങ്ങളുടെ സാദ്ധ്യത പരിശോധിക്കാം. വനത്തോടു ബന്ധപ്പെട്ട പ്രദേശങ്ങളിൽ സ്ഥാപിതമാകുന്ന തടിവ്യവസായം കാലടിയിൽ ശക്തമായിരുന്നെങ്കിലും ഇന്ന് വളരെ കുറഞ്ഞിട്ടുണ്ട്.

സർപ്പക്കാവുകൾ നമ്മുടെ പഞ്ചായത്തിൽ അപൂർവ്വമായെങ്കിലും ഇപ്പോഴും നിലനില്ക്കുന്നുണ്ട്. എന്നാൽ നഗരവല്ക്കരണത്തിന്റെ ഭാഗമായി കോൺക്രീറ്റ് സൗധങ്ങൾ അവിടെയും ഉയർന്നു വരാൻ തുടങ്ങിയിരിക്കുന്നു. അത്തരം പഴമയുടെ നല്ല പ്രതീകങ്ങൾ നമ്മുടെ വനസംരക്ഷണത്തിന് അനിവാര്യമായതുകൊണ്ട് നാട്ടിൽ പുറങ്ങളിൽ അവശേഷിക്കുന്ന സർപ്പക്കാവുകളും പൊതുസ്ഥലങ്ങളിലെ ചെറിയ കാടുകളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. എന്നാൽ പ്രയോജനരഹിതമായ പ്രദേശങ്ങളിൽ നിന്നും പൊതുസ്ഥലങ്ങളിൽ സാമൂഹ്യവനവല്ക്കരണ പരിപാടി ശക്തിപ്പെടുത്തണം.

സാമൂഹിക വനവല്ക്കരണ പരിപാടി

കാലടിയിൽ വനപ്രദേശമില്ലായിരുന്നെങ്കിലും വനംവകുപ്പിന്റെ റെയ്ഞ്ചാഫീസും അസി. കൺസർവേറ്റർ ആഫീസും കാലടിയിൽ പ്രവർത്തിച്ചിരുന്നു. അതിനുശേഷം കൺസർവേറ്ററുടെ പ്രവർത്തന പരിധിയുള്ള പ്രകൃതി ഇപ്പോൾ വനംവകുപ്പിന്റെ ഒരു ആഫീസും പ്രവർത്തിക്കുന്നില്ല. സാമൂഹിക വനവല്ക്കരണത്തിന് നമ്മുടെ പഞ്ചായത്തിൽ നല്ല സാദ്ധ്യതകളുണ്ട്. മാണിക്യമംഗലം തുറ, തോട്ടകംകുന്ന്, ശ്രീശങ്കരാകോളേജിന്റെ പ്രദേശങ്ങൾ, തിരുവെള്ളമാൻതുള്ളി പ്രദേശം തുടങ്ങിയ സ്ഥലങ്ങളിൽ വനവല്ക്കരണ പരിപാടി ആവിഷ്ക്കരിക്കാവുന്നതാണ്. ചതുപ്പ് നിലങ്ങളിൽ പലപ്പോഴും ദേശാടനപക്ഷികൾ പാർത്തുവരുന്നുണ്ട്. പക്ഷിസങ്കേതത്തിന് വളരെ അനുയോജ്യമാല പ്രദേശങ്ങൾ, ടൂറിസ്റ്റു വികസനവുമായി ഏറെ ബന്ധപ്പെടുത്താവുന്നതാണ്. കാലടിയുടെ പ്രധാന തെരുവോരങ്ങളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടതുണ്ട്. നേച്ചർ ക്ലബ്ബുകളുടെയും എൻ.എസ്.എസ്., ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയ സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിലും മുഖ്യപങ്കാളിത്തത്തിലും വനംവകുപ്പിന്റെ സഹായത്തോടെ വനവല്ക്കരണ പരിപാടിസംഘടിപ്പിക്കാൻ കഴിയും. ഔഷധസസ്യങ്ങൾക്ക് വളരാൻ കഴിയുന്ന ഭൂപ്രദേശമാണ് നമ്മുടേത്. പെരിയാറിന്റെ തീരപ്രദേശങ്ങളിൽ പുറംപോക്ക് ഭൂമി പ്രയോജനപ്പെടുത്തി ഔഷധസസ്യത്തോട്ടവും, മിനി പാർക്കുകളും ഉണ്ടാക്കാവുന്നതാണ്. സന്നദ്ധസംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിച്ച്, വനംവകുപ്പ് ടൂറിസം വകുപ്പും സംയുക്ത സഹായത്തിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കാൻ മുൻകൈയ്യെടുക്കണം.

പരിസ്ഥിതി പ്രശ്നങ്ങൾ

വളരെ ഏറെ ടൂറിസ്റ്റുകൾ ദിവസേന വന്നുപോകുന്ന സ്ഥലമാണ് കാലടി. പ്രത്യേകിച്ച് ശബരിമല സീസണിൽ. ഈ സമയത്താണ് കാലടി ഏറ്റവും മലിനമാക്കപ്പെടുന്നത്. ശൃംഗേരി മഠത്തിനടുത്തുള്ള മുതലക്കടവ്, ശ്രീശങ്കര കീർത്തിസ്തംഭ മണ്ഡപത്തിനെതിർവശത്ത് ഷോപ്പിങ് കോംപ്ലക്സിനായി അക്വയർ ചെയ്തിട്ടുള്ള സ്ഥലം, തൊട്ടടുത്തുള്ള ഉടുമ്പുഴ തോടും പരിസരവും എന്നിവിടങ്ങളിൽ തീർത്ഥാടകർ മലമൂത്രവിസർജ്ജനം ഭക്ഷണ അവശിഷ്ടങ്ങൾ എന്നിവ നിക്ഷേപിക്കുന്നതു മൂലമാണ് മലിനമാക്കപ്പെടുന്നത്. ഇതിൽ മുതലക്കടവ് സംരക്ഷിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇത്തരം പരിസരമലിനീകരണം പൊതുജനാരോഗ്യത്തിന് വമ്പിച്ച ഭീഷണിയാണെന്ന് പറയേണ്ടതില്ലല്ലോ. കോളറ, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, ഛർദ്ദ്യതിസാരം പോലുള്ള ജലജന്യരോഗങ്ങളും തീർത്ഥാടകരുടെ താമസംമൂലം മലമ്പനി പോലുള്ളവയും ചിക്കൻപോക്സ്പോലുള്ള രോഗങ്ങളും പടർന്നു പിടിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാകില്ല.

പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള പരിമിതമായ സൗകര്യങ്ങളോടുകൂടിയ കംഫർട്ട് സ്റ്റേഷൻ തീർത്ഥാടകർക്ക് പര്യാപ്തമല്ല, മാത്രവുമല്ല കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്നതിന് വ്യക്തികളിൽ നിന്ന് അമിതമായ ചാർജ് ഈടാക്കുന്നുവെന്ന പരാതിയുമുണ്ട്. ഇത് പരിഹരിക്കുന്നതോടൊപ്പം കൂടുതൽ പേർക്ക് ഉപയോഗപ്രദമായ രീതിയിൽ കംഫർട്ട് സ്റ്റേഷൻ വിപുലീകരിക്കേണ്ടതുണ്ട്.

പുഴ, തോടുകൾ, പൊതുനിരത്തുകൾ, ഓടകൾ, മറ്റുപൊതുസ്ഥാപനങ്ങൾ എന്നിവ മലിനപ്പെടുത്തുന്ന ഒരു പ്രത്യേക രീതി മനുഷ്യരിൽ കാണപ്പെടുന്നുണ്ട് ഇതിന് വിരാമമിടണമെങ്കിൽ ഒരു ജനകീയ ബോധവല്ക്കരണത്തിലൂടെയേ സാധ്യമാകൂ.

മാർക്കറ്റിൽ മൃഗങ്ങളെ കൊന്നതിന്റെ അവശിഷ്ടങ്ങൾ, ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിലെ ഓയിലുളും മറ്റു അവശിഷ്ടങ്ങളും ഉടുമ്പുഴ തോട്ടിലേക്ക് നിക്ഷേപിക്കുന്നതുമൂലം ജലം വളരെയേറെ മലിനപ്പെട്ടിരിക്കുന്നു.

ഇതുമൂലം ജലമലിനീകരണത്തിനൊപ്പം മത്സ്യ സമ്പത്തിന്റെ നഷ്ടവും വന്നിട്ടുണ്ട്.


റബ്ബർ അധിഷ്ഠിതമായ ചെരിപ്പു കമ്പനികളിൽ നിന്നുള്ള അവക്ഷിപ്തങ്ങൾ കരിങ്കൽ ക്രഷറുകളിൽ നിന്നുള്ള അന്തരീക്ഷമലിനീകരണം ആധുനിക രീതികളിലുള്ള റൈസ് മില്ലുകളിൽ നിന്നുള്ള അന്തരീക്ഷജലമലിനീകരണം, എല്ല് പൊടി കമ്പനി, തുകൽ സംസ്ക്കരണം എന്നിവയിൽ നിന്നുള്ള അന്തരീക്ഷജലമലിനീകരണം എന്നിവയും പരിഹരിക്കേണ്ടതുണ്ട്. പെരിയാറിൽ നിന്നും മണൽ വാരൽ മൂലം പുഴയുടെ വശങ്ങൾ ഇടിയുകയും പരിസരിങ്ങളിലെ കിണറുകളിലെ ജലനിരപ്പ് താഴുകയും ചെയ്യുന്ന പ്രവണത കണ്ടു വരുന്നു. ശ്രീ ശങ്കരാ പാലത്തിന്റെ ഫൗണ്ടേഷൻ തകരാനുള്ള സാദ്ധ്യതയും വിലയിരുത്തപ്പെടേണ്ടതുണ്ട്. നാട്ടിൽ പണ്ടുണ്ടായിരുന്ന കുളങ്ങൾ, തോടുകൾ, എന്നിവ നികത്തപ്പെടുകയോ സ്വാഭാവികമായി വറ്റി പോകുകയോ ചെയ്തിട്ടുണ്ട്. തോടിനു ഇരു വശങ്ങളിലുമുള്ള കർഷകർ തോടിനു വശങ്ങൾ നികത്തി കൃഷി ഭൂമി യുടെ വിസ്തൃതി വർദ്ധിപ്പിക്കുക കുളങ്ങൾ നികത്തി അവിടെ കൃഷിചെയ്യുക എന്നിവ മൂലമാണ് മേൽക്കാണിച്ച അവസ്ഥയ്ക്കു കാരണം. തോടുകളും പുഴയും ഉദ്ഭവിക്കുന്ന സ്ഥലങ്ങളിലുണ്ടായ വനനശീകരണവും ഇതിനു കാരണമായിട്ടുണ്ട്. ഇഷ്ടികക്കളങ്ങൾ ജലനിരപ്പ് താഴുന്നതിന് ഇടയാക്കിയിട്ടുണ്ട്.

ഇനി എന്തു ചെയ്യണം?.


1. പുതിയ ചെറുകിട വ്യവസായങ്ങൾ വരുമ്പോൾ പരിസ്ഥിതി പ്രശ്നങ്ങൾ വല്ലതുമുണ്ടാകുമെങ്കിൽ അതു പരിഹരിക്കുന്നതിനുള്ള പദ്ധതികൾ കൂടി അവലംബിച്ചിട്ടു മാത്രമേ അനുമതി നല്കാവൂ.
2. പുഴയിൽ നിന്നുള്ള മണൽ വാരൽ നിയന്ത്രണ വിധേയമാക്കുക. [ഇപ്പോൾ, കാലടിയിൽ നിന്ന് മണൽ വാരി മറ്റു സംസ്ഥാനങ്ങളിലേക്ക് വരെ കൊണ്ടുപോകുന്നുണ്ട്.]
3. കാലടി പാലത്തിന്റെ സംരക്ഷണാർത്ഥം പാലത്തിന്റെ ഫൗണ്ടേഷനിൽ നിന്നും ഏതാനും മീറ്റർ അകലെ തെക്ക് പടിഞ്ഞാറെ ഭാഗത്ത് പുഴയ്ക്കു കുറുകെ ആവശ്യമായത്ര ഉയരത്തിൽ ചെക്ക് ഡാം കെട്ടി മണൽ ഒഴുകിപോകുന്നത് തടയുക. ഇതു മൂലം പാലത്തിന്റെ സംരക്ഷണത്തിനൊപ്പം കാലടി, അങ്കമാലി പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പമ്പിങ്ങ് സ്റ്റേഷന്റെ സംരക്ഷണത്തിനും ജലലഭ്യതയ്ക്കും ഗുണം ചെയ്യുന്നതാണ്. മാത്രമല്ല ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ പമ്പിങ്ങ് സ്റ്റേഷനും ഗുണകരമാകുന്നതാണ്.
4. മാർക്കറ്റിൽ നിന്നുള്ള അവശിഷ്ടങ്ങൾ അതാത് കടകളുടെ മുന്നിൽ ഓരോ 'വേസ്റ്റ് ബിൻ' വച്ച് ശേഖരിക്കുകയും അത് തരം തിരിച്ച് പന്നി, മുയൽ വളർത്തുകേന്ദ്രങ്ങളിലേക്ക് പറ്റിയവ മാറ്റുകയും മറ്റുള്ളവ ടൗണിൽ നിന്നും പരിസരത്തു നിന്നും വളരെ ദൂരെ മനുഷ്യ വാസമില്ലാത്ത സ്ഥലങ്ങളിൽ സംസ്ക്കരിക്കണം. ഇവ കമ്പോസ്റ്റ് വളമാകുന്നതിനുള്ള ഒരു പ്രൊജക്റ്റ് തയ്യാറാക്കിയാൽ കാർഷികാവശ്യങ്ങൾക്കുപയോഗിക്കാവുന്നതാണ്.
5. തോടുകൾ വീതി കൂട്ടി സൈഡു കെട്ടി സംരക്ഷിക്കുകയും ഇടയ്ക്കിടയ്ക്കു തടയണകൾ കെട്ടി സ്പൗട്ടുകൾ നിർമ്മിച്ചാൽ കാർഷികാവശ്യങ്ങൾക്കു ഉപയോഗിക്കാവുന്നതാണ്. നികത്തിയ കുളങ്ങൾ പുനസ്ഥാപിക്കുകയും മറ്റുള്ളവ ചെളി വാരിക്കളഞ്ഞ് സൈഡു കെട്ടി സംരക്ഷിക്കേണ്ടതാണ്.
6. കരിങ്കൽ ക്രഷറുകൾ ഇനി അനുവദിക്കാതിരിക്കുക. ഉള്ളവയിൽ അന്തരീക്ഷമലിനീകരണം വരാതിരിക്കുന്നതിനായി മെറ്റൽ ക്രഷ് ചെയ്യുന്ന യന്ത്രത്തിനുള്ളിൽ ജലം സ്പ്രേ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
7. ഇഷ്ടിക കളങ്ങൾ അനുവദിക്കാതിരിക്കുക. ഇപ്പോഴുള്ളവയിൽ മത്സ്യം വളർത്തുക.
8. കാലടി ശൃംഗേരി മഠത്തിനടുത്തും ശ്രീ ശങ്കരാചാര്യ കീർത്തി സ്തംഭത്തിനടുത്തും കൂടുതൽ പേർക്ക് സൗകര്യപ്രദമായ രീതിയിൽ കുളിമുറികളും കക്കൂസുകളും സ്ഥാപിക്കുക.
9. പൊതു സ്ഥാപനങ്ങൾ, പൊതു നിരത്തുകൾ, ജലസ്രോതസ്സുകൾ, പരിസരം എന്നിവ മലിനീകരക്കപ്പെടാതിരിക്കാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരോഗ്യ ക്ലാസ്സുകൾ, സ്ലൈഡ് ക്ലാസ്സുകൾ, സിനിമ, ചർച്ചാ ക്ലാസ്സുകൾ, പോസ്റ്റർ പ്രദർശനം, ശുചീകരണ ജാഥകൾ, എന്നിവ സംഘടിപ്പിച്ച് ഒരു ജനകീയ ബോധവൽക്കരണ പരിപാടി ആവിഷ്ക്കരിക്കുക.

കാലടി ഗ്രാമ പഞ്ചായത്ത്

പഠന പര്യടന പാത



കൃഷിയും ജലസേചനവും



കൃഷിയും ജലസേചനവും

നെൽകൃഷി

കാലടി വളരെക്കാലം മുമ്പ് മുതൽക്ക് തന്നെ കാർഷിക രംഗത്ത് മുൻപന്തിയിൽ നിന്നിരുന്ന ഒരു പ്രദേശമാണ്. പെരിയാറിന്റെ ഫലപുഷ്ടിയുള്ള എക്കൽ മണ്ണ് കാലടിയുടെ ഭൗമസമ്പത്തിനെ പോഷിപ്പിച്ചുകൊണ്ടിരുന്നു. പുരാതനക്കാലത്ത് മറ്റു പല പ്രദേശങ്ങളിലെപ്പോലെ തന്നെ വിരലിലെണ്ണാവുന്ന ജന്മി കുടുംബങ്ങൾക്കു മാത്രം അവകാശപ്പെട്ടതായിരുന്നു ഇവിടത്തെ കൃഷിയിടങ്ങൾ. ഈ പഞ്ചായത്തിലെ പ്രധാന ജന്മികൾ പനയിൽ പാഴൂർ മന, പറയത്ത് കുടുംബം, വിവിധ ഊരാണ്മ ദേവസ്വങ്ങൾ, മറ്റൂർ മന, പള്ളികൾ എന്നിവയായിരുന്നു. ഇവരുടെ ജന്മിത്തത്താലുള്ള വസ്തുക്കളെല്ലാം തന്നെ നെൽകൃഷിയുടെ അടിസ്ഥാനത്തിൽ നെല്ല് പാട്ടമായി വ്യവസ്ഥ ചെയ്തു കൃഷിചെയ്യാൻ കൃഷിക്കാർക്ക് കൊടുക്കുകയായിരുന്നു പതിവ്. വിരിപ്പ്, മുണ്ടകൻ, എന്നി പ്രധാന വിളകളും വളരെ ചുരുക്കമായി പുഞ്ചയും കൃഷിയിറക്കിയായിരുന്നതായിരുന്നു മിക്ക പാടങ്ങളും. ഇതിൽ മകരകൊയ്ത്തെന്ന് വിശേഷിക്കപ്പെടുന്ന മുണ്ടകൻ കൊയ്ത്തോടെ ജന്മിയെ പാട്ടമളന്ന് ബോധ്യപ്പെടുത്തണം. പാട്ടത്തിന് പുറമേ കൃഷിക്കാരൻ [കുടിയാന്മാർ] ഓണത്തിന് ഒരു കുല കായ ജന്മിക്ക് കാഴ്ച്ചയായി കൊടുക്കണമെന്ന വ്യവസ്ഥയും പാട്ടശീട്ടിലുണ്ടായിരുന്നു. വ്യവസ്ഥകൾ ലംഘിച്ചാൽ എപ്പോൾ വേണമെങ്കിലും സ്ഥലമൊഴിപ്പിച്ചെടുക്കാനുള്ള അവകാശം ജന്മിയിൽ നിക്ഷിപ്തമായിരുന്നു. കൃഷിക്കാരൻ അനുഭവിച്ചിരുന്ന കെടുതികളുടെ ഈ വിവരണം അന്നത്തെ ചരിത്രമറിയാൻ സഹായകമാണ്. 1957-ലെ കേരളാ ഗവൺമെൻറിന്റെ ഒഴിപ്പിക്കൽ നിരോധന നിയമം നിലവിൽ വന്നതോടെയാണ് ഈ ദുരവസ്ഥയ്ക്കു അറുതി വന്നു തുടങ്ങിയത്. നമ്മുടെ പഞ്ചായത്തിലെ പാടശേഖരങ്ങൾ പ്രധാനമായും പിരാരൂർ പാടം, മറ്റൂർ പാടം, പാണ്ടൻക്കുളം, കൊട്ടുരുത്തി പാടം, പെരിയ പാടം, മുടകുളങ്ങര പാടം, വല്ലാട്ടുപാടം, ചിറ്റേപാടം, തുറപുഞ്ച, പനേപ്പാടം, കരിപ്പാത്തറ, കീഴേലിപ്പാടം, തോലങ്ങാട്ടു പാടം, തുടങ്ങിയവയായിരുന്നു. ഇവയിൽ 90 ശതമാനവും ഇരുപ്പൂ നിലങ്ങളായിരുന്നു. ഭൂ പരിഷ്ക്കരണനിയമങ്ങൾ വരുത്തിയ മാറ്റങ്ങളുടെ അനന്തരഫലമായി പഴയ കുടുംബങ്ങളിൽ നിന്ന് മാറി പുതിയ കുടുംബവ്യവസ്ഥ നിലവിൽ വരികയും ചെയ്തതോടെ ഒന്നിച്ചു കിടന്നിരുന്ന കൃഷിയിടങ്ങൾ തുണ്ടു ഭൂമികളായി മാറി. പഴയ കാലത്ത് കാലടി പഞ്ചായത്തിലെ ഉത്പാദനക്ഷമതയും, ഉല്പാദനവും താരതമ്യേന വളരെ കുറവായിരുന്നു. അന്ന് ജനസംഖ്യയും കുറവായിരുന്നല്ലോ. അന്നുണ്ടായിരുന്നവർക്ക് ലാഭേച്ഛ കുറവായിരുന്നതിനാലും കൂടുതൽ സമയം ഇതരവിഷയങ്ങൾക്കായി ചിലവഴിച്ചിരുന്നതിനാലും കാർഷിക പുരോഗതി കാര്യമായി നേടാൻ കഴിഞ്ഞില്ല. എന്നാൽ കഴിഞ്ഞ പതിനഞ്ചു വർഷമായി ഈ സ്ഥിതിയിൽ ഗണ്യമായ മാറ്റം വന്നു. വളർന്നു വരുന്ന ജനതയുടെ ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റാനും ഉയർന്നു വരുന്ന ജീവിത ചിലവ് നിർവ്വഹിക്കാനും വേണ്ടി ശാസ്ത്രീയ കൃഷിമുറകൾ സ്വീകരിക്കേണ്ടിവന്നു. "ആവശ്യം സൃഷ്ടിയുടെ മാതാവാണ്" എന്നത് കാർഷിക രംഗത്ത് തികച്ചും അന്വർത്ഥമായി. IR _ 8ജയ, തുടങ്ങിയ നെൽ വിത്തിനങ്ങളുടെ ആവിർഭാവം ഈ രാംഗത്തൊരു പുത്തൻ കാൽവെയ്പ്പായിരുന്നു. നവം നവങ്ങളായ വിത്തുകൾ പരീക്ഷണം നടത്തി ചില്ലറ പരാജയങ്ങൾ കർഷകർക്ക് സംഭവിച്ചിട്ടുണ്ടെങ്കിലും ഒരു കുതിച്ചു ചാട്ടം നടത്തി കാർഷികപുരോഗതിയുടെ ഉന്നത മേഖലയിൽ എത്തി നില്ക്കാൻ കാലടിയിലെ കർഷകർക്ക് കഴിഞ്ഞു. നൈനാൻ-3 എന്ന വിത്ത് പരീക്ഷിച്ച് പരാജയപ്പെട്ട കർഷകൻ IR-8 ലഭിച്ചതോടെ ജൈത്ര യാത്ര ആരംഭിച്ചു. നെല്ലിന്റെ പഞ്ഞം തീർക്കാൻ IR-8 ന് കഴിഞ്ഞു. ഈ അവസരത്തിൽ തന്നെ രാസവളങ്ങളുടെയും കീടനാശിനികളുടെയും പ്രയോഗം ഉൽപ്പാദനക്ഷമതയ്ക്കു ഗണ്യമായ സഹായം ചെയ്തു.

വ്യവസായക വീക്ഷണത്തോടു കൂടിയാണെങ്കിലും FACT യുടെ ബോധവൽക്കരണ ശ്രമങ്ങളും പ്രചരണ പരിപാടികളും കർഷകനെ ആവേശഭരിതനാക്കിയിരുന്നു. FACT യുടെ ഒരു മിക്സിംഗ് യൂണിറ്റ് മറ്റൂരിൽ സ്ഥാപിച്ചതും ഇപ്പോൾ പ്രവർത്തിച്ചു വരുന്നതും കാലടിയുടെ കാർഷിക പ്രാധാന്യം കണക്കിലെടുത്താണ്. ജലസേചന സൗകര്യങ്ങളൊ, രാസവളലഭ്യതയോ, ഇല്ലാതിരുന്ന പഴയകാലത്ത് ചവറ്, ചാണകം, കുമ്മായം, എന്നിവയെ മാത്രമാശ്രയിച്ചായിരുന്നു നെൽകൃഷി. മാനത്തു നിന്നു വീഴുന്ന മഴ മാത്രമായിരുന്നു ജലലഭ്യത. ചെറിയ കുളങ്ങളിൽ നിന്നും തലകിണറുകളിൽ നിന്നും മേത്ത്, തുലാവ്, കയറ്റുകൊട്ട, ചവിട്ടുയന്ത്രം, എന്നിവ ഉപയോഗിച്ച് വലിച്ചു തേവുന്ന കർഷകന്റെ വിയർപ്പും തോട്ടിലെ വെള്ളത്തിനൊപ്പം ഒഴുകിയിരുന്നു. അന്നും കർഷകനും കർഷകത്തൊഴിലാളിയും തമ്മിൽ വേർതിരിക്കപ്പെട്ടിരുന്നില്ല. ഒന്നോ രണ്ടോ ഏറ് [ജോഡി] കാളകളുള്ള കർഷകൻ വിത, ഞാറുപറി, നട്ടീൽ എന്നീ ജോലികൾക്കാണ് മറ്റുള്ളവരെ ആശ്രയിച്ചിരുന്നത്. നമ്മുടെ പഞ്ചായത്തിലെ പാടങ്ങളിൽ പ്രധാനപ്പെട്ട പഴയ വിത്തിനങ്ങൾ ചെമ്പാവ്, അതിയൻ, നകര, നുവ്വ, ചിറ്റേനി, ആര്യൻ, ഇട്ടിക്കണ്ടപ്പൻ, രാജമേനി, ചീര, ഓണോട്ടൻ, എരുമക്കാരി, തുടങ്ങിയവയാണ്. കീടബാധ തടയാൻ കൃത്രിമ കീടനാശിനികളൊന്നും ഉപയോഗിച്ചിരുന്നില്ല. "ചാഴിക്ക് വിലക്ക്" തുടങ്ങിയ പ്രാചിന രീതികൾ നമ്മുടെ പഞ്ചായത്തിലും പ്രയോഗിച്ചിരുന്നു. ഇന്ന് അരിയുടെ വില്പന കേന്ദ്രമായിരിക്കുന്ന കാലടി ആദ്യ കാലത്ത് നെൽക്കൃഷികേന്ദ്രമായിരുന്നു. കർഷകത്തൊഴിലാളികളല്ലാതെ കൃഷിക്കാരായി പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു വ്യക്തിയും മുൻകാലങ്ങളിൽ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. നെൽകൃഷിക്കു പുറമേ പണ്ടൊക്കെ ചാമ, മുതിര, എന്നിവയും കൃഷിചെയ്തു വന്നിരുന്നു. നെൽകൃഷിയിൽ ഇന്ന് വളരെ വ്യത്യസ്തമായ ഒരു ദൃശ്യമാണ് കാണപ്പെടുന്നത്. കൃഷിയിടങ്ങൾ വളരെ കൂടുതൽ വ്യാവസായികാവശ്യങ്ങൾക്കും ഭവനനിർമ്മാണത്തിനുമായി നികത്തികൊണ്ടിരിക്കുന്നു. ഉള്ള സ്ഥലത്തു തന്നെ കൃഷിയിറക്കാൻ കർഷകർ മടിക്കുന്നു. 1960ന് ശേഷം കാർഷികരംഗത്തുണ്ടായ വമ്പിച്ച പുരോഗതി വളരെക്കാലം കാത്തു സൂക്ഷിക്കാനായില്ല. 60 ന് ശേഷം ആധുനിക കൃഷി രീതികൾ നമ്മുടെ വിശാലമായ നെൽപ്പാടങ്ങളിൽ വ്യാപകമായി. ട്രാക്റ്ററുകളുടെയും പവർ ട്രില്ലറുകളുടെയും മുരൾച്ച കാർഷിക പവിവർത്തനത്തിന്റെ ശക്തമായ ശബ്ദമായിരുന്നു. ജലസേചനാ പദ്ധതികളുടെ ആവിർഭാവവും, വൻപരിവർത്തനത്തിന് കളമൊരുക്കി. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ പരക്കെ ഉപയോഗിക്കുവാൻ തുടങ്ങി. നെല്ലും വയ്ക്കോലും വർദ്ധിച്ച തോതിൽ ഉല്പാദിപ്പിക്കാൻ കർഷകർ ശ്രദ്ധിച്ചു തുടങ്ങി. എന്നാൽ ഈ ആഹ്ലാദവും ആവേശവും കൃഷിപുരോഗതിയും നീണ്ടു നിന്നില്ല. ഏതാണ്ട് 1975 ആയപ്പോഴേക്ക് ഉയർന്നത് പോലെ തന്നെ ക്രമാനുഗതമായി കാർഷിക വൃത്തി താഴാനും തുടങ്ങി. വ്യവസായ വൽക്കരണത്തിന്റെ അതിപ്രസരം കാർഷികരംഗത്തെ ചലനങ്ങൾക്ക് വിലങ്ങു വച്ചു. വിത്ത്, രാസവളം, കീടനാശിനി എന്നിവയുടെ വില ക്രമാതീതമായി വർദ്ധിച്ചു. കർഷക തൊഴിലാളികളുടെ കൂലി വളരെ വർദ്ധിച്ചതും അവരെ ആവശ്യത്തിന് കിട്ടാതെ വന്നതും കർഷകരെ നിരാശരാക്കി. നെൽപ്പാടങ്ങളിലെ തീരാശാപമായി മാറിയ ആഫ്രിക്കൻ പായലിന്റെ ആക്രമണം കൂലിച്ചെലവിൽ ഗണ്യമായ വർദ്ധനയാണ് വരുത്തിയത്. മറ്റു നിർമ്മാണപ്രവർത്തനത്തിനും മറ്റു പോയാൽ ഇരട്ടി കൂലി ലഭിക്കുമെന്നുള്ളതുകൊണ്ട് സ്ത്രീകളുൾപ്പടെ കാർഷികരംഗം ഉപേക്ഷിച്ചു. അടുത്ത കാലം വരെ കൊയ്ത്തുമെതിക്കു പതമ്പായി ഏഴിലൊന്ന് നെല്ല് എന്ന സ്ഥിതി മാറി അഞ്ചിനൊന്നുവരെയായിട്ടുണ്ട്. എത്ര കുറഞ്ഞ ദൂരമായാലും കറ്റ ചുമക്കാൻ തൊഴിലാളികൾ തയ്യാറില്ല. ഇതിനുപയോഗിക്കാവുന്ന പെട്ടി ഓട്ടോറിക്ഷാകളും ടെംബോകളും അമിതമായ ചാർജീടാക്കുന്നു. നെൽപ്പാടം നികത്തിയെടുത്താൽ നാലോ അഞ്ചോ ഇരട്ടി വില കിട്ടും എന്ന സ്ഥിതി വന്നപ്പോൾ പല കർഷകരും അതിനു തയ്യാറാവുന്നു. നമ്മുടെ പഞ്ചായത്തിൽ കാലടി പാടത്ത് നൂറുകണക്കിനേക്കർ സംസ്

കൃത യൂണിവേഴ്സിറ്റി , വ്യവസയാസ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി നികത്തിയത് മൂപ്പൂ കൃഷിചെയ്തിരുന്ന നെൽപ്പാടങ്ങളാണ്. ചെമ്പിച്ചേരിപ്പാടം, പിരാരൂർ, മറ്റൂർപ്പാടം, പനയാലിപ്പാടം, എന്നിവിടയൊക്കെ ഈ പ്രതിഭാസം കാണാൻ കഴിയുന്നു. യാതൊരു വിധത്തിലും ലാഭകരമായി കൊണ്ടു നടക്കാൻ കഴിയില്ലെന്ന് ബോധ്യമായതിനാലും, കൃഷി ഭൂമി നികത്തിയാലുള്ള ലാഭം കണ്ടും നമ്മുടെ പാടശേഖരങ്ങളിൽ നിന്നും കൃഷിക്കാർ പിന്തിരിയാൻ നിർബന്ധിതരാവുകയും നെൽകൃഷി നാമാവശേഷമായി തീരുകയും ചെയ്ത ദു:ഖകരമായ അവസ്ഥാ വിശേഷമാണ് കാലടി പഞ്ചായത്തിൽ വന്നു ചേർന്നിട്ടുള്ളത്.

തെങ്ങുകൃഷി

തെങ്ങു കൃഷിയായിരുന്നു ഈ പഞ്ചായത്തിലെ മറ്റൊരു മുഖ്യവിള. ഐശ്വര്യത്തിന്റെ പ്രതീകമായി ഒരു തെങ്ങെങ്കിലും ഇല്ലാത്ത ഒരു വീടും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നില്ല. വിവിധ വാർഡുകളിലായി 2000ൽ പരം ഏക്കർ സ്ഥലത്ത് തെങ്ങുകൃഷി വ്യാപിച്ചിരുന്നു ഇവിടെ. ആദ്യ കാലങ്ങളിൽ ജൈവവളങ്ങളായചാണകം, ചവറ്, ഉപ്പ്, കുമ്മായം എന്നിവ മാത്രമാണ് തെങ്ങിനുപയോഗിച്ചിരുന്നത്. അന്ന് പറയത്തക്ക രോഗബാധയൊന്നുമില്ലായിരുന്നു. 45 ദിവസമെത്തുമ്പോൾ തേങ്ങയിടുകയും വർഷത്തിൽ രണ്ടു പ്രാവശ്യം 'ഒരുക്കുക' അല്ലെങ്കിൽ 'വെളുപ്പിക്കുക' എന്ന ജോലി നിർവ്വഹിക്കുകയും ചെയ്യാൻ അർപ്പണബോധമുള്ള അനേകം തൊഴിലാളികളുണ്ടായിരുന്നു. ചെല്ലി ശല്യമാണ് പ്രധാനമായിട്ടുണ്ടായിരുന്നത്. എലി ശല്യം നിയന്ത്രണാധീനമായിരുന്നു. ഉൽപ്പാദന ക്ഷമത വേണ്ടത്ര ആശാവഹമായിരുന്നെങ്കിലും ആദായകരമായി തെങ്ങു കൃഷി നടത്താൻ കഴിഞ്ഞു. പണ്ട് തുലാവും, കാളത്തേക്കും, ഉപയോഗിച്ച് നനച്ചിരുന്നത് ക്രമേണ വൈദ്യുതി മോട്ടോറുകളുടെ ഉപയോഗത്തിലെത്തി. ഏതാണ്ട് 50 ശതമാനം തെങ്ങുകളും വേനൽക്കാലത്ത് നനക്കാൻ കഴിഞ്ഞിരുന്നു. നാളികേര കച്ചവടവും കൊപ്രാ വ്യവസായവും ചെറിയ തോതിൽ കുടിയിടങ്ങളിൽ വ്യാപകമായും ലാഭകരമായും നടത്താൻ കഴിഞ്ഞു. ഇപ്പോൾ കൊപ്രാ വ്യാപാരം നടത്തുന്ന നാലഞ്ച് സ്ഥാപനങ്ങളെ ഈ പഞ്ചായത്തിലുള്ളൂ. ഏതാണ്ട് ഇരുപതു വർഷം മുമ്പാണ് കാറ്റു വീഴ്ച്ച രോഗം ഈ പഞ്ചായത്തിൽ കണ്ടു തുടങ്ങിയത്. നാലഞ്ചു വർഷം വളരെ പതുക്കെയും തുടർന്ന് വളരെ പെട്ടെന്നും ഈ രോഗം പടർന്നു പിടിച്ചു. ഓലമഞ്ഞളിപ്പ്, മണ്ഡ ചീയൽ വേരഴുകൽ തുടങ്ങിയ രോഗങ്ങൾ പരസ്പരം ബന്ധപ്പെട്ടതാണോന്ന് സംശയിക്കാം. എന്തായാലും രോഗങ്ങളുടെ മൂർച്ച കാരണം തെങ്ങുകൾ ദിനം പ്രതി നശിച്ചുകൊണ്ടിരിക്കുയാണ്. ഇടക്കാലത്തുണ്ടായ വിലയിടിവും കർഷകരെ വിഷമത്തിലാക്കി. മിടഞ്ഞ ഓലയ്ക്കു വിലയുണ്ടെങ്കിലും മിടയാൻ പറ്റാത്ത വിധം ഓല ദ്രവിച്ചു പോകുന്ന കാഴ്ച്ചയാണ് ഓരോ തെങ്ങിലും കണ്ടു വരുന്നത്. രാസവളങ്ങളുടെയും, കീടനാശിനികളുടെയും അമിതമായ ഉപയോഗം കൊണ്ടും മണ്ണു മരിച്ചെന്നും തെങ്ങിനെ തുടർന്ന് മറ്റു വൃക്ഷങ്ങൾക്കും ഈ ഗതി തന്നെ വരുമെന്നും പഴമക്കാരായ കർഷകർ പറയുന്നതിൽ സത്യമില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും ഇപ്പോൾ തെങ്ങു വെയ്ക്കുന്നതിനേക്കാൾ തെങ്ങ് വെട്ടുന്നതിലാണ് കർഷകർ താല്പര്യം കാട്ടുന്നത്. ഇഷ്ടികക്കളങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും കിട്ടിയ കാശിന് വിറകായി കൊടുക്കാനാണ് ശ്രമം. വന്നുപെട്ട മാരകരോഗങ്ങൾക്ക് പ്രതിവിധി കാണാനായില്ലെങ്കിൽ കാലടി പഞ്ചായത്തിൽ അനതി വിദൂരഭാവിയിൽ തെങ്ങ് ഒരു അപൂർവ്വ വസ്തുവായി മാറിയേക്കും.

ജാതിയ്ക്കയുടെ ചരിത്രം

ജാതിയ്ക്കായുമായി ബന്ധപ്പെട്ട് കാലടിക്ക് ദേശീയപ്രശസ്തി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരലത്തിലെ ജാതി തോട്ടങ്ങളിൽ പ്രധാനമായിട്ടുള്ളതു കാലടിയിലും പരിസരപ്രദേശങ്ങളിലുമായിട്ടാണ് കിടക്കുന്നത്. നൂറു വർഷങ്ങൾക്കു മുമ്പ് കാലടി പ്രദേശത്ത് ജാതി കൃഷി ആരംഭിച്ചിട്ടുണ്ട്. പെരിയാറിനോടു ചേർന്ന എക്കൽ നിറഞ്ഞ മണ്ണിലാണ് ആദ്യക്കാലത്ത്

ധാരാളമായി കൃഷിയാരംഭിച്ചത്. പിന്നീടതു ഈ പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളിലും വ്യാപിച്ചു. ജാതിയ്ക്ക ഉല്പാദനത്തിലും വ്യാപാരത്തിലും അസൂയാവഹമായ കാൽവെയ്പ്പുകൾ നടത്താൻ നമുക്കു കഴിഞ്ഞു. ജാതിയ്ക്ക കേന്ദ്രമായി കാലടി ഇന്നും അറിയപ്പെടുന്നു. ജാതി കൃഷികൊണ്ട് വമ്പിച്ച സാമ്പത്തിക നേട്ടമുണ്ടാക്കിയ കർഷകർ ഈ പഞ്ചായത്തിൽ വളരെയുണ്ട്. കാലടിയിൽ നിന്നും ജാതിത്തൈ ഉല്പാദിപ്പിച്ച് കേരളത്തിന്റെ മുഴുവൻ ഭാഗങ്ങളിലും അന്യ സംസ്ഥാനങ്ങളിൽ വരെയും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒറ്റ മരം പോലും പാഴായി പോകാതിരിക്കാൻ വേണ്ടി ആണ് ജാതികൾ ഒട്ടിച്ച് ഊഷരതയിൽ നിന്നും ഉർവ്വരതയിലേക്ക് കൊണ്ടുവരാനുള്ള കണ്ടു പിടിത്തവും വലിയ അനുഗ്രഹമായി.

എന്നാൽ ഈ അടുത്ത കാലത്തായി ജാതിയ്ക്കായുടെ വിലയിടിവും ഉല്പാദനക്ഷമതയിലുമുണ്ടായ കുറവും ആ രംഗത്തും കർഷകനെ നിരാശനാക്കിയിരിക്കുകയാണ്. ജാതിപത്രിയ്ക്കും പരിപ്പിനും അന്തർദേശീയ തലത്തിലുണ്ടായ വിലയിടിവു ഏറെ ബാധിച്ചിട്ടുള്ള ഒരു പ്രദേശമാണ് കാലടി. പ്രതിവർഷ വരുമാനത്തിൽ 75 ശതമാനം കണ്ട് കുറവാണ് ഈ അടുത്തകാലത്ത് മനുഷ്യന് അനുഭവപ്പെട്ടിട്ടുള്ളത്. വ്യാപാരത്തിലും ഭീഷണമായ മാന്ദ്യം അനുഭവപ്പെടുന്നതായി കച്ചവടക്കാർ പറയുന്നു. ജാതിയ്ക്കാ വ്യാപാരത്തിലും കയറ്റു മതിയിലും വിലനിയന്ത്രണത്തിലുമൊക്കെ മേൽക്കൈയ്യുണ്ടായിരുന്ന കാലടിയിലെ വ്യാപാരികൾ മുൻ കാലാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിഷമ സ്ഥിതിയിലാണെന്നു പറയുന്നു. ഏതാണ്ട് നാനൂറ് ഏക്കറിൽ താഴെയായി നമ്മുടെ പഞ്ചായത്തിൽ ജാതി കൃഷി ചെയ്തു വന്നിരുന്നു. എന്നാൽ അത് വർദ്ധിക്കുന്നതിനു പകരം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അഞ്ചു വർഷം മുമ്പു വരെ 400 ൽ താഴെ ഏക്കർ സ്ഥലത്ത് കൃഷിചെയ്തിരുന്ന മരച്ചീനി ഇന്ന് നൂറു ഏക്കറിൽ പോലുമില്ല. വിവിധ ഇനങ്ങൾ കൃഷി ചെയ്തു അന്യസംസ്ഥാനങ്ങളിലേക്ക് സമൃദ്ധിയായി അയച്ചിരുന്ന കേരളത്തിലാകെ ഈ ദു:സ്ഥിതി സംജാതമായിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിനെ ഈ സ്ഥിതി കാര്യമായി ബാധിച്ചിട്ടുണ്ട്. ഒരു കാലത്ത് ഭക്ഷ്യ രംഗത്തെ വെല്ലുവിളിയെ നേരിടാൻ പ്രാപ്തിയുണ്ടായിരുന്ന ഈ വിള ഇന്ന് കാലടി പഞ്ചായത്തിൽ ആവശ്യത്തിന് ലഭിക്കാനില്ല. റബ്ബറിന്റെ വ്യാപകമായ കടന്നുകയറ്റം ഇതിനൊരു കാരണമാണ്.

വാഴകൃഷി

വാഴകൃഷിയിലും ഒരു കാലത്ത് നാം സമ്പന്നരായിരുന്നു. ഏത്ത വാഴ, പാളയംകോടൻ, പൂവ്വൻ, പടത്തി, കണ്ണൻ, കുഴിനേന്ത്രൻ, കദളി തുടങ്ങിയ അനേകം ഇനം വാഴകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗത്ത് കൃഷിചെയ്തിരുന്നു. ഇപ്പോൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ഏത്തവാഴ കൃഷിയിലാണ്. ഇതിനു തന്നെ പ്രതിബന്ധങ്ങൾ ഏറെയാണ്. രാസവളവും കീടനാശിനികളും ക്രമാതീതമായി ഉപയോഗിക്കുന്നതുകൊണ്ടു കായയ്ക്കും പഴത്തിനും സ്വാഭാവിക ഗുണമേന്മ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ചെറുവാഴയിനങ്ങൾ തോട്ടമായി വച്ച് സൂക്ഷിക്കുന്ന രീതിയും ഇപ്പോൾ കാണുന്നില്ല. എന്തെല്ലാം പ്രതികൂലാവസ്ഥകളുണ്ടെങ്കിലും ഇപ്പോഴും ലാഭകരമായി നടത്താൻ കഴിയുന്ന ഈ കൃഷിക്ക് പ്രകൃതിക്ഷോഭമാണ് ഏറ്റവും വലിയ വെല്ലുവിളി. കൃഷി വകുപ്പിൽ നിന്ന് നല്കുന്ന നാമമാത്രമായ നഷ്ടപരിഹാരവും ഇൻഷുറൻസ് സൗകര്യം വ്യാപകമാക്കാത്തതിന്റെ ന്യൂനതയും വാഴകർഷകനെ ഭഗ്നാശനാക്കുന്ന ഘടകങ്ങളാണ്.

റബ്ബർ

പഴയ കാലം മുതൽ ചെറിയ തോതിൽ റബ്ബർ കൃഷിയുണ്ടായിരുന്ന പഞ്ചായത്താണിത്. അവിടവിടെ ചെറിയ തോട്ടങ്ങൾ ഉണ്ടായിരുന്നതൊഴിച്ചാൽ വ്യാപകമായ കൃഷി ഉണ്ടായിരുന്നില്ല. എന്നാൽ അടുത്ത കാലത്തായി റബ്ബർ കൃഷി കുറെ കൂടി വ്യാപിച്ചിട്ടുണ്ട്. ചരൽ കലർന്ന ചെമ്മണ്ണുള്ള ഭാഗങ്ങളിലാണ് ഇപ്പോൾ ഈ കൃഷി കണ്ടു വരുന്നത്. താരതമ്യേന ലാഭകരമായി നടത്താവുന്ന ഈ കൃഷിക്ക് നാം കൂടുതൽ

പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. റബ്ബർ ബോർഡിന്റെ ഒരു പ്രാദേശിക ഓഫീസ് കാലടിയിൽ പ്രവർത്തിച്ചു വരുന്നു. ഏകദേശം 150 ഏക്കർ സ്ഥലത്തു ഇപ്പോൾ റബ്ബർ കൃഷി നടത്തിവരുന്നുണ്ട്. വായ്പാ സൗകര്യങ്ങളും ഉപദേശക നിർദ്ദേശങ്ങളും വേണ്ടത്ര ലഭ്യമായാൽ കൂടുതൽ കൃഷിക്കാർ ഈ രംഗത്തേക്ക് വരാൻ സാധ്യതയുണ്ട്. റബ്ബർ സംബന്ധമായ ചില വ്യവസായിക യൂണിറ്റുകൾ ഈ പഞ്ചായത്തിൽ സ്ഥാപിതമായിട്ടുണ്ടെന്നുള്ളത് ആശാവഹമാണ്.

കുരുമുളക്

നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞു വന്നു കൊണ്ടിരിക്കുന്ന ഒരു കൃഷിയാണ് കുരുമുളക്. 100 വർഷത്തിനു മുമ്പുണ്ടായിരുന്നതിന്റെ 10 ശതമാനം പോലും ഇപ്പോൾ കാണപ്പെടുന്നില്ല. ഏക്കർ കണക്കിൽ നോക്കുമ്പോൾ ഉദ്ദേശം 100 ഏക്കറോളം സ്ഥലത്തു കുരുമുളകുണ്ടെന്ന് കണക്കാക്കപ്പെടുന്നുണ്ടെങ്കിലും കുടിയിടങ്ങളിലെ പരിശോധനയിൽ പരിതാപകരമായ സ്ഥിതിയാണ് കാണുന്നത്. കുരുമുളക് തോട്ടങ്ങൾ എന്നനിലയിൽ ഒരു വാർഡിലും കാണപ്പെടുന്നില്ലെങ്കിലും പറമ്പുകളിലെ വൃക്ഷങ്ങളിലും ഒഴിവുള്ളിടത്ത് കാലുകൾ നട്ടു വളർത്തിയും കുരുമുളകു വളർത്തുക എന്ന രീതിയാണ് നമുക്കുള്ളത്. ജലസേചനസൗകര്യമില്ലാത്ത ധാരാളം സ്ഥലത്ത് ഈ കൃഷി വ്യാപകമാക്കാൻ പരിശ്രമിക്കേണ്ടതുണ്ട്. ദ്രുതവാട്ടം എന്ന രോഗം മൂർച്ചരിച്ചതാണ് 75 ശതമാനം മൂടുകളും നശിച്ചു പോയിട്ടുള്ളത്. ഇതിനെ ഫലപ്രദമായി പ്രതിവിധി കണ്ടെത്താനായിട്ടില്ല. കൃഷി ഭവൻ വഴി അത്യുല്പാദന ശേഷിയുള്ള വള്ളികൾ പലപ്പോഴും വിതരണം ചെയ്യാറുണ്ടെങ്കിലും ഈ മണ്ണിൽ പിടിച്ചു കിട്ടാൻ വിഷമമായിട്ടാണ് കണ്ടു വരുന്നത്. ജലസേചനം നല്കിയാൽ കൂടുതൽ വിളവു ലഭിക്കുമെങ്കിലും നമ്മുടെ പ്രദേശത്ത് കുരുമുളകിനു ജലസേചനം നടത്തുന്ന പതിവു അധികമായിട്ടില്ല.

പച്ചക്കറി

പച്ചക്കറികളുടെ ഒരു കേന്ദ്രമായിട്ടാണ് കാലടി മാർക്കറ്റ് അറിയപ്പെടുന്നത്. എന്നാൽ തമിഴ്നാട്ടിൽ നിന്നും ലോറി എത്തിയില്ലെങ്കിൽ ഇവിടുത്തെ മാർക്കറ്റ് ശൂന്യമാകുന്നതും ഒരു കിലോ പച്ചക്കറി ലഭിക്കയില്ല എന്നത് ലജ്ജാകരമാണ്. പച്ചക്കറികൾ സ്വന്തം വീട്ടാവശ്യത്തിനുപോലും നട്ടു വളർത്തുന്ന ശൈലി എന്നേ അസ്തമിച്ചു. അടുക്കളത്തോട്ടം എന്ന സങ്കല്പമെല്ലാം ഇന്ന് വെറും സങ്കല്പമായി അവശേഷിക്കുന്നു. എന്തും വിലയ്ക്ക് വാങ്ങുക എന്ന ഉപഭോഗസംസ്ക്കാരത്തിന്റെ പ്രത്യേകതയ്ക്ക് നാം കീഴ്പ്പെട്ടു കഴിഞ്ഞു. നമ്മുടെ വിവിധ വാർഡുകളിലെ മണ്ണിന്റെ സ്ഥിതിയും കാലാവസ്ഥയും ഏതു പച്ചക്കറിക്കും യോജിച്ചതാണ്. എങ്കിലും ലാഭകരമല്ലാത്തതുകൊണ്ടാവാം സാധ്യതയുള്ളവർപോലും അതിൽ വിമുഖരാണ്. പുഴ, തോട്, എന്നിവയുടെ പള്ളങ്ങളിൽ കുറേശ്ശേ പച്ചക്കറികൃഷി വേനൽക്കാലത്തു മാത്രം കണ്ടു വരുന്നുണ്ട്. മത്തൻ, കുമ്പളം, പയർ, എന്നിവയാണ് കൃഷിചെയ്യുന്നത്. നെൽകൃഷി ഒഴിവാക്കി വെള്ളരി കൃഷിചെയ്യുന്നതും ചില പാടങ്ങളിൽ കാണുന്നുണ്ട്. പാവലം, പടവലം എന്നിവ വ്യാപാരാടിസ്ഥാനത്തിൽ ചില വ്യക്തികൾ സ്വയം പാട്ടത്തിനെടുത്ത് കൃഷി ചെയ്തു വരുന്നതും ആശാവാഹമാണ്. എങ്കിൽ പോലും നമ്മുടെ പഞ്ചായത്തിന്റെ ഉപഭോഗത്തിന്റെ 5 ശതമാനം പച്ചക്കറിപ്പോലും ഇവിടെ ഉല്പാദിപ്പിക്കുന്നില്ലെന്നതാണ് സത്യം. കാർഷിക ഗവേഷണകേന്ദ്രത്തിന്റെ വിത്തുല്പാദന കേന്ദ്രങ്ങളുടെ പ്രവത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തിയാൽ ഈ രംഗത്തൊരു മാറ്റം വരുത്തവാൻ കഴിഞ്ഞേക്കും. ഇതു പോലെ തന്നെയാണ് മലയാളിക്ക് ഏറ്റവും പ്രിയപ്പെട്ട കിഴങ്ങ് വർഗ്ഗങ്ങളുടെയും സ്ഥിതി. കൂർക്ക കാച്ചിൽ, ചെറുകിഴങ്ങ്, ചേമ്പ്, മധുരക്കിഴങ്ങ്, എന്നിവയുടെ കൃഷി നാമമാത്രമായിട്ടുണ്ട്. വലിയ മുതൽ മുടക്കില്ലാതെ പാഴായികിടക്കുന്ന സ്ഥലങ്ങളിൽ ഇതു പോലുള്ള കൃഷിക്ക് സൗകര്യം കണ്ടെത്തേണ്ടതുണ്ട്. അനാസ്ഥ കൊണ്ടോ ആശ്രയം കൊണ്ടോ സ്വന്തം വീട്ടാവശ്യത്തിനുള്ള ഒരു മുളകുതൈയോ കറിവേപ്പിൻ തൈയോപോലും സ്വന്തം വളപ്പിൽ നട്ടു വളർത്താൻ അനുയോജ്യമല്ലാത്ത ഒരു സംസ്ക്കാരത്തിന് നാം അടിപ്പെട്ടുപ്പോയി.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം (ഏക്കറിൽ)
നിലം	1522
പുരയിടം	2150
പുറമ്പോക്ക്, തരിശ്	449

കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ

നെൽക്കൃഷി ചെയ്യാവുന്ന സ്ഥലം	1522ഏക്കർ
പുരയിടം	2150ഏക്കർ

കൃഷിക്കാരുടെ എണ്ണം

പുരയിടവും പാടവും	50സെൻറ് വരെ	ഒരു ഏക്കർ വരെ	1-2 ഏക്കർ	2-5ഏക്കർ	5 ഏക്കറിനുമേൽ
കൃഷിക്കാരുടെ എണ്ണം	6885	548	289	64	36

കാർഷികോപകരണ വിതരണം
(കൃഷിഭവൻ വഴി)

ട്രാക്റ്റർ	1
ട്രില്ലർ	9
നാടൻ കലപ്പ	34
റോക്കർസ്പെർ	19
നാപ്സാക്ക് സ്പ്രെയർ	19
ജലസേചനപമ്പുസെറ്റ്	380

വിള വിസ്തീർണ്ണവുംഉൽപ്പാദനക്ഷമതയും

വിള	വിസ്തീർണ്ണം (ഹെക്ടർ)	ഉല്പാദനക്ഷമത
നെല്ല് - വിരിപ്പ്	425	2450കിലോ
നെല്ല് - മുണ്ടകൻ	400	2205 കിലോ
നെല്ല് - പുഞ്ച	275	1837 കിലോ
തെങ്ങ്	740	8800എണ്ണം
വാഴ	155	20000 കിലോ
മരച്ചീനി	152	6000 കിലോ
ജാതി	152	2400 കിലോ
റബ്ബർ	45	1900 കിലോ
എള്ള്	40	750 കിലോ
കുരുമുളക്	40	1600 കിലോ
പ്ലാവ്	20	35000കിലോ
മാവ്	15	1890 കിലോ
പച്ചക്കറികൾ	1·5	750 കിലോ
കിഴങ്ങുവർഗ്ഗം	12	5500 കിലോ
മറുഫലവൃക്ഷങ്ങൾ	26	3240 കിലോ

(കൃഷിഭവൻ)

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങ് എണ്ണം					രോഗം ബാധിച്ച തെങ്ങ്			
വാർഡ്	വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലിഫ്റോട്ട്	ബഡ്റൂട്ട്	ആകെ
1	2	3	4	5	6	7	8	9
I	74	950	9545	10495	2350	428	15	2793
II	71	775	8435	9210	2210	412	18	2640
III	70	810	6645	7435	1815	375	10	2200
IV	68	620	633	6955	1750	360	17	2127
V	72	825	6432	7257	1615	315	15	1945
VI	71	910	6635	7545	1775	420	16	2211
VII	40	405	3348	3753	1210	213	18	1441
VIII	65	609	5345	5954	1345	375	20	1740
IX	69	812	5750	6562	1435	425	22	1882
X	68	642	6945	7587	1510	414	21	1945
XI	72	538	8635	9173	1420	526	19	2065

രാസവളം കീടനാശിനി ഉപയോഗം (കൃഷിഭവൻ)

വളം	കിലോഗ്രാം	കീടനാശിനി	ലിറ്റർ/കി.ഗ്രാം
യൂറിയ	15000	എക്കാലക്സ്	25ലി
മസൂറിഫോസ്	15000	ഡൈമക്രോൺ	15
ഫാക്റ്റംഫോസ്	40900	പരാമർ	10
17.17.17	65000	മെറ്റാസിഡ്	15
എല്ലുപൊടി	65000	റോഗർ	8
മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്	29000	ഹിനോസാൻ	20
മറ്റുള്ളവ	40000	ബി.എച്ച്.സി	1500 കി.ഗ്രാം

കാർഷിക ധനസഹായ സ്ഥാപനങ്ങൾ 1995-'96ൽ വിതരണം ചെയ്ത വിവരം

കാലടി ഫാർമേഴ്സ് ബാങ്ക്	3.2 ലക്ഷം
യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ	2.7 ലക്ഷം
ബാങ്ക് ഓഫ് ഇന്ത്യ	2.5 ലക്ഷം
ജില്ലാ സഹകരണ ബാങ്ക്	2.1 ലക്ഷം
സൗത്ത് ഇന്ത്യൻ ബാങ്ക്	1.8 ലക്ഷം
ഭാരതീയസ്റ്റേറ്റ് ബാങ്ക് (ഭാഗീകം)	1.6 ലക്ഷം
കാർഷികവികസന ബാങ്ക്	1.2 ലക്ഷം

കൃഷിയിൽ ഉൽപ്പാദക സമിതികളുടെ പങ്കാളിത്തം

നമ്പർ	പാടശേഖര സമിതിയുടെ പേര്	രജി.നമ്പർ	വിസ്തൃതി ഏക്കർ	അംഗങ്ങൾ
1	പിരാരൂർ	ER 1021/90	140	153
2	കുറ്റിലിക്കര	ER 1257/90	105	121
3	പള്ളിത്താഴം	ER 1017/90	152	136
4	മറ്റൂർ	ER 1199/90	74	100
5	പാണ്ടംകുളങ്ങര	ER 1511/90	90	56
6	പൊതിയക്കര	Er 910/90	130	165
7	പേരിയപ്പാടം	ER 1004/90	62	116
8	വല്യാട്ട്, കാട്ടുങ്ങായി	ER 751/90	52	80
9	കാലടി	ER 1240/90	47	74
10	കൈപ്പട്ടൂർ	ER 1206/90	72	71
11	പനയിപ്പാടം	ER 1152/90	64	41
12	ചിറ്റേപ്പാടം	ER 1153/90	74	69
I	കേരസംരക്ഷണസമിതി	ER 25/95	1850	754
II	കാർഷികവനിതാവികസന സമതി	ER 193/96	15	30

ജലസേചനം

കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ജലസേചനാ സൗകര്യങ്ങൾ അനിവാര്യമാണ്. ജലം ഉൾപ്പടെയുള്ള ഭൗമ സമ്പത്തുകളുടെ ബുദ്ധിപൂർവ്വവും വിവേചനാപൂർണ്ണവുമായ വിനിയോഗം മൂലമേ നമ്മുടെ നാടിനു വികസനമുണ്ടാകുകയുള്ളു. നിലവിലുള്ള ജലശ്രോതസ്സുകൾ വറ്റി പോകാതിരിക്കാനും അവ സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പാടശേഖരങ്ങളിൽ ജലസേചനാ - ജലനിർഗ്ഗമനാതോടുകൾ വീതി കൂട്ടി സൈഡു കെട്ടി സംരക്ഷിക്കുന്നതു മൂലം ഒരു പരിധി വരെ സ്ഥലം കൃഷി യോഗ്യമാക്കാൻ കഴിയും. പെരിയാറ്റിൽ സ്ഥാപിച്ചിരിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ സാധ്യതകൾ വളരെ ഉണ്ടായിരുന്നിട്ടും ഫലപ്രദമായി ഉപയോഗിക്കാത്തതുകൊണ്ടുമാത്രം പദ്ധതി പരാജയപ്പെടുന്നു. അതുപോലെ നമ്മുടെ മറ്റൊരു ആശാകേന്ദ്രമായിരുന്ന ചാലക്കുടി കനാലിൽ നിന്നും വേണ്ടത്ര വെള്ളം ലഭിക്കാത്തതിനുള്ള സാങ്കേതിക തടസ്സങ്ങൾ മാറ്റേണ്ടതുണ്ട്.

ജലസേചനാ സംവിധാനങ്ങൾ

പദ്ധതികൾ	ജസേചനാ വിസ്തൃതി-ഏക്കർ
ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ	850
ചാലക്കുടി ഇറിഗേഷൻ പ്രൊജക്ട്	715
നെട്ടിനംപിള്ളിമംഗലം	210
മാണിക്യമംഗലം	60
അമ്പാട്ട്	15
ജലസേചനാകിണറുകൾ 694 എണ്ണം	345
ജലസേചനാകുളങ്ങൾ 23 എണ്ണം	120
മാണിക്യമംഗലം തുറ	15

ആവണം കോട് ലിഫ്റ്റു ഇറിഗേഷൻ ആരംഭിക്കുമ്പോൾ ഈ പ്രദേശത്തെ കർഷകർക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്നു.വറ്റാത്ത പെരിയാർ ജലം ഈ പഞ്ചായത്തിലെ മിക്കവാറും പാടങ്ങളിൽ സേചനം നിർവ്വഹിക്കാൻ ആവണംകോട് പദ്ധതിയിലൂടെ കഴിയുമെന്നാശിച്ചു.എന്നാൽ ഉദ്ദേശിച്ചത്ര നേട്ടമൊന്നുമുണ്ടായില്ല.എങ്കിലും വളരെയേറെ ആശ്വാസമേകാൻ ഈ സ്ക്കീമിനു കഴിഞ്ഞിട്ടുണ്ട്. കാലടി, മറ്റൂർ, മാണിക്യമംഗലം, പിരാരൂർ പ്രദേശങ്ങളിൽ ജലസേചനത്തനുദ്ദേശിച്ചിട്ടുണ്ടെങ്കിലുംഇപ്പോൾ യഥാവസരം വെള്ളമെത്തിക്കുന്നതിൽവിജയിച്ചുകാണുന്നില്ല.കൃത്യ സമയത്തു മോട്ടറുകൾ അറ്റകുറ്റപണി ചെയ്യിക്കാനും കനാലിന്റെ മെയിൻറനൻസ് തീർക്കുന്നതിനുംകഴിയാതെ വരുന്നതുകൊണ്ട്ഏറെ ബുദ്ധിമുട്ടനുഭവപ്പെടുന്നു.പഴയ മോട്ടറുകൾ മാററി പുതിയവ സ്ഥാപിക്കുകയുംചെയ്യേണ്ട കാലം കഴിഞ്ഞിരിക്കുന്നു.പെരിയാററിൻെറവെള്ളം ചാലു മാറി ഒഴുകുന്ന അവസരത്തിൽ വെള്ളം ലഭിക്കാനും വിഷമം നേരിടാറുണ്ട്. ചാലക്കുടി ഇടതു കര കനാലിലൂടെ വർഷങ്ങളായി വെള്ളം എത്തുന്നില്ല എന്നതു ഗൗരവപൂർവ്വം വീക്ഷിയ്ക്കേണ്ട സ്ഥിതിവിശേഷമാണ്.2,3,4,5,6 വാർഡുകളിൽ പ്രയോജനപ്പെടുമെന്നുകരുതിയിരുന്നടി കനാലിന്റെ പ്രയോജനം ഇപ്പോൾ അല്പം പോലും ലഭിക്കുന്നില്ല. സ്വകാര്യകുളങ്ങളും പൊതുകുളങ്ങളുംകിണറുകളുംവറ്റിപ്പോകുന്ന അനുഭവമാണു കണ്ടുവരുന്നത്. ഇതിനുള്ള ശാസ്ത്രീയ കാരണങ്ങൾ കണ്ടു പിടിച്ചു പരിഹാരം കാണേണ്ടതാണ്. പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനേക്കാൾഅഭികാമ്യംനിലവിലുള്ളവകുറ്റമറ്റതാക്കുകതന്നെയാണ്. നായത്തോട്ടുതുറയിൽനിന്നും ഈ പഞ്ചായത്തിലെ 1-ാം വാർഡിനെ ലക്ഷ്യമാക്കി ഒരു പമ്പിംഗ് സ്റ്റേഷൻ സ്ഥാപിച്ചിരുന്നു. എന്നാൽ പത്തു വർഷത്തിനുമേലായിഅതു പ്രവർത്തിക്കുന്നില്ല. പമ്പിംഗ് സ്റ്റേഷനും അവിടെ സ്ഥാപിച്ചിരുന്ന മോട്ടറും ഇപ്പോഴും അവിടെത്തന്നെയുണ്ട്. ചില സ്വകാര്യവ്യക്തികൾ തുറയിൽ നിന്നും വെള്ളമടിച്ചു വിതരണം ന

ടത്തുന്നുണ്ട്. ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ ഒരു ബ്രാഞ്ച് അവസാനിക്കുന്നതു ഈ തുറയിലാണ്. തുറ വികസിപ്പിക്കുകയും കൂടുതൽ സൗകര്യമുണ്ടാക്കുകയും ചെയ്താൽ ഏതാണ്ട് 100 ഏക്കറോളം സ്ഥലത്തു വെള്ളം സമൃദ്ധിയാക്കാൻ കഴിയും. മറ്റൂർ തിരുവെള്ളമാന്തുള്ളി ക്ഷേത്രത്തിന്റെ വകയായ വഴുതകുളം നികന്നും നികത്തിയും വിസ്തൃതി കുറഞ്ഞുകിടക്കുന്നു. പായൽ കട്ടപിടിച്ചു ഒന്നിനും ഉപയോഗിക്കാൻ വയ്യാത്ത സ്ഥിതിയാണ്. ഇത്ര വിസ്തൃതമായ ഒരു കുളം ചുറ്റുപാടുമുള്ള സ്ഥലങ്ങളിലെ ജലസേചനത്തിനു പ്രയോജനപ്പെടുത്താൻ കഴിയാത്തത് തികഞ്ഞ അനാസ്ഥയും അശ്രദ്ധയും മൂലമാണ്. പായൽ വാരി ചളികളഞ്ഞു താഴ്ത്തി, ചുറ്റും കെട്ടിയെടുത്താൽ ഈ പഞ്ചായത്തിലെ നല്ല ഒരു ജലാശയമായി ഇതിനെ മാറ്റാം.

ജലസേചന സൗകര്യങ്ങൾ മെച്ചപ്പെകുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഡിപ്പാർട്ടുമെന്റോ ഉദ്യോഗസ്ഥന്മാരോ മാത്രം പരിശ്രമിച്ചാൽ കഴിയില്ലെന്ന് അനുഭവം തെളിയിക്കുന്നു. അതുകൊണ്ട് ജലസേചന പദ്ധതികൾ വിജയിപ്പിക്കാൻ കർഷകപ്രതിനിധികളും പഞ്ചായത്തു കമ്മറ്റി അംഗങ്ങളും ഉദ്യോഗസ്ഥരും അടങ്ങിയ ഒരു ജനകീയ കമ്മറ്റി പ്രവർത്തനക്ഷമമാകണം. ഇറിഗേഷൻ വകുപ്പും വൈദ്യുത വകുപ്പും പലപ്പോഴും യോജിച്ചും സഹകരിച്ചും പ്രവർത്തിയ്ക്കേണ്ട ഈ രംഗത്ത്, അവരുടെ പരസ്പര ബന്ധവും ധാരണയുമില്ലാതെവരുന്നതു കൊണ്ടുണ്ടാകുന്ന വീഴ്ചകൾ പരിഹരിക്കാൻ ഇതു പോലുള്ള ജനകീയ സമിതികൾക്കേ കഴിയൂ.

കൃഷി – പ്രശ്നങ്ങൾ

1. കൃഷിഭൂമി കുറഞ്ഞുകൊണ്ടിരിക്കുന്നു.
2. ജലസേചനസൗകര്യങ്ങൾ വളരെ കുറവാണ്.
3. ആവശ്യമായ ആധുനിക വിത്തിനങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
4. രാസവളം, കീടനാശിനി ഇവയുടെ അമിത മാല വില വർദ്ധന, സബ്സിഡി അനുവദിയ്ക്കായ്ക.
5. ജലനിർഗ്ഗമന സൗകര്യം കുറവ്.
6. എലിശല്യം വ്യാപകമാകുന്നു.
7. മണ്ണുപരിശോധനയ്ക്കു സൗകര്യം പോര.
8. ജൈവവളങ്ങളുടെ ലഭ്യതക്കുറവ്.
9. കർഷകത്തൊഴിലാളികളുടെ കുറവ്.
10. വിപണന സൗകര്യം പോര.
11. മാരകരോഗങ്ങൾ ഓരോ കൃഷിയേയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

സാദ്ധ്യതകൾ

1. ഭൂമിനികത്തൽ, താഴ്ത്തൽ ഈ പ്രക്രിയ തടയണം
2. ആവണംകോട്ട് ലിഫ്റ്റ് ഇറിഗേഷൻ പരിഷ്കരിക്കണം. കൂടുതൽ മോട്ടറുകൾ വയ്ക്കുക, ബണ്ടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം തീർക്കുകയും, മറ്റു ജലസ്രോതസ്സുകൾ ഉപയുക്തമാക്കുക.
3. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വിത്തുസംഭരണകേന്ദ്രം സ്ഥാപിക്കുക.
4. രാസവളം, കീടനാശിനി എന്നിവയുടെ വില നിയന്ത്രിക്കുക, വർദ്ധിച്ച തോതിൽ സബ്സിഡി നൽകുക.
5. ജല നിർഗ്ഗമനസൗകര്യം വർദ്ധിപ്പിക്കുക. ഓരോപാടത്തുമുള്ള തോടുകളുടെ വീതി കൂട്ടുകയും, വശങ്ങൾ കെട്ടിയും സംരക്ഷിക്കണം. കാലടി പാടത്തു സംസ്കൃത യൂണിവേഴ്സിറ്റിയ്ക്കുവേണ്ടി സ്ഥലം നികത്തിയപ്പോൾ നഷ്ടപ്പെട്ട ജലനിർഗ്ഗമന സൗകര്യം വിണ്ടെടുക്കണം.
6. കീടബാധ, എലിശല്യം എന്നിവ പരിഹരിയ്ക്കാൻ പാടശേഖരസമിതികളും കേരസമിതികളും കൂട്ടായി ഒരേ സമയത്തു ശ്രമിക്കുക. പഞ്ചായത്തും കൃഷിഭവനും ഇതിനു നേതൃത്വം നൽകണം.
7. മണ്ണുപരിശോധന യഥാസമയം നടത്തുന്നതിനാവശ്യമായ യന്ത്രസാമഗ്രികളും ഉദ്യോഗസ്ഥന്മാരും കൃഷിഭവനിലുണ്ടായിരിക്കണം.
8. ജൈവ വളനിർമ്മാണത്തിനു പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. മാർക്കറ്റ് തുടങ്ങിയ പൊതുസ്ഥലങ്ങളിലെ അവശിഷ്ടങ്ങൾ സംഭരിച്ചു ജൈവവളമാക്കാൻ കഴിയും.
9. കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിക്കണം.

10. സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വില്ക്കുന്നതിനും ഏർപ്പാടുവേണം. നിത്യച്ചന്തയായ കാലടിച്ചന്ത ഇക്കാര്യത്തിൽ കൂടുതൽ സൗകര്യങ്ങളുള്ളതാക്കണം.

11. തെങ്ങ്, വാഴ, ജാതി, കുരുമുളക് എന്നിവയ്ക്ക് ബാധിക്കുന്ന മാരകരോഗങ്ങളെ തടയാൻ കൂട്ടായ, ഏകസമയത്തെ പരിശ്രമമുണ്ടാകണം. തെങ്ങു വെട്ടിമാറ്റി പുതിയതു വയ്ക്കാൻ കർഷകനു കൂടുതൽ സഹായധനമനുവദിക്കണം.

12. കാർഷിക വായ്പകൾ കാലോചിതമായി പരിഷ്കരിക്കണം.

13. കൂട്ടുകൃഷി നടപ്പാക്കണം.

ജലസേചനം പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റുകൾ പ്രവർത്തനക്ഷമമല്ല. ഇറിഗേഷൻ സൗകര്യങ്ങൾ കുറവ്.
2. ബണ്ടുകളും കനാലുകളും സൂക്ഷിയ്ക്കപ്പെടുന്നില്ല.
3. കുളങ്ങളും തോടുകളും ശ്രദ്ധിയ്ക്കപ്പെടുന്നില്ല.
4. പദ്ധതികളുടെ പരാജയം.
5. അശാസ്ത്രീയമായ ചെയ്തികളാൽ ഭൂഗർഭജലം ഇല്ലാതാകുന്നു.
6. കാലാവസ്ഥയെക്കുറിച്ചു പൂർണ്ണമായറിയാൻ സംവിധാനമില്ല.

സാദ്ധ്യതകൾ

1. പഞ്ചായത്തിൽ വിവധ ഇറിഗേഷൻ സ്കീമുകളുണ്ടെങ്കിലും ശരിയായി പ്രവർത്തിപ്പിക്കണം. ആവണക്കോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രകാരം പെരിയാർ തീരത്തുവച്ചിട്ടുള്ള മോട്ടറുകൾ നിലനിർത്തുന്നതു കാര്യക്ഷമമാക്കണം. എപ്പോഴും പമ്പുചെയ്യാൻ പാകത്തിനു വെള്ളം കിട്ടാനുള്ള ചാലുകൾക്കു മുൻകൂട്ടി സാദ്ധ്യത കാണണം. 1-ാം വാർഡിൽ നായത്തോട്ടുതുറയിൽ നിന്നും ജലസേചനമാരംഭിക്കണം. വഴുതകുളം ഉപയോഗയോഗ്യമാക്കി അവിടെ നിന്നും പമ്പിംഗ് ആരംഭിക്കണം. പെരിയാറിൽ ചെക്കുഡാമുകൾ നിർമ്മിക്കണം. ചാലക്കുടി ഇറിഗേഷൻ കനാൽ അറ്റകുറ്റപ്പണികൾ തീർത്തു ടെയിൽ എൻഡ്വരെ വെള്ളമെത്തിക്കണം. 3-ാം വാർഡിലെ പാണ്ടക്കുളം, 2-ാം വാർഡിലെ ഒറോക്കുളം എന്നിവ ജലസേചനത്തിനു ഉപയുക്തമാക്കണം. ഉടമ്പുഴ, ചെമ്പിച്ചേരി, പാണ്ടൻകുളങ്ങര എന്നീ തോടുകൾ വശങ്ങൾ കെട്ടിസൂക്ഷിക്കണം. തോടുകളിൽ ചീപ്പുകളും തടയിണകളും സ്ഥാപിക്കാൻ കഴിയും. പൊതിയക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക. മറ്റൂർ ഹരിജൻ കോളനിയിലെ നിർത്തിയ ജലസേചന സൗകര്യം വർദ്ധിപ്പിക്കുക, 5-ാം വാർഡിലുള്ള കുളങ്ങൾ കെട്ടി സംരക്ഷിക്കുക, (പേര്യക്കുളം, മോടംകുളം, വെല്യാട്ടുകുളം, മുടവൻകുളങ്ങര ചക്കുകുളം, തണ്ടാൻ കുളം എന്നിവ), ചെന്നാട്ടു പുഞ്ചയിൽ 150 മീറ്റർ നീളത്തിൽ തോടു നിർമ്മിക്കുക. 10-ാം വാർഡിൽ കൂറ്റാക്കട പാടത്തു നിന്നു വെള്ളം വലിയ തോട്ടിലേയ്ക്കു വിടുക, അമ്പാട്ടു ഇറിഗേഷൻ പദ്ധതി വിപുലീകരിക്കുക, നെട്ടിനംപിള്ളി പദ്ധതിയുടെ പ്രയോജനം പനയപ്പാടത്തേക്കു കൂടി വ്യാപിപ്പിക്കുക, കൊറ്റമം തോടിനു കുറുകെ തടയിണകൾ പണിയുക, മാണിക്കമംഗലം തുറവറ്റാതെ പെരിയാറുമായി ബന്ധിപ്പിക്കുക, കൂടുതൽ കിണറുകൾ കുഴിക്കാൻ സഹായമനുവദിക്കുക, കൃഷിക്കാരിൽ നിന്നും ഈടാക്കുന്ന ജലനികുതി പൂർണ്ണമായി ഒഴിവാക്കുകയും വൈദ്യുതി സൗജന്യമാക്കുകയും ചെയ്യുക. കഴിയമ്പാടം തോട്ടിൽ തടയിണ വച്ചിട്ട് വെള്ളം തടഞ്ഞാൽ തോട്ടകം പ്രദേശത്തെ ഒരുപരിധിവരെയുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാം.

2. പഞ്ചായത്തിലുള്ള പൊതുകുളങ്ങളും കുണറുകളും ശരിക്കു സർവ്വെചെയ്തു അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ വീണ്ടെടുത്തും ചുറ്റും കെട്ടിയും സൂക്ഷിക്കണം.

3. ബണ്ടുകളും കനാലുകളും മെയിൻറനൻസിനു അതതു പ്രദേശത്തെ പാടശേഖര സമിതികളുടെ സേവനവും സഹകരണവും പ്രയോജനപ്പെടുത്തണം.

4. നിലവിലുള്ള പദ്ധതികളുടെ അവലോകനം നടത്താൻ ഉദ്യോഗസ്ഥന്മാരോടൊപ്പം കർഷക പ്രവർത്തകരെയും നിയോഗിക്കുക. പരാജയം അവസാനിപ്പിക്കാൻ വഴികൾ കണ്ടെത്തണം.


5. കർഷകർക്കും പൊതുജനങ്ങൾക്കും ശാസ്ത്രീയമായ ജീവിതരീതിയേയും പരിസ്ഥിതി വിഷയങ്ങളേയും കുറിച്ചു ബോധവൽക്കരണം നൽകാൻ സംവിധാനമുണ്ടാക്കണം.

6. കാലാവസ്ഥാ നിരീക്ഷണകേന്ദ്രവുമായി ബന്ധപ്പെടാനും ലഭിക്കുന്ന സൂചനകൾ കർഷകരിലെത്തിക്കാനും കൃഷിഭവനിൽ സംവിധാനം വേണം.


വിളകൾ – വിസ്തീർണ്ണവും ഉൽപാദനവും

	വിള	വിസ്തീർണ്ണം (ഹെക്ടറിന്)	മൊത്തം ഉൽപാദനം	ഉൽപാദനക്ഷമത
	നെല്ല് (ഒന്നാം വിള)	425	1041 ടൺ	2450 കി.ഗ്രാം
1	,, (രണ്ടാം വിള)	400	882 ടൺ	2205 കി.ഗ്രാം
	,, (മൂന്നാം വിള)	275	505 ടൺ	1837 കി.ഗ്രാം
2	എള്ള്	40	300 ടൺ	750 കി.ഗ്രാം
3	പച്ചക്കറികൾ	15	270 ടൺ	1500 കി.ഗ്രാം
4	തെങ്ങ്	740	65,12,000 എണ്ണം വാർഷികം	8800 എണ്ണം
5	വാഴ	155	31,00,000 കി.ഗ്രാം വാർഷികം	20,000 Kg
6	മരച്ചീനി	152	2,70,000 Kg	6,000 Kg
7	കുരുമുളക്	40	64,000 Kg	1,600 Kg
8	പ്ലാവ്	20	7,00,000 Kg	35,000 Kg
9	കശുമാവ്	8	15,200 Kg	1,900 Kg
10	മാവ്	15	28,350 Kg	1,890 Kg
11	റബ്ബർ	45	75,000 Kg/Year	1,900 Kg
12	കവുങ്ങ്	5	6,000	1,200
13	ജാതി	152	25840	2400
14	ഇഞ്ചി, മഞ്ഞൾ, കിഴങ്ങ്	2779	9900	1300
15	മറ്റുഫല വൃക്ഷങ്ങൾ	26	614400	32400
16	മറ്റുവൃക്ഷങ്ങൾ	1987	–	–


ചാർട്ട് 3. **പുറംപോക്ക്ഭൂമിയുടെ തരവും വിസ്തീർണ്ണവും % ൽ**



ചാർട്ട് 4. **കാർഷിക വിളകളുടെ വൈവിധ്യം**



മൃഗസംരക്ഷണവും മത്സ്യബന്ധനവും



മൃഗസംരക്ഷണം

മൃഗസമ്പത്ത് ഗ്രാമപുരോഗതിക്ക് സഹായകമായ ഘടകങ്ങളിലൊന്നാണ്. കാർഷിക സമ്പദ്വ്യവസ്ഥയിലധിഷ്ഠിതമായ ഗ്രാമ സമ്പദ് വ്യവസ്ഥക്ക് മൃഗ സമ്പത്ത് വളരെ പ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. കാർഷികാവശ്യങ്ങൾക്കു പുറമേ ഭക്ഷണത്തിനും, മറ്റ് ഉല്പന്ന നിർമ്മാണത്തിനും മൃഗസമ്പത്ത് വളരെയേറെ പ്രയോജനപ്പെടുത്താവുന്നതാണ്. നിത്യ ജീവിതത്തിൽ പോഷക പ്രധാനമായ വസ്തുക്കൾ മൃഗ പരിപാലനം വഴി ഓരോ കുടുംബത്തിനും ലഭ്യമാക്കാവുന്നതാണ്. മാംസം, പാൽ, മുട്ട എന്നിങ്ങനെ നിരവധി വിഭവങ്ങൾക്ക് മൃഗസമ്പത്തിനെയാണ് ആശ്രയിച്ചുപോരുന്നത്. നെൽകൃഷിക്ക് ആദ്യകാലത്ത് വ്യാപകമായി കാലികളെ ഉഴുവുന്നതിനായി പ്രയോജനപ്പെടുത്തിയിരുന്നു. എന്നാൽ അടുത്തകാലത്ത് നെൽകൃഷിയിൽ കാര്യമായ കുറവുണ്ടാവുകയും കൂടാതെ ആധുനിക ഉഴുവു യന്ത്രങ്ങൾ പ്രചാരത്തിലാവുകയും ചെയ്തതോടെ കാലിസമ്പത്ത് കൃഷിക്ക് ഉപയോഗപ്പെടുത്തുന്നത് ഗണ്യമായി കുറഞ്ഞു. ഓരോ വീട്ടിലും ഓരോ പശു ഉണ്ടായിരിക്കുക എന്നത് ഓരോ വീടിന്റേയും ആരോഗ്യകരമായ ജീവിതത്തിന്റെ ലക്ഷണമായി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. ചാണകം വളമായും, ഇന്ധനമായും പ്രയോജനപ്പെടുത്താനും കൃഷിഭൂമിയിലെ കളയും, വൈയ്ക്കോലും കന്നുകാലികൾക്ക് ഭക്ഷണമാക്കി പ്രയോജനപ്പെടുത്തുകയും ചെയ്തുകൊണ്ട് മൃഗസമ്പത്തിന്റെ ശരിയായി ഉപയോഗപ്പെടുത്തുന്നവർ ഗണ്യമായി കുറഞ്ഞിരിക്കുന്നു. ഗ്രാമത്തിലെ കാലിസമ്പത്തിന്റെ കുറവ് ഗ്രാമീണജനതയുടെ സാമ്പത്തിക പ്രതിസന്ധിക്കിടയാക്കിയിട്ടുണ്ട്. മാംസത്തിനായി ഗ്രാമത്തിലെ കാലികൾ പ്രതി ദിനം കൊന്നൊടുക്കുന്നതു മൂലം ഗ്രാമത്തിലെ കാലിസമ്പത്ത് കുറഞ്ഞു. അന്യ സംസ്ഥാനങ്ങളിൽ നിന്ന് വളരെയേറെ രോഗം ബാധിച്ചതും മറ്റ് ഒട്ടനവധി തകരാറുകൾ ഉള്ളതുമായ കാലികൾ പ്രതിദിനം ഗ്രാമത്തിൽ എത്തിച്ചേരുന്നുണ്ട്. ഇവയുടെ വർദ്ധിച്ച തോതിലുള്ള ഉപഭോഗം ഗ്രാമത്തിലെ സാമ്പത്തികചോർച്ചമാത്രമല്ല, ഒട്ടനവധി രോഗങ്ങൾ ഗ്രാമവാസികൾക്ക് പിടിപെടുന്നതിനും ഇത് ഇടയാക്കിയിരിക്കുന്നു. മുട്ടയുടെ ദൗർലഭ്യവും വളരെയേറെയാണ്. ഉല്പാദിപ്പിക്കുന്ന മുട്ട ഗ്രാമവാസികളുടെ ഉപയോഗത്തിന്റെ നാലിൽ ഒന്നുപോലും ഇല്ലാത്തത് പോഷകാഹാരപ്രദമായ ഭക്ഷ്യ വിഭവങ്ങളിലൊന്ന് ഗ്രാമവാസികൾക്ക് നഷ്ടപ്പെടുന്നതിനിടയാക്കുന്നു.

പരമ്പരാഗതമായ മൃഗപരിപാലനരീതികൾ പിന്തുടരുന്നതിനാൽ - മൃഗസംരക്ഷണമേഖലയിൽ വളർച്ച മുരടിപ്പിന് ഇടയാക്കിയിട്ടുണ്ട്. ആധുനിക മൃഗപരിപാലന രീതികൾ ഇനിയും ഗ്രാമത്തിലെ കർഷകർക്ക് ലഭ്യമായിട്ടില്ല. ഉല്പാദനശേഷി കുറഞ്ഞ കറവ മാടുകളാണ് ഗ്രാമത്തിലെ ഏറിയ പങ്കും കർഷകർക്ക് ഉള്ളത്. രോഗം ബാധിച്ച മൃഗങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുകൊണ്ട് രോഗനിവാരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്. സങ്കരയിനം പശുക്കളുടെ എണ്ണം കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും മൃഗപരിപാലനം ഇന്ന് വളരെയധികം സാമ്പത്തിക ചിലവ് ഏറിയതായിത്തീർന്നിരിക്കുന്നു. ഇതുമൂലം ഈ മേഖലയിൽ നിന്ന് വരുമാനമുണ്ടാക്കിയിരുന്ന ഒട്ടനവധി പേർ ഈ രംഗത്ത്നിന്ന് പിൻമാറിയിരിക്കുകയാണ്.

തീറ്റപ്പുല്ലിന്റെ ക്ഷാമം ഗ്രാമത്തിൽ മൃഗപരിപാലനത്തെ ദോഷകരമായി ബാധിച്ചിരിക്കുന്നു. മുമ്പുണ്ടായിരുന്ന മേച്ചിൽ പുറങ്ങൾ കൃഷിഭൂമിയാക്കിയതും, വേനൽകാലത്ത് കടുത്ത വരൾച്ച അനുഭവപ്പെടുന്നതു മൂലം പച്ചപ്പുല്ലുകൾ ഉണങ്ങി നശിച്ചുപോകുന്നതും തീറ്റപ്പുൽ ദൗർലഭ്യത്തിനിടയാക്കുന്നു. തീറ്റപ്പുൽ കൃഷി ആദായകരമായി നടത്താൻ ഗ്രാമത്തിൽ വളരെ ഏറെ സാധ്യതകളുണ്ട്. ഈ സാധ്യതകൾ കണ്ടെത്തി തീറ്റപ്പുൽകൃഷി വ്യാപകമാക്കിയാൽ ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയും. നെൽകൃ

ഷി ഗണ്യമായി കുറഞ്ഞതിനെ തുടർന്ന് വൈയ്ക്കോൽ ക്ഷാമവും അതിരൂക്ഷമായിതുടരുന്നു. ഒരു പിടി വൈയ്ക്കോലിന് രണ്ടു രൂപയിലേറെ കൊടുക്കേണ്ട സ്ഥിതി സംജാതമായിട്ടുണ്ട്. കടുത്ത ജല ദൗർലഭ്യവും കാലിവളർത്തലിനെ സാരമായി ബാധിച്ചിരിക്കുന്നു.

ഉല്പാദനച്ചിലവിന് ആനുപാദികമായി ഉല്പന്നങ്ങൾക്ക് വില ലഭിക്കാത്തതും മൃഗ പരിപാലനരംഗത്ത് വെല്ലുവിളി സൃഷ്ടിച്ചിട്ടുണ്ട്. ഇടത്തട്ടുകാരുടെ ചൂഷണം സൃഷ്ടിക്കുന്ന പ്രശ്നം കൂടി കണക്കിലെടുത്താൽ കർഷകന്റെ സ്ഥിതി വളരെ ദയനീയമാണെന്ന് കാണാൻ കഴിയും. ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതുനും, മതിയായ വില ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇടിമിന്നൽ, മറ്റു പ്രകൃതിക്ഷോഭങ്ങൾ, രോഗങ്ങൾ മുതലായ കാരണങ്ങളാൽ പ്രതിവർഷം മൃഗസമ്പത്തിലുണ്ടാകുന്ന കുറവ് കുറച്ചൊന്നുമല്ല. ഗ്രാമത്തിലെ ബഹുഭൂരിപക്ഷം മൃഗങ്ങളെയും ഇൻഷ്വറൻസ് പരിധിക്കു കീഴിൽ കൊണ്ടുവന്നിട്ടില്ല. ആയതിനാൽ മൃഗസമ്പത്തിലുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് സംവിധാനം ഉണ്ടാകുന്നില്ല. മൃഗങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയാണ് ഇതിനൊരു പോംവഴിയായി നിർദ്ദേശിക്കുന്നത്.

മൃഗസമ്പത്തിന്റെ പരമാവധി പ്രയോജനം നാടിന്റെ സമ്പദ്വ്യവസ്ഥയുടെ വളർച്ചക്ക് ഉപകരിക്കുന്ന വിധത്തിൽ ഉപയോഗപ്പെടുത്തുന്ന പദ്ധതികളുടെയും, പരിപാടികളുടെയും അഭാവം ഈ മേഖലയുടെ വളർച്ചയെ മുരടിപ്പിക്കുന്നുണ്ട്. ഉല്പാദനം, സംസ്കരണം, വൈവിദ്ധ്യ വൽക്കരണം, വിലനിർണ്ണയം, വിപണനം എന്നിവ പ്രാദേശികമായി ഫലപ്രദമായി നടപ്പാക്കുന്നതിന് ഉതകുന്ന പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്.

മുയൽ, പന്നി, കോഴി, താറാവ്, ആട് എന്നിവയുടെ വളർത്തൽ ഗ്രാമത്തിൽ പ്രോൽസാഹിപ്പിക്കണം. ഓരോ വീട്ടിലും ഓരോ പശു എന്ന ലക്ഷ്യം പ്രാവർത്തികമാക്കേണ്ടതും അനിവാര്യവുമാണ്. ഓരോ വീടും സ്വയം പര്യാപ്തമാകാനുള്ള ആസൂത്രണമാണ് വേണ്ടത്. അതുവഴി ഗ്രാമവും സ്വയം പര്യാപ്തമാകും. കാലിത്തീറ്റ ഫാക്ടറികൾ സഹകരണാടിസ്ഥാനത്തിൽ രൂപീകരിച്ചുകൊണ്ട് കാലിതീറ്റയുടെ ക്ഷാമവും, വിലവർദ്ധനവും ഒരളവുവരെ പരിഹരിക്കാൻ കഴിയും. മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ ഗ്രാമത്തിൽ ഏറെ സാധ്യതകളുണ്ട്.

കാലിത്തീറ്റയുടെ ലഭ്യതക്ക് നടപ്പാക്കേണ്ട പദ്ധതികൾ:-

1. തീറ്റപ്പുൽ കൃഷി പ്രോൽസാഹനം
2. സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കൽ
3. തരിശുഭൂമികൾ കാലിവളർത്തിലിന് പ്രയോജനപ്പെടുത്തൽ
4. സസ്യാവശിഷ്ടങ്ങൾ കാലിത്തീറ്റക്ക് ഉപകാരപ്പെടുത്തക

വളർത്തുമൃഗങ്ങളുടെ അപ്രതീക്ഷിത നഷ്ടം പരിഹരിക്കുന്നതിന് നടപ്പാക്കേണ്ട പദ്ധതികൾ:-

1. ഗ്രാമത്തിലെ മൃഗസമ്പത്തിനെ ഇൻഷ്വറൻസ് ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കൽ
2. മൃഗപരിപാലനത്തിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ സ്വീകരിക്കൽ
3. മൃഗങ്ങളുടെ രോഗങ്ങൾ യഥാസമയം കണ്ടെത്തി ഉചിതമായ ചികിൽസ സത്വരമായി ലഭ്യമാക്കൽ

മൃഗാശുപത്രിയുടെ സേവനം മൃഗസമ്പത്തിന്റെ ആരോഗ്യകരമായ വളർച്ചക്ക് ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും നിലവിലുള്ള മൃഗപരിപാലനരംഗത്ത് നടപ്പാക്കേണ്ട പരിഷ്കരണ നടപടികളും താഴെ കൊടുക്കുന്നു.

1. കാലടിയിലെ മൃഗാശുപത്രിക്ക് കൂടുതൽ സബ് സെന്ററുകൾ സ്ഥാപിക്കുക
2. കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
3. മൃഗങ്ങളുടെ പകർച്ചാവ്യാധി തടയൽ
4. ശുചിത്വ പൂർണ്ണമായ കാലിതൊഴുത്തുകളു

ടെ നിർമ്മാണം പ്രോൽസാഹിപ്പിക്കൽ

5. മാതൃകാ കാലിതൊഴുത്തുകൾ സ്ഥാപിക്കൽ
6. മൃഗസംരക്ഷണരംഗത്ത് പ്രവർത്തിക്കുവർക്ക് ഉചിതമായ പരിശീലനം നൽകുക
7. വിവധ ഉല്പന്ന നിർമ്മാണങ്ങൾ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ നടപ്പാക്കൽ
8. ലാഭകരമായ മൃഗപരിപാലനം പ്രോൽസാഹിപ്പിക്കൽ
9. രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കൽ
10. മികച്ച നേട്ടം കൈവരിക്കുന്ന കർഷകർക്ക് പ്രോൽസാഹനം നൽകൽ
11. ആധുനിക മൃഗസംരക്ഷണ മാർഗ്ഗങ്ങൾ സംബന്ധിച്ച അറിവ് ഗ്രാമവാസികൾക്ക് ലഭ്യമാക്കുകയും അതോടൊപ്പം കൂടുതൽ സൗകര്യങ്ങളും സഹായങ്ങളും ലഭ്യമാക്കൽ
12. കൊതുകു നിവാരണ പരിപാടികൾ നടപ്പിലാക്കൽ
13. കാലിരോഗങ്ങൾ സംബന്ധിച്ചും നിവാരണ മാർഗ്ഗങ്ങൾ സംബന്ധിച്ചും ഗ്രാമീണനു ബോധവൽക്കരിക്കൽ
14. മൃഗാശുപത്രിയുടെ സേവനം കാര്യക്ഷമമാക്കുകയും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുകയും ചെയ്യുക
15. നല്ലയിനം കാലികളെയും, മറ്റു വളർത്തു മൃഗങ്ങളെയും, വളർത്തു പക്ഷികളെയും സംബന്ധിച്ച് ഗ്രാമവാസികൾക്ക് വിവരം ലഭ്യമാക്കുകയും ശാസ്ത്രീയവും, ചിലവുകുറഞ്ഞതുമായ പരിചരണമാർഗ്ഗങ്ങൾ സംബന്ധിച്ചുമുള്ള പരിശീലനം നൽകുകയും ചെയ്യുക.

മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കേണ്ട പരിഷ്കാരങ്ങൾ ഒരു അവലോകനം:-

1. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാൻ അനുയോജ്യമായ സാങ്കേതികവിദ്യയും മാനേജ്മെൻറ് സങ്കേതങ്ങളും പ്രയോഗത്തിൽ വരുത്തുക.
2. ഈ മേഖലയിൽ മുഴുവൻ സമയതൊഴിൽ തേടുന്നവരുടേയും ഉപതൊഴിൽ സ്വീകരിക്കുന്നവരുടേയും എണ്ണം വർദ്ധിപ്പിക്കുക.
3. തൊഴിൽ രഹിതരായ ഗ്രാമീണ സ്ത്രീകളെ മൃഗസംരക്ഷണപ്രവർത്തനങ്ങളിൽ ആഭിമുഖ്യമുള്ളവരാക്കി മാറ്റുക.
4. മൃഗചികിൽസാകേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുക.
5. പേ വിഷ നിർമ്മാർജ്ജനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക.
6. മൃഗസംരക്ഷണമേഖലയിൽ ഏർപ്പെടുന്നവർക്ക് വായ്പ സൗകര്യം ലഭ്യമാക്കുക.
7. രോഗം ബാധിച്ച കാലികളെ അറുത്ത് വിൽക്കുന്നത് തടയുക.

ക്ഷീരോൽപ്പാദന മേഖലയിൽ നടപ്പാക്കാവുന്ന പദ്ധതികൾ:

കുറഞ്ഞ മുതൽ മുടക്കിൽ കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ പ്രത്യക്ഷത്തിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കാവുന്ന മേഖലയാണ് പശുപരിപാലനം.

പദ്ധതി നടപ്പാക്കൽ:

പഞ്ചായത്തിലെ താല്പര്യമുള്ള ചെറുകിട പരിമിത കർഷകരെ മുൻനിർത്തിയായിരിക്കണം പദ്ധതി നടപ്പിലാക്കേണ്ടത്. ഈ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തണം. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകണക്കിലെടുത്തുകൊണ്ടാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത്. വായ്പാസൗകര്യം ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണം. '97-98 സാമ്പത്തിക വർഷത്തിൽ 2 പശുക്കളുടെ 50 യൂണീറ്റ് തുടങ്ങാവുന്നതാണ്.

മൃഗചികിൽസാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ:

കാലടി ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വളരെ പരിമിതമായ സ്ഥല സൗകര്യങ്ങളും, ചികിൽസാ സൗകര്യങ്ങളും മാത്രമേ ഇവിടെയുള്ളൂ. ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം ഉടൻ പണികഴിപ്പിക്കേണ്ടതാണ്. ക്രിത്രിമ ബീജധാനകേന്ദ്രം തുടങ്ങുന്നതിന് ഉള്ള പരിപാടികളും ആസൂത്രണം ചെയ്യണം.

സ്ലാട്ടർ ഹൗസ് നിർമ്മാണം:

ശുദ്ധമായ മാംസോൽപ്പാദനവും വിപണനവും ലക്ഷ്യമാക്കിക്കൊണ്ട് പഞ്ചായത്തിൽ ഒരു സ്ലോട്ടർ ഹൗസ് ആധുനികരീതിയിൽ സംവിധാനം ചെയ്ത് ഉണ്ടാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

ഫീഡ് മിക്സിംഗ് പ്ലാൻറ്

കാലടി ഗ്രാമപഞ്ചായത്തിലും പരിസരപ്രദേശങ്ങളിലുമായി ധാരാളം അസംസ്കൃത വസ്തുക്കൾ കിട്ടാനുള്ളതുകൊണ്ട് പോഷകമൂല്യം ഉറപ്പ് വരുത്തിക്കൊണ്ടുള്ള കാലിത്തീറ്റയുടേയോ കോഴിത്തീറ്റയുടേയോ ഫീഡ് മിക്സിംഗ് പ്ലാൻറ് തുടങ്ങുവാനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

മൃഗംസംരക്ഷണം സംബന്ധിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ:

1. കന്നുകാലി വളർത്തുന്നതിന് സൗജന്യ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക.
2. മുഴുവൻ കന്നുകാലികളെയും സൗജന്യനിരക്കിൽ ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തുക.
3. കന്നുകാലി വാങ്ങുന്നതിന് സബ്സിഡിയോടുകൂടി ബാങ്ക് ലോൺ ലഭ്യമാക്കുക, കാലിതൊഴുത്ത് നിർമ്മിക്കുന്നതിനും ലോൺ സൗകര്യം ലഭ്യമാക്കുക.
4. 1-ാം വാർഡിൽ മൃഗാശുപത്രി സ്ഥാപിക്കുക.
5. ഗവൺമെൻറിൻെറ സഹായത്തോടെ പുൽകൃഷി വ്യാപിപ്പിക്കുക.
6. ക്ഷീര കർഷകർക്കുവേണ്ടി സെമിനാറുകൾ,-ക്ലാസുകൾ മുതലായവ നടത്തുക.
7. ക്ഷീരോൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണീറ്റുകൾ, പ്രത്യേകിച്ച് വനിതായൂണീറ്റുകൾ പ്രോൽസാഹിപ്പിക്കുക.
8. ക്ഷീരകർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക.
9. ക്രിത്രിക ബീജസങ്കലനം സൗജന്യനിരക്കിലാക്കുക.
10. കാലടിയിൽ ഒരു കാലിത്തീറ്റ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കുക.
11. കോഴി, താറാവ്, ആട്, പന്നി മുതലായവ വളർത്തുന്നതിന് പ്രോൽസാഹനം നൽകുക.
12. മുയൽ വളർത്തൽ വ്യാപിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകുക.
13. ചാണകം ഉപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.
14. മുട്ടക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുക.
15. മൃഗാശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

വികസന വകുപ്പ് കാലടി പഞ്ചായത്തിൻെറ പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ക്ഷീരവികസന പദ്ധതികൾ.

1 മാതൃകാ ഡയറിഫാം പദ്ധതി.

യുവജനങ്ങളുടെ തൊഴിൽ സാധ്യത ലക്ഷ്യമാക്കി മോഡൽ ഡയറി ഫാം യൂണിറ്റ് പദ്ധതി. ഉല്പാദനക്ഷമതയുള്ള മൂന്നു പശുക്കളെ വാങ്ങണം. മൂന്നു ഉരുക്കൾക്ക് ആവശ്യമായ പച്ചപ്പുല്ല് സ്വന്തമായി കൃഷിചെയ്തുണ്ടാക്കാൻ സാധ്യതയില്ലെങ്കിൽ, 50 - 60 Kg പുല്ലിൻെറ ലഭ്യത ഉള്ളവരെ തിരഞ്ഞെടുക്കാം. സ്വന്തമായി കൃഷിചെയ്യുന്നവർക് മോട്ടോർ, പമ്പ് സെറ്റ് ലഭ്യമാക്കി, എല്ലാ സമയത്തും പുല്ലിൻെറ ലഭ്യത ഉറപ്പാക്കണം.

ക്ഷീരവികന വകുപ്പിലെ ഉദ്യോഗസ്ഥർ പദ്ധതിപ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ സന്ദർശിക്കുന്നതും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതു കൂടാതെ മറ്റെല്ലാരീതിയിലുള്ള സഹായവും നല്കി പദ്ധതിയുടെ വിജയം ഉറപ്പാക്കാൻ സഹായിക്കും. പശുവിൽ നിന്നും ലഭിക്കുന്ന ചാണകം, ഗോമൂത്രം എന്നിവ പ്രയോജനപ്പെടുത്തി മറ്റു കൃഷിയും പ്രോത്സാഹിപ്പിക്കും. സബ്സിഡിയായ ഒരു യൂണിറ്റ് 10,000/- ലഭ്യമാക്കണം.

പദ്ധതി–2 കന്നുകാലിത്തൊഴുത്ത് നിർമ്മാണം.

വൃത്തിയുള്ള പരിസരം സംങ്കരയിനം കറവ പശുക്കൾക്കും കിടാക്കൾക്കും അനിവാര്യമാണ്. രോഗങ്ങൾ മുഖേന കർഷകർക്ക് തേടാൻ നല്ലതൊഴുത്ത് പരിസരവും സഹായിക്കും. ഒരു തൊഴുത്തിന് (15×10 അടി വിസ്തീർണ്ണമുള്ളത്) 3000/– രൂപ വരെ ധനസഹായമായി ലഭ്യമാക്കാം.

പദ്ധതി–3 വൈറ്റമിൻ സപ്ലിമെൻറ്, മിനറൽ മിക്സ്ച്ചർ

വൈറ്റമിൻ സപ്ലിമെൻറ്, മീനെണ്ണ എന്നിവ കിടാക്കളുടെ ശരിയായ വളർച്ചക്കും, മിനറൽ മിക്സ്ച്ചർ കറവപശുക്കൾക്കു ഉണ്ടാകുന്ന ധാതുലവണങ്ങളുടെ കുറവുകൾ മൂലമുണ്ടാകുന്ന അസുഖങ്ങളിൽ നിന്നും മോചനം നല്കും. മേൽപറഞ്ഞവ പകുതിവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കി കൂടുതൽ കർഷകർ ഇതു വാങ്ങി ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക വഴി കന്നുകുട്ടികളെ നേരത്തെ മദിയിലെത്തിക്കാനും, കറവ പശുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കാനും സഹായിക്കും. ഇത് പഞ്ചായത്തിലെ പാലിൻെറ ഉല്പാദനം വർദ്ധിപ്പിക്കുകയും, കന്നുകുട്ടികളെ നേരത്തെ മദിയിലെത്തിക്കുക വഴി കർഷകന് സാമ്പത്തിക നേട്ടത്തിനും ഇടവരുത്തും.

200 കിലോ മിനറൽ മിക്സ്ച്ചർ 150 കുപ്പി (1 കുപ്പി – 500 ml) വൈറ്റമിൻ സപ്ലിമെൻറ് കർഷകർക്ക് യഥാക്രമം 10 രൂപ, 30 രൂപാ എന്നീ നിരക്കുകളിൽ ലഭ്യമാക്കാവുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്ത് 6500/– രൂപ വകയിരുത്താവുന്നതാണ്.

പദ്ധതി – 4 കർഷക സമ്പർക്ക പരിപാടികൾ

ക്ഷീരകർഷകരുമായി മുഖാമുഖം ചർച്ചയ്ക്ക് നടത്തുന്നതിനും, ശാസ്ത്രീയമായ പശുവളർത്തൽ സംബന്ധിച്ചു ബോധവൽക്കരണം നടത്തുന്നതിനും ഉള്ള പദ്ധതിയാണ് ഇത്. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് സെറികൾച്ചർ വകുപ്പ് ഉദ്യോഗസ്ഥരെയും ഇത്തരം ക്ലാസുകളിൽ പങ്കെടുപ്പിക്കാവുന്നതാണ്. നോട്ടീസ് തയ്യാറാക്കുന്നതിനും ചർച്ചയിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം നല്കുന്നതിനും ക്ലാസൊന്നിന് 250/– രൂപ വകകൊള്ളിക്കാവുന്നതാണ്.

പദ്ധതി–5 പുൽകൃഷി വികസനം

ആദായകരമായ ക്ഷീരോല്പദനത്തിനും, ഉരുക്കൾക്ക് രോഗപ്രതിരോധ ശക്തിയുണ്ടാവുന്നതിനും ഗുണനിലവാരമുള്ള പച്ചപ്പുല്ല് ലഭ്യമാവണം. സ്ഥലമുള്ള കർഷകരെക്കൊണ്ട് സ്വയം കൃഷിചെയ്യിക്കാൻ ശ്രമിക്കേണ്ടതും, സ്വന്തമായി സ്ഥലസൗകര്യമില്ലാത്ത കർഷകർക്ക് അത് ലഭ്യമാക്കാൻ പഞ്ചായത്തു വക പുറംപോക്ക് സ്ഥലങ്ങളോ, ഭൂവുടമകളുടെ സ്ഥലം പാട്ടത്തിനെടുത്തോ കൃഷി ചെയ്യാവുന്നതാണ്. 2 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പാക്കാൻ 2000/– രൂപ വകകൊള്ളിക്കാവുന്നതാണ്. പുൽവിത്ത്, പുൽകടകൾ, രാസവളം എന്നിവ ലഭ്യമാക്കാനാണ് ഈ തുക.

പദ്ധതി –6 പാലുല്പന്ന നിർമ്മാണ ക്ലാസുകൾ

പാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കുക, പഞ്ചായത്തിലെ ജനങ്ങളുടെ പ്രത്യേകിച്ച് കുട്ടികളുടെ ആരോഗ്യനിലമെച്ചപ്പെടുത്തുന്നതിനും രുചികരമായ പാലുല്പന്നങ്ങൾ നിർമ്മിക്കാൻ വീട്ടമ്മമാർക്ക് പരിശീലനം നല്കുന്ന പദ്ധതിയാണിത്. ചോക്ലേറ്റ്, പേഡ, ബർഫി, ഗുലാബ് ജാമുൻ, പനീർ തുടങ്ങിയ വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കാം. ഒരു ക്ലാസിന് 150/– രൂപ പ്രകാരം 10 ക്ലാസ്സ് നടത്തുന്നതിന് 1500/– രൂപ വകകൊള്ളിക്കാം.

പദ്ധതി – 7 തൊഴുത്തു വൃത്തിയാക്കുന്നതിന് അനുനാശിനി വിതരണം ചെയ്യുന്ന പദ്ധതി

തൊഴുത്ത് വൃത്തിയായും, അണുവിമു

ക്തമായും സൂക്ഷിക്കുന്നതിനും അകിട് അണു വിമുക്തമാക്കി സൂക്ഷിക്കുന്നതിനും ആവശ്യ മായ രാസപദാർത്ഥങ്ങൾ പകുതി വിലയ്ക്ക് ലഭ്യ മാക്കുന്നതാണ് ഈ പദ്ധതി. പഞ്ചായത്തിൽ 200 പേർക്ക് 30/- രൂപ വിലയ്ക്ക് കെമിക്കൽസ് അടങ്ങിയ കിറ്റ് ലഭ്യമാക്കാം. ഈ പദ്ധതിപ്രകാരം പഞ്ചായത്തിന് 6000/- രൂപ ചിലവ് പ്രതീക്ഷി ക്കാം.

പദ്ധതി – 8 ഉല്പാദനശേഷിയുള്ള കറവ പശുവിനെ വാങ്ങാൻ പദ്ധതി

ഉല്പാദനശേഷിയുള്ള കറവപശുവിനെ വാങ്ങി ആദായകരമായ രീതിയിൽ ക്ഷീരോല്പാ ദനം നടത്തുന്നതിന് ബാങ്ക് വായ്പകൂടി ഉപയോ ഗപ്പെടുത്തിയുള്ള പദ്ധതി. 10 ലിറ്റർ ഉല്പാദന-ശേഷിയുള്ള കറവ പശുക്കൾക്ക് 5000/- രൂപവ രെ ധനസഹായവും, ബാക്കി ബാങ്ക് വായ്പയാ യും ലഭ്യമാക്കാം.

പദ്ധതി – 9 കന്നുകാലിത്തീറ്റ നിർമ്മാണ യൂണിറ്റ്

അങ്കമാലി മേഖലയിൽ സുലഭമായ അരി തവിട്, തേങ്ങാപിണ്ണാക്ക് എന്നിവ കൂടുതൽ ഉപയോഗപ്പെടുത്തിയുള്ള കന്നുകാലിത്തീറ്റ നിർമ്മാണ യൂണിറ്റ് പദ്ധതി. 2 മെട്രിക് ടൺ ശേ ഷിയുള്ള പ്ലാൻറ് സ്ഥാപിക്കാൻ 6,00,000/- രൂപ ചിലവുവരും. പഞ്ചായത്തിൻെറ ധനസഹാ യമായി 2,00,00/- രൂപയും, 200/- രൂപ മുഖവി ലയുള്ള 1000/- ഓഹരികൾ വഴി 2,00,000/ രൂപയും, ബാങ്ക് വായ്പയായി 2,00,000/- രൂപ യും ലഭ്യമാക്കണം. കർഷകരുടെ ഒരു സൊ സൈറ്റി രൂപീകരിച്ച് ഈ പദ്ധതി ഏറ്റെടുപ്പിക്കാ വുന്നതാണ്.

കാലടി ഗ്രാമപഞ്ചായത്ത്

4.4 പേ വിഷബാധ - പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ള
പ്രതിരോധ കുത്തിവെയ്പ് നൽകിയവരുടെ എണ്ണം	-	-	-	400	-	-
കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം	-	-	-	-	-	-

കാലടി ഗ്രാമപഞ്ചായത്ത്

4.5 ക്രിത്രിമ ബീജ സങ്കലന വിവരങ്ങൾ

വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	2095	995	183
കിടാരി	610	262	28
എരുമ	400	120	18

മൽസ്യബന്ധനം

ഗ്രാമത്തിൽ മൽസ്യബന്ധനത്തിന് പ്രയോജനപ്പെടുത്താവുന്ന പ്രധാന മാർഗ്ഗം ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന കുളങ്ങളാണ്. ഇവ വൃത്തിയാക്കി വികസിപ്പിച്ചെടുത്താൽ മൽസ്യകൃഷി ആരംഭിക്കാൻ കഴിയും. ഗ്രാമത്തിൽ ഉപയോഗം ചെയ്യപ്പെടുന്ന മൽസ്യം ഏറിയപങ്കും കടൽമൽസ്യങ്ങളാണ്. വേനൽ കാലത്ത് കുളങ്ങൾ വറ്റുന്നതിനാൽ മൽസ്യകൃഷി പ്രതിസന്ധി-നേരിടുന്നുണ്ട്. മൽസ്യകൃഷി മേഖലയിൽ നിന്ന് ആദായമുണ്ടാക്കാൻ ആഗ്രഹിക്കുന്ന കർഷകർക്ക് ആവശ്യമായ മൽസ്യകുഞ്ഞുങ്ങളും, പരിചരണത്തിനാവശ്യമായ പരിശീലനവും ലഭ്യമാക്കേണ്ടതാണ്.

മത്സ്യബന്ധനം ഗ്രാമസഭാ നിർദ്ദേശങ്ങൾ :-

(1) വഴുതകുളം, കാളികുളം തുടങ്ങിയ കുളങ്ങൾ വികസിപ്പിച്ച് മൽസ്യം വളർത്താൻ ഉപയോഗിക്കുക.

(2) മൽസ്യകൃഷി ഗ്രാമത്തിൽ നടത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ സഹകരണം ലഭ്യമാക്കുക്.

(3) മുടവൻ കുളങ്ങരകുളം മൽസ്യകൃഷിക്ക് ഉപയുക്തമാക്കുക

(4) മാണിക്യമംഗലം തുറയിൽ മൽസ്യബന്ധനത്തിന് സംവിധാനം ഉണ്ടാക്കുക.

ടൂറിസവുമായി ബന്ധപ്പെടുത്തി കാലടിയിൽ ഒരു അക്വോറിയം സ്ഥാപിക്കുക.

കാലടി പഞ്ചായത്തിൽ നടപ്പാക്കാവുന്ന ക്ഷീരവികസന പദ്ധതികൾ 1996.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	യൂണിറ്റ്	പദ്ധതി അടയ്ക്കൽ	ആകത്തുക	സബ്സിഡി യൂണിറ്റൊന്നിന്	പഞ്ചായത്ത് നീക്കിവെയ്ക്കേണ്ട തുക	SUMMARY
1.	മാതൃക ഡയറി ഫാം യൂണിറ്റ് പദ്ധതി	2	30,000	60,000	10,000	20,000	
2.	കന്നുകാലിതൊഴുത്ത് നിർമ്മാണം	15	6,000	90,000	3,000	45,000	
3.(a)	വൈറ്റമിൻ സപ്ലിമെന്റ്	150	60	9,000	30	4,500	
3.(b)	മിനറൽ മിൽസ്ച്ചർ	200	20	4,000	10	2,000	
4.	കർഷക സമ്പർഗ്ഗ പരിപാടി	10	250	2,500	250	2,500	പദ്ധതി അടങ്കൽ - Rs,11,000/-
5.	പുൽകൃഷി വികസനം	2	1,000/-	2,000/-	1,000	2,000	പഞ്ചായത്ത് ഫണ്ടിൽ നിന്നും ല ഭ്യമാ കുന്ന തുക.Rs,3,63,500/-
6.	പാലുല്പന്ന നിർമ്മാണ ക്ലാസുകൾ	10	150	1500	150	1500	
7.	തൊഴുത്തു വൃത്തിയാക്കുന്നതിന് കെമിക്കൽസ് നൽകുന്ന പദ്ധതി	200	60	12,000	30	6,000	
8.	ഉല്പാദനശേഷിയുള്ള കറവ പശു ക്കളെ വിതരണം ചെയ്യുന്ന പദ്ധതി	10	10,000	1,00,000	5,000	50,000	
9.	കന്നുകാലിത്തീറ്റ നിർമ്മാണ യൂണിറ്റ്	1	6,00,000	6,00,000	2,00,000	2,00,000	
10.	വാണിജ്യാടിസ്ഥാനത്തുള്ള പൽകൃഷി പദ്ധതി. കാലടി സംസ്കൃത കോളേജ് പരിസരത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി.	2Hectare	15,000	Rs,81,000/- Rs,9,11,000	15,000	Rs,3,33,500/- Rs,3,63,500	

1996-'97 സാമ്പത്തിക വർഷത്തിൽ കാലടി മൃഗാശുപത്രി വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

1. കന്നുക്കുട്ടി പരിപാലനപദ്ധതി

നടപ്പു പദ്ധതികളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണിത്.

ലക്ഷ്യങ്ങൾ :- ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി 15-18 മാസം കൊണ്ട് പൂർണ്ണ ആരോഗ്യവതിയായ കിടാരിയാക്കി മാറ്റുകയും ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുകയും അതു മൂലം പശുവിന്റെ ആകെയുള്ള പാലുൽപാദനത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും പ്രസവങ്ങൾ തമ്മിലുള്ള ഇടവേളകുറയ്ക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ -

പദ്ധതി :-

4 മുതൽ 9 മാസം പ്രായമായ സങ്കരവർഗ്ഗം പശുക്കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. 32 മാസം പ്രായം വരേയോ ആദ്യപ്രസവം വരേയോ പോഷകസമൃദ്ധമായ കാലിത്തീറ്റ പകുതി വിലയ്ക്ക് നല്കുന്നു. കാലടി ഗ്രാമപഞ്ചായത്തിലെ മേയ്ക്കാലടി, കാലടി, മാണിക്കമംഗലം പിരാരൂർ, എന്നീ 4 മിൽക്ക് സൊസൈറ്റികൾ വഴിയാണ് ഈ പദ്ധതിനടപ്പാക്കുന്നത്. ആകെ 130 പശുക്കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിച്ചുവരുന്നു. പശുക്കുട്ടികൾക്ക് ഇൻഷ്വുറൻസ് പരിരക്ഷയും നൽകിവരുന്നു. പദ്ധതിതുടരുന്നു.

2. കോഴിവളർത്തൽ വികസനപദ്ധതി.

ലക്ഷ്യങ്ങൾ :-

മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുക, മാംസ്യാഹാരലഭ്യത വർദ്ധിപ്പിക്കുക, വീട്ടുവളുപ്പിലെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക, കുടുംബത്തിന് ചെറിയ വരുമാനം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ

പദ്ധതി :-

200 ഗുണഭോക്താക്കൾക്ക് 45-മുതൽ 60 ദിവസം വരെ പ്രായമായ 5 മുട്ടക്കോഴികുഞ്ഞുങ്ങളെ 1 കോഴിയ്ക്ക് 15 രൂപാ സബ്സിഡി പ്രകാരം നൽകുന്നു. 1000 കോഴികളെയാണ് ഇപ്രകാരം വിതരണം ചെയ്യുന്നത്. പദ്ധതി പൂർത്തികരിച്ചിട്ടില്ല.

3. പന്നി വളർത്തൽ വികസനപദ്ധതി. (പ്രജനനയൂണിറ്റ്)

ലക്ഷ്യങ്ങൾ :- പന്നിയിറച്ചിയുടെ ഉത്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുക, പന്നിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

പദ്ധതി

കാലടി പഞ്ചായത്തിൽ 4 പ്രജനതയൂണിറ്റുകൾ ആണ് നല്കുന്നത്. 5 പെൺ പന്നിയും 1 ആൺ പന്നിയും അടങ്ങുന്നതാണ് 1 യൂണിറ്റ്. വിലയുടെ 50% സബ്സിഡിയായും കൂട് ഉണ്ടാക്കുന്നതിന് 7000 രൂ പരം രൂപയുടെ സബ്സിഡിയും നൽകപ്പെടുന്നു. പദ്ധതി പൂർത്തികരിച്ചിട്ടില്ല.

4. പേവിഷ നിർമാർജനപദ്ധതി

ലക്ഷ്യങ്ങൾ :-

ഘട്ടം ഘട്ടമായി പേവിഷ നിർമാർജനം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. പേവിഷത്തിനുള്ള വാക്സിൽ പകുതി വിലയ്ക്ക് കർഷകന് ലഭ്യമാക്കേണ്ടതുണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവയ്പിന് വിധേയമാക്കുകയും ചെയ്യണം. നായ്ക്കളെ വളർത്തുന്നവർ ലൈസൻസ് നിർബന്ധമായും എടുത്തിരിക്കണം.

പദ്ധതി :-

വാക്സിൽ പകുതി വിലയ്ക്ക് ലഭ്യമാക്കി എകദേശം 350 നായ്ക്കളെ പ്രതിരോധകുത്തിവയ്പിന് വിധേയമാക്കിയിട്ടുണ്ട് പദ്ധതി തുടർന്ന് കൊണ്ടുപോകുന്നു.

ഇതു കൂടാതെ മൃഗാശു പത്രിയിലെ ദൈനം ദിന പ്രവർത്തനങ്ങളും, ഗോരക്ഷാക്യാമ്പ്, വന്ധ്യതാ നിവാരണ ക്യാമ്പുകൾ രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവയും നടത്തപ്പെടുന്നു.

അനുബന്ധം - 4

കാലടി ഗ്രാമപഞ്ചായത്ത്

4.1 വളർത്തുമൃഗ സംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശവർദ്ധനവ്	മറ്റുള്ള	വംശവർദ്ധനവ്	മറ്റുള്ള	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
	280		180		1000	400	1500	600	300	100	125	470	1010	1

കാലടി ഗ്രാമപഞ്ചായത്ത്

4.2 വളർത്തുപക്ഷി സംഖ്യ

വാർഡ്	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ള
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
	3567	10,100	10,120	80	420	90

കാലടി ഗ്രാമപഞ്ചായത്ത്

4.3 രോഗ വിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറവ്	പൂച്ച	ആന	മറ്റുള്ള
1	2	3	4	5	6	7	8	9	10	11	12
1.	ദഹനസംബന്ധമായ Digestive disorders	810	50	80	40	110	200	30	20		
2.	ശ്വാസകോശസംബന്ധം Respiratory diseases.	280	40	80	20	60	210	10	10		
3.	ഉപാപചയ സംബന്ധം Metabolic diseases.	210	20	10	3	5	-	-	-	1	
4.	തൊക് രോഗങ്ങൾ Skin diseases	360	25	20	28	60	10	-	-		
5.	ധാതുലവണങ്ങളുടെ അഭാവം Dificiency diseases	315	30	28	25	30	30	-	-		
6.	പരാദരോഗങ്ങൾ Parasitic diseases	300	25	30	20	25	50				
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	358	15	5	-	-	-	-	-		
8.	വന്ധ്യത Infertility	180	10	10	-	-	-	-	-		
9.	അകിടു വീക്കം Mastitis	98	3	12	-	-	-	-	-		
10.	മൂടന്തൻ പനി Ephemeral Fever	120	-	-	-	-	-	-	-		
11.	പകർച്ച വ്യാധികൾ Contagion diseases.	0	-	-	-	-	-	-	-		

വിദ്യാഭ്യാസം



വിദ്യാഭ്യാസം

കാലടി ചരിത്രപരമായി വിദ്യാഭ്യാസ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. സർവ്വജ്ഞപീഠം കയറിയ ശ്രീശങ്കരൻ ജനിച്ച സ്ഥലമാണെങ്കിലും "അക്ഷരസംയുക്ത"നായ ശൂദ്രനും മറ്റും വളരെയേറെക്കാലത്തോളം അകലെത്തന്നെയായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നടന്ന ജനസംസ്ക്കരണ പ്രസ്ഥാനങ്ങളുടെ കുത്തൊഴുക്കിൽ ഇവിടെയും മാറ്റങ്ങൾ ദൃശ്യമായി.

കാലടി പഞ്ചായത്തതിർത്തിയിൽ ആദ്യമായി ആരംഭിച്ച മലയാളം സ്കൂൾ മാണിക്കമംഗലത്തായിരുന്നു. (ഇപ്പോഴത്തെ ഗവ: അപ്പർ പ്രൈമറി സ്കൂൾ കാലടി, കൈപ്പട്ടൂർ) തുടർന്നാണ് മാണിക്കമംഗലം N.S.S. സ്കൂൾ സ്ഥാപിതമായത്. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടന്നവരും അയിത്തജാതിക്കാരുമായിരുന്ന ഹരിജനങ്ങൾക്ക്വേണ്ടി പിന്നീട് മറ്റൂർ കുന്നിൽ ഒരു ഹരിജൻ സ്കൂൾ സ്ഥാപിതമായി പിന്നീടത് മറ്റൂർ ഗവ: ആശുപത്രിയ്ക്ക് സമീപം മാറ്റി സ്ഥാപിക്കുകയും ചെയ്തു. കാലടി ബ്രഹ്മാനന്ദോദയം സ്കൂളുകൾ, മറ്റൂർ യൂണിയൻ എൽ. പി. സ്കൂൾ, (ഇപ്പോഴത്തെ സെ: ആൻറണീസ് എൽ. പി. സ്കൂൾ) ജമാ അത്ത് എൽ. പി. സ്കൂൾ, മേക്കാലടി എന്നിവയാണ് പിന്നീട് യഥാക്രമം സ്ഥാപിതമായ സ്കൂളുകൾ.

മേല്പറഞ്ഞ സ്കൂളുകൾ സമൂഹത്തിൽ അടിസ്ഥാനപരമായി വളരെയേറെ മാറ്റങ്ങളുളവാക്കി; സാംസ്ക്കാരിക - രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ശക്തി പകർന്നു. അയിത്തം കല്പിച്ച് അഗണ്യകോടിയിൽ തള്ളിയിരുന്നവരുടെ മുന്നേറ്റത്തിനും ഇത് വഴി തെളിച്ചു. കേരള ചരിത്രത്തിൽ ആദ്യമായി ഒരു ഐ. എ. എസ് കാരൻ ശ്രീ. എം. കുട്ടപ്പൻ പട്ടിക ജാതിക്കാരുടെ ഇടയിൽനിന്നുമുണ്ടായി. ഇത്തരം മുന്നേറ്റങ്ങൾക്ക് ചുക്കാൻ പിടിച്ചവരായിരുന്നു ശ്രീ. പറയത്ത് കുട്ടൻ മേനോൻ, ശ്രീമദ്. ആഗമാനന്ദസ്വാമികൾ എന്നിവർ കാലടിയുടെ വികസന ചരിത്രത്തിൽ എപ്പോഴും സ്മരിക്കപ്പെടേണ്ടതാണ്. ഇവർക്കൊപ്പംനിന്ന് പ്രവർത്തിച്ചിരുന്ന ജീവിച്ചിരിക്കുന്നവരും അല്ലാത്തവരുമായി മറ്റനേകം പേരും സ്മരണീയരായുണ്ട്.

സ്കൂളുകൾ കൂടാതെ ഒരു കോളേജും ഒരു സർവ്വകലാശാലയും കാലടി പഞ്ചായത്തതിർത്തിയ്ക്കുള്ളിലുണ്ട്. 1954-ൽ ആഗമാനന്ദ സ്വാമികളുടെ ശ്രമഫലമായി സ്ഥാപിച്ച ശ്രീ ശങ്കരാകോളേജിൽ പോസ്റ്റ്ഗ്രാജ്വേഷന് വരെ സൗകര്യമുണ്ട്. സംസ്കൃത ഭാഷയ്ക്കും സാഹിത്യത്തിനും വളരാനും വികസിക്കാനും കേരള ഗവ: നേതൃത്വം 1994 മുതൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രവർത്തനമാരംഭിച്ചു. എന്നാൽ ഇന്നത് ഒരു സാധാരണ കോളേജ്-പോലെ മറ്റെല്ലാ വിഷയങ്ങളും പഠിപ്പിക്കുന്ന ഒരു സ്ഥാപനമാണ്.

ബധിരവിദ്യാർത്ഥികൾക്ക് മാത്രമായി സ്ഥാപിച്ചിട്ടുള്ള ഒരു സ്കൂളാണ് സെൻറ് ക്ലെയർ ഓറൽ ബധിര വിദ്യാലയം "മാണിക്കമംഗലം. അടുത്ത പഞ്ചായത്തുകളിലൊന്നും തന്നെ ഇത്തരം വിദ്യാലയങ്ങളില്ല.

മഹിളാ സമാജങ്ങൾ നടത്തുന്ന അഞ്ച് അംഗീകൃത ബാലവാടികൾ, ഗവൺമെൻറ് യു പി എസ് മായി ബന്ധപ്പെട്ട് ഒരു സർക്കാർ പ്രീ-പ്രൈമറിസ്കൂൾ, ശ്രീരാമകൃഷ്ണാശ്രമം കമ്മ്യൂണിറ്റി ഹാളുമായി ബന്ധപ്പെട്ട് മറ്റൂരിൽ ഒരു സ്വകാര്യബാലവാടി, ശ്രീശങ്കരാകോളേജ് കാമ്പസ്സിൽ ഒരു സ്വകാര്യ ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ എന്നിവയാണ് പ്രീ- പ്രൈമറി രംഗത്തുള്ള സ്ഥാപനങ്ങൾ.

സാക്ഷരതയുമായി ബന്ധപ്പെട്ട് കാലടിയിൽ രണ്ട് ജനവിദ്യാകേന്ദ്രങ്ങളുണ്ട്. അവയുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. "പി. കെ. കൃഷ്ണപിള്ളമെമ്മോറിയൽ" പബ്ലിക് ലൈബ്രറി, മാണിക്കമംഗലം.
2. "അക്ഷര" വായനശാല, കാലടി.
3. "വിസ്ഡം" ലൈബ്രറി & റീഡിങ്ങ്റൂം, പൊതിയക്കര.
4. "നവധാര" ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് ലൈ

ബ്രറി & റീഡിങ്ങ് റൂം മറ്റൂർ.
മാണിക്കമംഗലം ബേബിക്കവല.
5. ശ്രീ രാമകൃഷ്ണാശ്രമം കമ്മ്യൂണിറ്റി ഹാൾ ലൈബ്രറി & റീഡിങ്ങ് റൂം മറ്റൂർ.
6. സ്വാമിവിവേകാനന്ദസോഷ്യൽ എഡ്യൂക്കേഷൻ ലൈബ്രറി.
7. സ്വാമിവിവേകാനന്ദ സോഷ്യൽ എഡ്യൂക്കേഷൻ ലൈബ്രറി സ്വാമി വിവേകാനന്ദ ലൈബ്രറി.
8. SNDP ലൈബ്രറി & റീഡിങ്ങ് റൂം. കാലടി.
9. അനശ്വര ലൈബ്രറി, പുളിയേലിപ്പടി.
10. കാലടി പഞ്ചായത്ത് ലൈബ്രറി, കാലടി.
11. മറ്റൂർ ഹരിജൻ വെൽഫെയർ എൽ.പി. സ്കൂൾ കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന "ഹരിജൻ ലൈബ്രറി".

ഇതിൽ ഹരിജൻ ലൈബ്രറി ഒഴികെ മറ്റെല്ലാ ലൈബ്രറികളും പ്രവർത്തിക്കുന്നുണ്ട്. ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഹരിജൻ ലൈബ്രറി പതിനഞ്ച് വർഷക്കാലത്തിലേറെയായി പ്രവർത്തനം ഗ്രന്ഥശാലാസംഘത്തിന്റെ റിക്കാർഡുകളിൽ മാത്രമാണ്.

കാലടി പ്ലാറ്റിനം ജൂബിലി സംസ്കൃത കോളേജ്, കേന്ദ്ര ഗവൺമെൻറ് ഗ്രാന്റോടുകൂടി ഗുരുകുല സമ്പ്രദായത്തിൽ നടത്തുന്ന വേദപാഠനശാല, വേദാന്തപഠനശാല എന്നീ മൂന്ന് സ്ഥാപനങ്ങളും ശൃംഗേരി മഠത്തിന് കീഴിൽ പ്രവർത്തിക്കുന്നു.

ഔപചാരിക അനൗപചാരിക വിദ്യാഭ്യാസ വിശകലനത്തിൽ ഏറ്റവും പ്രഥമവും പ്രധാനവുമായത് പ്രൈമറി പ്രീ പ്രൈമറി വിദ്യാഭ്യാസമാണ്. പഞ്ചായത്തിലുള്ള പത്തു സ്കൂളുകളിൽ ആറെണ്ണത്തിലും L.P വിഭാഗമുണ്ട്. നാലെണ്ണത്തിൽ U.P. കളും മൂന്ന് സ്കൂളുകളിൽ H.S. വിഭാഗങ്ങളുമുണ്ട്. ഇവയിൽ ഗവ:UPS കാലടി, HWLPS മറ്റൂർ എന്നിവ സർക്കാർ സ്കൂളുകളും മറ്റുള്ളവ അംഗീകൃത മാനേജ്മെൻറ് സ്കൂളുകളുമാണ്.

പ്രീ – പ്രൈമറി

സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ പൊതുവെ തൃപ്തികരമാണ്. എന്നാൽ വിദ്യാഭ്യാസത്തിന്റെ ഗുണപാരതയിൽ വളരെ പിന്നിലാണ്. ഇത് പരിഹരിക്കണമെങ്കിൽ പ്രീ-പ്രൈമറി തലം മുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാ L.P. സ്കൂളുകളുമായി ബന്ധപ്പെട്ട് തന്നെ പ്രീ-പ്രൈമറി ആരംഭിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ബാലവാടികളിലൊന്നിലും തന്നെ കുട്ടികൾക്ക് കളിക്കുന്നതിനു കളികളിലൂടെയുള്ള വിദ്യാഭ്യാസത്തിനും വേണ്ട സൗകര്യങ്ങളില്ല. എന്നാൽ മൂന്നര വയസ്സിൽ ബാലവാടിയിൽ ചേരുന്ന കുട്ടികൾ ആദ്യം മുതൽ തന്നെ അക്ഷരാഭ്യാസം തുടങ്ങുന്നു. ഇത് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്ന് പറയേണ്ടതില്ലല്ലോ? പാചകത്തിനുള്ള പാത്രങ്ങളുടെ കുറവ്, കുട്ടികൾക്ക് ഇരിക്കാനുള്ള ബഞ്ചിന്റെ അഭാവം, കക്കൂസുകളുടെ സൗകര്യക്കുറവ്, അറ്റകുറ്റപ്പണികളുടെ അഭാവം, ഫർണിച്ചർ റിപ്പയർ നടക്കണം എന്നിവ പൊതുവേയുള്ള പോരായ്മകളാണ്. അഞ്ച് സെൻറ് സ്ഥലത്തുതന്നെയാണ് ബാലവാടി കെട്ടിടവും കിണറും കക്കൂസുമുള്ളത്. സാങ്കേതികമായി കിണറും കക്കൂസും ഉണ്ട് എന്നത് ശരിയാണെങ്കിലും തെട്ടടുത്തുള്ള കക്കൂസുകളിൽ നിന്നും വെള്ളം ചോർന്ന് കിണറ് മലിനപ്പെടാനുള്ള സാദ്ധ്യത ഏറെയാണ്. ആയതിനാൽ കക്കൂസ് സെപ്റ്റിക് ടാങ്ക് കെട്ടി സംരക്ഷിക്കേണ്ടതാണ്.

പൊതിയക്കര ശോഭാമഹിളാ സമാജം ബാലവാടി കെട്ടിടത്തിന്റെ പിന്നിൽ ഒരു കല്ലുവെട്ട് മടയുടെ ഭാഗം ഉള്ളതിനാൽ കെട്ടിടത്തിന്റെ നിലനിൽപ് അപകടത്തിലാണ്. ആയതിനാൽ ആ ഭാഗം കല്ല്കെട്ടി സംരക്ഷിക്കേണ്ടതാണ്.
(പട്ടിക 1, 2, 3, 4 ചേർക്കണം)

ലോവർ പ്രൈമറി

ലോവർ പ്രൈമറി വിദ്യാഭ്യാസം ഗുണപരമാകണമെങ്കിൽ പഞ്ചായത്തിലെ മൊത്തം സ്കൂളുകളും ഏകീകരിച്ച് പാഠ്യപദ്ധതി രൂപീകരിക്കേണ്ടതുണ്ട്. അതിനായി ഡയറ്റിന്റെ സഹായത്തോടുകൂടി സർക്കാർ നടപ്പാക്കുന്ന MLL പോലുള്ള സമ്പ്രദായം എല്ലാ സ്കൂളുകളിലും വ്യാപിക്കണം. മാത്രമല്ല ഇത്തരം സ്കൂളുകളിലെ അദ്ധ്യാപകർ പഞ്ചായത്തുതലത്തിൽ മാസത്തിലൊരിക്കൽ കൂടിയിരുന്ന് ചർച്ചചെയ്ത് അദ്ധ്യാപനനിലവാരം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കണം.

MLL പ്രോഗ്രാം എറണാകുളം ജില്ലയിൽ ഏറ്റവും നന്നായി നടക്കുന്ന സ്കൂൾ മറ്റൂർ HWLPA ആണ്.

പൊതുവേ സ്കൂൾ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തണമെങ്കിൽ ഏറ്റവും ഫലപ്രദമായ രീതി പഞ്ചായത്തു കോംപ്ലക്സുകളാണ്. ഇതിനായി പഞ്ചായത്തു പ്രസിഡൻറ്, മെമ്പർമാർ, സ്കൂൾ അദ്ധ്യാപകർ, P.T.A മാതൃകാസംഗമം അംഗങ്ങൾ, മറ്റു വിദ്യാഭ്യാസ വിദക്തർ എന്നിവർ ഒത്തുചേർന്നു ചർച്ചചെയ്ത് പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. കല്ല്യാശ്ശേരി സ്കൂൾ കോംപ്ലക്സ് മാതൃകയാകാവുന്നതാണ്.

ഹൈസ്ക്കൂൾ

കല്ല്യാശ്ശേരി സ്കൂൾ കോംപ്ലക്സുകൾ മാതൃകയായി പഞ്ചായത്തിലുള്ള ഒരു ഹൈസ്ക്കൂൾ ലീഡിംഗ് സ്കൂളായി തെരെഞ്ഞെടുക്കേണ്ടതാണ്.

P.T.A. കൾ എല്ലാ സ്കൂളുകളിലുമുണ്ടെങ്കിലും അവയെ വിദ്യഭ്യാസകാര്യത്തിൽ ഇടപെടാത്തത്ര ദൂരത്ത് മാറ്റിനിർത്തിയിരിക്കുകയാണിന്ന്. സ്കൂളിൻെറ ഭൗതിക കാര്യങ്ങൾ ഇടപെടുക. ആഘോഷങ്ങൾക്ക് സംഘാടനം നടത്തുക. യുവജനോത്സവ നടക്കുമ്പോൾ സ്റ്റേജ്, മൈക്ക്, ഭക്ഷണകാര്യങ്ങളിൽ ഇടപെടുക എന്നതിൽ കവിഞ്ഞ് വിദ്യഭ്യാസകാര്യങ്ങളിൽ ഇടപെടുന്നില്ല. ഇടപെടുത്തുന്നില്ല. ഈ സ്ഥതി മാറണം ഭൗതിക കാര്യങ്ങളിൽ ഇടപെടുന്നതോടെപ്പം പഠനോപകരണങ്ങളുടെ നിർമ്മാണം, പഠനോപകരണങ്ങൾ; വിദ്യഭ്യാസം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകൾ എന്നിവയിലും പഞ്ചായത്ത് കോംപ്ലക്സുകളുടെ സംഘാടനം എന്നിവയിലും PTA കൾ സജീവമായി ഇടപെടുന്ന അവസ്ഥയുണ്ടാകണം.

വാർഡുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

വാർഡ് I

1. അഞ്ചുവയസ്സിനുശേഷവും സ്കൂളിൽ ചേർക്കാത്ത കുട്ടികളെ കണ്ടുപിടിച്ച് സ്കൂളിൽ ചേർക്കുക.
2. നവസാക്ഷരർക്ക് തുടർവിദ്യഭ്യാസ പരിപാടി ഏർപ്പെടുത്തുകയും ഇടയ്ക്ക് വച്ച് പഠനം നിർത്തിയ കുട്ടികളെ കണ്ടുപിടിച്ച് വിദ്യാലയത്തിൽ എത്തിക്കുക.
3. വിദ്യാർത്ഥികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് യാത്രാ സൗകര്യം ഏർപ്പെടുത്തുക.
4. കായിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ഒരു പൊതു കളിസ്ഥലം അനുവദിക്കുകയും ചെയ്യുക.

വാർഡ് II

1. തൊഴിലധിഷ്ടിത വിദ്യാഭ്യാസം നടത്തുക; കൃഷിക്ക് പ്രാധാന്യം നൽകുക.
2. സെൻറ് ആൻറണീസ് L.P. സ്കൂൾ അപ്ഗ്രേഡ് ചെയ്യുക; വിദ്യാലയത്തോടനുബന്ധിച്ച് കളിസ്ഥലം ഉണ്ടാക്കുക.
3. വാർഡിൽ പഞ്ചായത്ത് വക വായനശാലയാരംഭിക്കുക.
4. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നല്കുക.
5. പ്രവർത്തി ദിവസങ്ങളിൽ 200 എന്നത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക; വിദ്യാലയങ്ങളിൽ അച്ചടക്കം നടപ്പിലാക്കുക.
6. ബാലവാടി ആരംഭിക്കണം.

വാർഡ് III

1. വിദ്യാഭ്യാസം തുടർന്നു കൊണ്ടുപോകുന്ന നവ സാക്ഷരർക്ക് ആനുകൂല്യങ്ങൾ നല്കുമ്പോൾ മുൻഗണന നല്കുക.
2. അദ്ധ്യാപക നിയമനം, വിദ്യാർത്ഥി പ്രവേശനം എന്നിവ മെറിറ്റടിസ്ഥാനത്തിൽ നല്കുക, പൊതുവായ സിലബസ് നടപ്പിലാക്കുക.
3. നാലാം വാർഡിലുള്ള ഗവൺമെൻറ് സ്കൂളായ HWLPS. അപ് ഗ്രേഡ് ചെയ്യുക.
4. ശ്രീ ശങ്കരാകോളേജ് കാംപസിൽ നിന്നും കുറെ സ്ഥലം ഏറ്റെടുത്ത് ഒരു L.P. സ്കൂളും സാംസ്കാരിക നിലയവും സ്ഥാപിക്കുക.
5. ബോധന മാദ്ധ്യമം മലയാളമാക്കുക (മാതൃഭാഷ)
6. വിദ്യാഭ്യാസരംഗത്ത് ഇലക്ട്രോണിക് മാദ്ധ്യമം ഉപയോഗിക്കുക.
7. ഏറ്റവും നല്ല L.P. സ്കൂളിനും അദ്ധ്യാപകനും കാഷ് അവാർഡ് നല്കുക.

വാർഡ് IV

1. എറണാകുളം ജില്ലയിൽ MLL (മിനിമം ലെവൽ ഓഫ് ലേണിംഗ്) പ്രോഗ്രാം നടക്കുന്ന സ്കൂളുകളും ഏറ്റവും നല്ല സ്കൂളായ മറ്റൂർ ഹരിജൻ വെൽഫെയർ എൽ. പി. സ്കൂൾ അപ്-ഗ്രേഡ് ചെയ്യുക.
2. സ്കൂൾ കോംമ്പവുണ്ടിൽ ഇടിഞ്ഞു വീഴാറായ് നില്ക്കുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുകയും. സ്കൂളിന്റെ വടക്കു കിഴക്കു ഭാഗത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്യുക. ടി. സ്ഥാപനത്തിൽ സ്ഥിതി ചെയ്യുന്ന ഹരിജൻ ലൈബ്രറി പുതിയതായി പണിയുന്ന കെട്ടിടത്തിൽ പുനഃസ്ഥാപിക്കുക.
3. കുട്ടികൾ കൈ കഴുകാനുപയോഗിക്കുന്ന ടാപ്പുകളുടെ സുരക്ഷിതത്വത്തിനായി ചുമർ കെട്ടി സംരക്ഷിക്കുക.
4. പഞ്ചായത്ത് അംഗങ്ങൾ, P.T.A., മാതൃസംഗമം എന്നിവരുടെ സഹകരണത്തോടെ പഞ്ചായത്തുതലത്തിൽ സ്കൂൾ കോംപ്ലക്സുകൾ നടപ്പാക്കുക.
5. സ്കൂൾ ഹെഡ്മാസ്റ്റർക്ക് ക്ലാസിന്റെ ചുമതലയോടൊപ്പം ഓഫീസ് ജോലി, AEO ഓഫീസിലേക്കുള്ള യാത്ര എന്നിവകൂടി ചെയ്യാനുള്ളതുകൊണ്ട് അദ്ധ്യാപനം ശരിയായി നടക്കാതെ വരുന്നു. ഇതുമൂലം വിദ്യാർത്ഥികളെ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയാതെ വരുന്നു. ആയതിനാൽ മറ്റുള്ള കാര്യങ്ങൾക്കുവേണ്ടി ഒരു ഫുൾടൈം ജോലിക്കാരനെ നിയമിക്കുക.
6. ഉച്ചക്കഞ്ഞി വിതരണത്തിന് പഞ്ചായത്തിൽനിന്നും ഒരു വിദ്യാർത്ഥിക്കു ഇപ്പോൾ നല്കിവരുന്ന 10 പൈസ നിർത്തലാക്കുകയും, പാചകത്തിനുള്ള കൂലി, വിറക് വില എന്നിവ പഞ്ചായത്ത് വഹിക്കുകയും ചെയ്യുക.
7. സ്കൂൾ ഹാളിനകത്തേക്ക് തൊട്ടടുത്തുള്ള കെട്ടിടത്തിന്റെ മേല്ക്കൂരയിൽനിന്നും ഒഴുകിയെത്തുന്ന വെള്ളം തടഞ്ഞു നിർത്താനായി ഹാളിന്റെ ഭിത്തി ഉയർത്തി കെട്ടി സംരക്ഷിക്കുക.
8. സ്കൂൾ കോമ്പൗണ്ടിലെ കിണർ ആണ്ടുതോറും ചെളിവാരികളഞ്ഞ് ശുദ്ധിയാക്കുക.

വാർഡ് VI

1. ബാലവാടി കെട്ടിടം അടിയന്തിരമായി നന്നാക്കുക.
2. എൽ പി. സ്കൂൾ സ്ഥാപിക്കുക.

വാർഡ് VII

1. പ്രൈമറി തലത്തിലെ ആൾ പ്രൊമോഷൻ സംവിധാനം നിർത്തലാക്കുക.
2. ഒരു ക്ലാസിലെ വിദ്യാർത്ഥികളുടെ എണ്ണം 30 എന്നതായി ക്ലിപ്തപ്പെടുത്തുക.
3. പ്രൈമറിസ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുക; ഇതിനായി പെൻഷനായ അദ്ധ്യാപകരേയും വിദ്യാഭ്യാസ പ്രവർത്തകരേയും ഉപയോഗിക്കാവുന്നതാണ്.
4. നിലവിലുള്ള എൽ. പി. സ്കൂളുകളോടനുബന്ധിച്ച് പ്രീ – പ്രൈമറി കൂടി ആരംഭിക്കുക.

വാർഡ് VIII

1. ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം Technical training Centre) സ്ഥാപിക്കുക. ഇത് SSLC, Pre - Degree, +2 വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്യുന്ന ഡിപ്ലോമാ സർട്ടിഫിക്കറ്റ് നല്കുന്ന സ്ഥാപനമായിരിക്കണം.
2. തുറയിൽ ഒരു സ്വിമ്മിംഗ് പൂൾ ഉണ്ടാക്കുകയും ഗവ: യു പി എസിൽ 5–ാം സ്റ്റാൻഡേർഡ് മുതൽ ഒരു സ്വിമ്മിംഗ് ഡിവിഷനും ആരംഭിക്കുക.
3. മാണിക്കമംഗലം സ്കൂളുകൾ കേന്ദ്രീകരിച്ച് ഒരു കമ്പ്യൂട്ടർ പഠനകേന്ദ്രം സ്ഥാപിക്കുക.
4. ഒരു സാക്ഷരതാ പഠനകേന്ദ്രം സ്ഥാപിക്കുക. അവിടെ പഠിപ്പിക്കുന്ന SSLC വിദ്യാർത്ഥികൾക്ക് ഗ്രേഡ് മാർക്ക് നല്കുക.
5. മാണിക്യമംഗലം ഹൈസ്കൂളുകളുമായി ബന്ധപ്പെട്ട് ഒരു ജോബ് ഓറിയൻറഡ് കോഴ്സ് ആരംഭിക്കുക.
6. ഗവ: U P S നോടനുബന്ധിച്ചുള്ള പ്രീ – പ്രൈമറിയിൽ പഠനോപകരണങ്ങളും മറ്റവശ്യസാധനങ്ങളും നല്കുക.
7. മെഡിക്കൽ എഞ്ചിനീയറിംഗ് മത്സര പരീക്ഷയിൽ പങ്കെടുക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ കോച്ചിങ്ങ് നല്കുക.
8. ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിൽനിന്നും SSLC, പ്രീഡിഗ്രി, പ്ലസ് ടു, ബി. എ, ബി.

എസ്. സി ക്ലാസുകളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങി ജയിക്കുന്ന കുട്ടികൾക്ക് ഉപരിപഠനത്തിനായി പഞ്ചായത്തു ഫണ്ടിൽനിന്നും സ്കോളർഷിപ്പുകൾ നല്കുക.

9. വാർഡിൽ ഒരു സ്പോർട്ട്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

10. കലാകായികരംഗങ്ങളിൽ ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ സമ്മാനാർഹരാകുന്ന കുട്ടികളെ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രോത്സാഹന സമ്മാനങ്ങൾ നല്കി അനുമോദിക്കുക.

11. യാതൊരു കാരണവശാലും പഞ്ചായത്തിനു കത്ത് അൺ എയിഡ്ഡ് സ്കൂളുകൾ ആരംഭിക്കാൻ അനുവദിക്കരുത്.

12. N.S.S. H.S ൽ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുക, English medium നടത്തുക.

13. കാലടി യു പി എസിൽ എം. ജി. യൂണിവേഴ്സിറ്റിയുടെ തൊഴിലധിഷ്ഠിത കോഴ്സു തുടങ്ങുക.

ശ്രീ ശങ്കരാ കോളേജ്

1954 ൽ സ്ഥാപിച്ച കോളേജ് കാലടി പഞ്ചായത്തിന്റെ മാത്രമല്ല അടുത്തുള്ള പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും ആശാകേന്ദ്രമായിരുന്നു. അന്ന് തൊട്ടുത്തായി ആലുവാ UC കോളേജ് മാത്രമാണ് ഉന്നത വിദ്യാഭ്യാസത്തിനായി ഉണ്ടായിരുന്നത്.

ആഗമനന്ദസ്വാമികളുടെ ശ്രമഫലമായി സ്ഥാപിച്ച കോളേജ് പിന്നീട് കോട്ടയത്തുകാരനായ ശ്രീമങ്കൊമ്പ് കൃഷ്ണയ്യർക്ക് കൈമാറുകയാണുണ്ടായത്. വമ്പിച്ച വികസന സാദ്ധ്യതയുള്ള കോളേജാണിത്. ഒരു ഗവേഷണ സ്ഥാപനമായി ഇതിനെ വളർത്തിയെടുക്കേണ്ടതുണ്ട്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഈ കോളേജിൽ കേരള യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നിവയുടെ പരീക്ഷാകേന്ദ്രങ്ങൾ അനുവദിപ്പിക്കാൻ ശ്രമിക്കണം.

തൊഴിലധിഷ്ഠിതമായ ഉന്നതവിദ്യാഭ്യാസ കോഴ്സുകൾ ആരംഭിക്കുക, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിന് ഇൻറർനെറ്റ് സംവിധാനം ഏർപ്പെടുത്തുക എന്നിവയോടൊപ്പം ഒരു ഹിസ്റ്റോറിക്കൽ പഠനകേന്ദ്രം സ്ഥാപിക്കാനുള്ള സാദ്ധ്യതയും ഏറെയാണ്. കാലടിയിലെ ശൃംഗേരി മഠം, പനമന, കാപ്പിള്ളി മന, പുതുമന തുടങ്ങിയ ഗൃഹങ്ങളിലുള്ള താളിയോലഗ്രന്ഥങ്ങൾ, മറ്റു സ്ഥാപനങ്ങളും വ്യക്തികളുമായി ബന്ധപ്പെട്ട് കിട്ടാവുന്ന രേഖകൾ എന്നിവ പഠനവിധേയമാക്കിയാൽ ചരിത്രത്തിനും ആയുർവ്വേദത്തിനും മുതൽ കൂട്ടാവുന്നതാണ്. കൂടാതെ ഫുഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്കും ഔഷധ രംഗത്തുള്ള ഗവേഷണ വിദ്യാഭ്യാസ പദ്ധതിയ്ക്കും സാദ്ധ്യതയുണ്ട്. കൃഷി, വിദ്യാഭ്യാസം പോലുള്ള വിഷയങ്ങളിൽ സാധാരണ ജനങ്ങളെകൂടി ഉൾക്കൊള്ളുന്ന ഗവേഷണസ്ഥാപനം ഉണ്ടാക്കുന്നത് അത്തരം രംഗങ്ങളിലുള്ള വികസനത്തിന് വഴിയൊരുക്കുന്നതാണ്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

1994 മുതൽ ആരംഭിച്ച ഈ സർവ്വകലാശാല സംസ്കൃതഭാഷയും സാഹിത്യത്തിനും ഒരു വമ്പിച്ച മുതൽകൂട്ട് ആകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ ദിശയിലേക്കുള്ള ഒരു യഥാർത്ഥ വളർച്ചയുണ്ടായിട്ടുണ്ടോ എന്നത് സംശയമാണ്.

മലയാള ഭാഷയുടെ ഇന്നത്തെ സ്ഥിതിയിലേക്കുള്ള വളർച്ചയിൽ സംസ്കൃതം വളരെ വലിയ ഒരു സഹായമാണ് നല്കിയിട്ടുള്ളത്. മലയാള ഭാഷയുടെ സ്വര - വ്യഞ്ജനാക്ഷരങ്ങളുടെ കാര്യത്തിൽ, ഭാഷാശൈലി തമിഴിനേക്കാൾ എത്രയോ കൂടുതൽ സഹായമാണ് സംസ്കൃതം നല്കിയിട്ടുള്ളത്. സംസകൃത സർവ്വകലാശാലയുടെ യഥാർത്ഥ മുഖം തിരിച്ചു കിട്ടുന്നതായാൽ മലയാള ഭാഷയ്ക്ക് ഇനിയും കൂടുതൽ വളരാൻ അവസരം ലഭിക്കുന്നതുമാണ്.

ഒരു കാലഘട്ടത്തിൽ വളർന്നു വന്ന ഭാഷാ സാഹിത്യം മുത്തും പവിഴവും (മലയാളവും സംസ്കൃതവും കൂടിക്കലർന്ന് (മണിപ്രവാളം) മനുഷ്യഹൃദയങ്ങളെ കോരിത്തരിപ്പിക്കുന്ന ഒന്നായിതീർന്നത് നമുക്കറിയാമല്ലൊ? മലയാള ഭാഷാ സാഹിത്യത്തിന്റെ സൗന്ദര്യവത്തായ

ഒരു മുഖം നമുക്കത് കാട്ടിത്തന്നു. അടുത്തകാലത്തായി ആ സാഹിത്യസൗന്ദര്യം വീണ്ടും നമ്മുകെ കൈകളിൽ നിന്നും ചോർന്നുപോകുന്നതായി നാം തിരിച്ചറിയുന്നു വീണ്ടും നമുക്ക് തിരിച്ചു പിടിക്കാനാവുമോ? സംസ്കൃത സർവ്വകലാശാല നമുക്കതിന് അവസരം നല്കട്ടെ!

ദക്ഷിണേന്ത്യയിലെ ആദ്യത്തെ സംസ്കൃത സർവ്വകലാശാല യാണിത്. 60 ഏക്കർ സ്ഥലം ഇപ്പോഴതിനുവേണ്ടി അകയർ ചെയ്തിട്ടുണ്ട്. വേദാന്തം, ജ്യോതിഷം, സാഹിത്യം, മലയാളം M.A. B.A. Bed 4 വർഷം, വ്യാകരണം, ആയുർവ്വേദം - റിസർച്ച് മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നു.

സർവ്വകലാശാലയിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങൾ വിദ്യാർത്ഥികളുടെ അഡ്മിഷൻ എന്നിവയിൽ തദ്ദേശ വാസികൾക്ക് മതിയായ പ്രാതിനിധ്യം നലക്ണമെന്ന ആവശ്യം ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നീട്ടുണ്ട്.

സർവ്വകലാശാലയിൽ പഠിക്കുന്ന പട്ടികജാതി / വർഗ്ഗ വിദ്യാർത്ഥികൾക്കും മറ്റുമായി ഒരു കോസ്മോ പോളിറ്റൻ ഹോസ്റ്റൽ കാമ്പസിനകത്തു തന്നെ സ്ഥാപിക്കണമെന്ന മറ്റൊരു നിർദ്ദേശമുണ്ട്.

വിദ്യാഭ്യാസത്തിന്റെ പൊതുനിലവാരം

പഞ്ചായത്തിലെ പത്തു സ്കൂളുകളിലും ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ഒട്ടെല്ലാം തന്നെ സ്വയം പര്യാപ്തമാണെന്നു കാണാം. എല്ലാ സ്കൂളുകളിലും ലൈബ്രറിയുണ്ട്. പഠനോപകരണങ്ങൾ വേണ്ടത്രയില്ല എന്നുള്ള അവസ്ഥ നിലനില്ക്കുന്നു. ദൃശ്യമാദ്ധ്യമങ്ങൾ ഒന്നും തന്നെ ഒരു സ്കൂളിലുമില്ല. റേഡിയോ, ടേപ്പ് റിക്കാർഡർ എന്നിവ ഗവ: യു പി എസ് ഒഴികെ എല്ലാ എൽ പി സ്കൂളുകളിലും ഉണ്ട്.

95-96 വർഷത്തിൽ ആകെ ലഭിച്ച അദ്ധ്യയന ദിവസങ്ങളുടെ ശരാശരി 190 ആണ്. പ്രത്യേക പൊതു അവധി ദിവസങ്ങൾ, സമരങ്ങൾ എന്നിവ മൂലം ശരാശരി 7 പ്രവൃത്തി ദിവസങ്ങൾ നഷ്ടമായിട്ടുണ്ട്.

P.T.A. മാതൃസംഗമം എന്നിവ ഒട്ടെല്ലാ സ്കൂളുകളിലുമുണ്ട് എന്നാൽ പഠന പ്രവർത്തന കാര്യങ്ങളിൽ വേണ്ടത്ര ഇടപെടുന്നില്ല. ഏതാനും സ്കൂളുകളിൽ ബ്ലാക്ക് ബോർഡിന്റെ അഭാവം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

കാലടി പഞ്ചായത്തിൽ ബ്രഹ്മാനന്ദോദയം ഹൈസ്കൂളിൽ 5 കമ്പ്യൂട്ടറുകൾ ഉണ്ട് മറ്റ് സ്കൂളുകളിൽ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

അക്കാദമിക് നിലവാരം

പഞ്ചായത്തിലെ 10 സ്കൂളുകളിലേയും ലഭ്യമായ കണക്കുവച്ച് 2358 വിദ്യാർത്ഥികളുടേയും നിലവാരം നോക്കുമ്പോൾ 30% താഴെ മാർക്കു വാങ്ങുന്നവരാണ് എണ്ണത്തിൽ കൂടുതലെന്ന് കാണാം.

ആകെ പഠനം നടത്തിയകുട്ടികൾ	2358
30 % താഴെ മാർക്കു വാങ്ങിയവർ	773
30 നും 50 ഇടയ്ക്ക്	579
40 നും 50 ഇടയ്ക്ക് "	420
50നും 60 ഇടയ്ക്ക് "	239
60% മുതൽ മാക്സിമം വരെ മാർക്ക് ലഭിച്ചവർ	347

ഇതിൽനിന്നും കുറവ് മാർക്ക് വാങ്ങുന്നവർ കൂടുതലും കൂടുതൽ മാർക്ക് വാങ്ങുന്നവർ കുറവുമാണെന്നു മനസ്സിലാക്കാം. ഈ പ്രവണത ഒന്ന് കീഴ്മേൽ മറിഞ്ഞാൽ മാത്രമേ വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ഗുണനിലവാരം ഉറപ്പു വരൂ. (സ്കൂൾ തിരിച്ചുള്ള പട്ടിക ചേർക്കുന്നു) പട്ടിക -6

ഹിന്ദി പ്രചാര വിദ്യാലയ്

കാലടിയിൽ ദക്ഷിണ ഭാരത് "ഹിന്ദിപ്രചാര സഭയുടെ" കീഴിൽ "ഹിന്ദപ്രചാര വിദ്യാലയ്" 22 വർഷമായി പ്രവർത്തിച്ചുവരുന്നു. കേന്ദ്രഗവൺമെൻറിന്റെ 25% ഗ്രാൻറ് ഇതിന് ലഭിക്കുന്നുണ്ട്.

പ്രാഥമിക്, മാദ്ധ്യമ, രാഷ്ട്രഭാഷ, പ്രവേശിക എന്നിവയും വിശാരദ്, പ്രവീൺ, നിഷ്ണാത് എന്നിവയ്ക്ക് പൂർവ്വാർദ്ധവും ഉത്തരാർദ്ധവും അടക്കമുള്ള വിഷയങ്ങൾക്ക് 8 ആൺ കുട്ടികളും 92 പെൺകുട്ടികളും ചേർന്ന് 100 പേർ അദ്ധ്യയനം നടത്തുന്നു. കൂടാതെ 40 സ്കൂൾ വ്യാകരണ ക്ലാസുകൾ നടത്തുന്നുമുണ്ട്.

സംസ്കൃതം, മലയാളം എന്നീ ഉപവിഷയങ്ങൾ പഠിപ്പിക്കാൻ ഒരദ്ധ്യാപകനുണ്ട്. M.A.

യ്ക്കു തുല്യമായ നിഷ്ണാദ് പഠിപ്പിക്കുന്നത് പ്രാധാനാദ്ധ്യാപകനാണ്.

പാരലൽ കോളേജുകൾ

നാഷണൽ കോളേജ്
സെൻറ് ജോർജ് കോളേജ്
നിർമ്മലാ കോളേജ്
സെൻറ് ജോസഫ്സ് കോളേജ്

ഇങ്ങനെ നാല് പാരലൽ കോളേജുകളാണ് കാലടിയിലുള്ളത് ഇതിൽ സെൻറ് ജോർജ്, സെൻറ് ജോസഫ്സ് കോളേജുകളിലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നത്

ട്യൂഷൻ സെൻററുകൾ

ഭാരത് കോളേജിൻെറ രണ്ട് യൂണിറ്റുകൾ, ശർമ്മാസ് അക്കാദമി, ഇംഗ്ലീഷ് ട്യൂഷൻഹോം, ആൽഫാ കോളേജ് എന്നിവയാണ് ട്യൂഷൻ സെൻററുകൾ കൂടാതെ രണ്ട് കമ്പ്യൂട്ടർ പഠന കേന്ദ്രങ്ങളും മൂന്ന് തയ്യൽ പരിശീലന കേന്ദ്രങ്ങൾ 4 ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ചിത്രകല അഭ്യസിപ്പിക്കുന്ന രണ്ട് സ്ഥാപനങ്ങൾ സംഗീതം പഠിപ്പിക്കുന്ന രണ്ട് സ്ഥാപനങ്ങൾ, നൃത്തം പഠിപ്പിക്കുന്ന ഒരു സ്ഥാപനം എന്നിവയുള്ള മറ്റു സ്ഥാപനങ്ങളും കാലടിയിലുണ്ട്.

വിദ്യാഭ്യാസം രാഷ്ട്രവികസനത്തിൻെറ ആണിയാണ്. വിദ്യാഭ്യാസത്തിൻെറ പിൻ തുണയില്ലാത്ത ജനസമൂഹത്തിന് രാഷ്ട്രത്തെ മാറ്റി മറിക്കാനാകില്ല; അവർ മറ്റുള്ളവരാൽ ഭരിക്കപ്പെടുന്നവർ മാത്രമായിരിക്കും. വിദ്യ അഭ്യസിപ്പിക്കുന്നവർക്ക് സമൂഹത്തിൽ മാന്യമായ ഒരു സ്ഥാനം ലഭിക്കേണ്ടതുണ്ട് പഞ്ചായത്തിലെ ഏറ്റവും നല്ല അദ്ധ്യാപകർക്ക് വർഷംതോറും അവാർഡുകൾ നല്കണം. കാലടിപഞ്ചായത്തിൽ ദേശീയ അവാർഡ് നേടിയ രണ്ട് അദ്ധ്യാപകർ സ്മരണീയരാണ് വേദാന്തശിരോമണി, പണ്ഡിതരണം ശ്രീ A ശങ്കരശർമ്മ, (കാലടി ബ്രഹ്മാനന്ദോദയം ഹൈസ്കൂൾ) ശ്രീമതി കെ. കമലാക്ഷി ടീച്ചർ (ഗവ: യു. പി. സ്കൂൾ കാലടി) എന്നിവർ.

വിദ്യാഭ്യാസത്തിനും മൂല്യനിർണ്ണയത്തിനും പുതിയ മാനങ്ങൾ നല്കിയ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ വിജ്ഞാനോത്സവം 1991 മുതൽ വളരെ നന്നായി ഈ പഞ്ചായത്തിൽ നടന്നുവരുന്നു. ഇത്തരം വിദ്യാഭ്യാസരീതി മാതൃകയാക്കി പഞ്ചായത്തിൻേറയും അദ്ധ്യാപകരക്ഷാ കർത്താക്കളുടെയും നാട്ടുകാരുടേയും സഹകരണത്തോടെ നമുക്ക് വിദ്യാഭ്യാസരംഗത്ത് മറ്റൊരു വിപ്ലവം നടത്താം.

* * *

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						
സ്റ്റാൻഡേർഡ്							SC /ST കുട്ടികൾ			മറ്റുള്ളവർ			SC / ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ ആകെത്തം എണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
സ്കൂളിന്റെ പേര് : ബ്രഹ്മാനന്ദോദയം ഹൈസ്കൂൾ കാലടി (B.H.S)																			
VIII	119	34	153	40	6	46	-	-	-	-	-	-	-		-	-	-	-	-
IX	106	45	151	24	9	33	4	3	7	12	5	17	-	1	1	2	-	2	-
X	78	34	112	19	9	28	7	1	8	8	-	8	1	-	1	2	-	2	-
ആകെ	303	113	416	83	24	107	11	4	15	20	5	25	1	1	2	4	-	4	-
സ്കൂളിന്റെ പേര് : NSS H.S For GIRLS മാണിക്കമംഗലം.																			
VIII	-	100	100	-	12	12	-	4	4	-	17	17	-	-	-	-	-	-	-
IX	-	105	105	-	15	15	-	2	2	-	19	19	-	-	-	-	1	1	1
X	-	83	83	-	12	12	-	-	-	-	-	-	-	-	-	-	-	-	-
ആകെ	-	288	288	-	39	39	-	6	6	-	36	36	-	-	-	-	1	1	1
സ്കൂളിന്റെ പേര് : ഗവ . യു. പി. സ്കൂൾ കാലടി.																			
I	12	8	20	1	2	3	-	-	-	-	-	-	-	-	-	-	-	-	-
II	8	12	20	0	4	4	-	1	1	1	-	1	-	-	-	-	-	-	-
III	12	9	21	2	1	3	-	-	-	-	-	-	-	-	-	-	-	-	-
IV	5	11	16	2	2	4	-	-	-	-	1	1	-	-	-	-	-	-	-
V	9	10	19	0	2	2	-	-	-	-	1	1	-	-	-	-	-	-	-
VI	16	7	23	2	1	3	-	1	1	-	-	-	-	-	-	-	-	-	-
VII	15	5	20	-	-	-	-	-	-	1	1	2	-	-	-	-	-	-	-
Pre-Pry	16	12	28	2	2	4	-	-	-	-	-	-	-	-	-	-	-	-	-
ആകെ	92	74	167	9	14	23	-	2	2	2	3	5	-	-	-	-	-	-	-
സ്കൂളിന്റെ പേര് : BSUPS കാലടി.																			
V	45	23	68	13	8	21	1	1	2	3	0	3	-	-	-	-	-	-	-
VI	70	28	98	15	10	25	3	1	4	2	-	2	-	-	-	-	-	-	-
VII	88	54	142	27	16	43	7	3	10	14	3	17	-	-	-	-	-	-	-
ആകെ	203	105	308	55	34	89	11	5	16	19	3	22	-	-	-	-	-	-	-
സ്കൂളിന്റെ പേര് : HWLPS മറ്റൂർ.																			
I	10	17	27	4	4	8	-	-	-	-	-	-	-	-	-	-	-	-	-
II	19	14	33	14	8	22	3	1	4	-	-	-	-	-	-	-	-	-	-
III	14	14	28	5	9	14	1	0	1	-	1	1	-	-	-	-	-	-	-
IV	13	13	26	8	8	16	1	-	1	1	-	1	-	-	-	-	-	-	-
ആകെ	56	58	114	31	29	60	5	1	6	1	1	2	-	-	-	-	-	-	-
സ്കൂളിന്റെ പേര് : BJBS കാലടി.																			
I	10	7	17	1	-	1	-	-	-	-	-	-	-	-	-	-	-	-	-
II	6	9	15	1	2	3	1	-	1	-	-	-	-	-	-	-	-	-	-
III	8	6	14	2	2	4	1	-	1	-	-	-	-	-	-	-	-	-	-
IV	14	11	25	2	2	4	1	1	2	1	1	2	-	-	-	-	-	-	-
ആകെ	38	33	71	6	6	12	3	1	4	1	1	2	-	-	-	-	-	-	-
സ്കൂളിന്റെ പേര് : ജമാ - അത്ത് LPS മേക്കാലടി.																			
I	20	29	49	1	-	1	-	-	-	-	-	-	-	-	-	-	-	-	-
II	43	25	68	-	-	-	-	-	-	1	3	4	-	-	-	-	-	-	-
III	29	29	58	3	3	6	-	-	-	1	-	1	-	-	-	-	-	-	-
IV	13	12	25	1	4	5	-	-	-	1	-	1	-	-	-	-	-	-	-
ആകെ	105	105	210	5	7	12	-	-	-	3	3	6	-	-	-	-	-	-	-

	ആകെ കുട്ടികൾ			SC / ST കുട്ടികളുടെ എണ്ണം			തോറ്റ് പഠിക്കുന്നവർ						പഠനം നിർത്തിയവർ						
സ്റ്റാൻഡേർഡ്							SC / ST കുട്ടികൾ			മറ്റുള്ളവർ			SC / ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
സ്കൂളിന്റെ പേര് : സെന്റ്. ആന്റണീസ് LPS മറ്റൂർ																			
I	37	33	70	4	8	12	-	-	-	-	-	-	-		-	-	-	-	-
II	35	28	63	2	4	6	-	-	-	1	-	1	-	-	-	-	-	-	-
III	28	28	56	5	5	10	1	-	1	-	-	-	-	-	-	-	-	-	-
IV	37	24	61	4	3	7	1	-	1	2	-	2	-	-	-	-	-	-	-
V	41	19	60	5	3	8	-	1	1	2	3	5	-	-	-	-	-	-	-
ആകെ	178	132	310	20	23	43	2	1	3	5	3	8	-	-	-	-	-	-	-
സ്കൂളിന്റെ പേര് : NSS LP സ്കൂൾ മാണിക്കമംഗലം																			
I	51	30	81	8	5	13	-	-	-	-	-	-	-	-	-	-	-	-	-
II	60	48	108	3	8	11	-	-	-	-	-	-	-	-	-	-	-	-	-
III	56	46	102	4	4	8	1	1	2	4	1	5	-	-	-	-	-	-	-
IV	41	40	81	6	5	11	-	-	-	-	-	-	-	-	-	-	-	-	-
ആകെ	208	164	372	21	22	43	1	1	2	4	1	5	-	-	-	-	-	-	-
സ്കൂളിന്റെ പേര് : NSS ബോയ്സ് ഹൈസ്കൂൾ മാണിക്കമംഗലം																			
V	94	54	148	11	10	21	2	-	2	13	-	13	-	-	-	-	-	-	-
VI	105	82	187	13	12	25	-	1	1	9	-	9	-	-	-	-	-	-	-
VII	97	72	169	14	9	23	4	1	5	16	9	25	-	-	-	2	-	2	2
VIII	116	-	116	20	-	20	6	-	6	4	-	4	-	-	-	-	-	-	-
IX	106	-	106	13	-	13	1	-	1	12	-	12	1	-	1	3	-	3	4
X	79	-	79	5	-	5	-	-	-	-	-	-	-	-	-	-	-	-	
ആകെ	597	208	805	76	31	107	13	2	15	54	9	63	1	-	1	5	-	5	6

പട്ടിക –1

പ്രീ-പ്രൈമറി സ്കൂളുകളുടെ പൊതുവിവരം

സ്ക്കൂളിന്റെ പേര്	സ്ക്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			സ്ക്കൂൾ കാമ്പസിന്റെ മാത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഉപയോഗമില്ലാതെ കിടക്കുന്നത	കളിക്കാനുള്ള ഉപകരണങ്ങൾ ഉണ്ട്/ഇല്ല/വേണ്ടത്ര ഇല്ല	പാചക പാത്രങ്ങൾ ഉണ്ട്/ഇല്ല	മൂത്രപ്പുര ഉണ്ട്/ഇല്ല	ക്കുസ് ഉണ്ട്/ഇല്ല	വൈദ്യുതി /ഉണ്ട്/ഇല്ല	കുടിവെള്ളസൗകര്യം ഉണ്ട്/ഇല്ല	ചുറ്റുമതിൽ, ഗേറ്റ് തുടങ്ങിയവയുടെ സൗകര്യം കുറവുണ്ടോ/ഇല്ലയോ	മറ്റുക്കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, പർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്.
	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	അംഗീകാരം ഇല്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവർ	ഒഴിവുകൾ										
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22
ശ്രീ ശാരദാ ബാലവാടി, മറ്റൂർ	-	-	✓	-	18	12	30	2	2	-	20 സെന്റ്	5 സെന്റ്	-	വേണ്ടത്ര ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ചുറ്റുമതിൽ ഉണ്ട് റിപ്പയർ ഒന്നും ഇല്ല.
ജയന്തി ബാലവാടി പിരാരൂർ	-	✓	-	-	7	8	15	2	2	-	6 സെന്റ്	160 sq.m	-	ഇല്ല	വേണ്ടത്ര ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	കുട്ടികൾ കൂടുതലായാൽ സൗകര്യം കുറവ് ചുറ്റുമതിൽ ഇല്ല. റിപ്പയർ ഉണ്ട്
ന്യൂസ്റ്റാർ ബാലവാടി മരോട്ടിച്ചോട്	-	✓	-	-	8	13	21	2	2	-	5 സെന്റ്	-	-	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ചുറ്റുമതിൽ ഇല്ല. ഫർണിച്ചർ കുറവ് റിപ്പയർ ഉണ്ട്
വട്ടപ്പറമ്പ് ബാലവാടി വട്ടപ്പറമ്പ്	-	✓	-	-	16	10	26	2	2	-	5 സെന്റ്	70 sq.m	-	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ചുറ്റുമതിൽ ഇല്ല. ഫർണിച്ചർ ഇല്ല. റിപ്പയർ ഉണ്ട്
ശോഭാ മഹിളാ സമാജം ബാലവാടി പൊതിയക്കര	-	✓	-	-	10	8	18	2	2	-	5 സെന്റ്	80 sq.m	-	ഇല്ല	ഇല്ല	ഇല്ല.	മുറി മാത്രം	ഇല്ല	ഉണ്ട്	ഉണ്ട്	ചുറ്റുമതിൽ ഇല്ല. മണ്ണെടുപ്പുമൂലം കെട്ടിട ഭീഷണി. റിപ്പയർ വേണ്ടത്ര ഉണ്ട് L.P.S തുടങ്ങണം
ഗവ. യു. പി. സ്ക്കൂൾ കാലടി	✓	-	-	-	16	12	28	2	1	1	1 ഏക്കർ 80 സെന്റ്	1 ഏക്കർ	-	വേണ്ടത്ര ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ചുറ്റുമതിൽ ഉണ്ട് റിപ്പയർ ഉണ്ട് ഗ്രൗണ്ട് കളിക്കാൻ ഉപയുക്തമല്ല. കളിസ്ഥലം തടസ്സങ്ങൾ നീക്കി ഉപയോഗമാക്കണം.
മാണിക്യ മംഗലം ബാലവാടി	-	✓	-	-	19	16	35	2	2	-	5 സെന്റ്	1/2 സെന്റ്	-	ഇല്ല	വേണ്ടത്ര ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഫീഡിംഗിനുള്ള ചെലവ് വർദ്ധിപ്പിക്കണം. മതിൽ ഉണ്ട്.
ശ്രീ ശാരദാ വിദ്യാലയം കാലടി	-	-	✓	✓	146	86	232	6	6	-	3 ഏക്കർ	1 ഏക്കർ	1 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ചുറ്റുമതിൽ ഉണ്ട് റിപ്പയർ ഒന്നും ഇല്ല.

പട്ടിക - 2

സ്കൂളുകളുടെ പൊതു വിവരം

സ്കൂളിന്റെ പേര്		സ്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം							
	ഹൈ സ്കൂൾ യു. പി. എൽ. പി. പ്രീ പ്രൈമറി	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല അവധിയിലുള്ളവർ	സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്.
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
ബ്രഹ്മാനന്ദോദയം H S കാലടി	ഹൈ സ്കൂൾ	–	എയ്ഡഡ്	–	–	303	113	416	20	20	–	–			–	–
NSS HS For GIRLS മാണിക്യമംഗലം	ഹൈ സ്കൂൾ	–	എയ്ഡഡ്	–	–	–	288	288	14	14	–	–	3½ഏക്കർ	½ഏക്കർ	–	–
ഗവ. യു. പി. സ്കൂൾ കാലടി	യു. പി./പ്രീ പ്രൈമറി	സർക്കാർ	–	–	–	93	74	167	9	9	Pre-pry helper post(1)	–	1ഏക്കർ 80സെന്റ്	1ഏക്കർ	–	അറ്റകുറ്റപ്പണികൾ ഫർണിച്ചർ റിപ്പയർഉണ്ട്
B S U P S കാലടി	യു. പി.	–	എയ്ഡഡ്	–	–	203	195	308	15	15	–	–	1½ഏക്കർ	1ഏക്കർ	–	–
HW LPS മാണിക്യമംഗലം	എൽ. പി.	സർക്കാർ	–	–	–	56	58	114	4	4	–	–	35½സെന്റ്	10സെന്റ്	1സെന്റ്	അറ്റകുറ്റപ്പണി ഫർണിച്ചർ റിപ്പയർവേണം
B.J. B.S. - കാലടി	എൽ. പി.	–	എയ്ഡഡ്	–	–	38	33	71	4	4	–	–	14ഏക്കർ	–	–	– –
ജമാ - അത്ത് LP സ്കൂൾ മേക്കാലടി	എൽ. പി.	–	എയ്ഡഡ്	–	–	105	105	210	7	7	–	–	1ഏക്കർ	50 സെന്റ്	–	ക്ലാസുകൾ ഭിത്തികെട്ടിതിരിക്കണംഫർണിച്ചർ റിപ്പയർ വേണം
സെന്റ്. ആന്റണീസ് L.P.S മറ്റൂർ	എൽ. പി.	–	എയ്ഡഡ്	–	–	178	132	310	10	10	–	–	50 സെന്റ്	–	–	–
N S S L P സ്കൂൾ മാണിക്യമംഗലം	എൽ. പി.	–	എയ്ഡഡ്	–	–	209	166	375	10	11	–	–	3ഏക്കർ 92സെന്റ്	–	–	–
N S S B H S മാണിക്യമംഗലം	എച്ച്. എസ്.	–	എയ്ഡഡ്	–	–	597	208	805	28	28	–	–	3ഏക്കർ 92സെന്റ്	–	–	–

പട്ടിക - 4

ഗ്രാമപഞ്ചായത്ത് സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	HS / UPS / LPS	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള തുക ഉണ്ട് / ഇല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ളസംവിധാനം ഉണ്ട്/ഇല്ല - കിണർ/പൈപ്പ്	വൈദ്യുതീകരണം ഉണ്ട്/ ഇല്ല	പാചകമുറി	സ്റ്റേജ് ഉം	നിലവിലുള്ള പരിമിതികൾ മതിയാകും/മതിയാകില്ല	ഇനി ആവശ്യമായവയുടെ എണ്ണം				
			സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം													ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണീച്ചർ
1		2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
ഗവ. യു. പി. സ്കൂൾ	UPS	8	4	-	-	12	-	-	-	-	2	1ൽ കൂടുതൽ	-	2	-	പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	10	-	-	4	-
HW LPS മാണിക്യമംഗലം	LPS	4	2	0	1	11	-	-	-	-	2	5	1	2	1	പൈപ്പ് കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	മതിയാകും	-	-	-	-	-
B.J. B.S. - കാലടി	LPS	4	1	1	1	3	-	-	-	-	1	5	-	1	-	പൈപ്പ് കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	മതിയാകും	-	-	-	-	-
സെന്റ്. ആന്റണീസ് L.P.S മറ്റൂർ	LPS	10	1	-	-	16	-	-	-	-	1	10	1	1	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	4	10	-	4	2+1
ജമാ - അത്ത് LP സ്കൂൾ മേക്കാലടി	LPS	6	1	-	-	-	-	-	2	ഉണ്ട്	1	3	1	1	-	പൈപ്പ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	20	20	1	1	6
B S U P S കാലടി	UPS	9	2	-	-	11	-	-	-	ഉണ്ട്	2	20	-	1	1	കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	മതിയാകും	-	-	-	-	-
B .H. S കാലടി	HS	11	1	-	-	-	-	-	-	-	2	30	-	2	-	പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	50	50	10	10	8
NSS HS For Girls മാണിക്യമംഗലം	HS	8	1	-	-	17	-	-	-	-	1	10	-	1	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതിയാകും	-	-	-	-	-
N S S B H S മാണിക്യമംഗലം	HS	20	20	-	-	31	-	-	-	-	1	7	-	2	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതിയാകും	-	-	-	-	-
N S S L P S മാണിക്യമംഗലം	LP	10	4	-	-	15	-	-	-	-	1	25	2	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	8	35	6	4	-

പട്ടിക – 3

അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട് / ഇല്ല പ്രവർത്തിക്കുന്നു / ഇല്ല	ലാബറട്ടറി / സയൻസ് കോർണ്ണർ ഉണ്ട് / ഇല്ല പ്രവർത്തിക്കുന്നു / ഇല്ല	പഠനോപകരണങ്ങൾ മാപ്പുകൾ ചാർട്ടുകൾ കോടു കൾ വേണ്ടത്ര ഉണ്ട് / ഇല്ല	ദൃശ്യശ്രാവ്യ ഉപകരണങ്ങൾ – എണ്ണം							ബ്ലാക്ക് ബോർഡ്		95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം	സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ	പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം	മാതൃസംഗമ സജീവം / സജീവമല്ല	ക്ലാസ് റും പി. ടി. എ. കൾ പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല.
				റേഡിയോ	ടേപ്പ് റിക്കാർഡർ	ടി. വി. സെറ്റ്	വിസിആർ / വിസിപി	സിനിമാ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്					
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18
B .H. S കാലടി	ഉണ്ട് ഉണ്ട്	ഉണ്ട് ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	–	–	5	5	4	174	–	–	–	ഉണ്ട്
NSS GHS മാണിക്യമംഗലം	ഉണ്ട് ഉണ്ട്	ഉണ്ട് ഉണ്ട്	ഉണ്ട്	–	–	–	–	–	–	–	ആവശ്യമുണ്ട്	10	192	–	3	–	ഉണ്ട്
ഗവ. യു. പി. സ്കൂൾ കാലടി	ഉണ്ട് ഉണ്ട്	ഉണ്ട് ഉണ്ട്	വേണ്ടത്ര ഇല്ല	–	–	–	–	–	–	–	9	9	195	2	3	സജീവം	ഉണ്ട്
B S U P S കാലടി	ഉണ്ട് ഉണ്ട്	ഇല്ല	വേണ്ടത്ര ഇല്ല	–	–	–	–	–	–	–	9	7	193	–	2	സജീവമല്ല	ഉണ്ട്
HW LPS മാണിക്യമംഗലം	ഉണ്ട് ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട് 1	ഉണ്ട് 1	–	–	–	–	–	5	5	194	–	6	സജീവം	ഇല്ല
B.J. B.S. – കാലടി	ഉണ്ട് ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട് 1	ഉണ്ട് 1	ഇല്ല	–	–	–	–	4	4	–	–	3	സജീവം	–
ജമാ – അത്ത് LP സ്കൂൾ മേക്കാലടി	ഇല്ല	ഇല്ല	ഇല്ല	ഉണ്ട് 1	ഉണ്ട് 1	–	–	–	–	–	6	4	193	5	18	സജീവമല്ല	ഉണ്ട്
സെന്റ്. ആന്റണീസ് L.P.S മറ്റൂർ	ഉണ്ട് ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട് 1	ഉണ്ട് 1	–	–	–	–	–	10	10	192	–	4	സജീവം	ഉണ്ട്
N S S L P സ്കൂൾ മാണിക്യമംഗലം	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	–	–	–	–	–	6	6	193	–	–	സജീവം	ഉണ്ട്
N S S B H S മാണിക്യമംഗലം	ഉണ്ട്	ഉണ്ട്	ഉണ്ട്	–	–	–	–	–	–	–	22	22	190½	–	–	സജീവം	–

പട്ടിക - 5

സ്ഥാപനത്തിന്റെ പേര്	ശ്രീ ശങ്കരാ കോളേജ്, കാലടി
ഉടമസ്ഥത	എയ്ഡഡ്
അദ്ധ്യാപകർ അനുവദിച്ചത്	200 എണ്ണം
അദ്ധ്യാപകർ നിലവിൽ ഉള്ളവർ	200 പേർ

കോഴ്സുകൾ വിദ്യാർത്ഥികളുടെ എണ്ണം വിജയ ശതമാനം സംബന്ധിച്ച്

കോഴ്സിന്റെ പേര്	ഡിവിഷനുകളുടെ എണ്ണം	വിദ്യാർത്ഥികളുടെ എണ്ണം			SC/ST വിദ്യാർത്ഥികളുടെ എണ്ണം			വിജയ ശതമാനം (95-96)
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
പ്രീഡിഗ്രി ഒന്നാം വർഷം		475	360	835	60	74	134	———
പ്രീഡിഗ്രി രണ്ടാം വർഷം		427	342	769	73	77	150	57.44%
ഡിഗ്രി ഒന്നാം വർഷം		181	224	405	8	10	18	———
ഡിഗ്രി രണ്ടാം വർഷം		173	197	370	14	16	30	———
ഡിഗ്രി മൂന്നാം വർഷം		159	216	375	11	13	24	65%
പി.ജി. ഒന്നാം വർഷം		19	41	60	6	6	12	റിസൾട്ട് പൂർത്തിയായിട്ടില്ല
പി.ജി. രണ്ടാം വർഷം		18	42	60	4	8	12	
ആകെ	61	1452	1422	2874	176	204	380	

കോളേജ് കാമ്പസിന്റെ വിസ്തീർണ്ണം	18 ഏക്കർ
കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	രണ്ട് ഏക്കർ
ഒഴിഞ്ഞു കിടക്കുന്ന സ്ഥലം	ഇല്ല
ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾക്ക് ഭൂമി സൗകര്യം ഉണ്ട്/ഇല്ല.	ഉണ്ട്.
ഇനി ആവശ്യങ്ങളുടെ നിർദ്ദേശങ്ങൾ	വിദ്യാഭ്യാസപരവും സാമൂഹ്യ സേവനത്തിനും ഉതകുന്ന സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് ഹാളുകൾ ആവശ്യമാണ്.

പട്ടിക - 6

അക്കാദമിക് നിലവാരം സ്കൂൾ തിരിച്ച്


ക്ലാസ്സ്	കുട്ടികളുടെ പൊതു നിലവാരം						SSLC	വിജയ	ശതമാനം	
	സ്കൂളിന്റെ പേര്	30% താഴെ മാർക്ക് നേടുന്ന കുട്ടികൾ	30 നും 40 നും ഇടയ്ക്ക്ര മാർക്ക് നേടുന്നവർ	40 നും 50 നും ഇടയ്ക്ക്	50 നും 60 നും ഇടയ്ക്ക്	60% കൂടുതൽ നേടുന്നവർ	1992-93	93-94	94-95	95-96
3	സെന്റ് ആന്റണീസ് LPS	11	18	20	2	3	62%	65%	63%	59%
	HWLPS	2	1	1	1	23				
	JUMA ATHALPS	-	5	8	12	31				
	GUPS	1	2	2	5	11				
	NSSLPS	70	45	25	15	8				
	BJBS	2	4	2	2	2				
4	സെന്റ് ആന്റണീസ് LPS	9	9	25	3	12				
	HWLPS	9	9	25	3	12				
	JUMA ATH LPS	1	2	4	9	19				
	GUPS	-	1	2	1	11				
	NSSLPSNOT AVAILABLE									
	BJBS	6	5	5	4	3				
5	സെന്റ് ആന്റണീസ് LPS	8	19	23	1	4				
	GUPS	1	2	4	3	9				
	NSS BHS	65	33	32	19	9				
	BSUPS	10	3	10	9	35				
6	GUPS	3	3	5	1	11				
	NSS BHS	70	65	26	12	4				
	BSUPS	48	21	12	6	14				
7	GUPS	3	4	5	-	8				
	NSS BHS	62	38	25	22	22				
	BSUPS	61	22	25	12	22				
8	NSSGHS	35	450	15	10	-				
	NSSBHS	50	38	17	15	6				
	BHS	70	22	22	11	18				
9	NSSGHS	20	45	20	12	10				
	NSS BHS	42	30	18	3	13				
	BHS	45	47	23	17	10				
10	NSS GHS	30	30	20	15	5	5	76	73	83
	NSS BHS		NOT AVAILABLE			52.94	70	55.05	47.19	
	BHS	48	24	17	14	8	57	52	50	47

അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

Ref AVGF

സ്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			മറ്റ് സൗകര്യങ്ങൾ			
							കെട്ടിടം		ഫർണിച്ചർ	
	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ
1	2	3	4	5	6	7	8	9	10	11
H.S. 3	8	46	57				3	-	3	
U.P.S 2	5	18	23				2	-	1	1
L.P.S 5	8	26	34				5	-	4	1
Pre-Primary Attached with Govt. U.P.S school	-	1	1							
ആകെ.	21	94	115				10	–	8	2

കുടിവെള്ളം പൊതുജന ആരോഗ്യം



കുടിവെള്ളം – പൊതുജനാരോഗ്യം

തെക്കു-പടിഞ്ഞാറൻ മൺസൂൺ കാലത്ത് ഗ്രാമപ്രദേശത്ത് നല്ല മഴ ലഭിക്കുന്നുണ്ടെങ്കിലും ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കടുത്ത വരൾച്ച അനുഭവപ്പെടുന്നതുമൂലം കുടിവെള്ളത്തിന്റെ പ്രധാന സ്രോതസ്സുകളിലൊന്നായ കിണറുകളിലെ ജലം വറ്റുന്നതുമൂലം ഗ്രാമത്തിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ജലവിഭവ സംരക്ഷണത്തിനുതകുന്ന പദ്ധതികളുടെ അഭാവത്തിൽ വേനൽകാലങ്ങളിൽ ശുദ്ധജലലഭ്യതക്കും ദൗർലഭ്യം നേരിടുന്നു. കിണറുകൾകാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യാതിരിക്കുന്നതും, കിണറുകളിലേക്ക് മലിനജലം ഒഴുകി എത്താതെ കിണറിനു ചുറ്റും ഭിത്തികെട്ടി സംരക്ഷിക്കാതിരിക്കുന്നതും ജലമലിനീകരണത്തിന് ഇടയാക്കുന്നു. പെരിയാറിൽനിന്ന് ക്രമാതീതമായി മണൽ വാരുന്നതു മൂലം നദീതീരപ്രദേശങ്ങളിലുള്ള കിണറുകളിലെ ജലനിരപ്പ് താഴുന്നു.

ജലം ജീവന്റെ നിലനിൽപിന് അത്യന്താപേക്ഷിതമാണ്. ശുദ്ധജല ലഭ്യത ഉറപ്പു വരുത്തേണ്ടത് ആരോഗ്യകരമായ ജീവിതത്തിന് വളരെ അത്യാവശ്യമാണ്. ഇത് കണക്കിലെടുത്ത് ഭാവിയിലുണ്ടായേക്കാവുന്ന കടുത്ത ജലദൗർലഭ്യവും, ജലമലിനീകരണവും തടയുന്നതിനുള്ള പദ്ധതികൾ കാലാനുസൃതം ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. ഭൂഗർഭജലസ്രോതസ്സുകളുടെ പരമാവധി പ്രയോജനം ഗ്രാമവാസികൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകണം. മലിന ജലനിർഗ്ഗമനമാർഗ്ഗങ്ങൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തി കുടിവെള്ളത്തിൽ മലിന ജലം കലരുന്നത് തടയുന്നതിനുള്ള സംവിധാനം സൃഷ്ടിക്കേണ്ടതാണ്. കൃഷിയിടങ്ങളിൽ കുളം കുഴിച്ചും ജലവിഭവം സംരക്ഷിക്കണം. ഉപയോഗശൂന്യമായ കുളങ്ങൾ വൃത്തിയാക്കി സംരക്ഷിക്കണം. ജലദുരുപയോഗം തടയുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും കാലാനുസൃതം നൽകേണ്ടതാണ്.

ഗ്രാമത്തിലെ കുടിവെള്ള പ്രശ്നം ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. മഴപെയ്താൽ നിമിഷങ്ങൾക്കകം ജലം പെരിയാറിൽ എത്തിച്ചേരുന്ന വിധത്തിലാണ് ഗ്രാമത്തിന്റെ കിടപ്പ്. ആദ്യകാലത്തുണ്ടായിരുന്ന ഒട്ടേറെ കുളങ്ങൾ നികത്തപ്പെട്ടതിന്റെ ഫലമായി ജലവിഭവം സംരക്ഷിച്ചു നിർത്തുന്ന ഒരു പ്രധാന ഘടകം അപ്രത്യക്ഷമായി. നെൽപാടങ്ങൾ മണ്ണിട്ടു നികത്തുന്നതും, ഭൂമിയിൽ മറ്റു ഭേദഗതികൾ വരുത്തുന്നതും ഉറവകൾ വറ്റുന്നതിന് ഇടയാക്കിയിട്ടുണ്ട്. സസ്യാവരണത്തിലുണ്ടായ ഗണ്യമായകുറവ് സൂര്യതാപത്താൽ ഒട്ടേറെ ജലം നഷ്ടപ്പെടുന്നതിന് ഇടയാകുന്നു. വർദ്ധിച്ച തോതിലുള്ള ജനസംഖ്യക്ക് ആനുപാതികമായി ഭൂവിസ്തൃതി വർദ്ധിക്കാത്തതുമൂലം ഭൂമിയുടെ മേലുണ്ടായിട്ടുള്ള സമ്മർദ്ദവും, കൂടാതെ അമിത രാസവള പ്രയോഗവും, കീടനാശിനി പ്രയോഗവും മൂലം മലിനമാക്കപ്പെടുന്ന മണ്ണും ശുദ്ധജല ലഭ്യതക്ക് വിഘാതം സൃഷ്ടിക്കുന്നു. പെരിയാറിൽ നിന്ന് ജലം പമ്പു ചെയ്ത് കുടിവെള്ളം എത്തിക്കുന്നുണ്ടെങ്കിലും, വേനൽകാലത്തുള്ള വൈദ്യുതി ക്ഷാമവും, പെരിയാറിലെ ജലനിരപ്പ് താഴുന്നതും ശുദ്ധജല വിതരണത്തിന് തടസ്സം സൃഷ്ടിക്കുന്നു.

ഗ്രാമത്തിൽ നിലവിലിരിക്കുന്ന കുടിവെള്ള വിതരണമാർഗ്ഗങ്ങൾ ഒരു അവലോകനം: –

ഗ്രാമത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് നാല് മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്.

കിണറുകൾ കുഴിച്ച് ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കൽ:-

ഇതിലേക്കായി ഓരോ വാർഡിലും ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള കിണറുകളുടെ എണ്ണം, ഗുണഭോക്താക്കൾ എന്നീ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്ത് കിണറുകളുടെ എണ്ണം	ഉപയോഗശൂന്യമായ കിണറുകളുടെ എണ്ണം	വാർഡ്	ഗുണഭോക്തക്കൾ
2	0	1	ശരാശരി 50 കുടുംബങ്ങൾ
2	0	2	"
2	0	3	"
4	0	4	"
5	0	5	"
3	0	6	"
3	0	7	"
Nil	0	8	"
2	0	9	"
2	0	10	"
1	0	11	"

കുഴൽ കിണർ സ്ഥാപിച്ച് കുടിവെള്ള ദൗർലഭ്യം പരിഹരിക്കൽ

കുഴൽ കിണറുകളുടെ എണ്ണം	ഉപയോഗശൂന്യമായ കുഴൽ കിണറുകൾ	വാർഡ്	ഗുണഭോക്താക്കൾ	ഓരോ വാർഡിലും സ്ഥാപിക്കപ്പെടേണ്ട കുഴൽ കിണറുകളുടെ എണ്ണം
0		1	-	2
1		2	ശരാശരി 25 കുടുംബങ്ങൾ	2
5	3	3	"	2
1	2	4	"	2
4	4	5	-	2
0		6	-	2
0		7	-	2
Nil		8	-	2
0		9	-	2
0		10	-	2
1	3	11	-	2

വാഹനങ്ങളിൽ കുടിവെള്ള മെത്തിക്കൽ:

വാഹനങ്ങളിൽ കുടിവെള്ളം എത്തിച്ചിട്ടുള്ള വാർഡുകൾ	II	III	IV	V	XI	-	-	-	-
ഒരു വർഷം വാഹനങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശരാശരി അളവ് (ലിറ്റർ)	50000 ലിറ്റർ	50000 ലിറ്റർ	50000 ലിറ്റർ	50000 ലിറ്റർ	50000 ലിറ്റർ	-	-	-	-

പഞ്ചായത്ത് രൂപീകരണത്തിനുശേഷവും വർഷങ്ങളോളം ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി ആശ്രയിച്ചിരുന്നത് കിണറുകളും, കുളങ്ങളുമായിരുന്നു. 1967ലാണ് കാലടിയിൽ ഒരു വാട്ടർ സപ്ലൈ സ്കീം (R.W.S.S) ആരംഭിക്കുന്നത്. പെരിയാറിൽനിന്നും വെള്ളം അടിച്ച് കാലടി - മലയാറ്റൂർ റൂട്ടിൽ 6.500 സെൻറ് വരുന്ന പഞ്ചായത്ത് വക സ്ഥലത്ത് 35000ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ നിറച്ച് ശുദ്ധീകരിച്ച് കാലടി. ടൗൺ പ്രദേശങ്ങളിലും, മറ്റൂർ ഹരിജൻ കോളനിയിലും ശുദ്ധജലം വിതരണം ചെയ്യുന്നു. 25 പൊതു ടാപ്പുകളും, 193 സ്വകാര്യകണക്ഷനുകളും ആണ് ഇതിൽ ഉള്ളത്. പൊതു ടാപ്പുകളിലൂടെയുള്ള ജല വിതരണത്തിനായ് പഞ്ചായത്ത് 1823 രൂപ ഒരു മാസം ചാർജായി അടച്ച് വരുന്നു. '94ന് മുൻപുള്ള 2 1/2 ലക്ഷം രൂപ കുടിശ്ശിഖ പഞ്ചായത്ത് നല്കുവാനുണ്ട്. പഞ്ചായത്തിനു ലഭിക്കുന്ന ഗ്രാൻറുകളിൽ നിന്നും ഈ തുക പിടിച്ച് വരുന്നു. ഇക്കാര്യത്തിൽ വാട്ടർ അതോറിട്ടിയുടെ നിലപാട് പരിശോധിക്കപ്പെടേണ്ടതാണ്. കൃത്യമായ അസസ്മെൻറ് മൊന്നുമില്ലാതെയാണ് ഈ തുക കുടിശ്ശികയായി വാട്ടർ അതോറിട്ടി കണക്കാക്കിയിട്ടുള്ളത്. ഈ തുക വാട്ടർ അതോറിട്ടി എഴുതി തള്ളിയില്ലായെങ്കിൽ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കും. അതുപോലെ വാട്ടർ സപ്ലൈ പലപ്പോഴും തകരാറിലാകുകയും ദിവസങ്ങളോളം വെള്ളം ലഭിക്കാത്ത സ്ഥിതിയുമുണ്ട്. പഴയ മോട്ടോറുകളാണ് പ്രവർത്തിക്കുന്നത്. പുതിയ മോട്ടോറുകൾ സ്ഥാപിക്കണം. പൊതു ടാപ്പുകൾ പൊട്ടി പൊളിഞ്ഞ് തകരാറിലാകുകയും കുടിവെള്ളം വെറുതെ നഷ്ടപ്പെട്ടുപോകുന്ന സ്ഥിതിയും ഉണ്ട്. മറ്റൂർ കോളണിയിലെ ടാപ്പുകൾ വർഷങ്ങളായി നന്നാക്കിയിട്ടില്ല. ഈ സ്കീമിൽനിന്നും കൂടുതൽ പ്രദേശങ്ങളിൽ വെള്ളമെത്തിക്കാനുള്ള സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിലെ കുടിവെള്ളക്ഷാമം ശാശ്വതമായ പരിഹരിക്കപ്പെടുന്ന ബൃഹത്തായ ഒരു വാട്ടർ സ്കീമിൻെറ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ലോകബാങ്കിൻെറ സഹായത്താൽ പഞ്ചായത്തിൻെറ ഏറ്റവും പൊക്കപ്രദേശമായ കോളേജ് കുന്നിൽ സ്ഥാപിക്കുന്ന "കോതകുളങ്ങര സൗത്ത്" വാട്ടർ സപ്ലൈ സ്കീം 1998 -ൽ കമ്മീഷൺ ചെയ്യുമെന്നാണ് വാട്ടർ അതോറിറ്റി പറയുന്നത്. കാലടി പഞ്ചായത്ത് 40 സെൻറ് ഭൂമി വിലക്കെടുത്തും, കാലടി ശ്രീശങ്കരാകോളേജ് ദാനം ചെയ്ത 30 സെൻറ് ഭൂമിയിലുമാണ് പെരിയാറിൽനിന്നും അടിച്ച് കയറ്റുന്ന വെള്ളം സ്റ്റോറുചെയ്യുന്ന 1 ലക്ഷം കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് നിർമ്മിക്കുന്നത്. കാലടി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും പൈപ്പ് ലൈൻ സംവിധാനമാകുന്ന ഈ ബൃഹത്പദ്ധതി കലാതാമസം കൂടാതെ കമ്മീഷൻ ചെയ്യിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

കാലടി പഞ്ചായത്തിനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതും, നിർണ്ണായകവുമായ "ചാലക്കുടി ഇടതുകരകനാലിലെ ജലം" കൃഷിയാവശ്യങ്ങൾക്ക് പുറമെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഏറെ പ്രയോജനപ്പെടുന്നതാണ്. കനാൽ പ്രദേശങ്ങളിലെ കുളങ്ങളും, കിണറുകളും വറ്റാതെ നിലനില്ക്കാൻ ഈ കനാലിലെ ജലം ഉപഹരിക്കുന്നതാണ്. എന്നാൽ ഇത് വർഷങ്ങളായി വെള്ളമൊഴുകാതെ കാഴ്ച വസ്തു പോലെ കിടക്കുകയാണ്. ഈ കനാൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധകുറവും, അലംബാവവും മൂലം കനാൽ കാലാകാലങ്ങളിൽ മെയ്ൻറൻസ് ചെയ്യപ്പെടാത്തതിനാൽ ഈ കനാൽ പഞ്ചായത്തിൽ നാമവശേഷമായി വരികയാണ്. കനാൽ ജലം ആശ്രയിച്ചു കഴിയുന്ന കൃഷിയിടങ്ങൾ ഉണങ്ങി ലക്ഷക്കണക്കിനു രൂപയുടെ നാശനഷ്ടമാണ് കഴിഞ്ഞ വേനൽക്കാലത്ത് സംഭവിച്ചത്. കൃഷിക്കാർ ഇതിൽ രോഷാകുലരാണ്. കാലടി പഞ്ചായത്ത് സമിതി തന്നെ വാക്കാൽ ഉൾപ്പെടെയുള്ള സമര പരിപാടികൾക്ക് കഴിഞ്ഞ വർഷം നേതൃത്വം നല്കേണ്ടിവന്നു എന്നുള്ളത് ഇതിൻെറ ഗൗരവം ഊഹിക്കാവുന്നതേയൊള്ളൂ. കർഷകർ സന്നദ്ധമായി ഇപ്പോൾ കനാൽ നന്നാക്കി വരികയാണ്.

ഗ്രാമത്തിലെ മറ്റു കുടിവെള്ള പ്രശ്നങ്ങൾ

ഗ്രാമത്തിലെ മിക്ക വാർഡുകളിലും വേനൽകാലത്ത് കടുത്ത ജല ദൗർലഭ്യം നേരിടുന്നു. ജനജീവിതത്തെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ജലമലിനീകരണത്തിന് സാധ്യത കുറവാണെങ്കിലും, ഭാവിയിൽ അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ജലമലിനീകരണത്തിന് ഇടയാക്കിയേക്കാം. ഗ്രാമത്തിൽ ലഭ്യമായിട്ടുള്ള കുടിവെള്ളത്തിന് രുചിഭേദമോ, നിറഭേദമോ അനുഭവപ്പെട്ടിട്ടില്ല. ഗ്രാമത്തിലെ 11-ാം വാർഡിൽ മണ്ണിനടിയിൽ കരിങ്കൽ പാറകൾ ഉള്ളതിനാൽ കിണർകുഴിച്ച് ജലം ലഭ്യമാക്കുന്നതിന് പ്രയാസം നേരിടുന്നുണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാതെ ഗ്രാമത്തിലെ ബഹുഭൂരിപക്ഷം കുഴൽ കിണറുകളിൽ നിന്നും വേനൽക്കാലത്ത് ജല ലഭ്യത ഇല്ലാത്തത് ഭൂഗർഭ ജല വിഭവത്തിലുണ്ടായിട്ടുള്ള ഗണ്യമായ കുറവ് വ്യക്തമാക്കുന്നു. കുടിവെള്ളത്തിന് കിണറുകളെ ആശ്രയിക്കുന്ന ഗ്രാമവാസികളിൽ ഏറിയ പങ്കും കടുത്ത വരൾച്ചാക്കാലത്ത് കുടിവെള്ളത്തിനായി പെരിയാറിനെ ആശ്രയിക്കേണ്ടിവരുന്നു. പെരിയാറിലെ ജലനിരപ്പ് ഭീതിജനകമായ വിധത്തിൽ താഴ്ന്നിരിക്കുകയാണ്.

ഗ്രാമത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിക്കേണ്ട പ്രധാന നടപടികൾ

1. ജനപങ്കാളിത്തത്തോടെ ജലവിഭവ സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടും, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിക്കൊണ്ടും ഗ്രാമത്തിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കാനുതകുന്ന പദ്ധതികൾ നടപ്പിലാക്കുക.
2. പെരിയാറിലെ അനധികൃത മണൽവാരൽ തടയുക; പെരിയാറിൽ തടയണ നിർമ്മിച്ച് വേനൽക്കാലത്ത് ജല ലഭ്യത ഉറപ്പുവരുത്തുക.
3. ഭൂഗർഭ ജലത്തിന്റെ ലഭ്യത ഭൂഗർഭ ജല വകുപ്പിന്റെ സഹായത്തോടെ പരിശോധിച്ച് ഉറപ്പുവരുത്തി ഭൂഗർഭജലം ഗ്രാമവാസികൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക.
4. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പുതിയ വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പാക്കുക.
5. പെരിയാർ മലിനീകരിക്കപ്പെടാതിരിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.
6. ഉപയോഗശൂന്യമായ കിണറുകളും, കുഴൽകിണറുകളും, വാട്ടർ ടാപ്പുകളും അറ്റകുറ്റപ്പണി നടത്തി ജല ലഭ്യത ഉറപ്പുവരുത്തുകയും, ജല ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ പൈപ്പ് ജലം എത്തിക്കുന്നതിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
7. ഇഷ്ടിക കളങ്ങൾ ഗ്രാമത്തിൽ നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
8. വർഷക്കാലത്ത് മഴവെള്ളം ഭൂമിക്കടിയിൽ ടാങ്കുകെട്ടി സംരക്ഷിക്കുന്നതിനും, വേനൽ കാലത്ത് അത് കുടിവെള്ളമായി പ്രയോജനപ്പെടുത്തുന്നതിനുള്ള സാങ്കേതിക വിദ്യയും, സഹായവും ഗ്രാമവാസികൾക്ക് ലഭ്യമാക്കുക.
9. ഭൂമി ഭേദഗതിപ്പെടുത്തുന്നത് നിരുൽസാഹപ്പെടുത്തുക.
10. സൂര്യതാപം മൂലം ഉണ്ടാകുന്ന ജലനഷ്ടം പരിഹരിക്കുന്നതിന് ഗ്രാമത്തിൽ കൂടുതൽ സസ്യാവരണങ്ങൾ ജനപങ്കാളിത്തത്തോടെ വച്ചു പിടിപ്പിക്കുക.
11. ജലമലിനീകരണത്തിന് ഇടയാക്കുന്ന സാഹചര്യങ്ങൾകണ്ടെത്തി ഫലപ്രദമായ പരിഹാര നടപടികൾ സ്വീകരിക്കുക.
12. കിണറുകളിലേക്ക് മലിനജലം ഒഴുകി എത്താതെ കിണറുകൾ ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് സഹായം ലഭ്യമാക്കുക.
13. ഗ്രാമത്തിലെ ജല വിഭവത്തെ അമൂല്യ വിഭവമായി പരിഗണിക്കുക.
14. ഗ്രാമത്തിലെ കുളങ്ങളുടെയും തോടുകളുടെയും സംരക്ഷണം ഉറപ്പുവരുത്തുക.
15. ജലദുരുപയോഗം തടയുന്നതിന് സംവിധാനം സൃഷ്ടിക്കുക.
16. ഗ്രാമവാസികൾ കുടിക്കുന്ന ജലം ശുദ്ധമാണെന്ന് ഉറപ്പുവരുത്തുക.
17. വിവിധ ലിഫ്റ്റ് ഇറിഗേഷൻ കനാലുകളിലൂ

ടെ വേനൽക്കാലത്ത് ജലം ഒഴുക്കി വിട്ട് ഗ്രാമ പ്രദേശത്ത് ജലലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് കിണറുകളിലെ ഉറവ് വറ്റുന്നത് തടയുക.

18. കാലടിയിൽ പെരിയാറിന്റെ തീരത്ത് സ്ഥാപിച്ചിട്ടുള്ള കേരള വാട്ടർ അതോറിറ്റി വാട്ടർ സപ്ലൈസ്കീമിന്റെ പ്രയോജനം ഗ്രാമവാസികൾക്ക് മുഴുവൻ ലഭ്യമാക്കുന്നതിന് സാഹചര്യം സൃഷ്ടിക്കുക.

19. കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപ്പാക്കുക.

മേൽപ്പറഞ്ഞ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് കർമ്മ സമിതികൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടിക്ക് ഗ്രാമപഞ്ചായത്ത് പ്രാധാന്യം നൽകിയിരിക്കുന്നു.

കുടിവെള്ളം സംബന്ധിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കാലടിയിൽനിന്ന് അങ്കമാലിയിലേക്ക് പോകുന്ന പൈപ്പു ലൈനിൽനിന്ന് കുറ്റിലക്കര, തുറമട്ടം, ലക്ഷം വീട് കോളനി എന്നീ ഭാഗങ്ങളിൽ കണക്ഷൻ എത്തിക്കണം.
2. മൂന്നാം വാർഡിലെ 4 സെൻറ് ലക്ഷം വീട് ഭാഗത്തുള്ള കുഴൽ കിണർ നന്നാക്കണം.
3. വട്ടപ്പറമ്പിൽ നാല് കിണർ പാറപൊട്ടിച്ച് ഉപകാരപ്രദമാക്കണം.
4. മരോട്ടിച്ചുവട് ഭാഗത്ത് പൊതു പൈപ്പ് സ്ഥാപിക്കണം.
5. വട്ടപ്പറമ്പിൽ കേടായികിടക്കുന്ന കുഴൽ കിണർ നന്നാക്കണം.
6. ശ്രീശങ്കര കോളേജ് - ജല വിതരണ പരിപാടി നടപ്പാക്കണം.
7. മൂന്നാം വാർഡിലെ അനധികൃത മണ്ണെടുപ്പ് തടയുക.
8. തോട്ടേക്കാട് ഭാഗത്ത് കുഴൽ കിണർ സ്ഥാപിക്കുക.
9. മറ്റൂർ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുക.
10. മറ്റൂർ ഭാഗത്തെ പഞ്ചായത്ത് കുളങ്ങളും, കിണറുകളും പുനരുദ്ധരിക്കുക.
11. പൊതിയക്കര സെ. ജോസഫ് പള്ളിവക കുളം വികസിപ്പിച്ച് കുടിവെള്ളസൗകര്യം ലഭ്യമാക്കുക.
12. ലോകബാങ്കിന്റെ സഹായത്തോടെ പൊതിയക്കര കുന്നിൽ പണിതുകൊണ്ടിരിക്കുന്ന വാട്ടർ ടാങ്കിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുക.
13. ചാലക്കുടി ഇടതുകരകനാലിലൂടെ വെള്ളം ഒഴുക്കി വിട്ട് വേനൽകാലത്ത് കിണറുകളിലെ ജലനിരപ്പ് താഴുന്നത് തടയുക.
14. അഞ്ചാം വാർഡിൽ നിലവിലുള്ള കുഴൽ കിണർ റിപ്പയർ ചെയ്യുക.
15. പുതുതായി കിണർ കുഴിക്കുന്നവർക്ക് സബ്സിഡി നൽകുക.
16. 24 മണിക്കൂറും പൈപ്പുജലം വിതരണം ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുക.
17. രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മാണിക്യമംഗലം ലക്ഷം വീട് കോളനിയിൽ കുടിവെള്ളമെത്തിക്കുന്നതിന് പോലീസ് സ്റ്റേഷൻ ജംഗ്ഷൻവരെ എത്തി നിൽക്കുന്ന പൈപ്പ് ലൈൻ ലക്ഷം വീട് കോളനിവരെ എത്തിക്കുക. ഇവിടെ ഒരു കുഴൽ കിണർ സ്ഥാപിക്കുക.
18. വേനൽകാലത്ത് പെരിയാറിലെ വെള്ളം ശുദ്ധീകരിച്ച് വരൾച്ചാബാധിത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുക.
19. പൊതു കിണറുകൾ എല്ലാ വർഷവും ശുദ്ധീകരിക്കുക.
20. ആവണംകോട് ലിഫ്റ്റ് ഇറിഗേഷനിൽനിന്ന് പാഴായിപ്പോകുന്ന വെള്ളം മാണിക്യമംഗലം തുറയിൽ എത്തിക്കുക.
21. പഞ്ചായത്തിലെ ഉയരം കൂടിയ പ്രദേശങ്ങളെ കൂടി കണക്കിലെടുത്ത് പുതിയ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുക.
22. ശുദ്ധജല വിതരണത്തിന് ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുക.
23. പെരിയാറിനു കുറുകെ ചെക്ക് ഡാം പണിയുക.

ശുചിത്വം

പരിഷ്കൃതവും, ആരോഗ്യകരവുമായ ജീവിതത്തിന് ശുചിത്വം പാലിക്കേണ്ടത് വളരെ

അത്യന്താപേക്ഷിതമാണ്. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ഗ്രാമവാസികളെ ബോധ്യപ്പെടുത്തണം. അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഗ്രാമത്തിൽ നിരവധിയാണ്. മെറ്റൽക്രഷറുകൾ, വാഹനങ്ങൾ എന്നിവ ഈ ഗ്രാമത്തിൽ വായുമലിനീകരണത്തിനിടയാക്കിയിട്ടുണ്ട്.

ജലമലിനീകരണവും നടക്കുന്നുണ്ടെങ്കിലും ഇത് കുടിവെള്ളത്തെ സാരമായി ബാധിച്ചിട്ടില്ല. ഓടകളിൽ ചപ്പു ചവറുകളും മറ്റും നിക്ഷേപിക്കപ്പെടുന്നതിനാൽ മലിന ജലം കെട്ടിക്കിടന്ന് ദുർഗ്ഗന്ധ പൂരിതമാകുന്നത് തടയേണ്ടിയിരിക്കുന്നു. അമിതമായ രാസവളപ്രയോഗം, കീടനാശിനി പ്രയോഗം എന്നിവ ജലമലിനീകരണത്തിന് ഇടയാക്കിയിട്ടുണ്ട്. കിണറുകളിലേക്ക് മലിന ജലം ഒഴുകിയെത്തി ജലമലിനീകരണം നടക്കാതിരിക്കാൻ ഗ്രാമവാസികളുടെ കിണറുകളുടെ ഭിത്തികെട്ടി സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും സഹായവും ലഭ്യമാണ്. ശബ്ദമലിനീകരണം നടത്തുന്ന മെറ്റൽ ക്രഷറുകൾക്ക് ഗ്രാമത്തിൽ പ്രവർത്തനാനുമതി തടയേണ്ടതുണ്ട്. ആരോഗ്യസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയുടെ മുന്നിൽ വച്ച് ഹോൺ ഉപയോഗിക്കുന്നതും, ഉച്ചഭാഷിണി ഉപയോഗിക്കുന്നതും നിയന്ത്രിക്കണം. ഗ്രാമത്തിലെ വ്യാപാരസ്ഥാപനങ്ങളും വേസ്റ്റ് ബോക്സ് ഉപയോഗിക്കുന്നതിൽ അലംഭാവം കാണിക്കുന്നു. പൊതു സ്ഥാപനങ്ങളുടെ ചുമരുകൾ, പൊതു ബോർഡറുകൾ എന്നിവയിൽ പോസ്റ്റർ ഒട്ടിച്ച് വൃത്തികേടാക്കുന്ന പ്രവണതയും കണ്ടുവരുന്നു. ഇത് തടയുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

മത്സ്യ – മാംസ മാർക്കറ്റിൽ കർശനമായ ശുചീകരണ പ്രവർത്തനം നടക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. മാർക്കറ്റിൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടി പരിസരമലിനീകരണം സൃഷ്ടിക്കുന്നത് തടയേണ്ടിയിരിക്കുന്നു. ഗ്രാമത്തിലെ മുഴുവൻ പേർക്കും ഇനിയും കക്കൂസിൽ സൗകര്യം ലഭ്യമായിട്ടില്ല. പരിസര ശുചിത്വത്തിന്റെ അഭാവം ഒട്ടേറെ പകർച്ചാവ്യാധികൾക്ക് ഇടയാക്കിയിട്ടുണ്ട്. ഗ്രാമത്തിലെ പല പ്രദേശങ്ങളിലും വെള്ളം കെട്ടിക്കിടന്ന് കൊതുകുവളരുന്നതിന് കാരണമായിട്ടുണ്ട്. കൊതുകു പരത്തുന്ന രോഗങ്ങൾ ഗ്രാമവാസികൾക്ക് ഉണ്ടാകുന്നതിന് ഇത് കാരണമാക്കിയിരിക്കുന്നു. ശുചിത്വപൂർണ്ണമായ കക്കൂസ് സൗകര്യങ്ങളുടെ അഭാവവും കൊതുക് വളരുന്നതിന് കാരണമാക്കിയിട്ടുണ്ട്. ജൈവാവശിഷ്ടങ്ങൾ ചീഞ്ഞു നാറാതെ സംസ്കരിക്കുന്നതിന് ഗ്രാമത്തിൽ സംവിധാനം ഇല്ല. പൊതുനിരത്തിൽ തുപ്പുന്നതും, അവശിഷ്ടങ്ങൾ വലിച്ചെറിയുന്നതും തടയുന്നതിന് പ്രയാസം നേരിടുന്നു. ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന വ്യാപാര ശാലകളിൽ ശുചിത്വം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇരുമ്പു തകിടുകൾ, ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, കുപ്പിച്ചില്ലുകൾ എന്നിവ സൃഷ്ടിക്കുന്ന പരിസ്ഥിതി മലിനീകരണവും തടയേണ്ടതുണ്ട്. മായം ചേർന്നതും ഗുണ നിലവാരം കുറഞ്ഞതുമായ ഭക്ഷ്യ വസ്തുക്കളുടെ വിൽപനയും, ഉപഭോഗവും ഗ്രാമത്തിൽ നിയന്ത്രിക്കണം. പൊതുമൂത്രപ്പുരയും, കക്കൂസും ശുചിയായി സൂക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തണം. ആശുപത്രികളിൽ ശുചിത്വം പാലിക്കപ്പെടുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

ഗ്രാമത്തിനു ശുചിത്വം പാലിക്കുന്നതിനുള്ള മാർഗ്ഗ രേഖ

1. ഗ്രാമത്തിലെ മുഴുവൻ കുടുംബങ്ങൾക്കും, കക്കൂസ് സൗകര്യം ഏർപ്പെടുത്തുക.
2. വീടുകളിലെ ജൈവാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുക.
3. ചിട്ടയായതും ശുചിത്വ പൂർണ്ണമായതുമായ ജീവിത രീതികൾ അവലംബിക്കേണ്ടതിന്റെ പ്രാധാന്യം ഗ്രാമവാസികളെ ബോധ്യപ്പെടുത്തുന്നതിന് ഉതകുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
4. കൊതുകു നിവാരണ മാർഗ്ഗങ്ങൾ അവലംബിക്കുക. മലിനജലം കെട്ടിക്കിടക്കുന്നത് തടയുന്നതിനുള്ള ശ്രമം നടത്തുക.
5. ശുചിത്വ രഹിതമായ ജീവിത രീതി മൂലമുണ്ടാകുന്ന പകർച്ചവ്യാധികൾ സംബന്ധിച്ചും നിവാരണമാർഗ്ഗങ്ങൾ സംബന്ധിച്ചുമുള്ള ആരോഗ്യസെമിനാറുകൾ സംഘടിപ്പിക്കുക.
6. ഓരോ വീടിലെയും കിണറുകളിലേക്ക് മ

ലിനജലം ഒഴുകിയെത്തുന്നില്ല എന്ന് ഉറപ്പുവരുത്തുക.

7. പൊതു നിരത്തിൽ തുപ്പുന്നതും, അവശിഷ്ടങ്ങൾ വലിച്ചെറിയുന്നതും നിരുൽസാഹപ്പെടുത്തുക.
8. പൊതു സ്ഥാപനങ്ങൾ, ബോർഡുകൾ, എന്നിവിടങ്ങളിൽ പോസ്റ്റർ പതിക്കുന്നത് തടയുക.
9. ജനങ്ങൾ കുടിവെള്ളത്തിനു ആശ്രയിക്കുന്ന കിണർ, വാട്ടർ ടാപ്പ് എന്നിവയുടെ പരിസരത്ത് കന്നുകാലികളെ കുളിപ്പിക്കുന്നത് തടയുക.
10. പാതയോരത്തുള്ള അറവുശാലകൾ നിർത്തലാക്കുക.
11. മത്സ്യ - മാംസമാർക്കറ്റുകളിൽ കർശനമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക.
12. ജൈവാവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
13. പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഉപകാരപ്രദമായ വസ്തുക്കൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഗ്രാമവാസികൾക്ക് ലഭ്യമാക്കുക.
14. ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്, കുപ്പിച്ചില്ലുകൾ, ഇരുമ്പുതകിടുകൾ മുതലായവ പുനരുൽപ്പാദനത്തിന് ഉപയോഗപ്പെടുത്തുക.
15. ഹോട്ടലുകൾ, വ്യാപാര ശാലകൾ, വ്യവസായ ശാലകൾ, എന്നിവിടങ്ങളിലെ മലിനജല നിർഗ്ഗമനമാർഗ്ഗങ്ങൾ കുറ്റമറ്റവയാണെന്ന് ഉറപ്പുവരുത്തുക.
16. ഓരോ വ്യാപാര സ്ഥാപനവും വേസ്റ്റ് ബോക്സ് ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുക.
17. കൊതുകു നിവാരണത്തിന് ചിലവു കുറഞ്ഞ മാർഗ്ഗങ്ങൾ ഗ്രാമത്തിൽ പ്രചരിപ്പിക്കുക.
18. തോടരികിലുള്ള ഓടകൾ കാലാകാലങ്ങളിൽ വൃത്തിയാക്കുക.
19. ജൈവാവിശിഷ്ടങ്ങൾ ഊർജ്ജോൽപാദനത്തിന് ഉപയോഗിക്കുക.
20. വളർത്തു മൃഗങ്ങൾക്കു ശുചിത്വപൂർണ്ണമായ പരിചരണം നല്കുക.
21. പൊടി, മണൽ, എന്നിവ കൊണ്ടുപോകുന്ന വാഹനങ്ങൾ ടാർപ്പായ ഇട്ടു മൂടി മാത്രം കൊണ്ടു പോകുവാൻ അനുവദിക്കുക.
22. പരിസര മലിനീകരണം സൃഷ്ടിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ മലിനീകരണ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് നടപടിയെടുക്കുക.
23. ആശുപത്രികളിൽ ശുചീകരണ പ്രവർത്തനം നടക്കുന്നു എന്ന് ഉറപ്പുവരുത്തുക.
24. ശബ്ദ മലിനീകരണം നിയന്ത്രിക്കുക.
25. പൊതു മൂത്രപ്പുര, കക്കൂസ് എന്നിവ ശുചിയായി സൂക്ഷിക്കുക.
26. ജനപങ്കാളിത്തത്തോടെ ഗ്രാമത്തിൽ കൂടുതൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക.
27. ജൈവ കീട നിയന്ത്രണ മാർഗ്ഗങ്ങൾക്ക് പ്രചാരം നൽകുക, കീടനാശിനി പ്രയോഗം നിയന്ത്രിക്കുക.
28. ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന വ്യാപാരശാലകളിൽ ശുചിത്വം പാലിക്കുന്നതിന് നടപടിയെടുക്കുക.
29. വിദ്യാലയങ്ങൾ, സിനിമാ ശാലകൾ, സമ്മേളന ശാലകൾ എന്നിവിടങ്ങളിൽ ശുചിത്വം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
30. പൊതു സ്ഥാപനങ്ങളിൽ പുകവലി നിരോധിക്കുക.
31. പരിസര ശുചീകരണത്തിനു ജനപങ്കാളിത്തം ഉറപ്പാക്കുക.
32. ഗ്രാമത്തിൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നത് തടയുക.
33. പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക.

മേൽപറഞ്ഞ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് കർമ്മസമിതികൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടിക്ക് ഗ്രാമപഞ്ചായത്ത് പ്രാധാന്യം നൽകിയിരിക്കുന്നു.

ശുചിത്വത്തെ സംബന്ധിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. മരോട്ടിച്ചോട് ബാലവാടി ഭാഗത്തെ വായുമലിനീകരണം തടയുക.
2. മൂന്നാം വാർഡിൽ അന്തരീക്ഷമലിനീകരണം ഉണ്ടാക്കിയേക്കാവുന്ന വ്യവസായങ്ങൾക്ക്

അനുമതി കൊടുക്കാതിരിക്കുക.

3. ഗ്രാമത്തിലെ മുഴുവൻ പേർക്കും കക്കൂസ് സൗകര്യം ലഭ്യമാക്കുക.

4. 5-ാം വാർഡിൽ 50 പുതിയ കക്കൂസുകൾ നിർമ്മിച്ചു നൽകുക.

5. മറ്റൂർ ഗവ: ആശുപത്രിയിൽ കൂടുതൽ ശുചിത്വവും, സൗകര്യങ്ങളും ലഭ്യമാക്കുക.

6. പൊതു സ്ഥലങ്ങളിൽ പക്ഷി മൃഗാദികൾ ചത്തു കിടന്നാൽ അവ ഉടൻ തന്നെ നീക്കം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക.

7. കാലടി മാർക്കറ്റിൽ നിന്നുള്ള അവശിഷ്ടങ്ങൾ പൊതു കനാലിൽ നിക്ഷേപിക്കുന്ന പ്രവണത തടയുക. മാർക്കറ്റിലെ അവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.

8. അന്തരീക്ഷമലിനീകരണം സൃഷ്ടിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഗ്രാമത്തിൽ പ്രവർത്തിക്കാൻ അനുമതി കൊടുക്കാതിരിക്കുക.

9. ഗ്രാമവാസികൾ കുടിക്കുന്ന ജലം ശുദ്ധമാണ് എന്ന് ഉറപ്പുവരുത്തുക.

10. പഞ്ചായത്ത് വക പൊതു ശ്മശാനം നന്നാക്കുക.

11. കച്ചവട സ്ഥാപനങ്ങളിൽ നിന്ന് നീക്കം ചെയ്യുന്ന അവശിഷ്ടങ്ങൾ റോഡിൽ നിക്ഷേപിക്കുന്നത് തടയുക.

12. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുക.

13. അശാസ്ത്രീയമായ രീതിയിൽ കോഴി, കാലി, പന്നി എന്നിവ വളർത്തുന്നതുകൊണ്ട് തൊട്ടടുത്ത പരിസരങ്ങളിൽ ഉണ്ടാകുന്ന ദുർഗന്ധം സാംക്രമിക രോഗങ്ങൾക്കിടയാക്കുന്നതിനാൽ ഈ പ്രവണത തടയുക.

14. പൊതുനിരത്തിലും, കാനകളിലെയും അഴുക്ക് വെള്ളം ഒഴുക്കിക്കളയുന്നതിന് നടപടിയുണ്ടാക്കുക.

15. ചപ്പുചവറുകൾ റോഡിലിടുന്നത് കർശനമായി നിരോധിക്കുക.

16. ചപ്പുചവറുകൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

17. പെരിയാറിലേക്ക് അഴുക്കുജലം ഒരു കാരണവശാലും ഒഴുകാൻ അനുവദിക്കാതിരിക്കുക.

18. കാലടി പാലത്തിന്റെ ചുവട്ടിൽ നിന്ന് മണൽ വാരുന്നത് കർശനമായി നിരോധിക്കുക.

19. ആശുപത്രികൾ, പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ എന്നിവയിൽ നിന്നും നേരിട്ട് മലിന പദാർത്ഥങ്ങൾ പുറത്തോട്ട് വിടുന്നത് തടയുക.

20. ഫാക്ടറികൾ, സംസ്കരണശാലകൾ, ആസിഡ് ട്രീറ്റ്മെൻറ് സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും പുറത്തുവിടുന്ന കരിയും, പുകയും മറ്റ് അവശിഷ്ടങ്ങളും പരിസരമലിനീകരണത്തിനിടയാക്കുന്നുണ്ട്. ഇത് സത്വരമായി തടയുക.

21. പെട്രോളിൽ ഡീസലും, മണ്ണെണ്ണയും കലർത്തി ഓടിക്കുന്നതായ അന്തരീക്ഷമലിനീകരണം സൃഷ്ടിക്കുന്ന വാഹനങ്ങൾ ഗ്രാമത്തിൽ ഗതാഗതം നടത്തുന്നത് കർശനമായി തടയുക.

22. കാലടി മാർക്കറ്റിലെ ചപ്പുചവറുകളും, അറവു ശാലകളിലെ അവശിഷ്ടങ്ങളും അപ്പോഴപ്പോൾ നീക്കം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക. പുതിയ സ്ഥലത്തേക്ക് മാർക്കറ്റ് മാറ്റി സ്ഥാപിക്കുക.

23. ശങ്കര സ്തൂപത്തിന് എതിർവശത്ത് ബസ്സ്റ്റാൻറിനോട് അനുബന്ധിച്ച് മനോഹരമായ ഒരു പാർക്ക് നിർമ്മിക്കുക.

24. 10-ാം വാർഡിൽ ക്രഷറുകളിൽ നിന്ന് പുറത്തേക്കു തള്ളുന്ന പാറപ്പൊടി സൃഷ്ടിക്കുന്ന അന്തരീക്ഷമലിനീകരണം ജനജീവിതം ദുഃസ്സഹമാക്കിയിട്ടുണ്ട്. ഒട്ടേറെ ശ്വാസകോശരോഗങ്ങൾക്ക് കാരണമായ ഈ വായു മലിനീകരണം തടയുന്നതിന് സത്വരമായ നടപടി സ്വീകരിക്കണം.

25. ഗ്രാമത്തിൽ കൊതുകുശല്യം വളരെ വർദ്ധിച്ചിട്ടുണ്ട്. ആയതിനാൽ കൊതുകു നിവാരണ പരിപാടികൾ നടപ്പിലാക്കണം.

26. അഴുക്കു ചാലുകൾ നിർമ്മിക്കുന്നതിനും അവ ശുചിയായി പരിപാലിക്കുന്നതിനും നടപടി സ്വീകരിക്കുക.

27. ഹരിജൻ കോളനികളിൽ പൊതു കക്കൂസുകൾ സ്ഥാപിക്കുക.

28. നാട്ടിൻ പുറങ്ങളിലുള്ള അറവുശാലകൾ നിരോധിക്കുക. പഞ്ചായത്ത് തലത്തിൽ ആധുനിക രീതിയിലുള്ള അറവുശാല പണിയുക. ഭക്ഷ്യയോഗ്യമായ മൃഗങ്ങളെ മാത്രം കശാപ്പു

ചെയ്യാൻ അനുവദിക്കുക.

29. എല്ലാ റോഡിന്റെയും സൈഡിൽ ഡ്രൈയിനേജ് സൗകര്യം ഉണ്ടാക്കുക. യഥാസമയങ്ങളിൽ അവ വൃത്തിയാക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുക.

30. ഗ്രാമത്തിൽ സമ്പൂർണ്ണ ശുചിത്വം നടപ്പിലാക്കുക.

പൊതുജനാരോഗ്യം

ആരോഗ്യമുള്ള ഒരു ജനത നാടിന്റെ സമ്പത്താണ്. മാനവ വിഭവശേഷിയുടെ സമ്പൂർണ്ണമായ പ്രയോജനം നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിന് ആരോഗ്യമുള്ള ഒരു തലമുറയെ വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഗ്രാമീണ ജനതയുടെ വരുമാനത്തിൽ ഏറിയ പങ്കും ചികിൽസാ ചിലവുകൾക്കായി നീക്കിവക്കപ്പെടുന്നത് ഗ്രാമത്തിൽ ദാരിദ്രം പെരുകുന്നതിന് ഇടയാക്കും. ഗ്രാമത്തിൽ രോഗപ്പകർച്ചയുണ്ടാക്കുന്ന കാരണങ്ങളെ സംബന്ധിച്ച് വിവരം ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ രോഗനിവാരണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. 'ആരോഗ്യം സമ്പത്ത് ' എന്ന മുദ്രാവാക്യത്തിന് പ്രചാരം വർദ്ധിപ്പിക്കുന്നതോടൊപ്പം ഗ്രാമീണജനത ആരോഗ്യകരമായ ചുറ്റുപാടിൽ ജീവിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ആരോഗ്യരംഗത്ത് കേരളം അഭൂതപൂർവ്വമായ വളർച്ച കൈവരിച്ചിട്ടുണ്ടെങ്കിലും ഗ്രാമീണ ജനതയുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. വർദ്ധിച്ചുവരുന്ന ജനസംഖ്യക്ക് ആനുപാതികമായി ആശുപത്രികളുടേയും മറ്റ് രോഗനിർണ്ണയ കേന്ദ്രങ്ങളുടെയും വർദ്ധനവ് ഉണ്ടാകാത്തതും ഈ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഭക്ഷണം, പരിസ്ഥിതി മുതലായ ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പട്ടിണി മരണങ്ങൾ ഗ്രാമത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെങ്കിലും ഭക്ഷണത്തിൽ മായം കലരുന്നതിനെ തുടർന്നുണ്ടാകുന്ന പ്രശ്നം ഒട്ടനവധി രോഗങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. വിഷാംശം കലർന്ന ഭക്ഷ്യവസ്തുക്കളെ സംബന്ധിച്ച് ഗ്രാമവാസികൾക്ക് വിവരം നൽകേണ്ടിയിരിക്കുന്നു. അന്തരീക്ഷമലിനീകരണവും ജനതയുടെ രോഗങ്ങൾക്ക് ഇടയാക്കുന്നു. ഇതിൽ ഏറ്റവും രൂക്ഷമായത് വായുമലിനീകരണമാണ്. കൊതുകുപരത്തുന്ന രോഗങ്ങളും ഗ്രാമീണ ജനതക്ക് ഭീഷണിയായി തുടരുന്നു. ഗ്രാമത്തിലെ മുഴുവൻ പേർക്കും ശുചിത്വപൂർണ്ണമായ കക്കൂസ് സൗകര്യങ്ങൾ ഇല്ലാത്തതും വർഷക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നതുമൂലം കൊതുകുകൾ വളരുന്നതും ഗ്രാമത്തിലെ ആരോഗ്യ പ്രശ്നം പരിഹരിക്കുന്നതിന് വെല്ലുവിളിയായി തുടരുന്നു. ക്രഷറുകൾ പുറന്തള്ളുന്ന പാറപ്പൊടി അന്തരീക്ഷ മലിനീകരണത്തിനിടയാക്കാതിരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും, പാറപ്പൊടിയും മറ്റ് പൊടികളും കയറ്റിപ്പോകുന്ന ലോറികൾ ടാർപായ ഇട്ടുമൂടി പോകാതിരിക്കുന്നത് വായു മലിനീകരണത്തിന് ഇടയാക്കിയിട്ടുണ്ട്. ശ്വാസകോശ സംബന്ധമായ ഒട്ടനവധി രോഗങ്ങൾക്ക് ഇത് ഇടയാക്കുന്നു. വേനൽ കാലത്തുണ്ടാകുന്ന ജലദൗർലഭ്യം, വ്യവസായ സ്ഥാപനങ്ങൾ പുറന്തള്ളുന്ന മാലിന്യങ്ങൾ സൃഷ്ടിക്കുന്ന അന്തരീക്ഷ മലിനീകരണം, അറവുശാലകളിലും, പച്ചക്കറി ചന്തകളിലും ശുചീകരണപ്രവർത്തനം കൃത്യമായി നടക്കാത്തത്, വാഹനങ്ങൾ പുറത്തുതള്ളുന്ന കാർബൺ-മോണോക്സൈഡ്, അശാസ്ത്രീയമായ മൃഗപരിപാലനം, മലിനജല നിർഗ്ഗമന സംവിധാനത്തിൽ ഉണ്ടാകുന്ന പാളിച്ചകൾ, അലഞ്ഞു തിരിയുന്ന നായ്ക്കൾ, എലികൾ, ചപ്പുചവറുകൾ മുതലായവയാണ് ഗ്രാമത്തിൽ രോഗഹേതുക്കളായിട്ടുള്ള മറ്റു ഘടകങ്ങൾ. മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, ചെങ്കണ്ണ് രോഗം, അഞ്ചാംപനി, ടൈഫോയ്ഡ്, വിരകൾ മൂലമുണ്ടാകുന്ന അസുഖങ്ങൾ, കോളറ, ശ്വാസകോശരോഗങ്ങൾ, അൾസർ, വാതസംബന്ധമായ രോഗങ്ങൾ, വിഷജന്തുക്കൾ കടിക്കുന്നതു മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങൾ മുതലായവ ഗ്രാമത്തിലെ ജനങ്ങൾക്ക് പിടിപെടുന്ന ചില രോഗങ്ങളാണ്. മദ്യപാനം, പുകവലി, മരുന്നുകളുടെ ദുരുപയോഗം മുതലായവ ഗ്രാമവാസികളുടെ ആരോഗ്യകരമായ ജീവിതത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ജനങ്ങളുടെ

ജീവിത രീതിയിൽ അനുക്രമമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഒട്ടേറെ മാനസിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. മാനസികമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന രോഗങ്ങൾ ഗ്രാമത്തിലെ ജനങ്ങൾക്കിടയിൽ ഉണ്ടാകാനുള്ള സാധ്യതയും ഇല്ലാതെയില്ല.

ഗ്രാമവാസികൾക്ക് രോഗം പിടിപെടാനുള്ള സാധ്യതകൾ ഏറെയാണെങ്കിലും രോഗ നിവാരണത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ തികഞ്ഞ ജാഗ്രത പുലർത്തേണ്ടത് ആവശ്യമാണ്. ഈ അവസരത്തിലാണ് പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ പ്രസക്തി പരിശോധിക്കേണ്ടത്. ഗ്രാമത്തിൽ പടർന്നു പിടിക്കാനിടയുള്ള പകർച്ച വ്യാധികളെ സംബന്ധിച്ച് വിവരം ശേഖരിക്കുകയും, ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് ഗ്രാമവാസികളെ ബോധവൽക്കരിക്കുകയും ചെയ്യേണ്ടതാണ്. 'ചെറിയ കുടുംബം സന്തുഷ്ടകുടുംബം' എന്ന ആശയത്തിന് പ്രസക്തിയേറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ കുടുംബാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തണം. കേവലം ജനന നിയന്ത്രണമാണ് കുടുംബാസൂത്രണമെന്ന സ്ഥിതിയിൽ നിന്ന് കുടുംബത്തിന്റെ ആരോഗ്യകരമായ ജീവിതത്തിന് ഉതകുന്ന എല്ലാവിധ ആസൂത്രണവും കുടുംബാസൂത്രണ പ്രക്രിയയുമായി ബന്ധപ്പെടുത്തി പരിശോധിക്കേണ്ടതുണ്ട്. ഗ്രാമീണ ജനതയുടെ ആരോഗ്യകരമായ ജീവിതത്തിനുതകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടത് വളരെ അത്യാവശ്യമാണ്. രോഗം മൂലം കഷ്ടപ്പെടുന്ന ജനതക്ക് ആശ്വാസമെത്തിക്കാൻ സംവിധാനം സൃഷ്ടിക്കണം. ഗ്രാമത്തിലെ ജനതയെ സംബന്ധിച്ചിടത്തോളം മാരകരോഗങ്ങളുടെ ചികിൽസാ ചിലവ് താങ്ങാനാവാത്തതാണ്. യഥാസമയം രോഗനിർണ്ണയം നടത്തുന്നതിന് ഗ്രാമത്തിൽ സംവിധാനം ഇല്ലാത്തത് പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു. ക്യാൻസർ, ക്ഷയം, മുതലായ അസുഖങ്ങൾ മൂലം കഷ്ടപ്പെടുന്നവർക്ക് വൈദ്യസഹായവും, സാമ്പത്തിക സഹായവും നൽകുന്നതിന് സംവിധാനം സൃഷ്ടിക്കേണ്ടതാണ്. ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ള കാലടിയിൽ വിവിധ രോഗങ്ങൾ ബാധിച്ച ഭിക്ഷാടകർ വളരെയേറെ ഓരോ സീസണിലും എത്തിച്ചേരുന്നുണ്ട്. ഇവർ ഗ്രാമവാസികൾക്കിടയിൽ രോഗപ്പകർച്ചക്ക് ഇടയാക്കാതിരിക്കുന്നതിനും സംവിധാനം സൃഷ്ടിക്കേണ്ടതുണ്ട്. ശുചിത്വ പൂർണ്ണമായ അന്തരീക്ഷം ഗ്രാമത്തിൽ സൃഷ്ടിക്കുക എന്നത് ആരോഗ്യ സംരക്ഷണത്തിന് അനിവാര്യമാണ്. വിവിധ രോഗങ്ങളെയും, രോഗകാരണങ്ങളെയും, പരിഹാരമാർഗ്ഗങ്ങളെയും സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതും അനിവാര്യമാണ്. കൂടാതെ ചിലവു കുറഞ്ഞ ചികിൽസാരീതികൾ ഗ്രാമത്തിൽ പ്രചരിപ്പിക്കണം, നാട്ടുവൈദ്യം, പ്രകൃതി ചികിൽസ മുതലായവക്ക് ഗ്രാമത്തിൽ പ്രചാരം നൽകണം. ചികിൽസാരംഗം ഉപഭോക്തസംരക്ഷണ നിയമത്തിന്റെ കീഴിൽ വന്നിരിക്കുന്നതിനാൽ ഗ്രാമത്തിലെ ജനങ്ങൾക്ക് ഈ നിയമം സംബന്ധിച്ച ബോധവൽക്കരണം നൽകേണ്ടത് വളരെ ആവശ്യമാണ്. മെഡിക്കൽ സ്റ്റോറുകളിലെ ചികിൽസയും പൂർണ്ണമായും ഒഴിവാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. മായം കലർന്ന ഭക്ഷണപദാർത്ഥങ്ങൾ ഗ്രാമത്തിൽ വിറ്റഴിക്കുന്നത് തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യസ്ഥാപനങ്ങളിൽ ശുചിത്വം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും വളരെ അത്യന്താപേക്ഷിതമാണ്.

ഗ്രാമത്തിലെ ആരോഗ്യ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

1. പാരമ്പര്യ വൈദ്യ ചികിൽസ:

ഗ്രാമത്തിൽ പാരമ്പര്യവൈദ്യചികിൽസാ സൗകര്യം ലഭ്യമാണ്. വളരെ ചിലവു കുറഞ്ഞ ചികിൽസാ രീതിയാണ് ഇത്. ഗ്രാമത്തിലെ പുരാതനമായ ചില കുടുംബങ്ങളിലാണ് ഈ ചികിൽസാ സൗകര്യം ലഭ്യമായിട്ടുള്ളത്. കണ്ണ്ചികിൽസ, വിഷചികിൽസ, ത്വക്ക് രോഗങ്ങൾക്കുള്ള ചികിൽസ, ഉദര സംബന്ധവും, ശിരോ സംബന്ധവുമായ അസുഖങ്ങൾക്കുള്ള ചികിൽസ, വാത രോഗങ്ങൾക്കുള്ള ചികിൽസ മുതലായവയാണ് പ്രധാന ചികിൽസകൾ. അയ്യപ്പൻ നടേപ്പിള്ളിയുടെ വിഷചികിൽസ വളരെ പ്രസിദ്ധമാണ്. വർഷംതോറും നിരവധി രോഗികൾ ഇവിടെ ചികിൽസാർത്ഥം എത്തിച്ചേരുന്നുണ്ട്.

മഞ്ഞപ്പിത്ത ചികിൽസക്ക് പേരുകേട്ട ചികിൽസ നൽകാര്യം മറ്റൂരിൽ- മാഞ്ഞൂക്കാരൻ- ഇട്ടീരയുടെ ഭവനത്തിൽ ഉണ്ട്. വിജയൻ വൈദ്യർ, ബാലൻ വൈദ്യർ തുടങ്ങിയവർ മറ്റു പാരമ്പര്യ വൈദ്യന്മാരാണ്. പാരമ്പര്യവൈദ്യം അന്യം നിന്നുപോകാതിരിക്കുന്നതിന് സംവിധാനം സൃഷ്ടിക്കേണ്ടത് വളരെ അനിവാര്യമാണ്.

പ്രകൃതി ചികിൽസ

കാലടി ഗ്രാമത്തിൽ വളരെയധികം പ്രചാരം നേടിയിട്ടുള്ള ചികിൽസാ രീതികളിലൊന്നാണ് പ്രകൃതി ചികിൽസ. വളരെ ചിലവു കുറഞ്ഞതും പ്രായോഗികവും ആയ ഈ ചികിൽസാരീതി ജനതയുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രയോജനപ്പെടുത്തേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. ഡോ: സി.ആർ.ആർ. വർമ്മയുടെ നേതൃത്വത്തിൽ പ്രകൃതി ചികിൽസാകൃാമ്പുകൾ കാലടിയിൽ വർഷംതോറും നടത്തപ്പെടുന്നുണ്ട്. ഡോ: പി.പി.ദേവസ്യ ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു പ്രകൃതി ചികിൽസാ വൈദ്യനാണ്.

ആയുർവേദ ചികിൽസ

ആയുർവേദ ചികിൽസാ രംഗത്ത് കാലടി ഗ്രാമപഞ്ചായത്തിന് വളരെയേറെ വർഷത്തെ ചരിത്രം ഉണ്ട്. പാരമ്പര്യമായി ആയുർവേദ ചികിൽസാ സൗകര്യവും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നൂറിൽ പരം വർഷങ്ങൾക്കു മുമ്പ് മുതൽ പ്രചാരത്തിലിരുന്നിരുന്ന ഇവയിൽ ചില ആയുർവേദ സ്ഥാപനങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ശ്രീ. കുഞ്ഞപ്പൻ വൈദ്യർ നടത്തുന്ന ആയുർവേദ ചികിൽസാലയം ഇതിലൊന്നാണ്. ആയുർവേദ ഭിഷഗ്വരനായ അന്തരിച്ച ശ്രീ. സോമശേഖരൻ വൈദ്യർ ആയുർവേദ ചികിൽസാ രംഗത്ത് നൽകിയ സംഭാവനകൾ എടുത്തു പറയേണ്ടതാണ്. ഒട്ടനവധി ആയുർവേദ ചികിൽസാ സൗകര്യങ്ങൾ ഗ്രാമത്തിൽ ആദ്യകാലത്ത് ലഭ്യമായിരുന്നെങ്കിലും കാലക്രമേണ ഈ ചികിൽസാ രീതിക്ക് ഗ്രാമത്തിൽ പ്രധാന്യം കുറഞ്ഞു. എന്നിരുന്നാലും ഒട്ടുവളരെപ്പേരുടെ ആശ്രയമായി ഇന്നും ആയുർവേദ ചികിൽസ സാരംഗം നിലനിൽക്കുന്നു എന്നത് ആശ്വാസകരമാണ്. അങ്ങാടിമരുന്നും വ്യാപാരവും കാലടിയിൽ സജീവമാണ്. പച്ചമരുന്നുകളുടെ ദൗർലഭ്യം ഈ വ്യാപാരത്തെദേഷകരമായി ബാധിച്ചിട്ടുണ്ട്. ഒട്ടേറെ ആയുർവേദ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന ആയുർവേദ ഫാർമസികൾ ഗ്രാമത്തിലുണ്ട്. വൻകിട ആയുർവേദ മരുന്നുൽപ്പാദന സ്ഥാപനങ്ങളിൽ നിർമ്മിക്കപ്പെടുന്ന ആയുർവേദ മരുന്നുകളും ഗ്രാമത്തിൽ വിറ്റഴിക്കപ്പെടുന്നു. ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. ഗവ: ആയുർവേദ ചികിൽസാലയങ്ങൾ ഗ്രാമത്തിൽ ഇല്ല എന്നുള്ളത് ഒരു പരിമിതിയായി നിലനിൽക്കുന്നു. ആയുർവേദ ചികിൽസാ സമ്പ്രദായം പ്രോൽസാഹിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ഹോമിയോ ചികിൽസാ

ആധുനിക ചികിൽസാ സൗകര്യങ്ങൾ ഗ്രാമവാസികൾക്ക് ലഭ്യമാക്കുന്നതിന് ഇനിയും സാധിച്ചിട്ടില്ലെങ്കിലും ഹോമിയോ ചികിൽസാ സമ്പ്രദായം ഗ്രാമത്തിൽ പ്രചാരം നേടിയിരിക്കുന്നു. പാർശ്വഫലങ്ങൾ കുറഞ്ഞ ചികിൽസ എന്ന നിലക്ക് ഹോമിയോ ചികിൽസക്ക് വിശ്വാസ്യത ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്വകാര്യ രംഗത്ത് ചില ഹോമിയോ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണെങ്കിലും, രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്.

ഗവൺമെൻറ് ഹോമിയോ ഡിസ്പൻസറിയും കാലടിയിൽ പ്രവർത്തിക്കുന്നുണ്ട്. നിരവധി പരിമിതികൾക്കകത്തു നിന്നുകൊണ്ടാണ് ഈ ഹോമിയോ ഡിസ്പൻസറി പ്രവർത്തിക്കുന്നത്. ഡിസ്പൻസറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭിച്ചിട്ടില്ല. ഡിസ്പൻസിറിയിൽ നിന്ന് മരുന്നുകൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ ബോട്ടിലുകൾ, കവറുകൾ, ബട്ടർ പേപ്പർ എന്നിവയുടെ അഭാവം മരുന്നു വിതരണത്തെ സാരമായി ബാധിക്കുന്നു. എല്ലാവർഷവും ആവശ്യമായിവരുന്ന മരുന്നുകൾ കൃത്യമായ അളവിൽ ലഭിക്കാത്തതും, പലമരുന്നുകളുടെ അഭാവവും ചികിൽസയെ പ്രതികൂമായി ബാധിക്കുന്നു. സ്വകാര്യ മെഡിക്കൽ സ്റ്റോറു

കളിൽ നിന്ന് മരുന്നുകൾ വില കൊടുത്തു വാങ്ങാൻ ഇതുമൂലം രോഗികൾ നിർബന്ധിതരാകുന്നു. ആശുപത്രി വികസന സമിതികൾ സജീവമല്ലാത്തതും ഹോമിയോ ഡിസ്പൻസറിയുടെ പ്രവർത്തനത്തെ ദോഷകരമാക്കിതീർത്തിരിക്കുന്നു.

ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറിയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ:-

ഡിസ്പെൻസറി സ്ഥിതിചെയ്യുന്നത് : മാണിക്യമംഗലം N.S.S. കരയോഗംവക കെട്ടിടത്തിൽ

അനുവദിച്ചിരിക്കുന്ന തസ്തികകളുടെ എണ്ണം : (4)

(1) മെഡിക്കൽ ഓഫീസർ (2) ഫാർമസിസ്റ്റ്

(3) അറ്റൻറർ (4) പി.ടി.എസ്.

ഒഴിവ് : സ്വീപ്പർ തസ്തിക

രോഗികളുടെ വിവരങ്ങൾ:-

1996-'97 ൽ ഒക്ടോബർ 31 വരെ - 2786 പുതിയ രോഗികൾ രജിസ്റ്റർ ചെയ്തു.

കുട്ടികൾ : 818

സ്ത്രീകൾ : 1416

പുരുഷന്മാർ : 552

പഴയരോഗികൾ - 9200

കുട്ടികൾ : 2875

സ്ത്രീകൾ : 4645

പുരുഷന്മാർ : 1680

1996 - '97 ൽ ഗവ: ഹോമിയോ ഡിസ്പെൻസറിയിൽ രജിസ്റ്റർ ചെയ്ത രോഗികളെ സംബന്ധിച്ച വിശദമായ കണക്ക് താഴെ കൊടുക്കുന്നു.

96-97	പുതിയ രോഗികൾ			പഴയരോഗികൾ			
	പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ	പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ	
ഏപ്രിൽ	53	225	121	227	877	378	പുരുഷന്മാർ - 2575, സ്ത്രീകൾ - 6187, കുട്ടികൾ - 4174 ആകെ - 12936
മെയ്	117	292	155	198	665	289	
ജൂൺ	42	141	90	162	518	275	
ജൂലൈ	91	205	118	276	618	568	
ആഗസ്റ്റ്	101	181	118	294	631	554	
സെപ്റ്റംബർ	102	156	108	445	773	673	
ഒക്ടോബർ	100	209	135	367	696	592	
ആകെ	606	1409	845	1969	4776	3329	

ഈ ലിസ്റ്റ് ചില സവിശേഷതകൾ സൂചിപ്പിക്കുന്നു.

(1) രോഗികളിൽ ഏറിയ പങ്കും സ്ത്രീകളാണ്.

(2) കുട്ടികൾ രോഗികളായിട്ടുള്ളവർരണ്ടാമത് നിൽക്കുന്നു.

(3) രോഗികളായ പുരുഷന്മാരുടെ എണ്ണം സ്ത്രീകളുടേതിനേക്കാൾ നേർ പകുതിയാണ്.

(4) പുതിയ രോഗികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ്.

മേൽപ്പറഞ്ഞ സംഗതികൾ കണക്കിലെടുത്താൽ ആരോഗ്യരംഗത്ത് വലിയ പുരോഗതി ഉണ്ടെന്ന് കണക്കാക്കാൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. സ്ത്രീകളുടെയും കുട്ടികളുടെയും രോഗങ്ങൾ വർദ്ധിച്ചു വരുന്നത് ഉത്കണ്ഠാജനകമാണ്.

അലോപ്പതി ചികിൽസ

അലോപ്പതി ചികിൽസാ രംഗത്ത് കൂടുതൽ സ്വാധീനം ചെലുത്തിയിരിക്കുന്നത് സ്വകാര്യ ആരോഗ്യസ്ഥാപനങ്ങളാണ്. മെച്ചപ്പെട്ട ചികിൽസാ സൗകര്യം നൽകുന്നതി

സ്വകാര്യ ആശുപത്രികൾ ശ്രമിക്കുണ്ട് എന്നത് ആശ്വാസകരമാണെങ്കിലും അലോപ്പതി ചികിൽസ വൻ സാമ്പത്തിക ചിലവേറിയതിനാൽ ഗ്രാമവാസികൾ ബുദ്ധിമുട്ടുന്നുണ്ട്. മരുന്നുകളുടെ ആധിക്യം, പാർശ്വഫലങ്ങൾ, മുതലായവ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും നിരവധിയാണ്. രോഗം പെട്ടെന്ന് ശമിപ്പിക്കാനുള്ള അലോപ്പതി വൈദ്യത്തിന്റെ വിശേഷത കണക്കിലെടുത്ത് ഗ്രാമത്തിലെ ഒട്ടേറെപ്പേർ ഈ ചികിൽസാ സമ്പ്രദായത്തിൽ തല്പരരാണ്. മെഡിക്കൽ സ്റ്റോറുകളിലെ ചികിൽസ ഒഴിവാക്കേണ്ടത് വളരെ അനിവാര്യമായ ഒന്നാണ്. ജീവൻ രക്ഷാ മരുന്നുകളേക്കാൾ, ടോണിക്കുകൾക്കും മറ്റ് വിറ്റാമിൻ ഗുളികകൾക്കും നൽകുന്ന പ്രാധാന്യം രോഗികളെ മരുന്നു കമ്പനികളുടെ ചൂഷണത്തിനിടയാക്കിയിട്ടുണ്ട്. ഇതു പരിഹരിക്കണം. മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ അലോപ്പതി ആശുപത്രികളിൽ ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. ജനങ്ങളുടെ ആരോഗ്യരക്ഷാ രംഗത്ത് സ്വകാര്യ ആശുപത്രികൾ നൽകുന്ന സംഭാവന വിലപ്പെട്ടതാണ്.

ഗവൺമെൻറിന്റെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ മറ്റൂരിലാണ് സ്ഥാപിതമായിരിക്കുന്നത്. ഒട്ടേറെ പരിമിതികൾക്കകത്തു നിന്നാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ആശുപത്രി വികസന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നതിനാൽ ഭാവിയിൽ പുരോഗതിക്ക് സാധ്യതയുണ്ട്. കുറച്ച് രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സംവിധാവം ഈ ആശുപത്രിയിലുണ്ടെങ്കിലും വർദ്ധിച്ചു വരുന്ന രോഗികളുടെ ദൗർലഭ്യം രോഗചികിൽസയെ സാരമായി ബാധിച്ചിട്ടുണ്ട്. ആവശ്യമായ കെട്ടിടങ്ങൾ ഇല്ലാത്തത് രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് പ്രയാസം നേരിടുന്നതിനിടയാക്കിയിരിക്കുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു അത്യാഹിതവിഭാഗം ഈ ആരോഗ്യ സ്ഥാപനത്തിൽ പ്രവർത്തിക്കേണ്ടത് വളരെ അത്യാവശ്യമാണ്. നിലവിലുള്ള കെട്ടിടങ്ങൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതു മൂലം ഭിത്തികൾക്ക് കേടുസംഭവിച്ചിട്ടുണ്ട്. ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ ഒന്നും തന്നെ ഈ ആശുപത്രിയിൽ ഇല്ല. മൂന്നും, നാലും രോഗികളെ ഒരു മുറിയിൽവച്ച് ഒരേസമയം പരിശോധിക്കുന്നതിനാൽ രോഗനിർണ്ണയത്തിന്റെയും ചികിൽസയുടെയും സ്വകാര്യത നഷ്ടപ്പെടുന്നു. എല്ലാത്തരം ജീവൻ രക്ഷാ മരുന്നുകളും ഈ ആശുപത്രിയിൽ ലഭ്യമല്ല. വിവിധ രോഗനിർണ്ണയത്തിന് സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുടെ അഭാവം ചികിൽസ വളരെ ക്ലേശകരമാക്കിതീർത്തിരിക്കുന്നു. ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടെയും, മറ്റു സ്റ്റാഫുകളുടെയും എണ്ണം വർദ്ധിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ നിന്നും ലഭിച്ച ആരോഗ്യ സ്ഥിതി വിവരണ കണക്ക് താഴെ കൊടുക്കുന്നു.

1996 - 1997-ലെ കണക്ക്

ജനസംഖ്യ - 27416
പുരുഷന്മാർ - 12650
സ്ത്രീകൾ - 13056
കുട്ടികൾ - 1710

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

15 - 19 - 4
20 - 24 - 309
25 - 29 - 831
30 - 34 - 992
35 - 39 - 564
40 - 44 - 285
ആകെ - 2985

അമ്മമാരുടെ എണ്ണം

1 കുട്ടി ഉള്ളത് - 722
2 കുട്ടികൾ ഉള്ളത് - 1322
2ൽ കൂടുതൽ കുട്ടികൾ - 726
ആകെ അമ്മമാർ - 2778

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ

1 കുട്ടിയുള്ളത് - 217
2 കുട്ടിയുള്ളത് - 1119
2ൽ കൂടുതൽ കുട്ടികളുള്ളവർ - 648

1 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം

വർഷം	ആകെ	പ്രതിരോധ കുത്തിവയ്പ് നടത്തിയവർ
1993 - 94	245	232
1994 - 95	248	238
1995 - 96	259	241

ആകെ ഗർഭിണികൾ

1993 - 94 256
1994 - 95 252
1995 - 96 268

ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം
1993 – 94	245	–
1994 – 95	248	–
1995 – 96	259	–

പകർച്ചാവ്യാധി വിവരങ്ങൾ

വർഷം	ജലജന്യരോഗങ്ങൾ	വായുജന്യരോഗങ്ങൾ	പ്രാണിജന്യരോഗങ്ങൾ
1993 – 94	515	250	12
1994 – 95	457	211	9
1995 – 96	465	185	7

സ്ഥായിയായ രോഗം ബാധിച്ചവർ

രക്ത സമ്മർദ്ദം – 238

പ്രമേഹം – 16

ക്യാൻസർ – റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

കുഷ്ഠം – "

ക്ഷയം – 26

ഹൃദ്രോഗം – 4

* രോഗങ്ങളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

പൊതു ജനാരോഗ്യത്തെ സംബന്ധിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഗവ: ഹോമിയോ ഡിസ്പെൻസറിയിൽ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുക. പുതിയ കെട്ടിടം പണിയുക.
2. വിഷചികിൽസാകേന്ദ്രം സ്ഥാപിക്കുക.
3. മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.
4. ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ മരുന്ന് എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
5. ആരോഗ്യ സർവ്വേ നടത്തി രോഗകാരണങ്ങൾ കണ്ടെത്തുന്നതിനും ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിനും സംവിധാനം ഉണ്ടാക്കുക.
6. ഓരോ കുടുംബത്തിനും ഓരോ ഹെൽത്ത് കാർഡ് ഏർപ്പെടുത്തുക.
7. പ്രതിരോധ കുത്തിവയ്പുകൾ ശരിയായ രീതിയിൽ നടക്കുന്നു എന്ന് ഉറപ്പു വരുത്തുക.
8. 24 മണിക്കൂറും അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നതിന് മറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ സൗകര്യമുണ്ടാക്കുക.
9. നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുക.
10. ഗ്രാമത്തിൽ വായു മലിനീകരണവും, ജലമലിനീകരണവും തടയുക.
11. ഗ്രാമത്തിൽ വർദ്ധിച്ചു വരുന്ന കൊതുകുശല്യം ഇല്ലായ്മചെയ്യുക.
12. മറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ഒരു ബ്ലഡ് ബാങ്ക് ആരംഭിക്കുക.
13. ആരോഗ്യ സംരക്ഷണത്തിനായുള്ള ബോധവൽക്കരണ പരിപാടികൾ എല്ലാവർഷവും നടപ്പാക്കുക.
14. അംഗൻവാടികളിലും, ബാലവാടികളിലും പോഷകാഹാര വിതരണ പരിപാടി നടപ്പിലാക്കുക.
15. ഗ്രാമത്തിൽ പകർച്ചവ്യാധികൾ തടയുന്നതിന് സംവിധാനം ഉണ്ടാക്കുക.
16. ഗ്രാമത്തിൽ കുടുംബക്ഷേമ കേന്ദ്രങ്ങൾ ആരംഭിക്കുക.
17. കൂടുതൽ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
18. മറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ

ആധുനിക ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

19. ഗ്രാമത്തിൽ മാരക രോഗങ്ങൾ തടയുന്നതിന് സംവിധാനം ഉണ്ടാക്കുക.

20. ആശുപത്രികളിൽ കൂടുതൽ ഡോക്ടർമാരെ നിയോഗിക്കുക.

21. ഗ്രാമത്തിലെ എല്ലാവർക്കും ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യം ഉറപ്പുവരുത്തുക.


2000-ാം നൂറ്റാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഒട്ടേറെ പരിപാടികൾ സമയബന്ധിതമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. രോഗം വരുന്നതിനിടയാക്കുന്ന സാഹചര്യങ്ങൾ മാറ്റിത്തീർക്കുക എന്നതാണ് പ്രാഥമികമായി ചെയ്യേണ്ടത്. എയ്ഡ്സ് പോലുള്ള മാരകരോഗങ്ങൾ ഗ്രാമീണർക്ക് പിടിപെടാതിരിക്കാനുള്ള ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കേണ്ടതുണ്ട്. ഒരു ജനകീയ ആരോഗ്യ പരിപാടിക്ക് തുടക്കം കുറിക്കണം. രക്തദാനവും, നേത്രദാനവും പ്രോൽസാഹിപ്പിക്കണം. രോഗികളെ സഹായിക്കുന്നതിന് സംവിധാനം ഉണ്ടാകണം. ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിന് ഉള്ള കർമ്മ പരിപാടികൾക്ക് മുൻഗണന നൽകണം. ജനപങ്കാളിത്തത്തോടെ ഗ്രാമത്തിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ മഹത്തായ പരിപാടിയാണ്. അപകടങ്ങളിൽ അംഗവൈകല്യം സംഭവിക്കുന്ന ഗ്രാമീണർക്ക് ഇതുമൂലം നഷ്ടപരിഹാരം ലഭിക്കും. അപകടമരണം സംഭവിക്കുന്ന പക്ഷം ആശ്രിതർക്ക് സാമ്പത്തിക സഹായം ലഭിക്കും. ഇത് ആരോഗ്യ-ക്ഷേമരംഗത്ത് ഗ്രാമപഞ്ചായത്ത് നടത്തിയ പ്രാഥമികമായ പരിപാടികളിലൊന്നാണ്. ജീവിതത്തിൽ ശുചിത്വം പാലിച്ചാൽ മാത്രമേ ആരോഗ്യകരമായ ജീവിതം നയിക്കാൻ കഴിയൂ. ചിലവു കുറഞ്ഞ ചികിൽസാ രീതികൾക്കും ഗ്രാമത്തിൽ പ്രചാരം നൽകണം. ജൈവാവശിഷ്ടങ്ങൾ ചീഞ്ഞു നാറാതെ സംസ്കരിക്കുക. വെള്ളം കെട്ടികിടന്ന് കൊതുകു വളരാതിരിക്കാൻ ശ്രദ്ധിക്കുക. ജലനിർഗ്ഗമനമാർഗ്ഗങ്ങളിലെ തടസ്സം നീക്കുക. ശുദ്ധജലം കുടിക്കുന്നു എന്ന് ഉറപ്പുവരുത്തുക. മായം കലർന്ന ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക. ആവശ്യമില്ലാതെയും ശരിയായ രോഗപരിശോധനയും കൂടാതെയുള്ള സ്വയം ചികിൽസ ഒഴിവാക്കുക. പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകുക. മുലയൂട്ടലിന് പ്രചാരം നൽകുക. ആരോഗ്യ ബോധവൽക്കരണ പരിപാടികൾ നടത്തുക. മദ്യപാനം പുകയില മുതലായവ നിരുൽസാഹപ്പെടുത്തുക. ആരോഗ്യക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സഹായം ഗ്രാമവാസികൾക്ക് ലഭ്യമാക്കുക മുതലായവ. ആരോഗ്യ രംഗത്ത് പുരോഗതി കൈവരിക്കുന്നതിന് സഹായിക്കും എന്ന കാര്യത്തിൽ സംശയമില്ല.

1.11. ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ (1995 –96)

Ref. AVI, G,F.

ഏതു വിഭാഗം ചികിത്സാ സംവിധാനം	ആശുപത്രി		ഡിസ്പെൻസറി		മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ		മൊത്തം ജീവനക്കാരുടെ എണ്ണം
	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	
1	2	3	4	5	6	7	8
അലോപ്പതി	1	1		1	3		72
ആയുർവേദം			6				2
ഹോമിയോ	1	3					6

വ്യവസായം



വ്യവസായം

കേരളത്തിലെ വ്യവസായ ശൃംഖലകളോട് തൊട്ടുരുമ്മി കിടക്കുന്ന പ്രദേശമാണ് നമ്മുടേതെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഒരൊറ്റ വൻകിടവ്യവസായ ശാലകളും നിലവിലില്ല. എന്നാൽ വ്യാവസായിക വളർപ്പയ്ക്ക് അനുകൂലമായ ഒട്ടേറെ ഘടകങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വൻകിട വ്യവസായങ്ങൾക്കനുകൂലമായ സാഹചര്യങ്ങൾ അസംസ്കൃത സാധനങ്ങളുടെ ലഭ്യത, മെഷീനറി, സ്ഥലസൗകര്യം, മൂലധനം, സാങ്കേതിക പരിജ്ഞാനം, വിപണന സൗകര്യം തുടങ്ങിയവയാണ്. ഇതിനൊക്കെപ്പുറമെയാണ് മനുഷ്യവിഭവശേഷി. എന്നാൽ ആധുനിക വ്യവസായം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഊർജ്ജ ലഭ്യതയാണ്.

ആധുനിക വ്യവസായത്തിന് ഏറ്റവും അനിവാര്യമായ അസംസ്കൃത വസ്തുക്കളെ കുറിച്ചാണെങ്കിൽ പ്രധാനമായും ഘനവ്യവസായത്തിന് നമ്മുടെ പഞ്ചായത്തിൽ ലഭ്യത ഇല്ലെന്നു തന്നെ പറയാം. എന്നാൽ കാർഷിക വസ്തുക്കൾ അസംസ്കൃത പദാർത്ഥമായി ഉപയോഗപ്പെടുത്താവുന്ന ഒട്ടനവധി സാദ്ധ്യതകൾ ഉണ്ട്. 1961 ലെ ജില്ലാ പ്ലാനിൽ സൂചിപ്പിച്ചിരുന്നതുപോലെ കാലടിയിൽ ഒരു വൻകിട പൾപ്പ് ആധുനിക വ്യവസായത്തെ ചെറുകിട ഫാക്ടറികളാക്കുകയാണ് അത്യുത്തമം.

ചെറുകിട വ്യവസായങ്ങൾക്കുള്ള സാദ്ധ്യതകൾ

1. സുഗന്ധ ദ്രവ്യങ്ങളുടെ എക്ട്രാക്ഷൻ
2. റബ്ബറധിഷ്ടിത വ്യവസായങ്ങൾ
3. വളം നിർമ്മാണ വ്യവസായം
4. കാലിത്തീറ്റ ഫാക്ടറി.
5. പൾപ്പ് ഫാക്ടറി
6. ഇലക്ട്രേണിക് ഉപകരണ ഫാക്ടറി

പരമ്പരാഗതവ്യവസായങ്ങൾ :-

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും പ്രധാന്യമേറിയ പരമ്പരാഗത വ്യവസായം പനമ്പുനെയ്ത്താണ്. എന്നാൽ ഇന്ന് അന്യമായികൊണ്ടിരിക്കുന്ന പായ, കൊട്ട, വട്ടി, നെയ്ത്തു തുടങ്ങിയവയ്ക്കും ഏറെ സാദ്ധ്യതയുണ്ട്.

കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായമായ പനമ്പു നെയ്ത്ത് കേന്ദ്രീകരിച്ചിരിക്കുന്ന പ്രധാന പട്ടണങ്ങളിൽ ഒന്നാണ് കാലടി. കേരളാസ്റ്റേറ്റ് ബാംബുകോർപ്പറേഷന്റെ കുറെ പ്രധാന ഡിപ്പോകൾ കാലടി പഞ്ചായത്തിലുണ്ട്. പക്ഷേ ഒരേ പാറ്റേണിലുള്ള പനമ്പ് വിപണനം ഈ വ്യവസായത്തെ ഇന്ന് പ്രതി സന്ധിയിലെത്തിച്ചിട്ടുണ്ട്. ഈ കാടുകളുടെ പെട്ടെന്നുള്ള നാശം ഈ രംഗത്ത് മുഖ്യമായ വെല്ലു വിളി ഉയർത്തിയിട്ടുണ്ട്. എന്നാൽ പനമ്പ് നിർമ്മാണ പ്രവർത്തനത്തിൽ ഉപയോഗശൂന്യമായിപ്പോകുന്ന പാഴ്വസ്തുക്കളെ മറ്റെന്തെങ്കിലും കരകൗശലവസ്തു നിർമ്മാണത്തിന് ഉപയോപ്പെടുത്താവുന്നതാണ്. പനമ്പു നിർമ്മാണത്തിന്റെ സാദ്ധ്യത അടുത്തകാലത്തായി ബാംബു പ്ലൈയുടെ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തിയെങ്കിലും അതിന്റെ ഉപയോഗസാദ്ധ്യത വേണ്ടത്ര പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. സ്ത്രീകൾക്ക് തൊഴിൽ നൽകാൻ ഏറ്റവും പര്യാപ്തമായ ഈ വ്യവസായത്തെ നവീകരിക്കേണ്ടതുണ്ട്. പനമ്പും സിമൻറുമായി ചേർത്ത് പ്രത്യേക ഉല്പാദനങ്ങളുടെ നിർമ്മാണത്തെകുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

സുഗന്ധദ്രവ്യങ്ങളുടെ സംസ്കരണത്തിലൂടെ വിവിധതരം എണ്ണങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയും. കാർഷിക പ്രാധാന്യമേറിയ നമ്മുടെ നാട്ടിൽ നാളികേരത്തിൽ നിന്നും സംസ്ക്കരിച്ചെടുക്കുന്ന 'പീര' ഉപയോഗിച്ച് പല ആഹാരപദാർത്ഥങ്ങളും ഉണ്ടാക്കാനും കയറ്റി അയക്കാനും സാധിക്കും. മറ്റൊന്ന് കേരളത്തിലെ ഏറ്റവും കൂടുതൽ ജാതിക്കാ കൃഷിയുള്ള നമ്മുടെ പഞ്ചായത്തിൽ അതുമായി ബന്ധപ്പെട്ട ചെറുകിട ഫാക്ടറികളുടെ സ്ഥാപനം ഏറെ പ്രസക്

തമാണ്. ജാതിക്ക, കുരുമുളക് തുടങ്ങിയവയിൽ നിന്നും ഉല്പാദിപ്പിക്കുന്ന ആയുർവേദിക് ഔഷധങ്ങൾക്കും ഫാക്ടറിയ്ക്ക് സാധ്യതയുണ്ട്. ഇഞ്ചിപ്പുൽ കൃഷി നമ്മുടെ പഞ്ചായത്തിലില്ലെങ്കിലും സമീപ പഞ്ചായത്തുകളിൽ നിന്നും ശേഖരിക്കാൻ കഴിഞ്ഞാൽ വലിയ മുതൽ മുടക്കില്ലാതെ പ്രവർത്തനമാരംഭിക്കാൻ കഴിയും. പഴ സംസ്ക്കരണ ഫാക്ടറിക്ക് ഏറെ സാധ്യതയുണ്ട്. നമ്മുടെ പഞ്ചായത്തിൽ ധാരാളം പ്ലാവുകളുണ്ട്. പക്ഷേ 'ചക്ക' ഏറ്റവും ഉപയോഗ ശൂന്യമായിപോകുന്നു. ചക്കപ്പഴം സംസ്ക്കരിച്ച് 'ജാം' നിർമ്മിക്കാൻ നമ്മുടെ പഞ്ചായത്തിൽ നല്ല സാദ്ധ്യതയാണുള്ളത്. അതുപോലെ പപ്പായയുടെ ഉല്പാദനം വർദ്ധിപ്പിച്ച് ഏറെ ഔഷധ നിർമ്മാണത്തിനു കൂടി ഉപയോഗപ്പെടുത്താം. ഇഞ്ചി, ചുക്ക് മുതലായ കാർഷിക വസ്തുക്കൾ ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഏറെ വിപണനസാദ്ധ്യതയുള്ള കാർഷികാധിഷ്ടിത വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്. മരച്ചീനിയെ ഉപയോഗപ്പെടുത്തി ഭക്ഷ്യ വസ്തു നിർമ്മാണ ശാലക്കും നല്ലസാദ്ധ്യതയുണ്ട്. നെൽകൃഷിയുടെ സാദ്ധ്യത വർദ്ധിപ്പിക്കുകയാണെങ്കിൽ അരി വിപണനത്തിന് ഏറ്റവും പേരുകേട്ട കാലടിയിൽ തവിടിൽ നിന്നും എണ്ണയുല്പാദിപ്പിക്കുന്ന ചെറുകിട ഫാക്ടറികൾക്ക് സാദ്ധ്യതയുണ്ട്. കൂടാതെ ഉമി ഉപയോഗിച്ചുള്ള 'ഇഷ്ടിക', കരകൗശല നിർമ്മാണം, വയ്ക്കോലുപയോഗിച്ച് കാലിത്തീറ്റ, പൾപ്പ് ഫാക്ടറി തുടങ്ങിയവയ്ക്കും സാദ്ധ്യതയുണ്ട്. കാലിത്തീറ്റ ഫാക്ടറിക്ക് മറ്റൊരു പ്രധാധ അസംസ്കൃത വസ്തുവായി പുളിങ്കുരു ഏറെ ഉപയോഗപ്പെടുത്താവുന്നതാണ്. ഔഷധ സസ്യങ്ങൾ ധാരാളം ലഭ്യമാകാവുന്ന പ്രദേശമാണ് നമ്മുടേത്. ആധുനിക ഔഷധ നിർമ്മാണ ഫാക്ടറിക്ക് ഏറെ സൗകര്യപ്രദമായ ഘടകങ്ങൾ നമ്മുടെ നാട്ടിലുണ്ട്.

ഉടമസ്ഥയുടെ അടിസ്ഥാനത്തിൽ ഈ ചെറുകിട വ്യവസായങ്ങളെ സ്വകര്യമേഖല, പൊതു മേഖല സഹകരണമേഖല എന്നിങ്ങനെ തരം തിരിക്കാം. റബ്ബർ, ജാതിക്ക, കോൺക്രീറ്റ് വസ്തുക്കൾ എന്നിവ ഉപയോഗപ്പെടുത്താവുന്ന സ്വകര്യമേഖലയിൽ സൗകര്യപ്രദമാണ്. എന്നാൽ പൾപ്പ് ഫാക്ടറി, ഔഷധ നിർമ്മാണയൂണിറ്റ്, സോപ്പ് നിർമ്മാണം, കൊതുകുതിരി നിർമ്മാണം, കളിപ്പാട്ട നിർമ്മാണം, ടയർ ഫാക്ടറി, ചെരുപ്പു നിർമ്മാണം തുടങ്ങിയവ പൊതുമേഖലയിലാവാം. ഭക്ഷ്യ വസ്തു സംസ്ക്കരണം, കരകൗശല നിർമ്മാണം ബലൂൺ നിർമ്മാണം, ഇലക്ട്രോണിക് ഉല്പാദന നിർമ്മാണം, കാലിത്തീറ്റ ഫാക്ടറി തുടങ്ങിയവ സഹകരണ മേഖലയിൽ തുടങ്ങുന്നതാവും നല്ലത്.

നമ്മുടെ പഞ്ചായത്തിൽ വളരെ മുമ്പ് സ്ഥാപിക്കാനുദ്ദേശിച്ച് പഞ്ചായത്തു വക മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് മറ്റൂരിലുള്ള സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി ഒരു മാതൃ വ്യവസായ യൂണിറ്റ് സ്ഥാപിക്കാൻ കഴിയും, ചപ്പുചവറുകളിൽ നിന്നും ഉല്പാദിപ്പിക്കാവുന്ന ജൈവവള ഫാക്ടറിക്ക് നല്ല സാദ്ധ്യതയുണ്ട്. ഒരു വെടിക്ക് രണ്ടു പക്ഷിയെന്ന പോലെ വ്യാവസായിക രംഗത്ത് നമ്മുടെ പഞ്ചായത്തിനെ ഒരു നല്ല വ്യാവസായിക പുരോഗതിയിലേക്ക് നയിക്കാം.

പരിതസ്ഥിതി പ്രത്യാഘാതം ഉണ്ടാക്കുന്ന വ്യവസായങ്ങളെ പ്രേത്സാഹിപ്പിക്കുന്നത്. ആശാവഹമല്ല. നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 30 സെൻറ് വിസ്തൃതിയുള്ളകരിങ്കൽ പാറ മാത്രമേയുള്ളുവെങ്കിലും മെറ്റൽ ക്രഷറുകളുടെ പ്രവർത്തനം വളരെയധികമാണ്. ഇഷ്ടിക, മിറ്റൽ, തുടങ്ങിയ ചെറുകിട വ്യവസായ രംഗത്താണ് സ്ത്രീ തൊഴിലാളികളുടെ പങ്ക് വർദ്ധിച്ചു വരുന്നത്. എന്നാൽ ഇതിലധികവും മറ്റു സംസ്ഥാനങ്ങളിൽ (തമിഴ്നാട്) നിന്നാണ് വരുന്നത്. നമ്മുടെ വനിതകളുടെ തൊഴിൽ സംരംഭത്തിനും, തൊഴിൽ സാദ്ധ്യതയ്ക്കും യാതൊരു പ്രയോജനവും ലഭ്യമാകുന്നില്ല. അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന രീതിയിലുള്ള ഇലക്ട്രോണിക് കംപോണൻറ് ഫാക്ടറികളെ കുറിച്ച് ആലോചിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അരിമില്ലുകൾ, മെറ്റൽ

ക്രഷറുകൾ തുടങ്ങിയവയ്ക്ക് അസംസ്കൃത സാധനം അധികവും മറ്റു പഞ്ചായത്തുകളിൽ നിന്നാണ് വരുന്നത്. പഞ്ചായത്തിനകത്തുള്ള അസംസ്കൃത ചെറുകിട ഫാക്ടറികൾ ഒന്നും തന്നെയില്ലെന്നു പറയാം.

പരമ്പരാഗതമായി തൊഴിലിലേർപ്പെടുന്ന പനമ്പു വ്യവസായത്തിലാണ് സ്ത്രീ തൊഴിലാളികളുടെ മുഖ്യ പങ്കും. പിന്നെ വികസിച്ചെടുക്കാവുന്നത് ഗാർമെൻസ് നിർമ്മാണത്തിലാണ്.

വ്യവസായ ഉല്പന്നങ്ങളുടെ വിപണനസാദ്ധ്യത വളരെയേറെ നമ്മുടെ പഞ്ചായത്തിലുണ്ട്. ചെരുപ്പ്, കളിപ്പാട്ടം, സോപ്പ്, ജാം, ജ്യൂസ് തുടങ്ങിയവയുടെ ഉപയോഗം പഞ്ചായത്തിൽ ഏറെയാണ്. മാത്രമല്ല. ഉല്പാദിക്കാവുന്ന കരകൗശലവസ്തുക്കൾ, ചിരട്ടകൊണ്ടുള്ള വസ്തുക്കൾ, ശില്പ നിർമ്മാണം, ഔഷധ നിർമ്മാണം, കാർഷികോല്പന്ന വ്യാപാര വിപണനസാദ്ധ്യതകൾ ഏറെ വർദ്ധിക്കുന്നു. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സാമീപ്യം ഇത്തരം വ്യാവസായികോല്പന്നങ്ങളുടെ വിപണനത്തിന് ഏറെ സഹായകരമായിരിക്കും. എന്നാൽ ഇന്നുള്ള മിക്കവാറും ചെറുകിട വ്യവസായകങ്ങളുടെ സ്ഥിതി വളരെ മോശമാണ്. മിനി ഇൻറസ്ട്രിയൽ എസ്റ്റേറ്റ് സ്ഥലവും കെട്ടിടവും പഞ്ചായത്തു വകയായി ഉണ്ടായിട്ടുപോലും വികസനം മുടങ്ങിപ്പോയിരിക്കുന്നു. കുടിൽ വ്യവസായങ്ങൾ ഏറെ പ്രതിസന്ധിയിലാണ്.

ഭാവി വ്യവസായ വികസനത്തിന് ശ്രദ്ധകേന്ദ്രീകരിക്കേണ്ടത്, കാർഷിക തോട്ടവിളകളുടെ ഉല്പന്നങ്ങൾ ഉപയോഗപ്പെടുത്തികൊണ്ടിരിക്കണം. തടി മില്ലുകൾ റബ്ബർ സംസ്ക്കരണത്തിനാവശ്യമായ സങ്കേതങ്ങളും ഉപയോഗിക്കാം. പരമ്പരാഗത കുടിൽ വ്യവസായമായ പനമ്പിന് മറ്റേതെങ്കിലും ഉല്പന്ന പ്രക്രിയയിലൂടെ വിപണനസാധ്യത ആരായാം. പഴംസംസ്ക്കരണത്തിന് ആധുനിക സംവിധാനങ്ങൾ ഏറെ ഉപയോഗപ്പെടുത്താം. ചക്ക, പൈനാപ്പിൾ, മാങ്ങ അച്ചാർ, പുളി, ചാമ്പ, ജാതിക്ക അച്ചാർ, തുടങ്ങി പപ്പായ ഔഷധസസ്യങ്ങൾ, ഗാർമെൻറസ് , എന്നിങ്ങനെ നിരവധി അസംസ്കൃതപദാർത്ഥങ്ങളുടെ ലഭ്യത വേണ്ടത്രയുണ്ട്.

വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുമ്പോൾ ഏറ്റവും പ്രധാന വിഷയം ധനശേഖരണമാണ്. അതിനു വേണ്ടത്ര സാമ്പത്തിക സ്ഥാപനങ്ങളില്ല. കെ. എഫ്. സി., കെ. എഫ്. എസ്, ഈ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൺകൂർ തുടങ്ങിയ സ്ഥാപനങ്ങളുടെ ശാഖകൾ ആരംഭിക്കേണ്ടതാണ്.

സ്ഥലസൗകര്യത്തിന്റെ കാര്യത്തിൽ നമ്മുടെ ചഞ്ചായത്ത് ഇപ്പോൾ ദരിദ്രമാണ്, സർവ്വകലാശാലയും, നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ മുഖ്യകവാടവും, നമ്മുടെ പഞ്ചായത്തിൽ ആകുമെന്നതിനാൽ താമസസൗകര്യങ്ങൾക്കുവേണ്ടി തന്നെ ഏറെ തിങ്ങിനിറഞ്ഞ സ്ഥല സൗകര്യം മാത്രമേയുള്ളൂ. എന്നാൽ അത്യാവശ്യത്തിന് സ്ഥലസൗകര്യമുള്ള ഇടത്തരക്കാർവ്യവസായിക രംഗത്തേക്ക് വരുന്നുമില്ല. കുടിൽ വ്യവസായങ്ങളെയും കൈത്തൊഴിലുകളെയും വർദ്ധിപ്പിച്ചാൽ സ്ഥല പരിമിതിയെ മറികടക്കാനാവും.

മറ്റൊന്ന് ചെറുകിട വ്യവസായക സംരംഭകർക്ക് ലഭിക്കേണ്ട ലൈസൻസ്സുകളെ സംബന്ധിച്ചാണ്. ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾക്ക് പല ഡിപ്പാർട്ട്മെൻറുകളുടെയും ലൈസൻസ് ആവശ്യമാണ്. എന്നാൽ ഇതിന് പഞ്ചായത്തിൽ തന്നെ സംവിധാനങ്ങളുണ്ടെങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാനാവും. ഇത്തരം സംരംഭങ്ങളിൽ അവലോകനം നടത്തുന്നതിനും പരിശോധിക്കുന്നതിനുമായ പഞ്ചായത്ത് തലത്തിൽ വ്യവസായ സമിതികൾ ഉണ്ടാകേണ്ടതാണ്. ഉദ്യോഗസ്ഥരും പരിസ്ഥിതി പ്രവർത്തകരും മറ്റും സമിതിയിലുണ്ടായാൽ നന്നായിരിക്കും. മലിനീകരണ പ്രശ്നങ്ങൾ ഒരു ജനകീയ സമിതിയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് നല്കാവുന്ന രീതി അവലംഭിക്കേണ്ടതാണ്.

കാലടി ഗ്രാമ പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യവസായങ്ങൾ

വ്യവസായം	വാർഡുകൾ											ആകെ
	I	II	III	IV	V	VI	VII	VIII	IX	X	XI	
ഓട്ടു കമ്പനി	1	1										2
ഇഷ്ടികകളം		1	1	1						1	5	9
പാൽ സംസ്കരണശാല		1					1	1				3
കൊപ്ര സംസ്കരണശാല		1	1		1		4		4	1	4	16
തടിമില്ല്		2	3				1	1			1	8
റൈസ് മില്ല്		2				3	1	3				9
ക്രഷർ	1	1	2	1		3	1		6	2		17
ത്രെഡ് റബ്ബർ			1									1
ചെരുപ്പ് കമ്പനി (റബ്ബർ)			4				3	1				8
എല്ലുപൊടി നിർമ്മാണം			1	1								2
എഞ്ചിനീയറിംഗ് (ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്)	2			3		1	5					11
ധാന്യം പൊടിക്കുന്ന മിൽ	1	3	2	1	1		2	3	2		3	18
മരം കടച്ചിൽ		1	2	1		1	2	1		1	1	10
ഫർണീച്ചർ നിർമ്മാണം	1		2	1		1	3	4		1	2	15
റീ ട്രെയിഡിംഗ് റബ്ബർ							2					2
ഹോളോ ബ്രിക്സ്					2	1			3	1		7
മണ്ണെണ്ണ സ്റ്റൗ നിർമ്മാണം						1			1			2
ഐസ് പ്ലാന്റ്							2		1			3
പെട്ടിപ്പലക നിർമ്മാണം		3				2		1	1			7
കാപ്പിപൊടി നിർമ്മാണം							2	1		1		4
റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	1			1		1	2	1			1	7
മസാലപ്പൊടി നിർമ്മാണം							1				1	2
ആയുർവ്വേദ ഔഷധ നിർമ്മാണം			1			1	5	2				9
കക്കനീറ്റൽ		1			1					1		3
ഖാദി യൂണിറ്റ്											1	1
സോഡാ ഫാക്ടറി			1		1		3				1	6
മൺപാത്രനിർമ്മാണം						2		1			1	4
ഈറ്റ പനമ്പ് വ്യവസ്ഥ					1			2				3

ഗ്രാമത്തിലെ വ്യവസായിക സാധ്യതകൾ

1. കാർഷികാധിക്ഠിത വ്യവസായങ്ങളുടെ രൂപികരണം.
2. ക്ഷീരോൽപ്പാദന നിർമ്മാണം.
3. കരകൗശല വസ്തുക്കൽ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് രൂപികരണം
4. നെയ്ത്തു ശാലകൾ സ്ഥാപിക്കൽ.
5. കുടിൽ വ്യവസാങ്ങളുടെ രൂപികരണം
6. വനിത വ്യവസായ യൂണിറ്റുകളുടെ രൂപികരണം.
7. മിനി – വ്യവസായ എസ്റ്റേറ്റുകളുടെ രൂപികരണം.
8. സഹകണാടിസ്ഥാനത്തിൽ വ്യവസായ സംരംഭങ്ങളുടെ രൂപികരണം.
9. പുതിയ സംസ്കരണ, വിപണന യൂണിറ്റുകളുടെഡ രൂപികരണം.
10. വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് രഗാമത്തിൽ ലഭ്യമായ പുറമ്പോക്ക് ഭൂമി പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തൽ.
11. കാലിത്തീറ്റ ഫാക്ടറികൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കൽ.
12. പരമ്പരാഗത വ്യവസായങ്ങളുടെ പ്രോൽസാഹനം.
13. ഭക്ഷ്യോല്പന്ന നിർമ്മാണം
14. ഹോളോ ബ്രിക്സ് നിർമ്മാണം
15. തുകൽ ഉല്പന്ന നിർമ്മാണം
16. ഫർണീച്ചർ നിർമ്മാണം
17. റെടിമെയ്ഡ് വസ്ത്ര നിർമ്മാണം
18. കേരോല്പന്ന നിർമ്മാണം
19. റബ്ബർ ഉല്പ്പന്ന നിർമ്മാണം
20. ഔഷധ നിർമ്മാണം
21. ഈറ്റ പനമ്പു വ്യവസായം
22. സോപ്പു നിർമ്മാണം
23. മെഴുകുതിരി നിർമ്മാണം

വ്യവസായം സംബന്ധിച്ച ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ ഏകദേശം 25 കോഴി വളർത്തൽ കേന്ദ്രങ്ങളും, 400പ ക്ഷീര കർഷകരും ഉള്ളതിനാൽ കോഴിത്തീറ്റയുടെയും, കാലിത്തീറ്റയുടെയും ഉല്പാദന കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ രൂപികരിക്കുകയും മിതമായ വിലക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക:
2. നാളികേരം, നെല്ല് എന്നിവയുടെ ലഭ്യത കണക്കിലെടുത്ത്, ഓയിൽ മിൽ, കൊപ്ര സംസ്കരണം, കാലിത്തീറ്റ നിർമ്മാണം എന്നിവ പ്രോൽസാഹിപ്പിക്കുക.
3. കപ്പ ധാരാളം ലഭിക്കുന്നതിനാൽ ഇവയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ തുടങ്ങുക.
4. ഗ്രാമത്തിൽ മെറ്റൽ ക്രഷറുകൾ ഉള്ളതിനാൽ ഹോളോ ബ്രിക്സ് നിർമ്മാണത്തിന് സാധ്യതകളേറെയുണ്ട്.
5. റബ്ബർ, തുകൽ മുതലായവ ഉപയോഗിച്ചുള്ള ചെരുപ്പു നിർമ്മാണം ബാഗ് നിർമ്മാണം എന്നിവ തുടങ്ങേണ്ടതാകുന്നു.
6. വിവിധയിനം മസാലപ്പൊടികൾ, ധാന്യപ്പൊടികൾ എന്നിവ ഉണ്ടാക്കുന്നതിനും പായ്ക്കറ്റുകളിലാക്കി വില്പന നടത്തുന്നതിനും സാധ്യതകളേറെയുണ്ട്.
7. P.M.R.Y കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് കഴിയുന്ത്ര ലോൺ കൊടുക്കുക.
8. വ്യവസായ വായ്പകൾക്ക് അപേക്ഷിക്കുമ്പോൾ ബാങ്കുകാർ നിയമാനുസൃതമല്ലാത്ത ഗ്യാരണ്ടി ചോദിക്കുന്ന സമ്പ്രദായം ഒഴിവാക്കുവാൻ പഞ്ചായത്ത് തലത്തിൽ സത്വര നടപടികൾ സ്വീകരിക്കുക.
9. കൊപ്ര, ജാതിക്ക മുതലായവയുടെ കേന്ദ്രീകൃത സംഭരണം ഉറപ്പുവരുത്തുക.
10. മത്സ്യം, മാംസം, പച്ചക്കറികൾ മുതലായവയുടെ വിപണനം ലക്ഷ്യമാക്കി മറ്റൂരിൽ ഒരു മിനി മാർക്കറ്റ് സ്ഥാപിക്കുക.
11. രണ്ടാം വാർഡിൽ നിലവിലുള്ള മിനിവ്യവസായ എസ്റ്റേറ്റിന്റെ ശോചൃാവസ്ഥ മാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.
12. പനമ്പ വ്യവസായം ഊർജ്ജിതമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
13. തവിടിന്റെ ലഭ്യത ഉറപ്പുവരുത്തി ഒരു സോൾവൻറ് എക്സറ്റാർക്ഷൻ സ്ഥാപിക്കുക.
14. പരമ്പരാഗതമായി കുട്ട, വട്ടി മുതലയാവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ നില നിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
15. ഈറ്റ- പനമ്പ് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.
16. പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് നടപടിയെടുക്കുക.
17. ബാംബുപ്പൈ ഉണ്ടാക്കുന്നതിലേക്കാവശ്യമായ സാങ്കേതികവിദ്യയും, പനമ്പുനെയ്യുന്നതിനുള്ള പരിശീലനവും പഞ്ചായത്തു മുഖേന

നൽകുക.

18. അളികീറൽ, നെയ്ത്ത് മുതലായ പ്രക്രിയകൾ ലഘൂകരിക്കുന്നതിന് ഉതകുന്ന ലളിതമായ യന്ത്രങ്ങളുടെ രൂപ കൽപ്പനയും ഗവേഷണവും വികസിപ്പിക്കുക. വിവിധ ഡിസൈനുകളിൽ പനമ്പ് നെയ്യുന്നതിന് പരിശീലനം നൽകുക.

19. ഈറ്റ- പനമ്പുകൊണ്ട് കരകൗശല വ്യവസായ യൂണീറ്റ് സ്ഥാപിക്കുക.

20. പായ്ക്കറ്റു നിർമ്മാണം, മൺപാത്രനിർമ്മാണം, പ്ലാസ്റ്റിക് കുട്ടനെയ്ത്ത്, പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശല നിർമ്മാണം മുതലായവ തുടങ്ങുന്നതിന് യുവതി യുവാക്കളെ കണ്ടെത്തി തൊഴിൽ പരിശീലനം നൽകുക.

21. ചെറുകിട വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായവും മറ്റ് അനുബന്ധസേവനങ്ങളും പഞ്ചായത്ത് തലത്തിൽ ഉറപ്പു വരുത്തുക.

22. ഈറ്റയുടെ ലഭ്യത ഉറപ്പുവരുത്തുക.

23. വ്യവസായിക ഉല്പന്നങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ വിപണികണ്ടെത്തുക.

24. പ്രാദേശികമായി ലഭ്യമാകുന്ന നെല്ല് കപ്പ, എള്ള്, ഏത്തക്കായ്, നാളികേരം, പൈനാപ്പിൾ തുടങ്ങിയ കാർഷിക വസ്തുക്കൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഭക്ഷ്യ സംസ്കരണ വ്യവസായിയൂണീറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിച്ചു.

25. ബേക്കറി സാധനങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണീറ്റുകൾ ആരംഭിക്കുക.

26. ഗ്രാമത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം പ്രോൽസാഹിപ്പിക്കുക തയ്യൽ പരിശീലനം ലഭിച്ച സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് ഉദാരമായ വ്യവസ്ഥയിൽ തയ്യൽ ഉപകരണങ്ങൾ ലഭ്യമാക്കുക.

27. സഹകരണാടിസ്ഥാനത്തിൽ ഉല്പാദന, സംസ്കരണ, വിപണന സംഘങ്ങൾ രൂപീകരിക്കുക.

28. പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാത്ത വ്യവസായങ്ങൾ ഗ്രാമത്തിൽ ആരംഭിക്കുക.

29. മെഴുകുതിരി നിർമ്മാണം, സോപ്പുനിർമ്മാണം എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണീറ്റുകൾ തുടങ്ങുക.

30. ദൈനംദിന ഗാർഹിക ആവശ്യങ്ങൾക്കുള്ള ഭക്ഷ്യവസ്തുക്കളായ അരിപ്പൊടി, ദോശപ്പൊടി, ഇഡ്ഡലിപ്പൊടി, ചമ്മന്തിപ്പൊടി തുടങ്ങിയവ നിർമ്മിക്കുന്നതിന് ഉള്ള ചെറുകിട വ്യവസായിക യൂണീറ്റുകൾ തുടങ്ങുക. ഈ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുക.

31. ഗ്രാമത്തിൽ ഒരു ബാംബുപ്ലൈ യൂണിറ്റ് ആരംഭിക്കുക.

32. ഗ്രാമത്തിൽ ക്ഷീരോൽപ്പന്ന നിർമ്മാണ യൂണീറ്റുകൾ ആരംഭിക്കുക.

33. ആണി, സൂചി, സ്ക്രൂ, പ്ലാസ്റ്റിക് കുപ്പി, പ്ലാസ്റ്റിക് കിറ്റ് മുതലായവ നിർമ്മിക്കുന്നതിനുള്ള ചെറുകിട വ്യവസായ യൂണീറ്റുകൾ ആരംഭിക്കുക.

34. ഖാദി ബോർഡിന്റെ സഹായത്തോടെ ഗ്രാമത്തിൽ കുടിൽ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക.

35. ഗ്രാമത്തിൽ തയ്യൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

36. തടികൊണ്ടുള്ള ഫർണീച്ചർ വ്യവസായങ്ങൾ ആരംഭിക്കുക.

37. മെറ്റൽ ക്രഷറുകൾ ഗ്രാമത്തിൽ പ്രോൽസാഹിപ്പിക്കാതിരിക്കുക.

38. പനമ്പു വില്പന സ്വതന്ത്രമാക്കുന്നതിന് നടപടി സ്വീകരിക്കുക.

39. സഹകരണാടിസ്ഥാനത്തിൽ വനിതാ സംഘങ്ങൾ രൂപീകരിച്ച് വ്യവസായ വകുപ്പിൽനിന്നും ലോൺ എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

40. ചെറുകിട വ്യവസായത്തിന് സബ്സിഡികൾ നൽകുക.

41. കാലടിയിൽ ഒരു ജാതിക്ക സംസ്കരണ ശാലസ്ഥാപിക്കുക.

42. 8-ാം വാർഡിൽ 2 ഏക്കർ സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരിക്കുക.

43. പപ്പട നിർമ്മാണം, അച്ചാർ നിർമ്മാണം, മുതലായവ ഗ്രാമത്തിൽ പ്രോൽസാഹിപ്പിക്കുക.


44. ടൂറിസം വികസനത്തിന്റെ സാധ്യത കണക്കിലെടുത്തുകൊണ്ടുള്ള വ്യവസായങ്ങൾക്ക് ഗ്രാമത്തിൽ പ്രചാരം നൽകുക.

45. ഗ്രാമത്തിൽ പുതിയ വ്യവസായ സാധ്യതകൾ കണ്ടെത്തുക.

47. പുഷ്പ-ഫല സസ്യകൃഷി പ്രോൽസാഹിപ്പിക്കുക.

48. സുഗന്ധദ്രവ്യം നിർമ്മാണം പ്രോൽസാഹിപ്പിക്കുക.

ഊർജ്ജം, ഗതാഗതം
വാർത്താവിനിമയം, വിനോദസഞ്ചാരം



ഊർജ്ജം, ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

ജനജീവിതത്തിൽ അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് ഊർജ്ജം. തദ്ദേശീയമായി ലഭ്യമായ ഊർജ്ജ ഉറവിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുകൊണ്ട് ഊർജ്ജ ദുരുപയോഗം തടയുന്നതിനും, ഫലപ്രദമായതും, ചിലവു കുറഞ്ഞതുമായ ഊർജ്ജ സമ്പത്ത് ഗ്രാമപുരോഗതിക്ക് പ്രയോജനപ്പെടുത്തുന്നതിനും ഉള്ള പ്രവർത്തന പരിപാടിക്ക് മുൻഗണന നൽകേണ്ടതാണ്. പ്രത്യൽപാദനപരമായ മേഖലകളിലേക്ക് ഊർജ്ജ സമ്പത്തിന്റെ പ്രയോജനം വഴിതിരിച്ചു വിടേണ്ടതുണ്ട്. സുലഭമായി കിട്ടുന്ന ഊർജ്ജ ഉറവിടങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള സാങ്കേതിക ജ്ഞാനം ഗ്രാമവാസികൾക്ക് ലഭ്യമാക്കണം.

ഗ്രാമത്തിൽ ഉപയോഗപ്പെടുത്തുന്ന ഊർജ്ജ സ്രോതസ്സുകൾ പ്രധാനമായും വിറക്, കാർഷികാവശിഷ്ടങ്ങൾ, മണ്ണെണ്ണ, വൈദ്യുതി മുതലായവയാണ്. എന്നിരുന്നാലും ഈ ഊർജ്ജ സ്രോതസ്സുകളുടെ പരമാവധി പ്രയോജനം ഗ്രാമവാസികൾക്ക് ലഭ്യമാകുന്നില്ല. പാചകത്തിന് ഉപയോഗപ്പെടുത്തുന്ന പ്രധാന ഊർജ്ജ ഉറവിടം വിറകാണ്. ദക്ഷതകൂടിയ അടുപ്പുകളുടെ പ്രചാരം ഭൂരിഭാഗം കുടുംബങ്ങൾക്കും ലഭ്യമല്ലാത്തതിനാൽ വിറകിന്റെ ഉപയോഗം വർദ്ധിച്ചിരിക്കുന്നു. ഗ്രാമത്തിൽ വനപ്രദേശം ഇല്ലാത്തതിനാൽ വനത്തിൽ നിന്ന് വിറക് ശേഖരിക്കാൻ കഴിയുന്നില്ല. തെങ്ങു കൃഷി ഗ്രാമത്തിൽ സാർവത്രികമായതിനാൽ വിറകിന്റെ ക്ഷാമം ഒരളവുവരെ പരിഹരിക്കപ്പെട്ടിരിക്കുന്നു. വിറകിന്റെ ക്ഷാമം മണ്ണെണ്ണ, L.P. ഗ്യാസ്, വൈദ്യുതി മതലായവ ഇന്ധനമായി സ്വീകരിക്കാൻ ഗ്രാമവാസികൾ നിർബന്ധിതരായിരിക്കുകയാണെങ്കിലും ഇവയുടെ ദൗർലഭ്യവും, വിലവർദ്ധനവും ഗ്രാമവാസികൾക്ക് താങ്ങാനാകാത്തതായി തീർന്നിട്ടുള്ളതിനാൽ വിറകൊഴികെയുള്ള പാചക ഇന്ധനങ്ങളുടെ ഉപയോഗം ഗ്രാമത്തിൽ വളരെ കുറവാണ്. പരിഷത്ത് അടുപ്പുകൾക്ക് ഗ്രാമത്തിൽ പ്രചാരം സിദ്ധിച്ചുവരുന്നു. ഗ്രാമത്തിലെ ഊർജ്ജ ദൗർലഭ്യം വരും നാളുകളിൽ വർദ്ധിച്ചേക്കാൻ ഇടയുള്ളത് കണക്കിലെടുത്തുകൊണ്ട് പ്രാദേശികമായി ലഭ്യമായ ഊർജ്ജ ഉറവിടങ്ങളുടെ ഉപഭോഗം നിയന്ത്രക്കേണ്ടതുണ്ട്. കൂടാതെ പുതിയ ഊർജ്ജ ഉറവിടങ്ങൾ കണ്ടെത്തുകയും അതു സംബന്ധിച്ച വിവരവും, സാങ്കേതിക സഹായവും ഗ്രാമവാസികൾക്ക് ലഭ്യമാക്കണം. ഗോബർഗ്യാസ് പ്ലാൻറുകളുടെ ഉപയോഗം ഗ്രാമത്തിൽ പ്രചരിപ്പിക്കണം. അതുവഴി ചാണകം ഇന്ധനമാക്കി മാറ്റാനും ചിലവു കുറഞ്ഞ പാചക ഇന്ധന ഉപയോഗം ഗ്രാമവാസികൾക്ക് ലഭ്യമാക്കുന്നതിനും സാധിക്കും. ഗ്രാമത്തിലെ പാചക ഇന്ധന ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ ഇതുമൂലം കഴിയും. സൗരോർജ്ജ അടുപ്പുകൾക്കും ഗ്രാമത്തിൽ പ്രചാരം നൽകണം. ചിലവു കുറഞ്ഞ പാചക ഇന്ധന ഉപയോഗം ഗ്രാമവാസികൾക്ക് ലഭ്യമാക്കുന്നതിനും സാധിക്കും. ഗ്രാമത്തിലെ പാചക ഇന്ധന ഉപയോഗത്തിന്റെ ആവശ്യകത ഗ്രാമവാസികൾക്കിടയിൽ പ്രചരിപ്പിക്കണം.

പാചകത്തിനു പുറമെ വിളക്കുകൾ തെളിയിക്കുന്നതിനും ഊർജ്ജം ആവശ്യമാണ്. ഗ്രാമത്തിലെ മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി ലഭ്യമായിട്ടില്ല. വോൾട്ടേജ് ക്ഷാമവും, പവർകട്ടും നിത്യസംഭവമായതിനെ തുടർന്ന് മറ്റു ഊർജ്ജ ഉറവിടങ്ങൾ, വിളക്കുകൾ കത്തിക്കുന്നതിന് പ്രയോജനപ്പെടുത്തുന്നു. സൗരോർജ്ജ വിളക്കുകൾ ഗ്രാമത്തിൽ പ്രചാരത്തിലായിട്ടില്ല. കർഷകജനത ഏറെയുള്ള ഗ്രാമത്തിൽ ജലസേചനത്തിനായി മോട്ടോറുകൾ ഉപയോഗിക്കുന്നുവെങ്കിലും പവർകട്ടും, വോൾട്ടേജ് ക്ഷാമവും പലപ്പോഴും വൈദ്യുതോപകരണങ്ങളുടെ പ്രവർ

ത്തനത്തെ തടസ്സപ്പെടുത്തുന്നു.

വൈദ്യുതി പ്രയോജനപ്പെടുത്തികൊണ്ട് നിരവധി ചെറുകിട വ്യവസായിക യൂണിറ്റുകളും ഗ്രാമത്തിൽ പ്രവർത്തിക്കുണ്ട്. വൈദ്യുതി പ്രതിസന്ധി ഈ മേഖലയുടെ വളർച്ചയെ സാരമായി ബാധിച്ചിട്ടുണ്ട്.

ഗ്രാമത്തിൽ തെരുവു വിളക്കുകൾ എല്ലായിടത്തും സ്ഥാപിച്ചിട്ടില്ല. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം മിക്ക വൈദ്യുതി ലൈനുകളും ജനങ്ങൾക്ക് ഭീതി സൃഷ്ടിക്കുന്നു. പാതയോരത്ത് സ്ഥാപിച്ചിട്ടുള്ള ട്രാൻസ് ഫോർമറുകൾ യാതൊരു സുരക്ഷിതത്വ നടപടിയും സ്വീകരിച്ചിട്ടില്ല. കടുത്ത വോൾട്ടേജ് ക്ഷാമം വൈദ്യുതിയെ ആശ്രയിച്ച് ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളെ തകരാറിലാക്കിയയിരിക്കുന്നു.

ഊർജ്ജരംഗത്തെ മുഖ്യപ്രശ്നങ്ങൾ

1. വൈദ്യുതി ക്ഷാമം, വോൾട്ടേജ് വ്യതിയാനം.
2. വിറക് ലഭ്യതയുടെ പ്രശ്നങ്ങൾ, വനഭൂമിയുടെ അഭാവം, വിറകിന്റെ അമിത വില ദക്ഷത കൂടിയ അടുപ്പുകളുടെ ഉപയോഗത്തിന്റെ അഭാവം.
3. ഊർജ്ജ സ്രോതസ്സുകളുടെ ഫലപ്രദമായ ഉപയോഗത്തിന്റെ അഭാവം.
4. ബയോഗ്യാസ് പ്ലാന്റുകളുടെ പ്രചാരമില്ലായ്മ.
5. സൗരോർജ്ജ ഉപയോഗത്തിന്റെ അഭാവം.
6. ചിലവു കുറഞ്ഞ ഇന്ധന ഉപയോഗം സംബന്ധിച്ചുള്ള പ്രചാരണത്തിന്റെ അഭാവം.

സാധ്യതകൾ

1. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കൂടുതൽ ട്രാൻസ്-ഫോർമറുകൾ സ്ഥാപിക്കുക. വൈദ്യുതി പാഴാക്കുന്നത് തടയുക. ട്യൂബുലൈറ്റുകൾക്ക് പ്രചാരം നല്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. ഗ്രാമത്തിലെ മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി ലഭ്യമാക്കുക.
3. ദക്ഷത കൂടിയ അടുപ്പുകൾക്കു ഗ്രാമത്തിൽ പ്രചാരം നൽകുകയും, ആവശ്യമായ സാങ്കേതിക വിദ്യ ലഭ്യമാക്കുകയും ചെയ്യുക. അനർട്ടിന്റെയും, പരിഷത്തിന്റെയും അടുപ്പുകൾ ഗ്രാമവാസികൾക്ക് ലഭ്യമാക്കുക. വിറകിന്റെ ഉപയോഗം നിയന്ത്രിക്കുക.
4. സാമൂഹ്യ വനവൽക്കരണം പ്രോൽസാഹിപ്പിക്കുക.
5. ബയോഗ്യാസ് പ്ലാന്റുകൾക്ക് ഗ്രാമത്തിൽ പ്രചാരം നൽകുക. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാങ്കേതിക വിദ്യയും ധനസഹായവും ലഭ്യമാക്കുക.
6. സൗരോർജ്ജ വിളക്കുകളും, സൗരോർജ്ജ അടുപ്പുകളും ഗ്രാമത്തിൽ പ്രചാരം നൽകുക. സൗരോർജ്ജ മോട്ടോറുകൾ ഗ്രാമവാസികൾക്ക് ലഭ്യമാക്കുക.
7. ചപ്പുചവറുകൾ, ജൈവാവശിഷ്ടങ്ങൾ മുതലായവയിൽ നിന്ന് ഊർജ്ജം ഉൽപാദിപ്പിക്കാനുള്ള സാങ്കേതിക വിദ്യ ഗ്രാമവാസികൾക്ക് ലഭ്യമാക്കുക.
8. ഗ്രാമത്തിൽ കൂടുതൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

ഊർജ്ജത്തെ സംബന്ധിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. മറ്റൂരിൽ നിന്ന് പിരാരൂർ വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
2. ബാലവാടി റോഡിനും, മനയ്ക്കപ്പടി റോഡിനും ഇടയ്ക്കുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
3. പിരാരൂർ-വേങ്ങൂർ റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
4. ബാലവാടി റോഡ് - കുറ്റിയാലുക്കൽ റോഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
5. 1-ാം വാർഡിലെ കനാൽ റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
6. തുറവട്ടം - പെരുനിലം റോഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
7. 3-ാം വാർഡിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
8. 3-ാം വാർഡിൽ വഴിവിളക്ക് സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ വഴിവിളക്ക് സ്ഥാപിക്കണം.
9. നാലാം വാർഡിലെ തെരുവു വിളക്കുകൾ കൃത്യമായി കത്തുന്നതിന് സംവിധാനം ഉണ്ടാക്കണം.

10. 5-ാം വാർഡിലെ ആശാൻ കളരിയിൽ വൈദ്യുതീകരണം നടത്തുക.
11. 5-ാം വാർഡിലെ നാലുസെൻറു കോളനിയിലെ വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക.
12. കാലടി പാലത്തിൽ സ്ഥിരമായി എല്ലാ വിളക്കുകളും കത്തിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.
13. കാലടി-കൈപ്പട്ടൂർ റോഡ് (മൈനർ ഇറിഗേഷൻ കനാൽ-റോഡ്) സൈഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
14. 10-ാം വാർഡിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചുട്ടുള്ള എല്ലാ പേർക്കും ഉടൻ വൈദ്യുതി കണക്ഷൻ നൽകുക.
15. ഗ്രാമത്തിലെ വോൾട്ടേജ് ക്ഷാമം പരിഹിരിക്കുക.
16. റേഷൻ കടകളിൽ നിന്ന് ആവശ്യമായ മണ്ണെണ്ണ ഗ്രാമത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുക.
17. തെരുവു വിളക്കുകൾ സ്ഥാപിക്കാത്ത ഇടങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
18. പുളിയേലിപ്പടി ഭാഗത്ത് വൈദ്യുതി കണക്ഷന് അപേക്ഷിച്ചിട്ടിള്ളവർക്ക് വൈദ്യുതി കണക്ഷൻ നൽകുക.
19. ഗ്രാമത്തിൽ വിറകിൻെറ ലഭ്യത ഉറപ്പുവരുത്തുക.
20. മാണിക്യമംഗലം തുറയുടെ ഭാഗത്തുള്ള സിംഗിൾ ഫേസ് കണക്ഷൻ ത്രീ ഫേസ് ആക്കി ഈ ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

കാലടി ഇലക്ട്രിക്കൽ മേജർ സെക്ഷനിൽ നിന്നും ലഭിച്ച വിവരങ്ങൾ

നിലവിലുള്ള ഉപഭോക്താക്കൾ:-

a. ഗാർഹികം - 9616 എണ്ണം
b. വ്യാപാരം - 1600 "
c. വ്യവസായികം - 440 "
d. കാർഷികം - 1763 "

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം:-

a. ഓർഡിനറി - 341 എണ്ണം
b. ഒ.ടി.പി. - 31 "
c. ഒ.വൈ.ഇ.സി - 92 "

അവസാനം നൽകിയ കണക്ഷൻെറ അപേക്ഷാതീയതി 16-9-95 (O.Y.E.C)

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം :-

a. ബൾബ് 25W, 40W, 60W, 100W - 1265 എണ്ണം
b. ട്യൂബ് - 444
c. മെർക്കുറി വേപ്പർ - 25

തൻ വർഷത്തെകണക്ഷൻ :-

ഓർഡിനറി - 49 എണ്ണം
ഒ.ടി.പി. - 25 "
ഒ.വൈ.ഇ.സി. - 114 "

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L.T. ട്രാൻസ്ഫോർമറുകളുടെ എണ്ണം - 96 എണ്ണം

സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം അടക്കുന്നതുക - 17,751/രൂപ

തെരുവുവിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

കാലടി പഞ്ചായത്തിൽ ആകെ വൈദ്യുത ലൈനിന്റെ നീളം 90 കി.മി. (തൊണ്ണൂറ്) ആണ്. തെരുവു വിളക്ക് വൈദ്യുതി ചാർജിനത്തിൽ തൻവർഷം ചെലവഴിച്ചത് രൂപ - 2,22163/- (രണ്ടു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി ഒരുനൂറ്റി അറുപത്തി മൂന്ന്) ആണ്. ടി. തുക പഞ്ചായത്തു വരുമാനത്തിന്റെ 11%(പതിനൊന്ന്) ആകുന്നു. വാർഡു തലത്തിൽ വിളക്കുകളുടെ എണ്ണം താഴെ ചേർക്കുന്നു.

	വിളക്കുകളുടെ എണ്ണം				
വാർഡ്	വേപ്പർ ലാമ്പ്	ഫ്ളൂ. ട്യൂബ്	ബൾബ്	മറ്റുള്ളവ	ആകെ
1	2	3	4	5	6
I	-	10	60	-	70
II	01	10	60	-	71
III	01	10	60	-	71
IV	01	10	60	-	71
V	-	10	60	-	70
VI	-	10	60	70	
VII	15	10	60	മെർക്കുറി 04	89
VIII	01	19	84	-	104
IX	01	10	60	-	71
X	01	10	60	-	71
XI	-	10	60	-	70
ആകെ	21	119	684	04	828

ഗതാഗതം

ഗ്രാമവികസനത്തിന്റെ നാഴിക കല്ലുകളാണ് ഗതാഗതസംവിധാനങ്ങൾ എന്ന് പറയേണ്ടതില്ലല്ലോ. ഏതൊരു സംസ്കാരത്തിന്റെയും വളർച്ചയിൽ ഗതാഗത സംവിധാനം നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. ജനസമ്പർക്കത്തിന്റെ നാഡീവ്യൂഹങ്ങളാണ് ഈ ഗതാഗത സംവിധാനങ്ങൾ. ഇന്ന് ഏതൊരു പ്രദേശത്തിന്റെയും വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം ഉയർന്നുവരുന്നത് ഗതാഗത സൗകര്യങ്ങളുടെ വർദ്ധനവിനെക്കുറിച്ചാണ്. നമ്മുടെ പഞ്ചായത്തിൽ ഗതാഗത സൗകര്യങ്ങളുടെ പ്രാധാന്യം ഏറെയും റോഡുഗതാഗതത്തെ ആശ്രയിച്ചിരിക്കുന്നു. കാലടി പട്ടണത്തിൽ റോഡുഗതാഗതത്തിന്റെ സ്ഥിതി വളരെ തിരക്കുനിറഞ്ഞതാണ്. വികസിക്കാൻ ഏറെ സൗകര്യങ്ങളില്ലാത്ത റോഡുഗതാഗതത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ക്രമീകരണത്തിലൂടെ മാത്രമേ വികസനം സാദ്ധ്യമാവുകയുള്ളൂ.

ഗതാഗത സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ റോഡ് ഗതാഗതം, റെയിൽ ഗതാഗതം, ജലഗതാഗതം, വായുഗതാഗതം എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ റോഡുഗതാഗതം മാത്രമേയുള്ളൂ. അന്താരാഷ്ട്ര പ്രാധാന്യമുള്ള ചെറു നഗരമെന്നനിലക്കും ടൂറിസ്റ്റു ഭൂപടത്തിൽ സമീപ സ്ഥ പ്രാധാന്യമുള്ള മലയാറ്റൂർ, കോടനാട് തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള കവാടപട്ടണമെന്ന നിലയ്ക്കും കാലടിയിലെ ഗതാഗതമാർഗ്ഗങ്ങളെ വിലയിരുത്തേണ്ടതുണ്ട്. കാലടിയിൽ റെയിൽവേ ഗതാഗതം ഇല്ലെങ്കിലും കാലടിക്കുവേണ്ടിയാണ് അങ്കമാലിയിൽ റെയിൽവേ സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ളത്. കാലടിയിലൂടെ കടന്നുപോകത്തക്കവിധം കൊച്ചി മധുര റയിൽവേയെ സംബന്ധിച്ച് വളരെക്കാലം മുതൽ ആവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. മലയോരപ്രദേശങ്ങളുടെ വികസനത്തിന് ഏറ്റവും പ്രാധാന്യം നല്കുന്നതും മലഞ്ചരക്ക് വ്യാപാരത്തിന്റെ സിരാകേന്ദ്രവുമായ കാലടിയെ സംബന്ധിച്ചിടത്തോളം റെയിൽവേ ബുക്കിംഗ് ആഫീസിന്റെ അനെക്സ് സ്ഥാപിക്കേണ്ടതാണ്. കൊച്ചി മധുര റെയിൽവേയുടെ സ്ഥാപനത്തോടെ കാലടിയുടെ മാത്രമല്ല മറ്റ് സമീപപ്രദേശങ്ങളുടെയും സർവ്വതോന്മുഖമായ വികസനത്തെ ത്വരിതപ്പെടുത്തും. റെയിൽവേ വികസനത്തിന് കാലടിയിൽ ഏറെ സാധ്യതയുണ്ട്. സമതല പ്രദേശമായതിനാൽ അങ്കമാലി സ്റ്റേഷന്റെ ജങ്ഷൻ സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം കാലടിയാണ്. പുതിയ റയിൽവേ ലൈനിന്റെ പ്രവർത്തനം നടക്കുമ്പോൾ റെയിൽവേ കോച്ചു ഫാക്ടറി സ്ഥാപിക്കാൻ സൗകര്യ പ്രദമായ സ്ഥലം കാലടിയായിരിക്കും.

ജലഗതാഗതം ഗ്രാമങ്ങളിൽപ്പോലും ഇന്ന് അന്യമായികൊണ്ടിരിക്കയാണ്. എന്നാൽ കാലടി പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിലുള്ള തോടുകളും പുഴയും ജലഗതാഗതത്തിന് സൗകര്യപ്രദമാക്കാം. പെരിയാറിൽ വർഷക്കാലങ്ങളിൽ ബോട്ട് സർവ്വീസ് നടത്താവുന്നതാണ്. ചെറുവഞ്ചികളിൽ വർഷക്കാലത്ത് ചരക്കുഗതാഗതത്തിന് തോടുകളിലൂടെ ജലഗതാഗതമാർഗ്ഗം ഫലവത്താണ്. ജലഗതാഗതം വർദ്ധിപ്പിക്കാനാവാശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കുറെപ്പേരെങ്കിലും നമ്മുടെ പ്രദേശത്തുണ്ട്. ടൂറിസം വകസനത്തിന്റെ ഭാഗമായി കാലടിയിൽനിന്നും ചേരാനല്ലൂർ കടത്തിലേക്ക് ഒരു റോപ്പ്വേ നിർമ്മിച്ചാൽ കൂടുതൽ ദൂരം റോഡ്സഞ്ചാരം ഒഴിവാക്കാനും ഉടുമ്പുഴ തോട് വൃത്തിയാക്കി ആഴം വർദ്ധിപ്പിച്ചാൽ V, VIവാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്തനിന്നും കാർഷീക വസ്തുക്കൾ വിപണനത്തിനായി കാലടി മാർക്കറ്റിൽ എത്തിക്കാനാവും. അതുപോലെ മാണിക്യമംഗലം തുറയുടെ ആഴം വർദ്ധിപ്പിച്ച് സംരക്ഷിച്ചാൽ ജലഗതാഗതത്തിന് മാണിക്യമംഗലം പ്രദേശത്തുനിന്നും ജലമാർഗ്ഗം ഉടുമ്പുഴവരെ എത്താവുന്ന സംവിധാനമുണ്ടാക്കാൻ കഴിയും.

വായു ഗതാഗതത്തെ സംബന്ധിച്ച് നമ്മുടെ പഞ്ചായത്തിലല്ലെങ്കിലും നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ പ്രയോജനം കാലടിക്ക് ലഭിക്കും. എന്നാൽ അവിടേയ്ക്കുള്ള പ്രധാന കവാടം തെക്കൻ ജില്ലകളിൽ നിന്നും വടക്കൻ ജില്ലകളുമായി ബന്ധിപ്പിക്കുന്ന

എം.സി. റോഡിലേയ്ക്ക് ആവുമ്പോൾ കാലടി പഞ്ചായത്തിന്റെ വികസനത്തിന് സഹായകര മാവും. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാന ത്താവളത്തിന്റെ ടെർമിനലുമായി ബന്ധപ്പെ ടുന്ന പിരാരൂർ-മറ്റൂർ റോഡ് വളരെയധികം വിക സിപ്പിക്കേണ്ടതുണ്ട്. അതിനോടനുബന്ധിച്ച് ശ്രീ. ശങ്കരകോളേജിന്റെ കിഴക്കുഭാഗത്ത് ഹെലിപ്പാഡ് സംവിധാനം ഏർപ്പെടുത്തുന്നത് നന്നായിരിക്കും.

റോഡ് ഗതാഗതത്തെസംബന്ധിച്ചിടത്തോ ളം നമ്മുടെ പഞ്ചായത്തിൽ പട്ടണവുമായി യോ ജിപ്പിക്കുന്ന പ്രധാന റോഡുകൾ താഴെ പട്ടിക ചേർക്കുന്നു. ഈ റോഡുകൾ താരതമ്യേന വീതി കുറഞ്ഞതാണ്. എന്നാൽ ഏറ്റവും തിരക്കേറിയ കാലടി പട്ടണത്തിന്റെ വികസനത്തിന് ബൈപാ സ് റോഡുകൾ അനിവാര്യമാണ്. പഞ്ചായത്തിൽ ആകെ 137.86 കി.മീ. റോഡുകളുണ്ട്. എന്നാൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇപ്പോ ഴും യാത്രാ സൗകര്യം കുറവായിട്ടുണ്ട്. മാണിക്യ മംഗലം പൊതിയക്കര വഴി ബസ്സ് സൗകര്യം ഉണ്ടാവേണ്ടതാണ്.

പട്ടിക: റോഡുകളുടെ തരം

M.C റോഡ്	PWD റോഡ്	പഞ്ചായത്ത് ടാർ റോഡ്	മെറ്റൽ റോഡ്	എർത്ത് റോഡ്		ഹൈവേ ഒഴികെ
				പക്ക	കച്ച	
3.25 കി.മീ.	25.50 കി.മീ.	15	16	30.26	51.10	137.86

(അവലംബം : പഞ്ചായത്ത് റോഡ് രജിസ്റ്റർ)

പൊതുമരാമത്ത് പണികളിൽ ഏറിയ പങ്കും പഞ്ചായത്ത് ചിലവഴിച്ചിട്ടുള്ളത് റോഡിന്റെ നിർമ്മാണ ത്തിനും അറ്റകുറ്റപ്പണികൾക്കുമാണ്.

1996-97 ലെ ആക്ഷൻ പ്ലാൻ അനുസരിച്ച് ജെ.ആർ.വൈ. പണിയെ സംബന്ധിച്ച് പട്ടിക താഴെ ചേർക്കുന്നു.

നമ്പർ	പണിയുടെ പേര്	ചിലവഴിച്ച തുക	വാർഡ് നമ്പർ
(എ)	മനയ്ക്കപ്പടി-മട്ടപ്പുറംഹരിജൻ കോളനിറോഡ് മെറ്റലിംഗ് .	60,000	I
(ബി)	തടിക്കൽക്കടവ്-തിരുവെള്ളമാൻതുള്ളിക്ഷേത്രം റോഡ് മെറ്റലിംഗ്	45,000	II
(സി)	പിരാരൂർ-വേങ്ങൂർ റോഡ് റീടാറിംഗ്	132,044	I
(ഡി)	വട്ടപ്പറമ്പ്-ഹരിജൻ കോളനി റോഡ് മെറ്റലിംഗ്	129,476	III,VI
(ഇ)	മാണിക്കമംഗലം-മുണ്ടങ്ങാമഠംകോളനിറോഡ് മെറ്റലിംഗ്	129,500	X

35 വർഷങ്ങൾക്കുമുമ്പ് കാലടി ശ്രീ. ശങ്കരാ പാലത്തിന്റെ നിർമ്മാണത്തിനുമുമ്പ് കടത്ത് വഴിയാണ് ജനങ്ങൾ സഞ്ചരിച്ചിരുന്നത്. അന്ന് ജങ്കാർ സർവ്വീസുകൾ കാലടിയേയും പെരുമ്പാ വൂരിനെയും തമ്മിൽ ബന്ധിപ്പിച്ചിരുന്നു. ഗതാ ഗതത്തിന്റെ തിരക്കിന് ആക്കം വർദ്ധിപ്പിച്ച ശങ്കരാപ്പാലത്തിന്റെ ഉദ്ഘാടനത്തോടെ കാല ടി മറ്റു പ്രദേശങ്ങളുടെ ഗതാഗത കേന്ദ്രമായി മാറി. തിരുവനന്തപുരം തൊട്ട് വടക്കോട്ട് എം. സി. റോഡിലെ പ്രധാന പട്ടണങ്ങളിൽ ഒന്നാണ് കാലടി. എന്നാൽ ട്രാൻസ്പോർട്ട് കോർപ്പറേ ഷൻ വക ബസ്സുകൾ കാലടിയിലൂടെ കടന്നുപോ കുന്നത് വളരെ കുറവാണ്. തെക്കു കിഴക്കൻ പട്ടണങ്ങളായ പെരുമ്പാവൂർ, മൂവാറ്റുപുഴ, കോ തമംഗലം തുടങ്ങി ആലുവ, അങ്കമാലി, ചാലക്കു ടി എന്നീ പട്ടണങ്ങളുമായുള്ള ഗതാഗതത്തിന് പ്രൈവറ്റ് വാഹനങ്ങളെയാണ് ആശ്രയിക്കുന്ന ത്. കാലടിയുൾകൊള്ളുന്ന എറണാകുളം റവന്യൂ ജില്ലാ ആസ്ഥാനത്തേക്ക് ഒരു ബസ്സ് പോ ലും ഇല്ലെന്നത് ഗതാഗതത്തെ സംബന്ധിച്ച് ഏറെ നിർഭാഗ്യകരമാണ്. ഇതിനുള്ള നടപടി കൾ കൈക്കൊള്ളേണ്ടതാണ്. ജില്ലാ, താലൂക്ക് ആസ്ഥാനങ്ങളിൽ നൂറ് കണക്കിന് ഉദ്യോഗസ്ഥ ന്മാർ, വിദ്യാർത്ഥികൾ, തൊഴിലാളികൾ എന്നിവ രുടെ ദിവസേന യാത്രയ്ക്ക് സ്ഥിരം സംവിധാ നം അപര്യാപ്തമാണ്. ഇത്രയും ഗതാഗത സൗക ര്യമില്ലാതിരുന്ന കാലഘട്ടത്തിലും കാലടിയിൽ നിന്നും ആലുവായിലും മറ്റു ദൂര സ്ഥലങ്ങളി ലും പോയി വിദ്യാഭ്യാസം നിർവ്വഹിച്ച പാരമ്പര്യമുണ്ട്.

കലാടിയിലെ ഗതാഗത സൗകര്യത്തെ ഏറ്റ വുമധികം ബാധിക്കുന്ന പ്രശ്നം ബസ്സ് സ്റ്റാൻറ് ഇല്ലാത്തതാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷ ന്റെ ബസ്സ് ടെർമിനൽ സ്ഥാപിക്കേണ്ടതാണ്. പ്രൈവറ്റ് ബസ്സുകൾ ധാരാളം ട്രിപ്പുകൾ നടത്തുന്ന ഈ പഞ്ചായത്തിൽ പ്രൈവറ്റ് ബസ്സ് സ്റ്റാൻറ് അനിവാര്യമാണ്. ഇന്നുള്ള ഗതാഗത സംവിധാനത്തിൽ കാലത്ത് 5 മണി മുതൽ രാത്രി 10 മണിവരെയെങ്കിലും ബസ്സ് ട്രിപ്പുകൾ ആവശ്യമാണ്. രണ്ടു വർഷം മുമ്പുവരെ മഞ്ഞപ്ര, മലയാറ്റൂർ, പാറപ്പുറം എന്നീ ഭാഗങ്ങളി-ലേക്ക് 10 മണിവരെ ട്രിപ്പുണ്ടായിരുന്ന ട്രാൻസ്-പോർട്ട് ബസ്സുകൾ അങ്കമാലിൽ നിന്നും ഓപ്പറേ-റ്റ് ചെയ്തിരുന്നു. ആലുവായിൽ നിന്നും 10 മണി ക്ക് കാലടി വഴി മഞ്ഞപ്രയ്ക്കുണ്ടായിരുന്ന ബസ്സും നിർത്തിവച്ചിരിക്കുന്നു.

ചരക്കു ഗതാഗതത്തിന് ഇന്ന് നിലവിലുള്ള ടെംപോ, ലോറി സംവിധാനങ്ങൾ കാലടിയിൽ വളരെക്കുറവാണ്. പകൽ സമയത്തെ ക്രഷറുക ളിൽ നിന്നും ഓടുന്ന ട്രിപ്പുകൾ ഗതാഗതക്കുരു ക്കുണ്ടാക്കുന്നു. എന്നാൽ ജനങ്ങളുടെ യാത്രാ സൗകര്യം ഇന്നും പരിമിതപ്പെട്ടിരിക്കയാണ്. അങ്കമാലിയിൽ റെയിൽവേ സ്റ്റേഷൻ ഉപയോഗ പ്പെടുത്തുന്ന 60 ഓളം യാത്രക്കാർ കാലടിയിൽ നിന്നും സമീപപ്രദേശങ്ങളിൽനിന്നും അങ്കമാലി യിൽ ദിവസേന യാത്രചെയ്യുന്നുണ്ട്. ചരക്കു ഗതാഗതത്തിൽ കൂടുതലും കാലടിയിലേക്ക് വരുന്ന പച്ചക്കറി ലോറികളാണ്. കോയമ്പ ത്തൂർ, പൊള്ളാച്ചി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ദിവസവും അനേകം ലോറികൾ എത്തു ന്നുണ്ട്. അതുപോലെ മണൽ, മെറ്റൽ തുടങ്ങി യവ കയറ്റിപ്പോകുന്ന ലോറികളുമുണ്ട്. തെങ്ങിൻ മടയുകൾ കയറ്റി ആലപ്പുഴ ഭാഗത്തേ ക്ക് ധാരാളം ലോറികൾ പോകുന്നുണ്ട്.

യാത്രാ സൗകര്യത്തിന് ഇക്കാലത്ത് ഏറ്റ വും ആശ്രയിക്കപ്പെടുന്നത് ഓട്ടോറിക്ഷകളെയാ ണ്. ഏതാണ്ട് 126 ഓട്ടോറിക്ഷകൾ കാലടി പഞ്ചാ യത്തിൽ ഓടുന്നുണ്ട്. കൂടാതെ 32 ഓളം ടൂറിസ്-റ്റ് ടാക്സികളും ഇവിടെയുണ്ട്. എന്നാൽ ടാക് സി വാഹനങ്ങളുടെയും ചരക്ക്ഗതാഗതത്തിനു-ള്ള ടെംപോ, പെട്ടിഓട്ടോറിക്ഷ, ലോറി തുടങ്ങിയ വയുടെ നിരക്കുകളെ സംബന്ധിച്ച യാതൊരു പരസ്യബോർഡും നിലവിലില്ല.

പ്രശ്നങ്ങൾ

1. പല വാർഡുകളിലും വേണ്ടത്ര റോഡുകളില്ല. ഉള്ള റോഡുകൾ അധികവും കുണ്ടും കുഴി യുമായികിടക്കുന്നു. മെയിൻറനൻസ് കാലാ കാലങ്ങളിൽ നടത്തപ്പെടുന്നില്ല.
2. നിലവിലുള്ള മിക്ക റോഡുകളുടെയും സ്ഥി തി മോശമാണ്.
3. ഉള്ള റോഡുകൾക്ക് ഇരുവശത്തും ഓടകൾ ഇല്ല. അതിനാൽ വെള്ളം കെട്ടി, കുണ്ടുംകുഴി യും മൂലം അപകട സാദ്ധ്യതകൾ

കൂടുതലാണ്.

4. പല പ്രധാന നിരത്തിലും ബസ്സ്സ്റ്റോപ്പുകളിൽ ഷെൽട്ടർ സംവിധാനമില്ല.

5. പ്രധാന റോഡുകളിൽപ്പോലും വേണ്ടത്ര സൂചനാ ബോർഡുകളില്ല. ഹംപുകൾ മിക്ക സ്ഥലത്തും ഇല്ല. ഉള്ള ഹംപുകളിൽ സൂചിത അടയാളങ്ങളുമില്ല.

സാദ്ധ്യതകൾ

1. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കുന്നതിന് സന്നദ്ധ പ്രവർത്തനം ആസൂത്രണം ചെയ്യാം.
2. ബഹുജനസംഘടനകളുടെ സഹകരണത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താവുന്നതാണ്.
3. ഇനിയും ടാറിടാത്തറോഡുകൾ ടാർചെയ്യുന്നതിനുള്ള പരിപാടി ആവിഷ്ക്കരിക്കണം.
4. ഗ്രാമസഭാ നിർദ്ദേശങ്ങളിൽ ഉയർന്നു വന്ന പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിച്ച് പുതിയ റോഡുകൾ നിർമ്മിക്കേണ്ടതാണ്.
5. അതാത് വാർഡുകളിലുള്ള റോഡുകളുടെ സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കാം.
6. റോഡുകളിൽ വെള്ളം കെട്ടിനിൽക്കുന്ന പ്രദേശത്തും വെള്ളം ഒഴുക്കി വിടേണ്ട ഭാഗത്തും കൽവെർട്ടുകൾ നിർമ്മിക്കണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് I

1. മനയ്ക്കപ്പടി - പുളിയാമ്പിള്ളി റോഡ് ഉടനെ ടാർ ചെയ്യണം.
2. ബാലവാടി - കുറ്റിയാലുക്കൽ റോഡ് ഉടനെ ടാർ ചെയ്യണം.
3. പള്ളിറോഡ്
4. തേവർമഠം മിഡിൽ റോഡ്
5. കുറ്റിലക്കര ലക്ഷംവീട് റോഡ്
6. തുറമുട്ടം പെരുനിലം റോഡ്
7. കുറ്റിലക്കരപറമ്പു റോഡ്
8. കാളമട്ടം - ഹരിജൻ കോളനി റോഡ്
9. പിരാരൂർ - വേങ്ങൂർ റോഡ്
10. തേവർമഠം - പള്ളി റോഡിലേക്കുള്ള കനാൽ റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
11. പിരാരൂർ കവലയിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

വാർഡ് II

1. പൂക്കാട് തേമാലി റോഡ് ആവണംകോട് കനാൽ വരെ 300 മീറ്റർ നീളത്തിൽ പാടത്തിന്റെ അരിക് കെട്ടി 100 മീറ്റർ മണ്ണ് നിറക്കണം. ഇതിന് 60,000 രൂപയോളം ചിലവുവരും.
2. മരോട്ടിച്ചുവട് - മിനി ഇൻഡസ്ട്രിയൽ റോഡ് 400 മീറ്റർ ദൈർഘ്യം റോളിംഗ്, മെറ്റലിംഗ്, ടാറിംഗ് നടത്തണം. ചിലവ് 1.25 ലക്ഷം രൂപ.
3. എം.സി. റോഡ് മുതൽ ചാലക്കുടി ഇറിഗേഷൻ കനാൽ വാലറ്റം റോഡ് 200 മീറ്റർ ദൈർഘ്യം റോളിംഗ്, മെറ്റലിംഗ്, ടാറിംഗ് 75,000 രൂപ പ്രതീക്ഷിക്കുന്നു.
4. ഞാർക്കാട് റോഡ് 350 മീറ്റർ ദൈർഘ്യം-അവസാന 150 മീറ്റർ അരിക് കെട്ടി സംരക്ഷിക്കണം, ടാറിംഗ് നടത്തണം, ചിലവ് 1.25 ലക്ഷം രൂപ.
5. സെ: ആൻറണീസ് സ്കൂൾ - പൂപ്പന്തുരുത്ത് റോഡ് 800 മീറ്റർ ടാറിംഗ് നടത്തണം, 3 ലക്ഷം രൂപ ചിലവ്.
6. മനയ്ക്കപ്പടി- ചർച്ച് 550 മീറ്റർ ദൈർഘ്യം ടാറിംഗ് ഉൾപ്പെടെ ചിലവ് 1.80 ലക്ഷം.
7. മരോട്ടിച്ചുവട്-ചർച്ച് റോഡ് 325 മീറ്റർ ടാറിംഗ് ഉൾപ്പെടെ ചിലവ് 1.25 ലക്ഷം.
8. ചിറമേൽ റോഡ് 250 മീറ്റർ ടാറിംഗ് ഉൾപ്പെടെ ചിലവ് 0.90 ലക്ഷം.
9. മറ്റൂർ തലാശ്ശേരി മട്ടപ്പുറം ബാക്കി ഭാഗം 125 മീറ്റർ ടാറിംഗ് ഉൾപ്പെടെ ചിലവ് 1.50 ലക്ഷം.
10. മരോട്ടിച്ചുവട്-ചർച്ച് ലിങ്ക് റോഡ് 125 മീറ്റർ ടാറിംഗ് ഉൾപ്പെടെ ചിലവ് 0.50 ലക്ഷം.
11. തിരുവെള്ളമാൻതുള്ളി ക്ഷേത്രം റോഡ് 300 മീറ്റർ ടാറിംഗ് ഉൾപ്പെടെ ചിലവ് 0.75 ലക്ഷം.
12. പാലച്ചോട്-തടിക്കടവ് റോഡ് 200 മീറ്റർ ടാറിംഗ് ഉൾപ്പെടെ ചിലവ് 0.70 ലക്ഷം.
13. തടിക്കടവ് - ലക്ഷംവീട് റോഡ് 100 മീറ്റർ ടാറിംഗ് ഉൾപ്പെടെ ചിലവ് 0.50 ലക്ഷം.
14. ചെങ്ങൽ ബൈണ്ടറി - ലക്ഷംവീട് റോഡ് 80 മീറ്റർ ടാറിംഗ് ഉൾപ്പെടെ ചിലവ് 0.30 ലക്ഷം.

15. തലാശ്ശേരി - ഇറിഗേഷൻ കനാൽ റോഡ് 250 മീറ്റർ ടാറിംഗ് ഉൾപ്പെടെ ചിലവ് 1.00 ലക്ഷം.
16. മറ്റൂർ - ചെങ്ങൽ ബൗണ്ടറി റോഡ് മീറ്റർ ടാറിംഗ് ഉൾപ്പെടെ ചിലവ് 1.50 ലക്ഷം.
17. തടിക്കകടവ് ചാലക്കുടി കനാൽ - ചർച്ച് റോഡ് 350 മീറ്റർ ടാറിംഗ് ഉൾപ്പടെ ചിലവ് 1.00 ലക്ഷം.

വാർഡ് III

1. പഞ്ചായത്തിലെ എല്ലാ റോഡുകളുടെ ഇരുവശത്തുമുള്ള കെട്ടിടം നിർമ്മിക്കുമ്പോൾ 3 മീറ്റർ ഉള്ളിലേക്ക് മാറ്റിമാത്രമേ ചെയ്യാവൂ.
2. മരോട്ടിച്ചുവട്-ശങ്കരാകോളേജ് കനാൽ റോഡ്, നെല്ലിപ്പറമ്പ്
3. എരപ്പിങ്ങൽ ഹരിജൻ കോളനി റോഡ്
4. സെ: ജോർജ് - തേമാലി റോഡ്
5. മരോട്ടിച്ചുവട് - ശങ്കരാകോളേജ്
6. ലക്ഷം വീട് - ശങ്കരാകോളേജ്
7. ഇരപ്പുങ്ങൽ - തേമാലി
8. മറ്റൂർ പാലച്ചുവട്
9. വട്ടപ്പറമ്പ് - ഇടതുകര കനാൽ
10. വട്ടപ്പറമ്പ് - ബാലവാടി
11. വട്ടപ്പറമ്പ് - പൊതിയക്കര
12. മറ്റൂർ - ശ്രീ. ശങ്കരാകോളേജ്

വാർഡ് IV

1. തോട്ടക്കാട് ഹരിജൻ കോളനി പൊതിയക്കര കനാൽ റോഡ്
2. ഉടമ്പുഴ തോടിന്റെ അരികിലൂടെ റോഡ് നിർമ്മിക്കുക.
3. SSകോളേജ് റോഡിൽ നിന്നും പൊതിയക്കര പള്ളിക്കനാൽ ബണ്ട് റോഡ് ഗതാഗത യോഗ്യമാക്കുക.
4. ശ്രീ. ശങ്കരാകോളേജിൽ നിന്നും പൊതിയക്കര-റോഡിലേക്ക് ഗയ്റ്റ് സ്ഥാപിക്കണം.
5. മറ്റൂർ യാക്കോബായ ചർച്ച് റോഡ് ടാർ ചെയ്യണം.
6. എം.സി. റോഡിൽ നിന്നും SSകോളേജ് റോഡിൽ നിന്നും കനാൽ ബണ്ട് റോഡ് ടാർ ചെയ്യുക.
7. മറ്റൂർ നടുഭാഗം കനാൽ റോഡ് ഭാഗത്ത് സ്ലാബ് നിർമ്മിക്കുക.
8. തോട്ടക്കാട് കനാൽ ബണ്ടിന് പടിഞ്ഞാറുവശം താമസിക്കുന്നവർക്കു കുടിവെള്ളം കൊണ്ടുപോകുന്നതിന് വഴി ഉണ്ടാക്കുക.
9. മറ്റൂർ ഹരിജൻ കോളനിറോഡ് വീതികൂട്ടുക.
10. മറ്റൂർ ഹരിജൻ വെൽഫെയർ സ്കൂളിനടുത്ത് ഫുട്ട് പാത്തും ഹംമ്പും ഉണ്ടാക്കുക. സിഗ്നൽ ബോണ്ട് സ്ഥാപിക്കണം.
11. മറ്റൂർ ജംഗ്ഷൻ ഓട്ടോ സ്റ്റാൻറ് മാറ്റി സ്ഥാപിക്കുക.

വാർഡ് V

1. പൊതിയക്കര - യോർദ്ദനാപുരം റോഡ് നന്നാക്കുക.
2. പള്ളിപ്പടി - ആശാൻകളരിറോഡ് സഞ്ചാരയോഗ്യമാക്കുക.
3. തോട്ടകം - പുഞ്ച റോഡിൽ വാഹന ഗതാഗത സൗകര്യം ഉണ്ടാക്കുക.
4. യോർദ്ദനാപുരം - മംഗലത്തറ റോഡ് ടാർ ചെയ്യുക.
5. തോട്ടപ്പിള്ളിമുക്ക് - നാലുസെൻറ് കോളനി റോഡ് സഞ്ചാരയോഗ്യമാക്കുക.
6. യോർദ്ദനാപുരം തുരുത്ത് റോഡ് പൂർത്തിയാക്കുക.
7. തോട്ടകം - മംഗലത്തറ റോഡ് നിർമ്മിക്കണം.
8. ജോസ് ജംഗ്ഷൻ- ബേബിക്കവല റോഡ് ടാറിംഗ് പൂത്തിയാക്കണം.
9. കോലഞ്ചേരി കവല- യോർദ്ദനാപുരം റോഡ് അറ്റകുറ്റപ്പണികൾ നടത്തി ടാറിംഗ് ചെയ്യണം.

വാർഡ് VI

1. മഞ്ഞപ്ര കാലടി ബസ്സ് ഈ വാർഡിലൂടെ ഒരു ട്രിപ്പു നടത്തണം.
2. പൊതിയക്കര മുളിയേലിപ്പടി റോഡ് നിർമ്മിക്കണം.
3. കൊട്ടുരുത്തി കനാൽ മുട്ടത്തു പാറ - കൈപ്പട്ടൂർ റോഡ് നിർമ്മിക്കണം.
4. ചക്കുകുളത്ത് - വെട്ടിയേറ്റ് ഭാഗത്തേക്ക് റോഡ്വേണം.
5. ഇഞ്ചക്കക്കവല - കൈതത്തോട് റോഡ് നന്നാക്കണം.
6. പൊതിയക്കര വരക്കടപ്പാറ റോഡ് നന്നാക്കണം.

വാർഡ് VII

1. ടൗണിന്റെ നാലുവശത്തും റോഡിന്റെ അരികിൽ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുകയും കാനകളിലേക്ക് ഓവുകൾ തുറന്നിടുകയും വേണം. കാനകൾക്ക് സ്ലാബിടുക.
2. ആശ്രമം റോഡിന്റെ രണ്ടുവശവും വെള്ളം കെട്ടിനില്ക്കാത്ത രീതിയിൽ കാനകൾ ഉടനെ തീർക്കുക.
3. ആശ്രമം റോഡും മലയാറ്റൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ജവാഹർ തീയറ്റർ റോഡ് ഉപയോഗയോഗ്യമാക്കുക.
4. ആശ്രമം റോഡും മലയാറ്റൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന കനാൽ റോഡ് ഗതാഗതയോഗ്യമാക്കുക.
5. ആശ്രമം കടവ് മുതൽ ശങ്കരാപാലംവരെ കടവുകൾ കെട്ടി സംരക്ഷിക്കുക.
6. നിർദ്ദിഷ്ട സ്ഥാനത്ത് ബസ്റ്റാൻറു പണിയുക. ഓട്ടോറിക്ഷകൾ, കാറുകൾ, ലോറി തുടങ്ങിയവ അവിടെ പാർക്കുചെയ്യാൻ നടപടി സ്വീകരിക്കുക.
7. കാലടി പാലത്തിൽ നിന്നും ശൃംഗേരിവരെ ബൈപാസ് റോഡും നിർമ്മിക്കണം.
8. പാലത്തിന്റെ പടിഞ്ഞാറുവശത്തു നിന്നും വിക്ടറി ടാക്കീസിന്റെ അടുത്ത് അവസാനിക്കുന്ന പോക്കറ്റ് റോഡ് നന്നാക്കുക.
9. ആശ്രമം സ്കൂളിന്റെ മുമ്പിൽ Traffic Sign Bord വയ്ക്കുക.
10. പുത്തൻകാവ് റോഡ് ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കുക.

വാർഡ് VIII

1. മാണിക്കമംഗലം - പണ്ടരക്കടവ് റോഡ് നന്നാക്കുക.
2. മാണിക്കമംഗലം - പുളിയേലിപ്പടി റോഡ് ടാർ ചെയ്യുക.
3. പുൽപ്പുറം - പറയത്തുപടി റോഡ് ടാർ ചെയ്യുക.
4. മാണിക്കമംഗലം - പറയത്തുപടിറോഡ് ടാർ ചെയ്യുക.
5. മാണിക്കമംഗലം - കൈപ്പട്ടൂർ റോഡ് ടാർ ചെയ്യുക.
6. മൂപ്പർ റോഡ് ടാർ ചെയ്യുക.
7. കൈപ്പട്ടൂർ മൂപ്പർ പനേപ്പാൾ കനാൽ ബണ്ട് റോഡ് നിർമ്മിക്കുക.
8. ആനപ്പാറ - ഹരിജൻ കോളനി റോഡ് നിർമ്മിക്കുക.
9. കുഞ്ഞിക്കുട്ടൻ റോഡ് ടാർ ചെയ്യുക.
10. പട്ടത്താനം റോഡ് നിർമ്മിക്കുക.
11. മാണിക്കമംഗലം തുറയ്ക്ക് ചുറ്റും റോഡ് നിർമ്മിക്കുക.
12. കൈതാരം റോഡ് നിർമ്മിക്കുക.

വാർഡ് IX

1. മഞ്ഞപ്ര റോഡിൽ നിന്നും തടിക്കകടവ് റോഡിൽ മുട്ടുന്ന വടത്തേടത്ത് കോളനി റോഡ് നിർമ്മിക്കുക.
2. മഞ്ഞപ്ര റോഡിൽ നിന്നും പനയാലി ഭാമത്തേക്കുള്ള തോട്ടങ്കര ലൈൻ വികസിപ്പിച്ച് നന്നാക്കണം.
3. മേക്കാലടി - പനയപ്പാലം വഴി റേഡിയോ കവലയിലേക്ക് പുതിയ റോഡ് ഉണ്ടാക്കണം.
4. മസ്ജിദ് ലക്ഷം വീട് കോളനി റോഡ് പൂർത്തിയാക്കണം.
5. അമ്പാടത്ത് കടവ് റോഡ് മെറ്റൽ, ടാറിംഗ് എന്നിവ നടത്തണം.
6. മടത്തേടത്ത് ഹരിജൻ കോളനി റോഡ് ടാർ ചെയ്യണം.
7. സ്തിതാ റോഡ് ടാറിംഗ് നടത്തണം.
8. പൂർണ്ണാ ആഡിറ്റോറിയം റോഡ് പൂർത്തിയാക്കണം.
9. പൂർണ്ണാ ആഡിറ്റോറിയത്തിന് എതിർവശത്തുള്ള നടപ്പാത ഗതാഗത യോഗ്യമാക്കണം.

വാർഡ് X

1. മാണിക്കമംഗലം - മുണ്ടങ്ങാമഠം റോഡ് നന്നാക്കണം.
2. മേക്കാലടി പനയേലി പുത്തൻ തോട് റോഡ് പൂർത്തിയാക്കണം.
3. പനയാലി - നെട്ടിനംപിള്ളി റോഡ് നന്നാക്കണം.
4. കൈപ്പട്ടൂർ - പനമന കനാൽ റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.

5. കാർഷികാവശ്യത്തിനായി പനമന കനാൽ റോഡിൽ സ്ലാബ് നിർമ്മിക്കണം.
6. ആലുവ - മലയാറ്റൂർ, മഞ്ഞപ്ര K.S.R.T.C. ബസ്സ് സർവ്വീസ് നടത്തുന്നതിന് നടപടിയുണ്ടാകണം.
7. പറയത്തീപടി - പനമന റോഡ് ഗതാഗതയോഗ്യമാക്കണം.

വാർഡ് XI

1. മുണ്ടങ്ങാമഠം - നെട്ടിനംപിള്ളി റോഡുമായി ബന്ധിപ്പിക്കുന്ന Buy റോഡ് പണിയണം.
2. മാണിക്കമംഗലം കവലയിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.
3. തോട്ടകം ചർച്ച് റോഡ് ഗതാഗതയോഗ്യമാക്കുക.
4. ബാലവാടി റോഡ് നിർമ്മിക്കുക.
5. മുക്കടായി റോഡ് ഗതാഗത യോഗ്യമാക്കണം.
6. ചിറ്റേപ്പാടം, കുഴിയമ്പാടം റോഡുകൾ നിർമ്മിക്കുക.
7. പാലത്തോട് റോഡ് ടാറിംഗ് നടത്തുക.
8. അങ്കമാലി കാലടി വഴി മഞ്ഞപ്ര K.S.R.T.C. ബസ്സ് സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുക.
9. മാണിക്കമംഗലം - തോട്ടകം - യോർദ്ദനാപുരം വഴി ബസ്സ് സർവ്വീസുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുക.
10. ഈ വാർഡിലെ റോഡുകളിൽ നില്ക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടിയുണ്ടാവുക.
11. മൂക്കടായ് പാലം വന്നാൽ കാലടി പഞ്ചായത്തും മലയാറ്റൂർ - നീലീശ്വരം പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുവാനും കിലോമീറ്റുകളോളം യാത്രാ സൗകര്യവുമുണ്ട്.

പൊതുവെ ഗതാഗത സംവിധാനത്തിൽ ഉയർന്നുവരുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഏറെയാണ്. റോഡുകളിൽ ചപ്പുചവറുകൾ കുന്നുകൂടിക്കിടക്കുന്നു. മലിന ജലമൊഴുകുന്ന ഓടകൾ, കൊതുകു വളരുന്ന ശുചിത്വരഹിതമായ പരിസരങ്ങൾ ശുചീകരിക്കേണ്ടതുണ്ട്.

കാലടി മാർക്കറ്റ് പച്ചക്കറിയുടെ ഏറെ പ്രധാനമുള്ള വിപണിയാണ്. എന്നാൽ മാർക്കറ്റിൽ സൗകര്യപൂർവ്വം കയറി സാധനങ്ങൾ വാങ്ങിപ്പോകുന്നതിന് സൗകര്യപ്പെടുത്തേണ്ടതാണ്. ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് ബൈപാസ് നിർമ്മിച്ച് യൂനിവേഴ്സിറ്റി റോഡുവഴി ആശ്രമം റോഡ് കൂടി നിർദ്ദേശിത വൺവേ ഏർപ്പെടുത്തിയാൽ ഇത് സാധിക്കും.

ചുരുക്കത്തിൽ, കാലടി വികസനത്തെ സാരമായി ബാധിക്കുന്ന ഗതാഗത സംവിധാനത്തിന് ആസൂത്രിതമായ പ്രവർത്തനം സന്നദ്ധ പ്രവർത്തനത്തിലൂടെ നല്ലൊരു നഗരവല്ക്കരണ രീതി ഉണ്ടാക്കുകയാണെങ്കിൽ കാലടി പട്ടണത്തെ ഏറ്റവും സുഗമമായ ഗതാഗത കേന്ദ്രമാക്കാൻ കഴിയും. കൂടാതെ ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റേയും ശ്രീ ശങ്കരാപാലം മുതൽ ശൃംഗേരി വരെ നിർമ്മിക്കാൻ നിർദ്ദേശിച്ച റോഡിന്റെയും വശങ്ങളിൽ പൂന്തോട്ടവും മറ്റുംവച്ച് പിടിപ്പിച്ച് മോടികൂട്ടാം. കാലടി പട്ടണത്തിന്റെ പ്രധാന റോഡു വശങ്ങളിൽ ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിച്ച് ഭംഗിയാക്കാം. പട്ടണത്തിന്റെ പ്രധാന കവലകളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് വേസ്റ്റ് ബിൻ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ടൂറിസ്റ്റ് വികസനത്തിന്റെ ഭാഗമായി ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കേണ്ടതും കാലടിയെക്കുറിക്കുന്ന പ്രഥമിക വിവരങ്ങൾ രേഖപ്പെടുത്തിയ ഭൂപടം കാലടി കവലയിൽ സ്ഥാപിക്കേണ്ടതുമാണ്. മറ്റൊന്ന് റോഡുകളുടെ സിഗ്നൽ സംവിധാനം (ഇലക്ട്രോണിക് ട്രാഫിക് ബൾബുകൾ) ഉണ്ടാവേണ്ടതാണ്. വഴിയോര കച്ചവടം നിരോധിച്ച് ഫുട്പാത്തുകൾ കൈവരിവച്ച് നടക്കുവാൻ സൗകര്യമേർപ്പെടുത്തേണ്ടതാണ്.

വാർത്താവിനിമയം

ടെലഫോൺ എക്ച്ചേഞ്ച്, പോസ്റ്റ് ഓഫീസ്, ടെലിക്കോം സെൻറർ, STD - ISD ബൂത്തുകൾ എന്നിവയാണ് വാർത്താവിതരണ ശൃംഖലകൾ. പത്രം, TV, റേഡിയോ രംഗത്തുള്ള മുൻഗണനാക്രമങ്ങളിൽ അടുത്ത കാലത്തായി മാറ്റം സംഭവിച്ചിട്ടുണ്ട്. T.V യുടെ വരവോടുകൂടി റേഡിയോ അപ്രസക്തമായിരിക്കയാണിപ്പോൾ. പത്രപാരായണത്തിൽ കുറവെന്നും സംഭവിച്ചിട്ടില്ലയെന്നുമാത്രമല്ല ആനുപാമികമായ വളർച്ച കൈവരിക്കുകയും ചെയ്തിക്കുണ്ട്.

ഒരു ഹെഡ് പോസ്റ്റോഫീസും നാല് ബ്രാഞ്ച് പോസ്റ്റ് ഓഫീസുകളും കാലടി പഞ്ചായത്തിലുണ്ട്. ആധുനിക ഇലക്ട്രോണിക് സംവിധാനങ്ങളുടെ ഫലമായി ടെലിഫോൺ സൗകര്യങ്ങളുടെ ഒരു കുതിച്ചുചാട്ടം സംഭവിച്ചുട്ടണ്ടെങ്കിലും പണമടച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്നവർക്ക് എല്ലാവർക്കും അടുത്ത കാലത്തൊന്നും ഫോൺ കണക്ഷൻ കിട്ടാൻ സാധ്യതയില്ലെന്നാണ് ഡിപ്പാർട്ടുമെൻറിൽ നിന്നും അറിയുന്നത്.

കുറച്ച് വർഷങ്ങൾക്ക് മുമ്പ് നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഏറെ ശ്രദ്ധേയമായിരുന്ന വാർത്താവിനിമയ ഉപാധിയായിരുന്നു റോഡിയോ കിയോസ്ക്കുകൾ. പുതിയ വിനിമയ ഉപാധികളുടെ വരവോടെ സാധാരണക്കാരുടെ ആശ്രയമായിരുന്ന ഈ ഗ്രാമവാണി സംവിധാനം ഇന്ന് ഇല്ലാതായിരിക്കുന്നു. പകരം ടി.വി. കിയോസ്ക്കുൾ അനിവാര്യമാണ്. 3 ടി.വി. കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ആറ് റേഡിയോ കിയോസ്ക്കുകൾ ഉണ്ടായിരുന്നതിൽ നിന്നും പകുതിയായി ടി.വി. കിയോസ്കുകൾ ഉണ്ടായി. കേബിൾ ടി. വി. നെറ്റ് വർക്കിൻെറ രണ്ട് സെൻററുകൾ കാലടിയിൽ പ്രവർത്തിക്കുന്നു. 300 ഓളം കണക്ഷനുകൾ പഞ്ചായത്തിലുണ്ട്. വർത്തമാന പത്രങ്ങളുടെ ഉപയോഗത്തിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഏതാണ്ട് 3200 ഓളം പത്രങ്ങൾ വായിക്കപ്പെടുന്നുണ്ട്. അതായത് 8 പേർക്ക് ഒരു പത്രം എന്ന് സാരം. മലയാള മനോരമ, മാതൃഭൂമി, ദീപിക, കേരളകൗമുദി, ദേശാഭിമാനി എന്ന ക്രമത്തിൽ പ്രചാരത്തിലാണ് ഈ പത്രങ്ങൾ.

ടെലിഫോൺ സംവിധാനം ഇന്ന് ആർഭാടത്തേക്കാൾ ഒരു അനിവാര്യതയായി മാറിയിട്ടുണ്ട്. ടെലിഫോൺ

കാലടി പഞ്ചായത്തിലെ ടെലിഫോൺ കണക്ഷൻ സംബന്ധിച്ച വിവരം		
ഇപ്പോൾ നിലവിലുള്ളത്	–	1454
എസ്. ടി. ഡി. പബ്ലിക് ബൂത്ത്	–	18
കൊയ്ൻ ബോക്സ്	–	3

ടെലികോം ജീവനക്കാരുടെ പട്ടിക		
ജൂനിയർ ടെലികോം ഓഫീസർ	–	2
ടെക്നീഷ്യൻസ്	–	4
ടെലിഫോൺ ഓപ്പറേറ്റീവ് അസിസ്റ്റൻറ്	–	3
ഫോൺ മെക്കാനിക്ക്	–	2
ലൈൻമാൻ	–	6
ഗ്രൂപ്പ് - ഡി ജീവനക്കാർ	–	16
ടെലികോം സെൻറർ സ്റ്റാഫ്	–	3
ആകെ	–	36

കാലടി ഗ്രൂപ്പ് ഓഫീസ്		
ജൂനിയർ ടെലികോം ഓഫീസർ	–	1
ടെലിഫോൺ ഓപ്പറേറ്റിംഗ് അസിസ്റ്റൻറ്	–	1
ആകെ	–	2

വിനോദസഞ്ചാര വികസനം

ആദിശങ്കരന്റെ ജന്മംകൊണ്ട് പരിപാവനമായ കാലടിക്ക് ദേശീയ-അന്തർദേശീയ വിനോദസഞ്ചാരഭൂപടത്തിൽ മഹത്തായ സ്ഥാനമുണ്ട്. ദൈർഘ്യം കൊണ്ടും ജലശേഷികൊണ്ടും, ചരിത്രപരമായ പ്രാധാന്യംകൊണ്ടും ശ്രേഷ്ഠമായ പെരിയാർ ഒഴുകുന്നത് കാലടിയുടെ തെക്കേ അതിർത്തിയിലൂടെയാണ്. പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട് കിടക്കുന്ന കോടനാട് ആനക്കൊട്ടിൽ - മൃഗസംരക്ഷണകേന്ദ്രം, തട്ടേക്കാട് പക്ഷിസങ്കേതം, അതിരപ്പിള്ളി വെള്ളച്ചാട്ടം, വാഴച്ചാൽ, തീർത്ഥാടനകേന്ദ്രമായ മലയാറ്റൂർ പള്ളി എന്നിവയും സ്ഥിതിചെയ്യുന്നു.

വിനോദ സഞ്ചാരകേന്ദ്രമെന്ന നിലിയിൽ ദ്രുതഗതിയിൽ പുരോഗതിപ്രാപിച്ചുകൊണ്ടിരിക്കുന്ന കാലടി ഒരു പ്രമുഖവാണിജ്യ കേന്ദ്രംകൂടിയാണ്. ജാതിക്ക, അരി ഇവയുടെ മുഖ്യവ്യാപാരം കാലടിയിലാണ് നടക്കുന്നത്. വിനോദ-തീർത്ഥാടന കേന്ദ്രമെന്നതിലുപരി വിജ്ഞാനത്തിനും ഗവേഷണത്തിനും അനന്തമായ സാദ്ധ്യതകൾ ഉണ്ട് ഇവിടെ ശൃംഗേരിമഠം, മുതലക്കടവ്, ആര്യാംബയുടെ സമാധിസ്ഥലം, ശ്രീരാമകൃഷ്ണപരമഹംസരുടെ അന്തർദ്ദേശീയ സർവ്വമത ആരാധനകേന്ദ്രം, അദ്വൈതാശ്രമം, ശ്രീ കൃഷ്ണക്ഷേത്രം, ശ്രീ ശങ്കരാചാര്യകീർത്തി സ്തംഭം തുടങ്ങിയവ കാലടിയിലെ പ്രസിദ്ധതീർത്ഥാടന കേന്ദ്രങ്ങളാണ്. കൂടാതെ മാണിക്കമംഗലം കാർത്ത്യായനീക്ഷേത്രം, ആവണംകോട് സരസ്വതിക്ഷേത്രം, തിരുവൈരാണിക്കുളം ക്ഷേത്രം, തിരുവെള്ളമാൻ തുള്ളി ക്ഷേത്രം, മലയാറ്റൂർ സെ.-തോമസ് പള്ളി, കാഞ്ഞൂർ സെ. സെബാസ്റ്റ്യാനോസ് പള്ളി എന്നിവകാലടിയിലും സമീപപ്രദേശങ്ങളിലു സ്ഥിതിചെയ്യുന്ന ആരാധനാലയങ്ങളാണ്. മലയാറ്റൂർ, കാഞ്ഞൂർ എന്നിവിടങ്ങളിലെ സെ. തോമസ് ദേവാലയങ്ങൾ കേരളത്തിലെ പ്രധാനപ്പെട്ട കൃസ്തീയ ആരാധനാലയങ്ങളാണ്.

സംസ്കൃത ഗവേഷണത്തിനും വിജ്ഞാന വർദ്ധനവിനും ഉപകരിക്കുന്ന ശ്രീ. ശങ്കരാചര്യ സംസ്കൃത സർവ്വകലാശാല ശ്രീ. ശങ്കരഗവേഷണകേന്ദ്രം എന്നിവയും കാലടിയ്ക്ക് വിനോദവിജ്ഞാന രംഗത്ത് സ്ഥാനം നല്കുന്നു.

നവീനശിലായുഗ സംസ്ക്കാരത്തനിമയുള്ള ജൈനക്ഷേത്രമായ കല്ലിൽ ക്ഷേത്രം, നഗരമദ്ധ്യത്തിൽ ജൈവ വൈവിദ്ധ്യത്തിന്റെ വിസ്മയത്തോടെ നിലനില്ക്കുന്ന ഇരിങ്ങോൾ കാവ്, കോടനാട് ആനവളർത്തൽ കേന്ദ്രവും മൃഗസംരക്ഷണ കേന്ദ്രവും, തട്ടേക്കാട് പക്ഷിനിരീക്ഷണ - ജൈവവൈവിദ്ധ്യപഠന കേന്ദ്രം, മണപ്പാട്ടു ചിറ, മാണിക്കാമംഗലം തുറ, പെരിയാർ നദി എന്നിവ കാലടിയിലും സമീപപ്രദേശങ്ങളിലുമുള്ള വിനോദസഞ്ചാരകേന്ദ്രങ്ങളാണ്.

കാലടി മണൽപ്പുറത്ത് എല്ലാവർഷവും കുംഭമാസത്തിൽ ആഘോഷിച്ചുവരുന്ന ശിവരാത്രി മഹോത്സവം കാലടിയുടെ സാംസ്ക്കാരിക പൈതൃകം വിളിച്ചോതുന്നതും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതുമാണ്. ലക്ഷകണക്കിന് പേർ പങ്കെടുക്കുന്ന ശിവരാത്രി മഹോത്സവത്തിൽ വിദൂര സ്ഥലങ്ങളിൽ നിന്നുപോലും ആളുകൾ എത്തിച്ചേരുന്നു.

ശ്രീ. ശങ്കരജയന്തി, ശ്രീ രാമകൃഷ്ണാശ്രമത്തിൽ എല്ലാവർഷവും നടത്തിവരുന്ന സെമിനാറുകൾ, പ്രഭാഷണങ്ങൾ, അദ്ധ്യാത്മികാന്തയ്യോഗം എന്നിവയും വിദേശീയരും സ്വദേശീയരുമായ ധാരാളം വിനോദ സഞ്ചാരികളും തീർത്ഥാടകരും എത്തിച്ചേരുന്നു.

കാലടിയിലെ ഏറ്റവും പുരാതനമായ ക്രിസ്ത്യൻ പള്ളിയാണ് കൈപ്പട്ടൂർ പള്ളി 100 വർഷത്തിലധികം പഴക്കമുള്ള ഈ പള്ളിയും കാലടിപള്ളിയുമാണ് ടൗണിനോട് അടുത്തുള്ളവ ഇവിടങ്ങളിലെ പ്രധാനദിവസങ്ങൾ മാതാവിന്റെ ജപമാലതിരുന്നാൾ, വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ എന്നിവയാണ്.

രണ്ട് മുസ്ലിം പള്ളികളിൽ മേക്കാലടി മൊഹിയിദ്ദീൻ ജൂമാമസ്ജിദിൽ നാല് ദശകങ്ങളായി നടത്തപ്പെടുന്ന 'ജൂമഅനന്തരസ്വലാത്ത്' വളരെ പ്രശ്സ്തിയാർജ്ജിച്ചതാണ്. നാനാജാതി മതസ്ഥർ അസുഖങ്ങളിൽ നിന്നും സുഖം പ്രാപിക്കുന്നതിനും മറ്റും പലപ്പോഴായ കാര്യങ്ങൾ

ക്കും വേണ്ടി ഇവിടേയ്ക്ക് നേർച്ച നേരുന്നു.

പ്രശ്നങ്ങൾ

വിനോദസഞ്ചാരികളെ ആകർഷിക്കുന്ന മേല്പ്പറഞ്ഞവപോലുള്ള ധാരാളം ഘടകങ്ങളുണ്ടെങ്കിലും ടൂറിസ വികസന മേഖലയിൽ കാര്യമായ നേട്ടങ്ങൾ കൈവരിക്കത്തക്ക കർമ്മ പരിപാടികളൊന്നും തന്നെ ആവിഷ്ക്കരിച്ചിട്ടില്ലെന്ന് പറയാം. കാലടിയിൽ വരുന്ന വിനോദ സഞ്ചാരികൾ താഴെപ്പറയുന്ന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതായിക്കാണാം.

1. വിനോദ സഞ്ചാരികളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള കക്കൂസ്, കുളിമുറി എന്നിവയുടെ അപര്യാപ്തത.
2. സഞ്ചാരികൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുള്ള പോരായ്മകൾ.
3. വാഹനങ്ങൾ സുരക്ഷിതമായി പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലപരിമിതി.
4. തീർത്ഥാടകർക്ക് പെരിയാറിൽ സുരക്ഷിതമായി കുളിക്കുന്നതിനുള്ള സൗകര്യങ്ങളുടെ കുറവ്.
5. കുളിയ്ക്കുന്നതിനിടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ജീവരക്ഷോപാധികളുടെ ഇല്ലായ്മ.
6. തീർത്ഥാടന കേന്ദ്രങ്ങൾക്ക് സമീപം ഭക്ഷണശാലകളുടെ അഭാവം.
7. തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങളില്ലായ്മ.
8. വിനോദസഞ്ചാരികളെ ആകർഷിക്കത്തക്കരീതിയിലുള്ള ഉപാധികൾ മാണിക്കമംഗലം തുറയിലോ പെരിയാറിൻ തീരത്തോ ഉണ്ടാക്കിയിട്ടില്ല.
9. വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസിക്കുവാനുള്ള സൗകര്യങ്ങളുടെ അഭാവം.
10. സമീപപ്രദേശത്തുള്ള വിനോദസഞ്ചാര തീർത്ഥാടന കേന്ദ്രങ്ങളെപ്പറ്റി അറിയുവാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

മേൽ പ്രസ്താവിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ ജനപങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. കൂടാതെ ശ്രീ ശങ്കാരാ കോളേജിലെ പരിസ്ഥിതി ക്ലബിന്റെ സഹായത്തോടെ മുതലക്കടവിന്റെ സമീപത്ത് ഒരു ഉദ്യാനം നിർമ്മിക്കണം. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ ആണ് ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എത്തുന്നത് ഈ സീസണുകളിൽ പഞ്ചായത്ത് വികസന സമിതികളുടെ സഹകരണത്തോടെ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സഞ്ചാരികൾക്കായി പരമാവധി സൗകര്യങ്ങൾ ഉറപ്പുവരുത്തണം. ഒരു ഇൻഫർമേഷൻ സെന്റർ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കണം.

പരിഹാര മാർഗ്ഗങ്ങൾ

കാലടിയുടെ ടൂറിസ വികസനത്തിനായ് താഴെപ്പറയുന്ന കാര്യങ്ങളിൽ ഊന്നിയുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

1. പരിശീലനം സിദ്ധിച്ച ടൂറിസ്റ്റ് ഗൈഡുകളുടെ സേവനം ലഭ്യമാക്കുക.
2. വൃത്തിയുള്ളതും ചെലവ് കുറഞ്ഞതുമായ ഭക്ഷണപദാർത്ഥങ്ങൾ ലഭ്യമാകുന്ന സസ്യഭോജന ശാലകൾ തീർത്ഥാടനകേന്ദ്രങ്ങൾക്ക് സമീപം ആരംഭിക്കുക.
3. നീന്തൽ വശമില്ലാത്ത തീർത്ഥാടകർക്ക് സംരക്ഷണാർത്ഥം മുതലക്കടവ് ഭാഗത്ത് ജീവൻ രക്ഷാഉപാധികൾ സ്ഥാപിക്കുക.
4. വിനോദസഞ്ചാരികളുടെ സൗകര്യാർത്ഥം കാലടിയിൽ ഒരു റെയിൽവേ ബുക്കിങ്ങ് കൗണ്ടർ തുടങ്ങുക.
5. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള കക്കൂസും കുളിമുറിയും കാലടിയിലും മുതലക്കടവിനു സമീപവും ആരംഭിക്കുക.
6. പ്രധാനടൂറിസ്റ്റ് സ്ഥലങ്ങളായ ശൃംഗേരി മഠം, കീർത്തി സ്തംഭം, അദ്വൈതാശ്രമം തുടങ്ങിയ സ്ഥലങ്ങളിൽ ബസ്സിന്റെയും റെയിൽവേയുടെയും സമയവിവരപ്പട്ടിക പ്രദർശിപ്പിക്കുക.
7. പ്രധാന ടൂറിസ്റ്റ് – തീർത്ഥാടന സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസ്റ്റ് സർക്യൂട്ടിൽ കാലടിയേയും ഉൾപ്പെടുത്തിയാൽ ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ സന്ദർ

ശകരെ ആകർഷിക്കുവാൻ സാധിക്കുന്നതാണ്.

8. വിനോദ സഞ്ചാരികളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ശൃംഗേരിമഠത്തിന് സമീപം സ്ഥലം കണ്ടെത്തി വേണ്ട സംവിധാനം ഉറപ്പുവരുത്തുക.
9. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സ്ഥിരമായി ഒരു പോലീസ് ഔട്ട് പോസ്റ്റും സഞ്ചാരികളുടെ സാധനസാമഗ്രികൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള ഒരു ക്ലോക്ക് റൂമും സ്ഥാപിക്കുക.
10. മുതലക്കടവിന് സമീപവും കാലടിയിലേക്കുള്ള പാതയോരങ്ങളിലും സൗകര്യപ്രദമായ സ്ഥലങ്ങളിൽ പൂന്തോട്ടങ്ങളും തണൽമരങ്ങളും വച്ച് പിടിപ്പിക്കുക.
11. മുതലക്കടവിന് സമീപം ഒരു ലഘുഭക്ഷണശാല തുടങ്ങുക.
12. മുതലക്കടവിൽ നിന്നും പുഴയുടെ അക്കരെയ്ക്ക് ഒരു "റോപ്പ് വേ" സ്ഥാപിക്കുക.
13. ശ്രീ ശങ്കാരപാലത്തിന് താഴെയായി ഒരു ചെക്ക് ഡാം പണിയുന്നപക്ഷം പുഴയിലെ ജലവിതാനം ഉയരുകയും മുതലക്കടവിന് സമീപം വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായി ബോട്ടിങ്ങ് സൗകര്യം ഏർപ്പെടുത്തുവാൻ സാധിക്കുകയും ചെയ്യും. ഇതുമൂലം പുഴയിൽ നിന്നും അനധികൃതമായി മണൽ വാരൽ കുറയ്ക്കാനും സമീപപ്രദേശങ്ങളിലെ ജലസ്രോതസ്സുകളിലെ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കാനും കാലടിക്കും മറ്റുമുള്ള കുടിവെള്ളത്തിന്റെ പമ്പിങ്ങ് ഉറപ്പുവരുത്താനും സാധിയ്ക്കുന്നതാണ്.
14. കാലടി കേന്ദ്രമാക്കി സമീപസ്ഥങ്ങളായ വിനോദ-തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്ക് 'പാക്കേജ് ടൂർ' നടത്തുവാനാവശ്യമായ ഒരു ഏജൻസി തുടങ്ങുക.
15. കാലടിയിലുള്ള യോഗ കേന്ദ്രവും മറ്റു ആയൂർവ്വേദ വൈദ്യന്മാരേയും ഔഷധനിർമ്മാണ കേന്ദ്രങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു കേന്ദ്രീകൃത 'ഹെൽത്ത് ടൂറിസ വികസന പദ്ധതി' സഹകരണാടിസ്ഥാനത്തിൽ പെരിയാറിന്റെ തീരത്ത് സ്ഥാപിക്കുക.
16. സുഗന്ധ വ്യഞ്ജനസാധനങ്ങളും കരകൗശലവസ്തുക്കളും വിനോദ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിന് വേണ്ടി കാലടിയിലെ മർച്ചന്റ്സ് അസോസിയേഷന്റെ സഹകരണത്തോടുകൂടി ഒരു പ്രദർശന വില്പനശാല ശൃംഗേരി മഠത്തിന് സമീപം തുടങ്ങുക.
17. കാലടിയിലെ അതിഥി മന്ദിരത്തിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുവാനുതകുന്ന തരത്തിലുള്ള വിവിധ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളും മറ്റു വിനോദോപാധികളും സ്ഥാപിക്കുക.
18. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സഹകരണത്തോടുകൂടി വിദ്യാഭ്യാസ-വിനോദ സഞ്ചാരപരിപാടികൾ ഊർജ്ജിതപ്പെടുത്തുന്നതിലേക്കുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുക.
19. മാണിക്കാമംഗലം തുറയിൽ വിനോദസഞ്ചാരികൾക്ക് ബോട്ടിങ്ങ് സൗകര്യം ഏർപ്പെടുത്തുകയും തുറയ്ക്ക് സമീപം ഒരു പൂന്തോട്ടം നിർമ്മിക്കുകയും ചെയ്യുക.
20. കാലടിയിൽ ഒരു ഹിസ്റ്റോറിക്കൽ മ്യൂസിയം സ്ഥാപിക്കുക.
21. ഒരു ആർട്ട് ഗ്യാലറി സ്ഥാപിക്കുക.
22. ടൂറിസം വികസന കോർപ്പറേഷന്റെ ഒരു സെൻറർ സ്ഥാപിക്കുക.
23. സമീപപ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന വന-വന്യജീവി പക്ഷി-മൃഗാദികളെ സംബന്ധിക്കുന്ന ടൂറിസ്റ്റ് ഗവേഷണ പദ്ധതി ആരംഭിക്കുക.

മേൽപ്പറഞ്ഞ രീതിയിലുള്ള പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതായാൽ കാലടിയുടെ ടൂറിസ്റ്റ് വികസന പദ്ധതിയ്ക്ക് വമ്പിച്ച ഒരു മുതൽക്കൂട്ട് ആകുന്നതാണ്.

വിനോദ/തീർത്ഥാടന സീസണുകളിൽ കാലടിയിൽ എത്തുന്ന സഞ്ചാരികൾ

മാസം	സഞ്ചാരികൾ എണ്ണം	ശതമാനം
ഏപ്രിൽ	2309	49%
മേയ്	1087	23%
ജൂൺ	1337	28%
ആകെ	4733	100%
ഒക്ടോബർ	1979	28.13%
നവംബർ	2260	32.13%
ഡിസംബർ	2796	39.74%
ആകെ	7035	100%
	അവലംബം	വാണിജ്യവിഭാഗം ശ്രീശങ്കരാ കോളേജ്, കാലടി

വിനോദ സഞ്ചാരികൾക്ക് ഉപയുക്തമായ താമസ സൗകര്യങ്ങൾ


സ്ഥാപനത്തിന്റെ പേര്		സ്ഥലം	മുറികളുടെഎണ്ണം	ഹാളുകളുടെ എണ്ണം	താമസ സൗകര്യം. ആളുകളുടെ എണ്ണം
പി.ഡബ്ലിയു.ഡി. അതിഥിമന്ദിരം		കാലടി	6	1	12
ശ്രീ ശങ്കരാ അതിഥിമന്ദിരം		"	3	1	6
യാത്രി നിവാസ്		"	4	1	8
പൂർണ്ണാ ആഡിറ്റോറിയം		"	5	1	9
കൃഷ്ണാ ലോഡ്ജ്		"	5	-	10
പെരിയാർ ലോഡ്ജ്		"	16	-	25
ഐശ്വര്യാ ലോഡ്ജ്		"	11	-	19
ഹോട്ടൽ പ്രിൻസ്		"	8	-	14
കിംഗ്സ് ലോഡ്ജ്		"	8	-	13
ആകെ	9	-	66	4	116

കാലടിയിലെത്തുന്ന വിനോദ സഞ്ചാരികൾ (യാത്രാ മാദ്ധ്യമ വിവരങ്ങൾ)

യാത്രാ മാദ്ധ്യമങ്ങൾ	ഏപ്രിൽ മുതൽ ജൂൺ വരെ		ഒക്ടോബർ മുതൽ ഡിസംബർ വരെ	
	എണ്ണം	(%)		(%)
ബസ്സുകൾ	2,570	54%	212	3.01
കാറുകൾ	755	16%	436	6.20
ടെമ്പോ വാനുകൾ	565	12.1	864	12.28
ജീപ്പുകൾ	395	8.3	141	2.00
ലക്ഷ്വറി കോച്ചുകൾ	302	6.4	5218	74.17
തീവണ്ടികൾ	107	2.3	139	1.98
സ്ക്കൂട്ടറുകൾ	27	0.6	18	0.26
ഓട്ടോറിക്ഷകൾ	12	0.3	7	0.10
ആകെ	4733	100.00	7035	100.00

അവലംബം : വാണിജ്യ വിഭാഗം, ശ്രീ ശങ്കരാ കോളേജ്, കാലടി.

SKETCH OF KALADY



പാർപ്പിടവും സാമൂഹ്യക്ഷേമവും



പാർപ്പിടവും സാമൂഹ്യ ക്ഷേമവും

എ. ഭവനനിർമ്മാണം

ജനസാന്ദ്രതയേറിയ ഒരു പഞ്ചായത്താണിതെന്നു പറയാം. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 16.684 ച. കി. മീറ്ററാണ്. 1991 ലെ കണക്കുപ്രകാരം 7352 വീടുകളിലായി 24707 ആളുകൾ താമസിക്കുന്നതായിക്കാണുന്നു. ശരാശരി ജനസാന്ദ്രത ച. കി. മീറ്ററിന് 1481 ആണ്. കേരളത്തിൽ വ്യാപകമായിരുന്നതുപോലെ വലിയൊരു വിഭാഗം ജനങ്ങൾ ഓലപ്പുരയിലും വയ്ക്കോൽപ്പുരയിലുമാണു പണ്ട് പാർത്തുപോന്നിരുന്നത്. ഇവയ്ക്ക് അടയ്ക്കാമരം, മുള, മണ്ണിഷ്ടിക എന്നിവയാണുപയോഗിച്ചു പോന്നത്. നിലം കരികൂട്ടി ചാണകംമെഴുകിയിരുന്നു. ഈ രീതിയ്ക്കപവാദമായി അവിടവിടെ ചില ഓടിട്ട കെട്ടിടങ്ങളും നാലുകെട്ട്, എട്ടുകെട്ട് തുടങ്ങിയ വാസ്തുശില്പ മാതൃകകളുമുണ്ടായിരുന്നു. ഇവയ്ക്ക്, കരിങ്കല്ല, വെട്ടുകല്ല, കുമ്മായം എന്നിവ ഉപയോഗിച്ചിരുന്നു. ചില വലിയ തറവാടുകളിൽ മരത്തിൽ ചിത്രപ്പണികളും കാണപ്പെട്ടിട്ടുണ്ട്. പഴക്കം ചെന്ന ക്ഷേത്രങ്ങളും ക്രിസ്ത്യൻ പള്ളികളും ഓടുമേഞ്ഞതും ചിത്രവേലകൾ കാഴ്ചവയ്ക്കുന്നതുമായിരുന്നു. വീടുകളുടെ കാര്യത്തിൽ ഗണ്യമായ മാറ്റം മറ്റു സ്ഥലത്തുമെന്നതുപോലെ നമ്മുടെ പഞ്ചായത്തിലും ദൃശ്യമാകുന്നത് ഭൂപരിഷ്കരണനിയമത്തിന്റെ ആവിർഭാവത്തോടെയാണി സാമൂഹ്യജീവിതത്തിലും സാമ്പത്തിക ജീവിതത്തിലും ഒരുപോലെ മാറ്റത്തിന്റെ നാന്ദികുറിച്ച ആ സംഭവം പാവപ്പെട്ടവരുടെ വീട്ടു നിർമ്മാണത്തിലും പ്രകടമായി. സ്വന്തമായല്പം മണ്ണുകിട്ടിയപ്പോൾ അതിൽ വയ്ക്കോൽ ക്കൂരയ്ക്കും ഓലപ്പുരയ്ക്കും പകരം ഉറപ്പും സൗകര്യങ്ങളുമുള്ള ഒരു നല്ല പുര വേണമെന്നമോഹംമൊട്ടിട്ടു. ഇതോടെ ഈ പഞ്ചായത്തിലെ ഓലപ്പുരകളുടെയും വയ്ക്കോൽ പുരകളുടെയും സ്ഥാനത്തു കല്ലും മരവും സിമൻറും ഉപയോഗിച്ചു പണിത ഓടിട്ട കെട്ടിടങ്ങൾ അനേകം ഉയർന്നു. എന്നാൽ ഓലപ്പുരകൾ വളരെ അധികം ഇന്നും കാണുന്നുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത വരും സാമ്പത്തിക വരുമാനം തീരെ കുറഞ്ഞവരുമായ ആളുകളാണു റോഡ് – തോട് പുറംപോക്കുകളിലും മറ്റും ഇത്തരം പുരകളിൽ കഴിയുന്നത്.

പഴയകാലത്തെനാലുകെട്ടോ എട്ടുകെട്ടോ ഒന്നുപോലും നമ്മുടെ പഞ്ചായത്തിലിന്നു കാണാനില്ല. ചാണകംമെഴുന്ന സമ്പ്രദായവും പോയ് മറഞ്ഞു. കോൺക്രീറ്റു കെട്ടിടങ്ങളും എടുപ്പുകളും അനേകം ഉയർന്നു. താരതമ്യേന വലിയ വീടുകൾ എന്ന സങ്കല്പം ഉപേക്ഷിയ്ക്കപ്പെടുകയും ആധുനിക സൗകര്യങ്ങളോടുകൂടിയ ചെറിയവീട് എന്ന രീതിയ വ്യാപകമാവുകയും ചെയ്തു. എന്നാൽ ഗൾഫ് പണത്തിന്റെ വരവും ആഡംബര – അനുകരണ ഭ്രമവും വീടിനുവേണ്ടി വൻകെട്ടിടങ്ങൾ പണിയിയ്ക്കാൻ പ്രചോദനമേകിയതിന്റെ ഫലമായി, ആ വിഭാഗത്തിൽപെട്ട കുറെ വീടുകളും ഈ പഞ്ചായത്തിലുണ്ടായിട്ടുണ്ട്. പുതുക്കിപ്പണിയുന്ന ദേവാലയങ്ങൾവരെ അവയുടെ വാസ്തുശില്പ ഭംഗി നഷ്ടപ്പെടുന്ന രീതിയിൽ കോൺക്രീറ്റ് മയമാക്കാനുള്ള ശ്രമമാണ് കണ്ടുവരുന്നത്. ഏതാണ്ടു 25 വർഷത്തിനുള്ളിൽ വീടുകളുടെ എണ്ണത്തിൽ 80 ശതമാനത്തോളം വർദ്ധനവുണ്ടായിട്ടുണ്ട്. കൂട്ടുകുടുംബവ്യവസ്ഥ തീർത്തും അവസാനിച്ചതിന്റെ ഫലമായിട്ടാണു ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. ഇന്നു നമ്മുടെ പഞ്ചായത്തിലെ ആകെ വീടുകളെ ഓല (വൈക്കോൽ) മേഞ്ഞത്, ഓടുമേഞ്ഞത്, ഒറ്റനിലയുള്ള വാർക്കകെട്ടിടങ്ങൾ, ഒന്നിൽ കൂടുതൽ നിലയുള്ള വാർക്കക്കെട്ടിടങ്ങൾ എന്നു നാലായിതരം തിരിയ്ക്കാം. ഇതിൽ തന്നെ ഓടുമേഞ്ഞ കെട്ടിടങ്ങളെല്ലാം പരിപൂർണ്ണ സുരക്ഷിതമോ ഉറപ്പുള്ളവയോ ആണെന്നു കരുതികൂടാ. ഉദാഹരണം ലക്ഷം വീടുകൾ. ഈ പഞ്ചായത്തിൽ പിരാരൂർ, മറ്റൂർ, മരോട്ടിച്ചോട്, തോട്ടകം, മേക്കാലടി എന്നീ പ്രദേശങ്ങളിലായി 5 ലക്ഷം വീടു കോളനികളുണ്ട്. ഇതിൽ ഏറെ ശോചനീയമായിട്ടുള്ളത് പിരാരൂർ ലക്ഷം

വീടുകോളനിയാണ്. ഇവയിൽ ഭൂരിഭാഗവും കാലാകാലങ്ങളിൽ പുതുക്കിപ്പണിയുകയോ അറ്റകുറ്റപ്പണിതീർക്കുകയോ ചെയ്തിട്ടില്ല. ഈ ചെറിയ വീട്ടിൽതന്നെ രണ്ടും മൂന്നും കുടുംബങ്ങൾ കഴിയുന്ന സ്ഥിതിയുണ്ട്. സാമ്പത്തിക ഞെരുക്കം മൂലം സ്വന്തമായി സ്ഥലം സമ്പാദിച്ച് അവിടെ വീടുവയ്ക്കാൻ കഴിവില്ലാത്ത പാവപ്പെട്ടവർ ലക്ഷം വീടുകളിലും അഞ്ചുസെൻറ് കോളനികളിലും പഴയകൂട്ടുകുടുംബസമ്പ്രദായം അനുവർത്തിക്കുന്നു.

കാലടി, മറ്റൂർ, മാണിയ്ക്കമംഗലം തുടങ്ങിയ ടൗൺ ഭാഗങ്ങളിൽ അടുത്ത കാലത്തായി കെട്ടിടനിർമ്മാണത്തിൽ വൻ മുന്നേറ്റം തന്നെ ഉണ്ടായിട്ടുണ്ട്. ടൗൺ ഭാഗങ്ങളിലും തെരുവോരങ്ങളിലും മൂന്നും നാലും നിലകളുള്ള വൻകെട്ടിടങ്ങൾ കച്ചവടസ്ഥാപനങ്ങൾക്കുവേണ്ടി പണികഴിപ്പിച്ചിട്ടുള്ളത് കെട്ടിടനിർമ്മാണരംഗത്തു ഈ പഞ്ചായത്തിനെ സമ്പന്നമാക്കിയിട്ടുള്ള പ്രക്രിയയാണ്. ഒരു ടൂറിസ്റ്റ് കേന്ദ്രംകൂടിയായ കാലടിയിൽ. അന്യദേശക്കാർക്കുതങ്ങാൻ പറ്റിയ ലോഡ്ജുകളുടെ അഭാവവും അടുത്ത കാലത്തായി ചെറിയ തോതിൽ പരിഹരിച്ചുവരുന്നുണ്ട്.

സർക്കാർ നിയന്ത്രണത്തിലുള്ളതും ഇതര മേഖലയിലുള്ളതുമായ ധനകാര്യ സ്ഥാപനങ്ങൾ വഴി ഈ പഞ്ചായത്തിൽ വീടുകൾ സ്ഥാപിച്ചിട്ടുള്ളതു വളരെ വിരളമാണ്. സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ചിരിയ്ക്കുകയാണ്. ഈ പഞ്ചായത്തിൽ പ്രസ്തുത സ്ഥാപനത്തിലൂടെ വീടുപണിപൂർത്തിയാക്കിയിട്ടുള്ളവർ പത്തിൽ താഴെയാണ. മുൻപറഞ്ഞ ധനകാര്യസ്ഥാപനങ്ങൾ വഴി പണകഴിപ്പിച്ചിട്ടുള്ള പൊതു സ്ഥാപനങ്ങളും ഈ പഞ്ചായത്തിലില്ല.

ഇത്രയൊക്കെ കാണുമ്പോൾ ഒരു നാലു കാലോലപ്പുരപോലും സ്വന്തമായിട്ടില്ലാതെ അനേകംപേർ കടത്തിണ്ണകളിലഭയം തേടുന്ന ദുഃഖസത്യവും നാം കാണേണ്ടതുണ്ട്. 1991നു ശേഷം വീടുകളുടെ വർദ്ധനവിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും പ്രസ്തുത വിഭാഗത്തിൽ ഒരുത്തൻപോലും ആ പട്ടികയിൽ പെട്ടുകാണുന്നില്ല.

പ്രശ്നങ്ങൾ

1. സ്വന്തമായി അനേകം പേർക്കു സ്ഥലമില്ല.
2. കെട്ടിടനിർമ്മാണ സാമാഗ്രികളുടെ വിലവർദ്ധനയും ലഭ്യതക്കുറവും.
3. അർഹരായവർക്ക് സർക്കാർ സഹായം ലഭിയ്ക്കുന്നില്ല.
4. കെട്ടിടനിർമ്മാണ വായ്പയഥാസമയം ലഭിയ്ക്കുന്നില്ല.
5. കഴിവുകേടുകൊണ്ടു കൂടുകുടുംബമായികഴിയുന്നു.
6. ഹൗസിംഗ് സഹകരണസംഘമില്ല.
7. കൈവശക്കാർക്കു പട്ടയം ലഭിയ്ക്കുന്നില്ല.
8. കോളനി വീടുകൾ, ലക്ഷം വീടുകൾ ഇവയഥാസമയം അറ്റകുറ്റപ്പണി നടത്താൻ സംവിധാനമില്ല.

സാദ്ധ്യതകൾ

1. സ്വന്തമായി സ്ഥലമില്ലാത്തവരെ അധിവസിപ്പിക്കാൻ ഹൗസിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുക.
2. ഭവനനിർമ്മാണ സൊസൈറ്റി രൂപീകരിച്ചു നിർമ്മാണ സാമാഗ്രികൾ യഥേഷ്ടം ലഭ്യമാക്കുക.
3. യഥാർത്ഥ അർഹതയുള്ള വരെ തെരഞ്ഞെടുക്കാനും ശ്രദ്ധിക്കുന്ന ഈ കീയസമിതികൾ രൂപീകരിക്കുക.
4. കൂട്ടുകുംബമായികഴിയുന്നവർക്ക് പ്രത്യേകം സ്ഥലവും വീടും കണ്ടെത്തുക.
5. പഞ്ചായത്തിൽ മുഴുവൻ പ്രവർത്തിയ്ക്കുന്ന ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുക.
6. എല്ലാകൈവശക്കാർക്കും പട്ടയ വിതരണം ചെയ്യുക.
7. കോളനി വീടുകളും ലക്ഷാവീടുകളും ഒരേ സമയത്ത് അറ്റകുറ്റപ്പണി തീർത്തു സംരക്ഷിക്കുക.

ബി. സാമൂഹ്യക്ഷേമം

സാമ്പത്തികം, സാംസ്കാരികം, ആരോഗ്യപരം, വിദ്യഭ്യാസപരം എന്നീ നിലകളിലുള്ള വേണ്ടത്ര പുരോഗതിയുടെ ആകെത്തുകയാണ് സാമൂഹ്യക്ഷേമം. സ്വാന്ത്ര്യലബ്ധിക്കുശേഷം പഞ്ചവത്സര പദ്ധതികളിലൂടെയും അല്ലാതെയും വിവിധ യത്നങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു ക്ഷേമ രാഷ്ട്രത്തിന്റെ നിലയിലെത്തുന്ന സാമൂഹ്യസ്ഥിതി നമ്മുടെ രാജ്യത്തിനു കൈവരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ പഞ്ചയാത്തും വ്യത്യസ്തമല്ല.

നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 60% ത്തോളം താഴ്ന്ന വരുമാനക്കാരാണ്. ഇടത്തരം നെൽകൃഷിക്കാർ, ചെറുകിട കച്ചവടക്കാർ, കൂലിവേലക്കാർ ഈ ഇനത്തിൽപ്പെടുന്നവരാണവർ, പനമ്പുനെയ്ത്ത് ഉപജീവനമാക്കിയിട്ടുള്ള അനേകം കുടുംബങ്ങളുണ്ട്. കൂലിവേലക്കാർക്കും, നിർമ്മാണ പ്രവർത്തനങ്ങളുടേയും മറ്റും വർദ്ധന കൊണ്ടു താരതമേന്യ മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനാൽ പണ്ടത്തെക്കാൾ ഭദ്രമായൊരു ജീവിതം നയിയ്ക്കാൻ കഴിയുന്നുണ്ട്. ഭൂസ്വത്തു കൂടുതലുള്ളവർ ഈ പഞ്ചായത്തിൽ കുറവാണ്. നമ്മുടേതു സ്പെഷൽ ഗ്രേഡ് പഞ്ചായത്താണെങ്കിലും സാമ്പത്തികമായി അത്ര മുൻപന്തയിലല്ല. സാമൂഹ്യമായ മാറ്റങ്ങളുടെ പ്രധാനമായ അടിത്തറ സാമ്പത്തികമാണല്ലൊ. ജനക്ഷേമകരമായ സാമൂഹ്യ പരിഷ്കരണ പദ്ധതികൾക്കു സർക്കാറിന്റെ സഹായത്തിനു കാത്തിരിയ്ക്കേണ്ട ഒരു സ്ഥിതിയുണ്ട്. എന്നാൽ ആ വിധത്തിലുള്ള വളർച്ചയുടെ തോതും വേഗതയും പരിമിതമായിരിക്കുമെന്നു നമുക്കറിയാം. സാമ്പത്തികശേഷിയുള്ള വെക്തികളേയും പ്രസ്ഥാനങ്ങളെയും എങ്ങനെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാമെന്നു പരിശോധിയ്ക്കേണ്ടതാണ്. മാനുഷിക പ്രശ്നങ്ങളിൽ അവബോധവും അനുഭാവവും സൃഷ്ടിയ്ക്കാൻ പഞ്ചായത്തു സമിതിയ്ക്കു ചിലതു ചെയ്യാൻ കഴിയും. സാമ്പത്തികമേഖല ഭദ്രമാക്കുന്നതോടൊപ്പം തന്നെ സേവനസന്നദ്ധതുള്ള ഒരു സമൂഹത്തെയും വളർത്തിയെടുക്കേണ്ടതുണ്ട്. റോട്ടറിക്ലബ്, ലയൺസ് ക്ലബ്, ക്യാറ്റ്സ് ക്ലബ് തുടങ്ങിയവയും മറ്റനേകം കലാ - സാംസ്ക്കാരികവും ഘടനകളും ഇക്കാര്യത്തിൽ പരിഗണനയർഹിക്കുന്നു. മത്സാടിസ്ഥാനത്തിൽ പ്രവർത്തിയ്ക്കുന്ന സെൻറ്വിൻസൻറ് ഡിപോൾ സഖ്യം തുടങ്ങിയ പ്രസ്ഥാനങ്ങളും സേവനരംഗത്തു ചിലസംഭാവനകൾ ചെയ്തു കൊണ്ടിരിക്കുന്നുണ്ട്. ഓരോ ഇടവകകളോടും ബന്ധപ്പെട്ടുള്ള കൃസ്ത്യൻകുടുംബയോഗങ്ങളും S.N.D.P. ശാഖയുമായി ബന്ധപ്പെട്ട കുടുംബയോഗങ്ങളും ശ്രദ്ധിച്ചാൽ സേവനരംഗത്തു ചിലതു ചെയ്യാൻ തയ്യാറാകും. ഇങ്ങനെയുള്ള സ്ഥാപനങ്ങളെ സേവനസന്നദ്ധമാക്കാൻ കഴിഞ്ഞാൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ സമ്പത്തും കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, വിധവകൾ, വൃദ്ധന്മാർ, അഗതികൾ, തൊഴിൽ രഹിതർ, അവശകലാകാരന്മാർ തുടങ്ങിയവർക്ക് സഹായധനം നൽകാൻ സർക്കാർശ്രമിക്കുന്നുണ്ട്. എന്നാൽ ഈ വിഭാഗത്തിലൊന്നും പെടാത്ത, അവശതയനുഭവിക്കുന്നവർക്കു സഹായത്തിനു പുതിയ പദ്ധതികൾ കാണേണ്ടിയിരിക്കുന്നു.

രണ്ടു വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് ഈ പഞ്ചായത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്നത്.

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ
2. വിവിധ ഭാഗക്കാർക്കുള്ള പെൻഷൻ ധനസഹായ പദ്ധതികൾ.

നമ്മുടെ പഞ്ചായത്തിൽ IRDP സർവ്വെപ്രകാരം (1992) ദാരിദ്രരോഖയ്ക്കുതാഴെയുള്ള കുടുംബങ്ങളുടെ എണ്ണവും അനുകൂല്യങ്ങൾ ലഭിച്ചവരുടെ എണ്ണവും താഴെ വിവരിക്കുന്നു.

വാർഡുകൾ	ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചവർ	ഇതിൽ SC/ST
1	197	43	46	35
2	223	3	13	2
3	298	44	51	35
4	214	56	48	40
5	362	38	74	30
6	209	17	16	12
7	87	4	4	1
8	91	5	10	1
9	231	7	28	3
10	313	21	25	7

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 2245 കുടുംബങ്ങളിൽ കേവലം 315 കുടുംബങ്ങൾ മാത്രമേ 8-ാം പദ്ധതിയിൽ IRDP ആനുകൂല്യം ലഭിച്ചിട്ടുള്ളു. ഇതിൽ 223 കുടുംബങ്ങളേ ദാരിദ്ര-രേഖയ്ക്കു മുകളിലെത്തിയിട്ടുള്ളു. അർഹത യായവർ മുഴുവൻ IRDP ലിസ്റ്റിൽ ഉൾപ്പെട്ടി ട്ടില്ല എന്നത് വസ്തുതയാണ്.

ട്രൈസം പരിപാടിയനുസരിച്ച് 8-ാം പദ്ധതി കാലയളവിൽ ഈ പഞ്ചായത്തിൽ 21 പേർക്കു വിവിധ തൊഴിലുകളിൽ പരിശീലനം നൽകിയി ട്ടുണ്ട്. പരിശീലനം ലഭിച്ചവർക്കല്ല വായ്പ അനു വദിക്കുന്നകാര്യത്തിൽ ബാങ്കുകൾ വിമുഖതകാണിയ്ക്കുന്നുണ്ട്.

DWCRA പദ്ധതി പ്രകാരം ഈ പഞ്ചായ ത്തിലുള്ള രണ്ടു യൂണിറ്റുകളും നല്ലനിലയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ഒരു വാർഡിൽ ഒരു യൂണിറ്റുവീതം വേണമെന്ന് ഗ്രാമസഭകളിൽ നിർ-ദ്ദേശം വന്നിട്ടുണ്ട്. ഔദ്യോഗികതലത്തിൽ എത്ര ശ്രമിച്ചാലും സഹകരണാടിസ്ഥാനത്തിൽ വനി തകൾ തൊഴിൽ രംഗത്തേയ്ക്കു വരുന്നില്ല എന്നത് ശ്രദ്ധേയമാണ്.

ഗ്രാമീണ കൈതെഴിലാളികൾക്കു ആധു നിക ഉപകരണങ്ങൾ നൽകുന്നപരിപാടിയിൽ ഈ പഞ്ചായത്തിൽ 29 പേർക്കു സഹായം ലഭി ച്ചിട്ടുണ്ട്. IRDP സർവ്വെ പ്രകാരം 199 തൊഴിലാ ളികളാണു അർഹരായിട്ടുള്ളത്. ഇനിയും 179 പേർക്കു സഹായം ലഭിയ്ക്കേണ്ടിയിരിക്കുന്നു.

5 ബാലവാടികളും 2 ഫീഡിംഗ് സെറ്റുകളും ഉൾപ്പെടെ 9 മഹിളാസമാജങ്ങൾ പഞ്ചായ ത്തിൽ പ്രവർത്തിയ്ക്കുന്നു.

SlNo.	Name of centre	Total No. of beneficia-ries.	Total No. of Childran	Total No. of Mother	0-3	3-5	PM	NM	Se/ST.
1	ജയന്തിമഹിളാസമാജം ബാലവാടി. പിരാരൂർ	86	65	21	37	28	7	14	13
2	ന്യൂസ്റ്റാർ മഹിളാസമാജം ബാലവാടി മരോട്ടിച്ചോട്.	82	60	22	34	26	4	18	12
3	വട്ടപ്പറമ്പു മഹിളാസ മാജം ബാലവാടി	95	70	25	42	28	6	19	32
4	തോട്ടേക്കാടു മഹിളാസമാജം ഫീഡിംഗ് സെൻറർ.	49	27	22	20	7	1	21	33
5	തോട്ടകം മഹിളാസമാജം ഫീഡിംഗ് സെൻറർ.	72	54	18	40	14	3	15	26
6	പൊതിയക്കര മഹിളാസമാ ജം ബാലവാടി.	53	35	18	23	12	4	14	10
7	മാണിക്കമംഗലം മഹിളാ സമാജം ബാലവാടി.	83	64	19	30	34	5	4	4

ബാലവാടി കെട്ടിടങ്ങളോ കിണറുകളോ വേണ്ടതുപോലെ സംരക്ഷിക്കപ്പെടുന്നില്ല. ഈ സ്ഥാപനങ്ങളുടെ ഗുണഫലത്തെക്കുറിച്ചറിയാത്തവർ ഇനിയുമുണ്ട്. കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങളിവിടെയില്ല.

ഈ പഞ്ചായത്തിൽ ഇപ്പോൾ 26 പേർക്കു വർദ്ധക്യ കാലപെൻഷനും 53 പേർക്കു വിധവാപെൻഷനും ലഭിക്കുന്നുണ്ട്. ഈ പെൻഷനുകൾ കൃത്യമായി ലഭിക്കുന്നില്ല എന്നതു ഏറെ ദുഃഖകരമാണ്. നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർചെയ്ത വികലാംകരുടെ എണ്ണം 119 ആണ്. ഇവരുടെ ക്ഷേമത്തിനായി പ്രത്യേക പരിപാടി ഒന്നും തന്നെയില്ല.

സാമ്പത്തികഞരുക്കം മൂലം വിവാഹമെന്ന സ്വപ്നം സഫലമാകാതെ കണ്ണീരിൽ കഴിയുന്ന യുവതികളെ കണ്ടെത്തി ഉദാരമനസ്കരുടെ സേവനസ്ഥാപനങ്ങളുടെയും സഹായത്തോടെ ആണ്ടു തോറും സമൂഹവിവാഹം നടത്തികൊടുക്കാൻ പഞ്ചായത്തു കമ്മിറ്റിമുൻകയ്യെടുക്കണം. രണ്ടു വർഷം മുമ്പ് കാലടി പള്ളിയിൽ വച്ച് ഒരു സമൂഹവിവാഹം നടത്തി ഇതിനു മാതൃകകാണിക്കാൻ, സ്വർണ്ണാഭരണവ്യാപാരികളായ കാലടിയിലെ ബ്രഹ്മകുളം ജ്വല്ലേഴ്സ് തയ്യാറായത് ഇത്തരുണത്തിൽ നന്ദിപൂർവ്വം സ്മരിക്കേണ്ടതാണ്.


പ്രശ്നങ്ങൾ

1. വിവിധ പെൻഷനുകൾ യഥാസമയം ലഭിയ്ക്കുന്നില്ല.
2. വികലാംഗർ, മന്ദബുദ്ധികൾ തുടങ്ങിയവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ തീരെയില്ല.
3. യുവതികൾക്കു സാമ്പത്തികഞരുക്കം മൂലം വിവാഹത്തുനുകഴിയുന്നില്ല.
4. ബാലവാടികൾ എല്ലാ വാർഡിലുമില്ല; ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
5. ഹോം നേഴ്സ് സൗകര്യം ഇല്ല.
6. ട്രൈസം തൊഴിൽ പരിശീലന പദ്ധതി വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
7. ഫണ്ടുകൾ ഉപയോഗിക്കുമ്പോൾ ചോർച്ച അനുഭവപ്പെടുന്നു.

സാദ്ധ്യതകൾ

1. വിവിധ പെൻഷനുകൾ അർഹരായവർക്കുമുഴുവൻ നൽകാൻ ആവശ്യമായ ജനകീയ ഇടപെടൽ ഉണ്ടാകണം.
2. വികലാംഗർ, മന്ദബുദ്ധികൾ ഇവർക്കു വിദ്യഭ്യാസ സൗകര്യമുണ്ടാകണം. STD ബൂത്ത് ചെറിയ കച്ചവടം എന്നിവ വികലാംഗർക്കായി സൗകര്യപ്പെടുത്തണം.
3. സമൂഹവിവാഹരീതി സംഘടിപ്പിക്കണം.
4. എല്ലാവാർഡുകളിലും ബാലവാടികൾ സ്ഥാപിക്കണം. ഉള്ള സ്ഥലങ്ങളിൽ കാര്യക്ഷമമാക്കാനും സൗകര്യങ്ങളുണ്ടാക്കാനും ശ്രദ്ധിക്കണം.
5. പഞ്ചായത്ത് തലത്തിൽ ഹോം നഴ്സ് യൂണിറ്റ് സ്ഥാപിക്കണം.
6. ട്രൈസം തൊഴിൽ പരിശീലനപദ്ധതികാര്യക്ഷമവും ആകർഷകവുമാക്കണം.
7. ഫണ്ടുകൾ വിനിയോഗിക്കന്നതിലെ ചോർച്ച ഒഴിവാക്കാൻ ജനകീയ സമിതികൾ രൂപീകരിക്കണം.

കെട്ടിടങ്ങളുടെ വർദ്ധന കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ



വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ


വാർഡ്	5 വയസ്സു ള്ളവർ		5 – നും 10 – നും		10 – 18		18 – 25		25 – 45		45 – 60		60 നു മേൽ		ആകെ	
	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
I			1		1	1	2		2	1	1	1	1	.	8	3
II	1			1	2		1	1	2		1	1	1	1	8	4
III	1		1	1	2		1	1	2	1	1	1			8	4
IV		1	1	1	2		1	1	1			1	1		6	4
V			1	1		1	1		1		1		1	1	5	3
VI	1		1	1	2		1	1	2	1	1	1	1	1	9	5
VII			1		1	1		1		1	1				4	2
VIII	1		1	1	2		1	1	1		1	1	1		8	3
IX	1		2		3		1	1		1			1	1	8	3
X			1				1		4	1	1	1	1		7	3
XI	1		1		1	1			2		4	2	1	1	8	6
ആകെ	**6**	**1**	**11**	**6**	**16**	**4**	**10**	**7**	**17**	**6**	**12**	**9**	**9**	**5**	**79**	**40**

അവലംബം : വികലാഗ സർവ്വേ ഫാറം.

കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (95-96)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	-	മേൽപ്പുരയുടെ സ്വഭാവം				വിവിധ ഭവന നിർമാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം
		ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	ഒരു നിലയുള്ള കെട്ടിടങ്ങൾ				
			കോൺ ക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
I	713	36	286	392	25	10	-
II	823	68	370	406	17	30	-
III	773	55	158	608	7	-	-
IV	715	29	132	555	23	5	-
V	775	16	217	465	20	19	-
VI	378	22	94	245	31	8	-
VII	1260	124	673	564	3	20	-
VIII	620	31	340	268	2	10	-
IX	629	68	442	166	6	15	-
X	491	35	255	230	3	3	-
XI	748	21	329	406	8	5	-
ആകെ	**7925**	**505**	**3350**	**4305**	**145**	**125**	**-**

സംസ്ക്കാരം



സംസ്കാരം

ഐതിഹ്യ പ്രശസ്തവും ചരിത്രപ്രസിദ്ധവുമായ ഒരു സാംസ്കാരിക കേന്ദ്രമെന്ന നിലയിൽ അന്തർദ്ദേശീയപ്പെരുമ അവകാശപ്പെടാവുന്ന ഒരു ചെറുപട്ടണപ്രദേശമാണു കാലടി. അദ്വൈതസിദ്ധാന്ത പ്രഖ്യാപനത്തിലൂടെ ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റിയ ആദിശങ്കരന്റെ ജന്മസ്ഥാനമെന്ന നിലയാണ് ഈ പ്രശസ്തിയ്ക്കു ഏറെ അടിസ്ഥാനം. കാലടിയിലെ ഒരു ദരിദ്രനമ്പൂതിരിയില്ലത്തുനിന്നും, പ്രാഥമിക വിദ്യാഭ്യാസത്തെത്തുടർന്ന് പൂണൂലും പൊട്ടിച്ചിറങ്ങി ഗംഗാനദിയുടെ വിശാലജലപ്പരപ്പുതാണ്ടി, ഹിമാലയത്തിന്റെ കുന്നുകളും മേടുകളും കയറിക്കടന്ന് ഉത്തുംഗശൃംഗങ്ങളിലെത്തിനിന്ന് ഒരു പുതിയ സൈദ്ധാന്തിക രേഖലോകസമക്ഷമവതരിപ്പിച്ച ആമഹാപ്രതിഭയുമായി ബന്ധപ്പെട്ട അനേകം ചരിത്ര വസ്തുതകളും കാലടിയിലെ മണ്ണിലും പെരിയാറിലെ തിരമാലകളിലും ജീവൻ തുടിച്ചു നിൽക്കുന്നു.

മതമൈത്രിയുടെയും സൗഹൃദത്തിന്റെയും ത്രിവേണി സംഗമംപോലെ ശ്രീശങ്കരകീർത്തി സ്തംഭമണ്ഡപവും ത്യാഗത്തിന്റെ പ്രതീകമായ കുരിശും മനുഷ്യസേവനത്തിന്റെ വാങ്കുവിളി ഉയർത്തുന്ന മുസ്ലിം ദേവാലയവും കാലടിയിൽ അടുത്തടുത്തു സ്ഥിതിചെയ്യുന്നത് മഹത്തായൊരു സാംസ്കാരിക പാരമ്പര്യത്തിനുടമകളായിരുന്നു നാം വളരെക്കാലം മുമ്പുമുതൽ എന്നതിനു നിദർശനമാവാം. ക്ഷേത്രങ്ങളും ആരാധനാലയങ്ങളും സാംസ്കാരികകേന്ദ്രങ്ങളായിട്ടാണു പണ്ടു മുതലേ അംഗീകരിയ്ക്കപ്പെട്ടുപോന്നിട്ടുള്ളത്. ഈ പഞ്ചായത്തതിർത്തിയിൽ 12 ഹൈന്ദവക്ഷേത്രങ്ങളും ഏഴു ക്രിസ്ത്യൻ പള്ളികളും രണ്ടു മുസ്ലിം പള്ളികളും ഒരു സർവ്വമത ക്ഷേത്രവുമുണ്ട്. ഈ ആരാധനാലയങ്ങളിലെ ആണ്ടു വിശേഷങ്ങൾ നമ്മുടെ സാംസ്കാരിക വികാസത്തിൽ അതതിന്റെ പങ്കു വഹിക്കുന്നതാണ്. ശ്രീശങ്കരാചാര്യരുമായി ബന്ധപ്പെട്ടുകിടക്കുന്ന മാണിയ്ക്കമംഗലത്തെ കാർത്യായനിക്ഷേത്രത്തിലെ പൂരം പ്രസിദ്ധമാണ്. കേരളത്തനിമയിലും കലാ വൈവിദ്ധ്യത്തിലും ധാടിയിലും മോടിയിലും ഉൽക്കന്ധരമായി നിൽക്കുന്ന ഈ ആഘോഷം കേരളമാകെ പ്രസിദ്ധിപെറ്റതാണ്. കേരളത്തിലെ തലയെടുപ്പുള്ള ഗജവീരന്മാരും വാദ്യവിദഗ്ദ്ധരും മറ്റു കലാ കാരന്മാരും അണിനിരക്കുന്നു മാണിയ്ക്കമംഗലം പൂരം വിദേശികളെപ്പോലും ആകർഷിയ്ക്കാൻ പോന്നതാണ്. വൃശ്ചികമാസത്തിലെ കാർത്തികനാളിൽ ഇവിടെ നടത്തുന്ന ലക്ഷദീപം അടുത്തകാലത്താരംഭിച്ചതാണ്. പണ്ട് പനയിൽ പാഴൂരുമനവകയായിരുന്ന ഈ ക്ഷേത്രം ഇപ്പോൾ നാട്ടുകാരുടെ തെരഞ്ഞെടുക്കപ്പെടുന്ന കമ്മറ്റിയുടെ ഭരണത്തിൽ കീഴിലാണ്. മുണ്ടങ്ങാമഠം ക്ഷേത്രത്തിലെ താലപ്പൊലി, കാലടി ശ്രീകൃഷ്ണക്ഷേത്രത്തിലെ ഉത്സവം, കീർത്തിസ്തംഭമണ്ഡപത്തിലെ നവരാത്രിയാഘോഷം, പട്ടേശ്വരത്തു ക്ഷേത്രത്തിലെ ശിവരാത്രി, മറ്റൂർ തിരുവെള്ളമാൻ തുള്ളിക്ഷേത്രത്തിലെ ഉത്സവം, നീലംകുളങ്ങര കാവിലെ താലപ്പൊലി, വാമനപുരം ക്ഷേത്രത്തിലെ ദശാവതാരം, പിരാരൂർ ശ്രീകാളകണ്ഠേശ്വരക്ഷേത്രത്തിലെ താലപ്പൊലി, തുടങ്ങിയ ആഘോഷങ്ങൾ ആദ്ധ്യാത്മിക പ്രാധാന്യത്തോടൊപ്പം കലാപരമായ മേന്മയും കാത്തുസൂക്ഷിയ്ക്കുന്നു. മേളം, പഞ്ചവാദ്യം തുടങ്ങിയ ക്ഷേത്രകലകൾക്കുപുറമേ സംഗീതക്കച്ചേരി, നൃത്തനൃത്യങ്ങൾ, കഥാപ്രസംഗം, നാടകം തുടങ്ങിയ ഇതരകലകൾക്കും സ്ഥാനം നൽകുന്നുണ്ട്. മുടിയേറ്റ്, കൂത്ത്, ഓട്ടൻതുള്ളൽ, പാഠകം എന്നീകലകളും ഈ ക്ഷേത്രവേദികളിലൂടെ നമ്മുടെ പഞ്ചായത്തിൽ പരിചിതമാകുന്നു. കഥകളി കുറച്ചുനാൾ മുമ്പുവരെ, മാണിയ്ക്കമംഗലം, തിരുവെള്ളമാൻ തുള്ളിക്ഷേത്രങ്ങളിൽ ഉത്സവത്തോടനുബന്ധിച്ചു നടത്തിയിരുന്നുവെങ്കിലും ഇപ്പോൾ നിലച്ചുപോയിരിയ്ക്കയാണെന്നതു തികച്ചും ലജ്ജാകരമാണ്. കഥകളി നമ്മുടെ നാടിനന്യമായിക്കൂട. അതിനുക്ഷേത്രാങ്കണങ്ങളോ മറ്റുപൊതുവേദി

കളോ ഉപയുക്തമാക്കണം. വീടുകളിലും പൊതുസ്ഥലങ്ങളിലും നടത്തപ്പെടുന്ന ശാസ്താംപാട്ടും ചിന്തും ഭക്തിയുടെ പരിവേഷത്തിൽ അവതരിപ്പിക്കപ്പെടുന്ന കലാരൂപങ്ങളാണ്. കാലടിയിൽനിന്നും മേക്കാലടിയിൽനിന്നും ചേരാനല്ലൂർ ക്ഷേത്രത്തലേയ്ക്കു എല്ലാവർഷവും പോകാറുള്ള കാവടിഘോഷയാത്രഅത്യാകർഷകമാണ്.

നമ്മുടെ സാംസ്കാരിക നവോത്ഥാനത്തിന്റെ ചരിത്രത്തിൽ ചെറിയൊരു സംഭാവന ചെയ്യാൻ ഈ പ്രദേശത്തെക്ഷേത്രങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശനവിളംബരത്തോടെ അധഃകൃതർക്കു ക്ഷേത്രത്തിൽ കയറി ആരാധന നടത്താനുള്ള സ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കാൻ, വിളംബരം വന്നിട്ടും, യാഥാസ്ഥിതികത്വം അനുവദിയ്ക്കാൻ അറച്ചുനിന്നു. കാലടിയിൽനിന്നും ശ്രീ എൻ. സോമശേഖരൻ വൈദ്യർ, ശ്രീ പറയത്തു കുട്ടൻമേനോൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ക്ഷേത്രപ്രവേശനത്തിനുവേണ്ടി മാർച്ചു നടത്തുകയുണ്ടായി. മാർച്ച് മറ്റൂർ തിരുവെള്ളമാൻ തുള്ളിക്ഷേത്രത്തിലെത്തിയപ്പോൾ അന്നത്തെ ക്ഷേത്രം ഭരണാധികാരിയായിരുന്ന ശ്രീ തെക്കിനിയേടത്തു രാമൻ നമ്പൂതിരിപ്പാട് ഹരിജനങ്ങൾക്ക് ക്ഷേത്രനടതുറന്നുകൊടുത്ത് ആരാധനയ്ക്കനുവദിച്ചതു ഒരു വലിയ മാറ്റത്തിന്റെ തുടക്കമായിരുന്നു. എങ്കിലും എല്ലാ ക്ഷേത്രങ്ങളിലും അധഃകൃതവർഗ്ഗത്തിനു ആരാധനാസ്വാതന്ത്ര്യം ലഭിയ്ക്കാൻ കുറച്ചുനാളുകൾ കൂടി കഴിയേണ്ടിവന്നു. ഇപ്പോൾ നമ്മുടെ പഞ്ചായത്തതിർത്തിയിൽ പെട്ട മിക്ക ക്ഷേത്രങ്ങളും സ്വകാര്യ സ്വഭാവം വെടിഞ്ഞു. നാട്ടുകാരുടെ നേതൃത്വത്തിലായിട്ടുണ്ട് എന്നുള്ളത് ജനകീയ സംസ്കാരത്തിന്റെ ഒരു ചൂണ്ടുപലകയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ജാതിചിന്ത നിശ്ശേഷം ഇല്ലാതായെന്നോ, അതിന്റെ സ്വാധീനം നമ്മുടെ സാമൂഹ്യജീവിതത്തിൽ തെല്ലും പ്രതിഫലിയ്ക്കുന്നില്ലെന്നോ പറയാനാവില്ല. N.S.S, S.N.D.P., പുലയ മഹാസഭ, സാംബവർ സൊസൈറ്റി, വിശ്വകർമ്മ മഹാസഭ, ബ്രാഹ്മണ സഭ, വീര ശൈവസഭ, C.L.C., K.C.Y.M, ഐക്കഫ്, ഉലമാകോൺഫ്രൻസ്, ജമാ അത്ത് കൗൺസിൽ ങ്ം ഇയ്യത്തുൽ ഉലമ തുടങ്ങിയ സംഘടനകളുടെ ശാഖകൾ ഇവിടെ ചെറുതും വലുതുമായ തോതിൽ പ്രവർത്തിയ്ക്കുന്നുണ്ട്.

സാംസ്കാരിക പ്രവർത്തനങ്ങളിൽ ഈ പഞ്ചായത്തിൽ ആശാവഹമായ പുരോഗതി ദൃശ്യമാണെന്നു പറയാനാവില്ല. ചില ക്ലബ്ബുകളും ലൈബ്രറികളും വായനശാലകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യമായ സംഭാവനകൾ ചെയ്യാൻ കഴിയുന്നില്ല. ഇവിടത്തെ പഴക്കം ചെന്ന ഒരു സാംസ്കാരിക സ്ഥാപനമായിരുന്നു നെഹ്റു ആർട്സ് സൊസൈറി (നാസ്). ഏതാണ്ടു 30 വർഷം മുമ്പ് മുഴുവൻ ജനങ്ങളുടെയും സഹകരണത്തോടെ സ്ഥാപിച്ചതാണ് നാസ്. മാസത്തിൽ ഒന്നു വീതം വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും മറ്റുകലാ പ്രോത്സാഹനങ്ങൾ നല്കുകയും ചെയ്തു പോന്ന ആ ജനകീയ സാംസ്കരിക കേന്ദ്രത്തിനു പോലീസ് സ്റ്റേഷനുസമീപം 33.33 സെൻറ് സ്ഥലം 1970ൽ സർക്കാരിൽനിന്നും കുത്തകപ്പാട്ടത്തിനു അനുവദിച്ചുകിട്ടി. ടി സ്ഥലത്ത് 1976 മെയ് 4 ന് അന്നത്തെ ആഭ്യന്തരമന്ത്രി ശ്രീ. കെ. കരുണാകരൻ സ്ഥിരം ഓഡിറ്റോറിയത്തിനുള്ള ശിലാസ്ഥാപനം നിർവ്വഹിച്ചു. ഈ ആവശ്യത്തിലേക്കു കാലടി പഞ്ചായത്ത് 5000 ക. ഗ്രാൻറായി നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിൽനിന്നും 50000 ക. ഗ്രാൻറായി നേടിയിട്ടുണ്ട്. നാസിന്റെ ആരംഭകാല രക്ഷാധികാരികൾ മഹാകവി ജി. ശങ്കരക്കുറുപ്പ്, ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ, ശ്രീ എ. സി. ജോർജ് എന്നിവരാണ്. ഇപ്പോൾ നാസിനോടനുബന്ധിച്ച് ജൂഡോ ക്ലാസ്, കരാട്ടേ ക്ലാസ്സ്, പ്രകൃതിചികിത്സാ കേന്ദ്രം എന്നിവ പ്രവർത്തിക്കുന്നുണ്ട്. വർഷാവർഷം പുതിയ മെമ്പർമാരെ ചേർക്കുന്നതിനും ആയുഷ്കാലാംഗങ്ങൾ അടക്കമുള്ളവരിൽനിന്നും ഭരണസമിതിയെതെരഞ്ഞെടുക്കുന്നതിനും സംവിധാനമുണ്ടായിരുന്നു. ക്രമേണ പുതിയ അംഗത്വം കുറഞ്ഞുവരികയും സ്ഥാപനത്തിന്റെ പൂർണ്ണ ഉത്തരവാദിത്തവും നടത്തിപ്പും ആയുഷ്കാലാം

ഗങ്ങളിൽവന്നുപെടുകയും ചെയ്തു. ഇപ്പോൾ 100 അംഗങ്ങളാണുള്ളത്. അതുകൊണ്ടുതന്നെ ഇപ്പോൾ അവരുടെ സ്വന്തം എന്ന നിലയിലാണു നാസിന്റെ സ്ഥിതി. കലാസാംസ്ക്കാരികപ്രവർത്തനങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നതിനുപകരം കല്യാണങ്ങളും സദ്യകളും മറ്റും നടത്താനുള്ള സൗകര്യം ചെയ്ത് ഒരു ഊട്ടുപുരയാക്കി മാറ്റിയിരിക്കുകയാണ്. സർക്കാർ ഭൂമിയിൽ സർക്കാരിന്റേയും പഞ്ചായത്തിന്റേയും സാമ്പത്തിക സഹായത്തിൽ പണിതുയർത്തിയ ഈ സ്ഥാപനം അതിന്റെ ജനകീയ സ്വഭാവം വീണ്ടെടുത്ത് പഞ്ചായത്തിന്റെ കീഴിലാക്കേണ്ടത് കാലഘട്ടത്തിന്റെ ഒരാവശ്യമാണ്.

കാലടിയിലെ വിവേകാനന്ദാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൈപ്പട്ടൂർ സി. വൈ. സി, ബേബിക്കവല നവധാര ആർട്സ് ക്ലബ്ബ് & ലൈബ്രറി, പുളിയേലിപ്പടി അനശ്വര, യുവശക്തി ആർട്സ് &കൾച്ചറൽ സൊസൈറ്റി, ഫ്രണ്ട്സ് ആർട്സ് ക്ലബ്ബ്, പിരാരൂർ, ഓറിയോൺ ക്ലബ്ബ് മറ്റൂർ, വട്ടപ്പറമ്പ് പൊൻപുലരി എന്നിവ ഈ പഞ്ചായത്തിലെ കലാസാംസ്കാരികരംഗത്തെ മറ്റു സ്ഥാപനങ്ങളാണ്. ഇവയെല്ലാം വാർഷികത്തോടനുബന്ധിച്ചു ചില പരിപാടികൾ ആസൂത്രണം ചെയ്യാറുണ്ട്. ചില ക്ലബ്ബുകൾ ട്യൂഷൻ ക്ലാസുകൾ, തൊഴിലന്വേഷകർക്കു സഹായ പദ്ധതി, ലൈബ്രറി പ്രവർത്തനം തുടങ്ങിയ കാര്യങ്ങളും നിർവ്വഹിക്കുന്നുണ്ട്. നമ്മുടെ അന്യംനിന്നുകൊണ്ടിരിയ്ക്കുന്ന നാടൻ കലകളേയും അതു വഴി നമുക്കുണ്ടായിരുന്ന സാംസ്കാരിക പൈതൃകത്തെയും കാത്തു സൂക്ഷിയ്ക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അഭികാമ്യമായ രീതിയിലുള്ള നീക്കങ്ങൾ കാണുന്നില്ല. നാടൻ പന്തുകളികൾ തുടങ്ങിയവ ഇന്നത്തെ തലമുറയ്ക്കു അപരിചിതമാണ്, തലമപ്പന്ത്, കൊള്ളിപ്പന്ത്, കുഴിപ്പന്ത്, റമണ്ടിസ് എന്നീ പന്തു കളികളും കിളിത്തട്ട് തുടങ്ങിയവയും കായിക കലയിൽ ക്രിക്കറ്റിനോടും ഹോക്കിയോടും ഒപ്പം നിൽക്കുന്ന വയാണെങ്കിൽ അവയെ നമുക്കു പുനരുദ്ധരിയ്ക്കേണ്ടതില്ലെ? പണ്ടു തിരുവാതിരയ്ക്കും ഓണത്തിനും വീട്ടു മുറ്റങ്ങളിൽ മുഴങ്ങിയിരുന്ന തിരുവാതിരപ്പാട്ടിന്റെ ഈരടികൾ ഇന്നു തല നരച്ച ചില സ്ത്രീകളുടെ ചുണ്ടുകളിലും മനസ്സു കളിലും ഒതുങ്ങുന്നു. സ്കൂൾ - കോളേജ് യുവജനോത്സവത്തിനു മത്സരിക്കാൻ വേണ്ടി മാത്രം ഒരായുധമായിട്ടിതിനെയെല്ലാം ഉപയോഗപ്പെടുത്തുന്നുണ്ട്. ഒപ്പന, പരിചമുട്ടുകളി, മാർഗ്ഗം കളി എന്നിവയുടെ സ്ഥിതിയും ഇതുതന്നെ. പുള്ളുവൻപാട്ട്, കുറവൻ പാട്ട്, ബ്ലാവേലിവായന, സർപ്പംപാട്ട് തുടങ്ങിയവയിൽ വിദഗ്ദ്ധർ നമ്മുടെ പഞ്ചായത്തിൽ ജീവിച്ചിരുന്നു എങ്കിലും പിൻതുടർച്ചക്കാരില്ലാതെ പോയി. ഓണത്തോടനുബന്ധിച്ചു ചില ക്ലബ്ബുകാർ പുലികളി ഉൾപ്പെടെയുള്ള കലാരൂപങ്ങളും. ക്രിസ്തുമസ്സ് തുടങ്ങിയ അവസരങ്ങളിൽ നടത്തപ്പെടുന്നഘോഷയാത്രകളും നബിദിന ഘോഷയാത്രയും മറ്റും ആശാവഹമാണ്.

ക്രിസ്ത്യൻ പള്ളികളിലെ പെരുന്നാളുകളും മറ്റാഘോഷങ്ങളും കാലോചിതമായ മാറ്റങ്ങൾക്കു വിധേയമാക്കി കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്. കാലടി, മറ്റൂർ, പൊതിയക്കര, മാണിയ്ക്കമംഗലം, കൈപ്പട്ടൂർ, ജോർദ്ദനാപുരം എന്നീ പള്ളികളിലെ പ്രദക്ഷിണം, വാദ്യമേളങ്ങൾ, കരിമരുന്നു പ്രയോഗം എന്നിവ നമ്മുടെ സാംസ്കാരികത്തനിമയെ വിളിച്ചോതുംവിധത്തിലാണു സംവിധാനം ചെയ്യുന്നത്. ആദ്ധ്യാത്മികച്ചടങ്ങുകൾക്കു പുറമെ നാടകം, ഗാനമേള തുടങ്ങിയ കലാപരിപാടികളും ഈ അവസരങ്ങളിൽ സംഘടിപ്പിയ്ക്കാറുണ്ട്. നിറപറയും നിലവിളക്കും പള്ളിയകങ്ങളിലേയ്ക്കു പ്രവേശിച്ചുതുടങ്ങിതും സാംസ്കാരിസമന്വയത്തിന്റെ നിദർശനമാണ്. ഓരോ പള്ളിയിലേയും പ്രദക്ഷിണം ആർഭാടമായും വർണ്ണാഭമായും ഒരുക്കുന്നതിൽ ആരോഗ്യകരമായ മത്സരം തന്നെ കാണപ്പെടുന്നുണ്ട്. വിവിധ വർണ്ണങ്ങളിലുള്ള മുത്തുക്കുടകളും നാദസ്വരം, പഞ്ചവാദ്യം, ബാൻറ്, ചെണ്ട മേളം എന്നിവയുടെ അകമ്പടിയോടെയുള്ള രൂപമെഴുന്നളിച്ചുകൊണ്ടുള്ള പ്രദക്ഷിണം അത്യാകർഷകമായ
ഘോഷയാത്രതന്നെയായിഭവിയ്ക്കാറുണ്ട്.

തോട്ടകം സെൻറ് ജോർജ് യാക്കോബായ പള്ളിയിലെ വി. ഗീവർഗീസ് സഹദായുടെ ഓർ

മ്മപ്പെരുന്നാൾ, കൈപ്പട്ടൂർ പള്ളിയിലെ വി. സെബാസ്റ്റ്യനോസിന്റെ തിരുനാൾ, മറ്റൂർ സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ തിരുനാൾ, കാലടി പള്ളിയിൽ വി. ഗീവർഗീസിന്റെ തിരുനാൾ, കൈപ്പട്ടൂർ കപ്പേളയിൽ വി. അന്തോണീസിന്റെ തിരുനാൾ, മറ്റൂർ സെന്റ് ജോസഫ്സ് കപ്പേളയിൽ വി. യൗസേപ്പിതാവിന്റെ തിരുനാൾ, പൊതിയക്കര പള്ളിയിലെ പെരുന്നാൾ, യോർദ്ദനാപുരം പള്ളിയിലെ പെരുന്നാൾ എന്നിവയാണ് പ്രധാനപെരുന്നാളുകൾ. ഈദുൽഫിത്തർ ചെറുപെരുന്നാൾ, ഈദുൽഅസ്ഹബലി പെരുന്നാൾ എന്നിവയാണ് ആചരിയ്ക്കപ്പെട്ട മുസ്ലിം വിശേഷദിവസങ്ങൾ.

ഈ പഞ്ചായത്തിലെ ലൈബ്രറി പ്രവർത്തനത്തിനു അരനൂറ്റാണ്ടോളം പഴക്കമുണ്ട്. സാംസ്ക്കാരിക സാമൂഹ്യ പരിഷ്കാരത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ഒരു ഘടകമെന്ന നിലയിൽ ലൈബ്രറിയ്ക്കും വായനശാലയ്ക്കുമുള്ള പ്രാധാന്യം കാലോചിതമായി പുലർത്തിപ്പോരാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. പലഗ്രാമങ്ങളിലും ലൈബ്രറികൾ ആരംഭിച്ച്, നിലനില്പിനുവേണ്ടി കാലിട്ടടിച്ചു കുഴഞ്ഞു വീണു പൊലിഞ്ഞുപോയ ചരിത്രം നമുക്കുണ്ട്. "വായിച്ചു വളരുക" എന്ന ശ്രീനാരായണാഹ്വാനമുൾക്കൊണ്ടുകൊണ്ട് S.N.D.P. യോഗം സംസ്ഥാനവ്യാപകമായി ലൈബ്രറികൾ സ്ഥാപിയ്ക്കാൻ ശ്രമിയ്ക്കുകയുണ്ടായി. അക്കൂട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട SNDP ലൈബ്രറി റീഡിംഗ് റൂം ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ പൊതു ലൈബ്രറി. അവിടെ ഇപ്പോൾ 15000ൽ പരം പുസ്തകങ്ങളും 350ൽ പരം അംഗങ്ങളുമുണ്ട്. ലൈബ്രറികൗൺസിൽ സംസ്ഥാനവ്യാപകമായി സ്ഥാപിച്ചിട്ടുള്ള 4 അക്കാദമിക് സെന്ററുകളിൽ ഒന്നായി ഈ ലൈബ്രറി തെരഞ്ഞെടുക്കപ്പെട്ടിരിയ്ക്കുന്നത് അഭിമാനാർഹമായ വസ്തുതയാണ്. എല്ലാ വിഭാഗത്തിലും പെട്ട റഫറൻസ് ഗ്രന്ഥങ്ങളും അപൂർവ്വമായും അമൂല്യവുമായ പഴയഗ്രന്ഥങ്ങളും ഇവിടെയുണ്ട്. എന്നാൽ ഈ വിജ്ഞാനഭവനത്തിൽ തുടർച്ചയായി കയറിയിറങ്ങുന്നവർ വളരെ കുറവാണെന്നു കാണുമ്പോൾ നമ്മുടെ വായന ശീലത്തിൽ വന്നിട്ടുള്ള പിന്നോട്ടുപോക്കു എത്രരൂക്ഷമാണെന്നു മനസ്സിലാക്കാൻ കഴിയും. കാലടി പഞ്ചായത്ത് പബ്ലിക് ലൈബ്രറി ആരംഭിച്ചത് 1992 ലാണ്. ഇവിടെ ഇപ്പോൾ 10000ൽ താഴെ പുസ്തകങ്ങളുണ്ട്. ആരംഭിച്ചപ്പോഴുള്ള പുസ്തകങ്ങളല്ലാതെ പിന്നീടൊന്നും മുതൽ കൂട്ടാക്കിയിട്ടില്ല. ഇവിടുത്തെ വായനശാലയിൽ ധാരാളംപേർ വരുന്നുണ്ടെങ്കിലും പുസ്തകമെടുത്തുവായിയ്ക്കുന്നവർ അംഗുലീപരിമിതമാണെന്നു കാണുന്നു. മാണിയ്ക്കമംഗലത്തെ പി. കെ. കൃഷ്ണപിള്ള മെമ്മോറിയൽ പബ്ലിക് ലൈബ്രറി, കാലടിയിലെ അക്ഷര വായനശാല, പൊതിയക്കരയിലെ വിസ്ഡം ലൈബ്രറി, ബേബിക്കവലയിലെ നവധാര, മറ്റൂർ ഹരിജൻ ലൈബ്രറി എന്നിവയാണു ഈ പഞ്ചായത്തതിർത്തിലെ ലൈബ്രറികൾ. മൂവ്വായിരം പുസ്തകങ്ങളിൽ താഴെ മാത്രം ശേഖരമുള്ളവയാണിതെല്ലാം. മറ്റൂർ ഹരിജൻ ലൈബ്രറിയ്ക്ക് ലൈബ്രേറിയൻ ഗ്രാൻറ് സർക്കാരിൽനിന്നും ഇപ്പോഴും കൊടുക്കുന്നുണ്ടെങ്കിലും ലൈബ്രറി തുറക്കുകപോലും ചെയ്യുന്നില്ല. സ്കൂളുകളോടനുബന്ധിച്ചുള്ള ലൈബ്രറികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നു സംശയമാണ്. ടെലിവിഷൻ, സിനിമ എന്നിമാദ്ധ്യമങ്ങളുടെ അഭൂതപൂർവ്വമായ വ്യാപനം വായനശീലത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നുവേണം കരുതാൻ. ഈ പഞ്ചായത്തിൽ 50% ൽ അധികം വീടുകളിൽ ടെലിവിഷനുണ്ട്. ഡി. ഡി-2, കേബിൾ ടി. വി എന്നിവയിലൂടെ എപ്പോഴും ലഭിയ്ക്കുന്ന പരിപാടികൾ വായനമുടക്കുന്നുണ്ടു എന്നു നിസ്സംശയം പറയാം.

മലയാളമനോരമ, മാതൃഭൂമി, ദേശാഭിമാനി, കേരളകൗമദി, മംഗളം, മാധ്യമം, ജന്മഭൂമി, ദീപിക, എക്സ്പ്രസ്സ്, രാഷ്ട്രദീപിക, ചന്ദ്രിക, സായാഹ്നകൈരളി, കേരളാ ടൈംസ് തുടങ്ങിയ മലയാളദിനപത്രങ്ങളും ഇൻഡ്യൻ എക്സ്പ്രസ്സ്, ഹിന്ദു, ടൈംസ് ഓഫ് ഇൻഡ്യ തുടങ്ങിയ ഇംഗ്ലീഷ് ദിനപത്രങ്ങളും ഈ പഞ്ചായത്തിൽ വരുന്നുണ്ട്. ഏറെ വായിയ്ക്കപ്പെടുന്ന ആനുകാലികങ്ങൾ മാതൃഭൂമി, ദേശാഭിമാനി, മലയാളമനോ

രമ, മംഗളം, ഭാഷാപോഷിണി, ഇൻഡ്യടുഡേ, കേരളശബ്ദം, കലാകൗമുദി, ഇൻഡ്യറിവ്യൂ, കുങ്കുമം, സർഗ്ഗധാര, ഗൃഹലക്ഷ്മി, മഹിളാരത്നം, വനിത, മനോരാജ്യം, കുമാരി, ദീപിക, ശാസ്ത്രഗതി, ഫ്രണ്ട്ലൈൻ, സ്പോർട്സ്വീക്ക് തുടങ്ങിയവയാണ്. ഇവിടെ ഏറെ പ്രചാരമുള്ള ബാല പ്രസിദ്ധീകരണങ്ങൾ ബാലരമ, ബാലഭൂമി, ബാലമംഗളം, കുട്ടികളുടെ ദീപിക, പൂമ്പാറ്റ, മുത്തശ്ശി, തത്തമ്മ, തളിര്, ശാസ്ത്രകേരളം, യൂറിക്ക, ലേബർഇൻഡ്യ, വിദ്യാരംഗം തുടങ്ങിയവയാണ്.

നമ്മുടെ സാംസ്കാരികരംഗത്തെപറ്റി ചിന്തിക്കുമ്പോൾ പ്രാധാന്യം കൊടുത്തുകാണേണ്ട രണ്ടു വൻസംരംഭങ്ങളെ വിസ്മരിയ്ക്കാനാവില്ല. ഒന്ന്, ഇപ്പോഴും ആഘോഷിച്ചുകൊണ്ടിരിയ്ക്കുന്ന കാലടി ശിവരാത്രിയും മറ്റൊന്ന് ഇപ്പോൾ നാമമാത്രമായതും കുറച്ചുകാലം മുമ്പുവരെ ഗംഭീരമായി നടന്നിരുന്നതുമായ ശ്രീ ശങ്കരജയന്തിയുമാണ്. പെരിയാറിന്റെ വിശാലമായ വെൺമണൽപ്പരപ്പിൽ രണ്ടു മൂന്നുദിവസങ്ങളിലായി ആഘോഷിയ്ക്കുന്ന ശിവരാത്രി ജാതിമതഭേദമെന്യേ സർവ്വരുടെയും പങ്കാളിത്തത്തോടെ നടന്നു വരുന്നു. കച്ചവടം കൊണ്ടും ആർഭാടംകൊണ്ടും ജനത്തിരക്കുകൊണ്ടും ആലുവാ ശിവരാത്രിയോടടുത്തുനിൽക്കുന്ന ഒന്നാണിത്. പെരിയാർ മണൽപ്പുറത്ത് ശിവരാത്രിയാഘോഷം വളരെ ചെറിയ തോതിൽ ആരംഭിച്ചത് 43 വർഷങ്ങൾക്കുമുമ്പാണ്. അന്ന് ശിവരാത്രി നാളിൽ ഒരു പെട്രോമാക്സിന്റെ വെളിച്ചത്തിൽ കത്തിനിൽക്കുന്ന നിലവിളക്കിനു മുമ്പിൽ ഭജനയും ചെറിയ പാട്ടുകച്ചേരിയും ആയി തുടക്കം കുറിയ്ക്കാൻ മുൻപന്തിയിൽനിന്നത് അന്തരിച്ച, കാലടി എൻ. സോമശേഖരൻ വൈദ്യൻ, ശ്രീ അഡൂർ പി.കെ. ഗോപാലപിള്ള (അഡൂർസാർ) തുടങ്ങി കുറച്ചുപേരാണ്. ഇന്ന് കാലടിയിലേയും പരിസരപ്രദേശങ്ങളിലേയും ഒരു വലിയ സാംസ്കാരികാഘോഷമായി ശിവരാത്രി മാറിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീരാമകൃഷ്ണ അദ്വൈതാശ്രമത്തിൽ ആണ്ടുതോറും ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തിയിരുന്ന ശ്രീശങ്കരജയന്തി ആഘോഷം കുറെക്കാലമായി കേവലം ആദ്ധ്യാത്മിക ചടങ്ങുകൾ മാത്രമായി ചുരുങ്ങിയിരിയ്ക്കുകയാണ്. ശ്രീമദ് ആഗമാനന്ദസ്വാമിജി ആശ്രമം പ്രസിഡൻറായിരുന്ന കാലത്താണ് ശോഭായമാനമായ വിധത്തിൽ ജയന്തി ആഘോഷിച്ചിരുന്നത്. കേരളത്തിലെയും ഇതര സംസ്ഥാനങ്ങളിലെയും വിദഗ്ദ്ധരായ പല കലാകാരന്മാരെയും സ്വാമിജി ഈ അവസരത്തിൽ വരുത്തിയിരുന്നു. ആദ്ധ്യാത്മിക അന്തരീക്ഷം തുടങ്ങിയ ആത്മീയ പരിപാടികൾക്കു പുറമെ അഹോരാത്രം കലാപരിപാടികളുണ്ടായിരുന്നു. ആ വിഭാഗത്തിൽപെടാത്ത കല ഒന്നുമുണ്ടാകില്ല; കഥകളി, കഥാപ്രസംഗം, ഹരികഥ, തുള്ളൽ,പാട്ടുകച്ചേരി, നൃത്യനൃത്തങ്ങൾ, വാദ്യസംഗീതം തുടങ്ങി എല്ലാം. കാലടിയിലെ അമേച്വർ നാടകസംഘങ്ങൾക്ക് നാടകമവതരിപ്പിക്കാനുള്ള വേദികൂടി നൽകിയിരുന്നു. ഏറ്റവും ശ്രദ്ധേയവും വൻജനകൂട്ടത്തെ ആകർഷിച്ചിരുന്നതുമായ ഇനം കളരിപ്പയറ്റാണ്. വടക്കൻമലബാറിലെ അങ്കത്തട്ടിലെ ഉശിരും ഊർജ്ജസ്വലതയും വാളിലും പരിചയിലും വടിയിലും കത്തിയിലും കൂടി കാലടിയ്ക്കുഹരം പകർന്നിരുന്നു കളരിപ്പയറ്റുദിവസം. ആഗമാനന്ദസ്വാമിജിയുടെ സമാധിയ്ക്കുശേഷം ശങ്കരജയന്തി ഈ രീതി ഉപേക്ഷിച്ചു എന്നത് കാലടിയെ സംബന്ധിച്ചു വലിയൊരു നഷ്ടം തന്നെയാണ്. ഇപ്പോൾ ശങ്കരജയന്തിശൃംഗേരിമഠം, അദ്വൈതാശ്രമം, കീർത്തി സ്തംഭമണ്ഡപം എന്നിവയുടെ ആഭിമുഖ്യത്തിൽ പ്രത്യേകം പ്രത്യേകമായി ആചരിച്ചുവരുന്നുണ്ട്.

കലാസാംസ്കാരിക വികസനത്തിലും കായിക പരിശീലനങ്ങളിലും ഏറെ ശ്രദ്ധിയ്ക്കാൻ പ്രചോദനമേകുന്ന അനേകം അനുഭവങ്ങൾ നമുക്കുണ്ടായിട്ടുണ്ട്. കായികകലാരംഗത്തു മിന്നിത്തിളങ്ങുന്ന താരങ്ങൾ നമുക്കുണ്ട്. ശ്രീ പി. ഡി. ചാക്കോ, പട്ടത്തി അവർകളും ശ്രീമാത്യു കുരുവിള പൂന്നോളി അവർകളും മികച്ച കായിക പ്രതിഭകളാണെന്നു പലരും ധരിച്ചിട്ടുണ്ടാവില്ല. ശ്രീ ചാക്കോ 1989 ൽ ഭോപ്പാലിൽനടന്ന നാഷനൽ വെറ്ററൻ അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്റർ ഓട്ടത്തിൽ 2-ാം സ്ഥാനവും

4×100 മീറ്റർ റിലെയിൽ 3-ാം സ്ഥാനവും നേടിയിട്ടുണ്ട്. 1992 ൽ മദ്രാസിൽ വച്ചു നടന്ന മൽസരങ്ങളിൽ 1000 മീറ്റർ ഓട്ടത്തിൽ രണ്ടാം സ്ഥാനത്തെത്തി. 1996ൽ കോട്ടയത്തു നടന്ന കേരളാ വെറ്ററൻ അത്ലറ്റിക്മീറ്റിൽ 800 മീറ്റർ ഓട്ടത്തിൽ 1-ാം സ്ഥാനവും കരസ്ഥമാക്കി. 1993 ൽ മദ്രാസിൽനടന്ന ഇൻഡ്യൻ വെറ്ററൻ അത്ലറ്റിക് ഫെഡറേഷന്റെ മൽസരങ്ങളിൽ ഫൈജമ്പിൽ 1-ാം സ്ഥാനവും 800 മീറ്ററിൽ 2-ാം സ്ഥാനവും 10000 മീറ്ററിൽ 2-ാം സ്ഥാനവും 5000 മീറ്ററിൽ 3-ാം സ്ഥാനവും നേടുകയുണ്ടായി. ഫൈദ്രാബാദിലും മൈസൂരിലും വച്ച് ഫൈജമ്പിലും ഹർഡിൽസിലും തന്റെ പ്രാഗത്ഭ്യം തെളിയിച്ച് സമ്മാനിതനായ ശ്രീ ചാക്കോ കാലടിയുടെ അഭിമാനസ്തംഭമായ കായികതാരമാണെന്നു പറയാം.

1990 മുതൽ വിവിധ വൈറ്ററൻ മീറ്റുകളിൽ സമ്മാനങ്ങൾ വാരിക്കൂട്ടിയിട്ടുള്ള ശ്രീ മാത്യു കുരുവിളയും നമ്മുടെ ആദരവർഹിക്കുന്നു. ഇൻഡ്യൻ വെററൻ അത്ലറ്റിക് ഫെഡറേഷന്റെ മൽസരങ്ങളിൽ 1990ൽ മദ്രാസിൽ വച്ച് ഷോട്പുട്ടിൽ രണ്ടാം സ്ഥാനം നേടിയതും 91ൽ ആന്ധ്രാപ്രദേശിൽ വച്ച് ഷോട്ട്പുട്ടിൽ 2-ാം സ്ഥാനം നേടിയും 91 -ൽ തിരുവനന്തപുരത്തു വച്ച് ജാവലിൽ ത്രോയിൽ 1-ാം സ്ഥാനത്തെത്തിയതും ഷോട്ട്പുട്ടിൽ ഒന്നാംസ്ഥാനം നേടിയതും ഡിസ്കസ്ത്രോയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയതും 92ൽ കണ്ണൂർവച്ചു നടന്ന മൽസരത്തിൽ ഷോട്ട്പുട്ട്, ജാവലിൻ, ഡിസ്കസ്ത്രോ എന്നിവയിൽ ഒന്നാമനായതും അസൂയാവഹമായ വിജയമാണ്. 1995 പത്തനംതിട്ടയിലും ഇതേ വിഷയങ്ങളിൽ ഒന്നാമനായി. '96ൽ കോട്ടയത്തു നടന്ന 10 K M നടത്ത മൽസരത്തിലെ വിജയവും അദ്ദേഹത്തെ അനുഗ്രഹിച്ചു. ശ്രീ മാത്യു കുരുവിളയും കാലടിയുടെ അഭിമാനമായ കായികതാരമാണ്.

കായികരംഗത്തു എന്ന പോലെ തന്നെ കലാരംഗത്തും ഏറെ പ്രതീക്ഷകൾ നൽകുന്ന അനേകം കുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 1994, 95,96 വർഷങ്ങളിൽ അങ്കമാലി ഉപജില്ലാ സംസ്കൃതോത്സവത്തിൽ യു. പി. വിഭാഗം കലാതിലകമായ ആർ ശ്രീലക്ഷ്മി കാലടി B.S.U.P. സ്കൂളിലെ വിദ്യാർത്ഥിനിയാണ്. 1996 ൽ ഉപജില്ലാ ബാലകലോത്സവത്തിലും കലാതിലകമായി. ഈ മൂന്നുവർഷവും റവന്യൂജില്ലാ സംസ്കൃതോത്സവത്തിൽ ആർ ലക്ഷ്മി കലാതിലകമായി പ്രശസ്ത വിജയം വരിച്ചു.

1994, 95, 96 വർഷങ്ങളിൽ തുടർച്ചയായി റവന്യൂ ജില്ലയിലും 1995ൽ സംസ്ഥാനത്തിലും സംസ്കൃതപ്രതിഭയായ പി. ബി. മുരളീ കൃഷ്ണൻ കാലടി B. H. സ്കൂളിൽ പഠിക്കുന്നു. മുരളികൃഷ്ണന്റെ സഹോദരനായ പി. ബി. രാകേഷും സംസ്കൃത പ്രതിഭയായിട്ടുണ്ട് എന്നതു സ്മരണീയമാണ്.

1996ൽ ഉപജില്ലയിൽ, ഫൈസ്കൂൾ വിഭാഗത്തിൽ കലാപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട അരുൺ രാജൻ B.H. സ്കൂൾ വിദ്യാർത്ഥിയാണ്.

1996-ൽ ഉപജില്ലയിൽ സംസ്കൃതകലാതിലകമായ ആർ സൗമ്യ B. H. സ്കൂൾ വിദ്യാർത്ഥിനിയാണ്.

1996 ൽ പെരുമ്പാവൂർ ഉപജില്ലാ കലോത്സവത്തിലും റവന്യൂ ജില്ലാ യുവജനോത്സവത്തിലും ഫൈസ്കൂൾ വിഭാഗം കലാതിലകമായ പമീല അജിത്കുമാർ, താന്നിപ്പുഴ അനിത വിദ്യാലയത്തിലെ വിദ്യാർത്ഥിനിയും കാലടി നിവാസിയുമാണ്.

ചെങ്ങൽ സെൻറ് ജോസഫ്സ് ഗേൾസ് ഫൈസ്കൂൾ വിദ്യാർത്ഥിനിയായ ആർ. ശ്രീവിദ്യ 1996ൽ ആലുവാ ഉപജില്ലാ കലാതിലകമായി. ശ്രീവിദ്യാ കാലടിയിൽ സ്ഥിരതാമസമാണ്.

കലാസാംസ്കാരിക വികസനത്തിനു ഏറെ കാര്യങ്ങൾ ഈ പഞ്ചായത്തിൽ ശ്രദ്ധിയ്ക്കേണ്ടതുണ്ട്. കായികപരിശീലനത്തിനും കലാഭ്യസനത്തിനും കലാപ്രകടനത്തിനും ആവശ്യമായ പൊതുസ്ഥലമോഹാളോ ഇവിടെയില്ല. ഓണക്കാലത്തു പഞ്ചായത്തു സംഘടിപ്പിയ്ക്കുന്ന കായികമത്സരങ്ങളും കേരളോത്സവമെന്ന പേരിൽ നടത്തുന്ന കലാമത്സരങ്ങളും

കൂടുതൽ കാര്യക്ഷമമായും ജനപങ്കാളിത്തത്തോടെയും നടത്താൻ കഴിയണം. പരമ്പരാഗത നാടൻ കലകൾക്കും കളികൾക്കും പുനർജ്ജീവൻ നൽകിയില്ലെങ്കിൽ വരുംതലമുറയ്ക്കു അവയൊക്കെ പഴം കഥയായി മാറും. ഈ എല്ലാ ലക്ഷ്യങ്ങളും നിറവേറ്റാൻ പഞ്ചായത്തു തലത്തിൽ ഒരു കേന്ദ്ര കലാ-കായിക സ്ഥാപനം ആരംഭിച്ചു പ്രവർത്തിയ്ക്കണം. കഴിഞ്ഞ ഓണക്കാലത്തു മാണിയ്ക്കമംഗലം തുറയിൽ, തുറ വികസനസമിതിയും പഞ്ചായത്തും ചർന്നു നടത്തിയ വള്ളം കളിമത്സരവും നീന്തൽ മൽസരവും, തുറദീപവും അനുബന്ധപരിപാടികളും, കൂട്ടായപ്രവർത്തനത്തിലൂടെ വൻവിജയം കഴിയുമെന്നതിനു നിദർശനമായി.

പ്രശ്നങ്ങൾ


1. ലൈബ്രറികളും ഗ്രന്ഥശാലകളും ശരിയായി പ്രവർത്തിയ്ക്കുന്നില്ല.
2. കായിക വിനോദസൗകര്യങ്ങൾ തീരെയില്ല.
3. കലാസാംസ്കാരിക സംഘടനകൾ ക്ഷയിച്ചു വരുന്നു.
4. പരമ്പരാഗതനാടൻ കലകൾ അന്യമായിക്കൊണ്ടിരിക്കുന്നു.
5. സാംസ്കാരിക പൈതൃകത്തെക്കുറിച്ചു ബോധവൽക്കരണമില്ല.

സാദ്ധ്യതകൾ

1. ലൈബ്രറികളും ഗ്രന്ഥശാലകളും ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്യണം. പഞ്ചായത്തിൽ നിന്നും വാർഡുകളിലുള്ള ലൈബ്രറികൾക്ക് ധനസഹായം ചെയ്യണം. പഞ്ചായത്ത് ലൈബ്രറി വിപുലീകരിക്കണം. ടി. വി. സിനിമ എന്നിവയുടെ അതിപ്രസരം വായനശീലത്തെ ഇല്ലാതാക്കുന്ന രീതിമാറാൻ ബോധവൽക്കരണം ലൈബ്രറികൾ വഴി നൽകണം. ഗ്രാമീണ പുസ്തകവിതരണപദ്ധതിനടപ്പാക്കണം.
2. കായിക വിനോദങ്ങൾക്കു ഒരു പൊതുസ്ഥലമെങ്കിലും ഇവിടെയില്ല. മിനി സ്റ്റേഡിയം സ്ഥാപിച്ചിരുന്നതും ഇന്നില്ലാതായി. കളിസ്ഥലമുണ്ടാക്കാൻ നടപടിവേണം.
3. കലാസാംസ്കാരിക സംഘടനകൾക്ക് കേന്ദ്രീകൃത സ്വഭാവം വരുത്താനും എല്ലാത്തിന്റെയും നിലനില്പ് ഉറപ്പു വരുത്താനും പഞ്ചായത്ത് മുൻകയ്യെടുക്കണം.
4. അന്യംനിന്നു വരുന്ന നാടൻ കലകൾക്കും കളികൾക്കും പ്രത്യേക പ്രാധാന്യംകൊടുക്കണം. ഈ കളികളിൽ പ്രഗത്ഭരായ മുതിർന്നയാളുകളുടെ സഹകരണം ഇക്കാര്യത്തിലുറപ്പു വരുത്തണം.
5. നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ മഹിമയേയും അതുകാത്തു സൂക്ഷിയ്ക്കേണ്ടതിന്റെ ആവശ്യകതയേയും കുറിച്ച് സെമിനാറുകൾ മുതലായവ നടത്തണം. ഐതിഹ്യം, ചരിത്രം എന്നിവയുടെ ലഘുലേഖകളും വീഡിയോ കാസറ്റുകളും പ്രയോജനപ്പെടുത്തണം.



വനിത



വനിത

സ്ഥിതി

ഇന്ത്യയുടെ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സ്ത്രീ വിദ്യാഭ്യാസം നല്ലനിലയിലായിരുന്നെങ്കിലും ജാതിമത വർഗ്ഗാടിസ്ഥാനത്തിൽ നിലനിന്നിരുന്ന അകറ്റിനിറുത്തൽ കേരളത്തിലും പാരമ്പര്യമായിട്ടുണ്ടായിരുന്നു. കേരളത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളെ ഏറ്റവും അധികം ബന്ധപ്പെട്ടു കിടന്നിരുന്നത് സ്ത്രീകളോടുള്ള പക്ഷപാതത്തിലായിരുന്നു. സ്ത്രീ വിദ്യാഭ്യാസം, പൊതുരംഗത്ത് സ്ത്രീകളോടുള്ള സമീപനം, സ്ത്രീപങ്കാളിത്തം കുടുംബങ്ങളിൽ സ്ത്രീകളുടെ സ്ഥാനം, എന്നിത്യാദികാര്യങ്ങളിൽ സ്ത്രീകളുടെ സ്ഥിതി വളരെ മേശമായിരുന്നു.

കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന്റെ ഉണർവ്വിലൂടെ സ്ത്രീകൾക്ക് സമൂഹത്തിലുള്ള തുല്യപങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെ ഈ സമീപനത്തിൽ ശ്രദ്ധേയമായ മാറ്റമുണ്ടായി. കാർഷിക ഭൂപരിഷ്കരണനിയമത്തിന്റെ ഭാഗമായി ഉയർന്നുവന്ന ജനമുന്നേറ്റത്തിൽ കാർഷികതൊഴിൽരംഗത്ത് സ്ത്രീകൾ ഏറ്റവും വലിയ ശക്തിയായിരുന്നു. എങ്കിലും സ്ത്രീതൊഴിലാളികൾക്ക് വേതനത്തെ സംബന്ധിച്ച് വേർതിരിവ് ഇന്നു തുടർന്ന് പോരുകയാണ്. അക്കാലത്തെ വേതനതോത് പുരുഷ സ്ത്രീ അനുപാതത്തിൽ 2 : 1 എന്നതായിരുന്നു.

കാലടി പഞ്ചായത്തില്ലുള്ള പ്രായപൂർത്തി വോട്ടവകാശപ്രകാരം പഴയകാലത്ത് സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചതിൽ ആണ്. എങ്കിലും സമൂഹത്തിലെ ഇടപെടലുകളിൽനിന്നും ക്രീയാത്മകപ്രവർത്തനത്തിൽ നിന്നും അകറ്റിനിറുത്തപ്പെട്ടിരുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന്റെ ഫലമായി ശക്തിയാർജിച്ച് വനിതരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഒരുനൂറ്റാണ്ടിനിടയ്ക്ക് സ്ഥാപിതമായ മാണിക്യമംഗലം എൻ.എസ്.എസ്. സ്ക്കൂളും, കാലടി ബ്രഹ്മാനന്ദോദയം സ്ക്കൂളും നിലവിൽ വന്നെങ്കിലും സമീപപ്രദേശങ്ങളിലെ നാമമാത്രമായ വനിതകൾ മാത്രമേ വിദ്യാഭ്യാസം ചെയ്തിരുന്നുള്ളു.. വിദ്യാഭ്യാസം വരേണ്യവർഗ്ഗത്തിന്റേതുമാത്രമായിരുന്ന അക്കാലത്ത് പുരുഷന്മാർക്കുപോലും അപ്രാപ്യമായിരുന്ന അവസ്ഥയിൽ സ്ത്രീകളുടെ കാര്യം പറയേണ്ടതില്ലല്ലോ. സ്ത്രീകൾ വീട്ടുജോലികളിലും കുട്ടികളെ സംരക്ഷിക്കുന്നതിനുമാത്രം ജന്മം കൊണ്ടതാണെന്ന വിശ്വാസപ്രമാണത്തിൽ നിലനിന്ന, ജന്മി ഭൂപ്രഭുകുടുംബങ്ങളിൽപ്പോലും സ്ത്രീവിദ്യാഭ്യാസത്തിന് മാറ്റമുണ്ടായത് കഴിഞ്ഞനൂറ്റാണ്ടിലാണ് എങ്കിൽ ഇത്തരം ഉയർന്നകുടുംബങ്ങളിലെ നാമമാത്രമായ വനിതകളാണ് സ്ക്കൂൾ വിദ്യാഭ്യാസത്തിന് പോയിരുന്നത്. സ്വതന്ത്ര്യസമരത്തിന്റെ ഭാഗമായി കേരളത്തിലെ ഗ്രാമങ്ങളിൽപ്പോലും സ്ത്രീകൾ പങ്കെടുക്കാൻ തുടങ്ങിയതോടെ, ആ അവേശത്തോടെ സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രസക്തി ഉൾക്കൊണ്ടു.

സ്ത്രീകളുടെ തൊഴിലിനെ സംബന്ധിച്ചിടത്തോളവും നിലനില്ക്കുന്ന വിവേചനം അവസാനിപ്പിച്ചെങ്കിൽ മാത്രമേ സാമൂഹിക പിന്നോക്കാവസ്ഥ വനിതകൾക്ക് മറികടക്കാനാവു. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 10 വർഷത്തിനിടയിൽ സ്ത്രീതൊഴിലാളികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. എങ്കിലും കാർഷികരംഗത്ത് സ്ത്രീ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു.

സ്ത്രീവിദ്യാഭ്യാസത്തിന്റെ ഗുണപരമായ നേട്ടം ഉദ്യോഗതലത്തിൽ വർദ്ധിച്ചിരിക്കുന്നു എന്നുള്ളതാണ് വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ച് അദ്ധ്യാപകരുടെ എണ്ണത്തിൽ ഈ പഞ്ചായത്ത് 21 പുരുഷ അദ്ധ്യാപകർക്ക് 94 സ്ത്രീകൾ എന്ന അനുപാതത്തിലാണ്. ഉയർന്നജോലികളിലും സ്ത്രീകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട് എന്നാൽ പൊതുരംഗത്ത്, പ്രധാനമായും രാഷ്ട്രീയരംഗത്ത് സ്ത്രീകളുടെ എണ്ണം കുറവാണ്. പുതിയ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതുമൂലം സ്ത്രീസംവരണം ഏർപ്പെട്ടുത്തിയതുകൊണ്ടുമാത്രം പ്രത്യക്ഷപ്പെട്ടപൊതുരംഗത്തെ സ്ത്രീപങ്കാളിത്തം പരിഗണനയർഹിക്കുന്നു.. ഇതു ശ്രദ്ധാപൂർവ്വം വിലയിരുത്തേണ്ടതാണ് വ്യാപാരരംഗത്ത് ചെറിയ സ്ത്രീ സമീപനം ഉണ്ടായിട്ടുണ്ടെങ്കിലും കാര്യമാത്രപ്രസക്തമായിട്ടില്ല.

പങ്കാളിത്തം

വിവിധ മേഖലകളിലെ സ്ത്രീപങ്കാളിത്തം അവലോകനം ചെയ്യുമ്പോൾ മനസ്സിലാക്കാവുന്ന ഒന്ന് ജനസംഖ്യാനുപാതമായി സ്ത്രീകളുടെ നില ഉയർന്നിട്ടുണ്ടെങ്കിലും ഗുണപരമായ മാറ്റം ഉണ്ട് എന്ന് പറയാനാവില്ല. നമ്മുടെ പഞ്ചായത്തിൽ കുടുംബഭരണചുമതല ഇന്നും 97% വും പുരുഷന്മാരിലാണ്. 3% വരുന്ന സ്ത്രീകുടുംബ ഭരണ ചുമതലയിൽപ്പോലും, കുടുംബനാഥന്റെ ഉപേക്ഷയാലോ, വൈധവ്യത്താലോ, വിദേശജോലിക്ക് പുരുഷൻ പോയതിനാലോ ആണെന്ന് വ്യക്തം കുടുംബവരുമാനത്തിന്റെ കൂടുതൽ ഭാഗവും പുരുഷന്റേതു തന്നെയായി തുടരുന്നു. തൊഴിൽ രംഗത്തുള്ള പങ്കാളിത്തത്തിന്റെ കാര്യത്തിൽ വിവിധ തൊഴിലുമായിട്ടുള്ള അനുപാതം ഏറെ അകന്നിരിക്കുന്നു.

ജനസംഖ്യയിലെ സ്ത്രീപുരുഷ അനുപാതം

1981	1000	- 979	സ്ത്രീ
1991	1256	- 1214	"

സാക്ഷരത കണക്കുകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ പഴയകാലത്തേക്കാൾ ഭേദമാണെന്ന് കാണാം. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചുമാത്രമാണ് ആശവാഹമായ പുരോഗതി നിലനില്ക്കുന്നത്. വിദ്യാഭ്യാസരംഗത്ത് വിജയശതമാനത്തിന്റെ കണക്ക് നല്കുന്നത് പഠിത്തത്തിൽ പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ മുന്നിലാണെന്നാണ്. ആരോഗ്യകാര്യങ്ങളിൽ സ്ത്രീകൾ പുരുഷന്മാരെക്കാൾ മുന്നിലാണ്.

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീ പങ്കാളിത്തം തൊഴിൽ രംഗത്ത് പ്രശ്നം സൃഷ്ടിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ ഏറ്റവും വലിയ സാമൂഹ്യപ്രശ്നമാണെങ്കിലും സ്ത്രീകൾക്ക് ലഭ്യമാകുമായിരുന്ന തൊഴിലുകൾ വിവേചനത്തിന്റെ അടിസ്ഥാനത്തിൽ വിഘാതം സൃഷ്ടിക്കുന്നുണ്ട് ഉദാ: കുടുംബപണികളിൽ (വീട്ടജോലിക്കുനില്ക്കുന്നവരിൽ) 99% സ്ത്രീകളാണ് എന്നാൽ ഈ തൊഴിലിന് സ്ത്രീകളെ കിട്ടാനില്ലാത്തത് ഗൗരാവഹമാണ്. എന്നാൽ പുരുഷൻ ചെയ്യുന്ന അതേ തൊഴിലിൽ സ്ത്രീകൾ ഏർപ്പെട്ടുമ്പോൾ വേതനം കുറവുമാത്രമേ ലഭിക്കുന്നു.വുള്ളു. മറ്റൊന്ന് പരമ്പരാഗതതൊഴിലുകളിൽ ഓരേപോലെ ബന്ധപ്പെടുന്ന സ്ത്രീകളും പുരുഷന്മാരുമുണ്ടെങ്കിലും ഉല്പാദന വർദ്ധനവിന്റെ കണക്ക് ഇവ ചോദിച്ചറിയാൻ കഴിയില്ലെങ്കിലും സ്ത്രീകളുടെ അത്രയും ക്രിയാശേഷി പുരുഷന്മാർ പ്രയോഗിച്ചു കാണുന്നില്ല. ഉദാ: (പനമ്പ് നെയ്ത്ത്, പായ നെയ്ത്ത്) തുടങ്ങിയവ 4 മണിക്കൂർ തുടർച്ചയായി സ്ത്രീ നെയ്യുന്ന പനമ്പ് 4 ആണെങ്കിൽ പുരുഷന്മാർ അത്രയും സമയംകൊണ്ട് 3 പനമ്പ് മാത്രമെ നെയ്തു തീരുകയുള്ളു. എന്നാൽ സ്ത്രീകളുടെ പങ്കാളിത്തം ഇത്തരം തൊഴിലുകളിൽ അപൂർണ്ണമാക്കപെടുന്നത് അവർ മറ്റ് കുടുംബകാര്യങ്ങളിൽ ഭക്ഷണം പാകം ചെയ്യൽ, കുട്ടികളെ സംരക്ഷിക്കൽ തുടങ്ങിയ പ്രവൃത്തികൾ) ഒരേ സമയം ഇടപ്പെടുന്നു എന്നുള്ളതാണ്.

വരുമാനമാർഗ്ഗത്തെ നേരിട്ട് സംബന്ധിക്കുന്ന മറ്റ് തൊഴിലുകളിൽ ഏർപ്പെട്ട സ്ത്രീകളുടെ (ഉദ: പശുവളർത്തൽ, പുരയിടകൃഷിയുമായി ബന്ധപ്പെട്ടജോലികൾ, ഫലമൂലാദികൾ, വിറക് എന്നിവ ശേഖരിക്കുന്ന തൊഴിലുകൾ, പിരിവുചിട്ടികൾ നടത്തുന്നവർ തുടങ്ങി വളരെകുറവാണെങ്കിലും ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.

പെൻഷൻ ലഭിക്കുന്ന സ്ത്രീകളുടെ സംഖ്യകുറവാണ് കാരണം അവിടെയും വരുമാനത്തിന്റെ പങ്കിൽ നേട്ടം പുരുഷന്മാർക്ക് കുത്തകപ്പെട്ടതാണെന്ന വിശ്വാസത്തിൽ നിന്നാണ്.

നമ്മുടെ പഞ്ചായത്തിൽ 5 ബാല വാടികളുണ്ട് അതിൽ ഗർഭണികളായ സ്ത്രീകൾ 30 ആണ് മുലയൂട്ടുന്ന അമ്മമാർ 105 എണ്ണമുണ്ട് (ചോദ്യാവലി 8.1.).

വികസന ബ്ലോക്കിന്റെ സഹായത്തോടെ ഏർപ്പെട്ടുത്തപ്പെട്ട DWCRA പരിപാടി കാലടി പഞ്ചായത്തിൽ വേണ്ടത്രഫലപ്രദമായിട്ടില്ല 2 എണ്ണം മാത്ര മേയുള്ളു. വനിതാവ്യവസായ രംഗത്ത് ഇത് വരെ ആശാവഹമായ പുരോഗതിയുണ്ടായിട്ടില്ല. ചില ചെറുകിട വ്യവസായങ്ങൾക്ക് സ്ത്രീപങ്കാളിത്തം അനിവാര്യമാക്കാവുന്നതാണ്. ഇത്തര വ്യവസായസംരഭത്തിനു വേണ്ട പരിപാടികൾ ആസുത്രണം ചെയ്യേണ്ടതുണ്ട്. കേരളത്തിൽ സോപ്പിന്റെ ഉപയോഗം ഏറെയാണ്. സോപ്പ് നിർമ്മാണം തുടങ്ങിയ പ്രവർത്തനം സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഏറെ ഉതകുമെന്നാണ് കണ്ടെത്തൽ. വനിതാ വ്യവസായസംരഭകരുടെ പ്രവർത്തനവും ആശാവഹമല്ല.

ബഹുജനസംഘടനകളായ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തൊഴിലാളിസംഘടകൾ, വനിതാസമാജങ്ങൾ, സാംസ്കാരികസംഘ ടനകൾ, ശാസ്ത്രസാഹിത്യപരിഷത്ത് തുടങ്ങിയവയിൽ യഥാക്രമം പങ്കാളിത്തമുണ്ട്.

ഓരോ വാർഡിൽനിന്നും സ്ത്രീകൾ പൊതുരംഗത്ത് വരാത്തതിനു പ്രത്യേക കാരണം ബോധവത്കരണത്തിന്റെ അപര്യാപ്ത തയാണ്. മാത്രമല്ല തൊഴിലെടുക്കുന്നവരെ സംബന്ധിച്ച് അതിനുശേഷമുള്ള സമയം കുടുംബകാര്യങ്ങളിൽ ഏറെ ശ്രദ്ധിക്കേണ്ടി വരുന്നതുകൊണ്ട് താല്പര്യകുറവ് ഉണ്ടാകുന്നു. വേറൊന്ന് പൊതുരംഗത്ത് പ്രവർത്തിക്കാൻ വരുന്ന സ്ത്രീകളുടെ ഇടപെടലുകളെ സമൂഹമേന്മയായി കാണുന്നില്ല. മഹിള സമാജങ്ങൾ ശക്തമായി പ്രവർത്തിക്കുന്നില്ല. സമുദായിക മഹിളാസംഘടനകൾ ശക്തമായി പ്രവർത്തിച്ചാലും സമൂഹിക കാഴ്ചപ്പാട് ശ്രദ്ധേയമാകുന്നില്ല. എടുത്തുപറയത്തക്ക സ്ത്രീപഢനങ്ങൾ സ്ത്രീധനത്തിന്റെ പേരിൽ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം എങ്കിലും സ്ത്രീധനം എന്ന ശാപത്തിൽനിന്നും പൊതുവെ ഒരു കുടുംബവും മുക്തരായിട്ടുണ്ടെന്ന് പറയാനാവില്ല. സ്ത്രീധനം നല്കുന്നതും വാങ്ങുന്നതും അതിന്റെ ഏറ്റകുറച്ചിലുകൾക്കനുസരിച്ച് സമൂഹം ഇന്ന് മേന്മയായികാണുന്നു.. നമ്മുടെ പഞ്ചായത്തിൽ ഈ അടുത്തകാലത്തൊന്നും സ്ത്രീപിഡന കേസ്സുകൾ ഉണ്ടായിട്ടില്ല എങ്കിലും സ്ത്രീകളുടെയും വീട്ടമ്മമാരുടെയും ആത്മഹത്യകൾ അടുത്തകാലത്തായി വർദ്ധിച്ചുവരുന്നുണ്ട് കൂടെതെ സ്ത്രീകളിലും പെൺകുട്ടികളിലും അനന്യതാബോധവും നിരാശയും വർദ്ധിച്ചുവരുന്നുണ്ട്. ഈ വർഷത്തിൽ സ്ത്രീകൾ സ്വജീവിതം നഷ്ടപ്പെട്ടവരുടെ കണക്ക് ലഭ്യമല്ല എങ്കിലും സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെട്ട ഒന്നുരണ്ട് അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥിനികളുടെ അനന്യതാബോധവും വർദ്ധിച്ചുവരുന്നുണ്ടെന്ന നിഗമനത്തിലാണ് നമ്മുടെ പഞ്ചായത്തും വിലയിരുത്തുന്നത്

എന്നാൽ കലാസാഹിത്യ യുവജനോത്സവ മത്സരങ്ങളിൽ കാര്യമായ സംഭാവനചെയ്യുന്ന പഞ്ചായത്താണ് നമ്മുടേത്. വനിതകളുടെ കലാകായിക സാംസ്കാരിക പ്രവർത്തനം ശക്തമാക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. സഹകരണരംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം വളരെമേശമാണ്. സ്ത്രികളുടെ അശ്ലീലമായി ചിത്രീകരിക്കുന്ന സിനിമ പോസ്റ്ററുകളും മറ്റും നമ്മുടെ പ്രധാനകവലകളിൽ പലപ്പോഴും കാണാൻ കഴിയും മാത്രമല്ല ടി.വി. യുടെ അതിപ്രസരത്തിൽ നമ്മുടെ പഞ്ചായത്തിലെ 90% സ്ത്രീകളും പരസ്യങ്ങളിലും വിലകുറഞ്ഞ പ്രചരണ മാദ്ധ്യമങ്ങളിലും ആകൃഷ്ടരാണ്. ഇത്തരം അവസ്ഥകളെ മുറിച്ചുകടക്കാൻ പഞ്ചായത്ത് തലത്തിൽ വനിതാസംഘടനകളുടെ ഒരു ആക്ഷൻ കൗൺസിൽ ഉണ്ടാവേണ്ടതാണ്.

പ്രശ്നങ്ങൾ

* സ്ത്രീകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സ്വന്തമായ വരുമാനത്തിന്റേതാണ് സ്വന്തമായ വരുമാനം തൊഴിൽ മേഖലയിലൂടെയാവണം. സ്ത്രീകളുടെ തൊഴിലിലായ്മ നമ്മുടെ പഞ്ചായത്തിലും വളരെ കൂടുതലാണ്. മൊത്തജനസംഖ്യയുടെ — % സ്ത്രീകളും, അതിൽ — % സ്ത്രീകൾ തൊഴിലില്ലാത്തവരുമാണ്.
* തൊഴിലെടുക്കുന്ന സ്ത്രീകളിൽ തന്നെ ചില തൊഴിലിനോട് വിവേചനം ഉണ്ട് ഉദാ: നമ്മുടെ പഞ്ചായത്തിലുള്ള വ്യാപാര സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന വനിതകളിൽ ഭൂരിഭാഗവും മറ്റുസ്ഥലങ്ങളിൽ നിന്നുവന്ന് ജോലിചെയ്യുന്നവരാണ്. ഈ കാര്യങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ വിദഗ്ദ്ധ പ്രവർത്തനം നടത്താൻ കഴിവില്ലാത്ത സ്ത്രീകളുടെ അഭാവമല്ല. സാമൂഹികമായി അവരെ എങ്ങിനെ വീക്ഷിക്കും എന്ന ഭയംകൊണ്ടാണ്.
* സ്ത്രീകൾ പണിയെടുക്കുന്ന പൊതു സ്ഥാപനങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളായ മൃഗാശുപത്രി, കൃഷിഭവൻ, ടെലിഫോൺ എക്സ്ചേഞ്ച് തുടങ്ങിയ സ്ഥാപനങ്ങളുടെ തലപ്പത്ത് വനിതകൾ പ്രവർത്തിക്കുന്നത് വനിതപ്രവർത്തനത്തിന് സഹായകരമാണ്. മൂന്ന് ഹൈസ്ക്കൂളുകളിലും ഹെഡ് സ്ത്രീകളാണ്. എങ്കിലും അധികം പൊതുസ്ഥാപനങ്ങളുടെ മേൽ സ്ത്രീകൾക്ക് നിയന്ത്രണമില്ല.

*. വളരെ വരുമാനംകുറഞ്ഞ കുടുംബങ്ങളിൽ പട്ടിണികൂടുതലും അനുഭവിക്കുന്നത് സ്ത്രീകളാണ്. ദാരിദ്രനിർമാർജന പരിപാടികൾ വേണ്ടത്ര ശ്രദ്ധ സ്ത്രീകളുടെ കാര്യത്തിൽ ഉണ്ടായിട്ടില്ല.

*. പൊതുരംഗത്ത് നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ ദൃശ്യത വലിയൊരു പ്രശ്നമാണ്. ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നുതന്നെ സ്ത്രീപങ്കാളിത്തത്തിന്റെ അനുപാതത്തിലൂടെ ഇത് പട്ടികയിലൂടെ ബോദ്ധ്യപ്പെടുന്നതാണ്.
* സ്ത്രീകൾക്ക് കൂടുതൽ പ്രാതിനിധ്യം ലഭിക്കുന്ന തൊഴിൽശാലകളുടെയും വ്യവസായസ്ഥാപനങ്ങളുടെയും എണ്ണം പഞ്ചായത്തിൽ വളരെകുറവാണ്.
*. കുട്ടികളെ സംരക്ഷിക്കുന്നതിന് തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് സൗകര്യപ്രദമായ ക്രഷേകളോ നഴ്സറിസ്ക്കുളുകളൊ വേണ്ടത്രയില്ല.
*. പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുവാൻ കഴിയുന്ന സൗകര്യങ്ങൾ ഇല്ല.

* സ്ത്രീകൾക്ക് മാത്രമായി വനിതാ ഹോസ്റ്റലുകൾ ഇല്ലെന്ന് തന്നെ പറയാം
*. വനിതകളുടെ ഗതാഗത അസൗകര്യങ്ങൾ പരിഗണിച്ചുകൊണ്ടും പെൺകുട്ടികളുടെ

വിദ്യാഭ്യാസത്തിന് നമ്മുടെ പഞ്ചായത്ത് അത്തിർത്തിയിൽ വളരെ ദൂരം സഞ്ചരിക്കേണ്ടതുള്ളതു കൊണ്ടും സ്ത്രീകൾക്ക് മാത്രമായ ഗതാഗത സൗകര്യങ്ങൾ കുറവാണ്.

*. വനിതകളുടെ ഉപരിവിദ്യാഭ്യാസത്തിനു വേണ്ടി ഒരു വനിതകോളേജിന്റെ അഭാവമുണ്ട്

*. വനിതകൾ, സ്ത്രീവൃദ്ധജനങ്ങൾ, അനാഥരായ പെൺകുട്ടികൾ എന്നിവരെ സംരക്ഷിക്കുന്നതിനുതകുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.

*. സ്ത്രീതൊഴിലാളികൾക്കു വേണ്ടിമാത്രമായി പ്രവർത്തനങ്ങൾ നടക്കുന്നില്ല.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

* വനിതാ വികസനകോർപ്പറേഷന്റെ പ്രവർത്തനം ശക്തമാക്കണം മേൽസ്ഥാപനത്തിൽനിന്നും വായ്പകൾ ലഭ്യമാക്കണം.

*. റെഡിമെയ്ഡ്, ഗാർമെന്റ്സ് യൂണിറ്റ് സ്ഥാപിക്കുക.

*. കന്നുകാലി, കോഴിവളർത്തൽ തുടങ്ങിയവ ആരംഭിക്കുന്നതിന് സ്ത്രീകൾക്ക് മുൻഗണന നല്കുക.

*. മെഴുകുതിരി, കൊതുകുതിരി, ചന്ദനതിരി, ബുക്ക് ബൈന്റിംങ്ങ്, നോട്ടുബുക്ക് നിർമ്മാണം, സോപ്പുനിർമ്മാണം. തുടങ്ങിയ ചെറുകിടയൂണിറ്റുകൾ ആരംഭിക്കുന്നതിന് സ്ത്രീകൾക്ക് മുൻഗണന നല്കുക.

*. പഞ്ചായത്തതല വനിതാസഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുക.

*. ഒരോ വീട്ടിലും പച്ചക്കറിതോട്ടമുണ്ടാകുവാൻ വനിതകൾക്ക് സഹായം നല്കുക.

*. പഞ്ചായത്തുതലത്തിൽ വനിതാക്ഷേമസമിതി രൂപികരിച്ച് പ്രവർത്തിക്കുക.

*. ക്ഷീരോല്പദനരംഗത്ത് വനിതകൾക്ക് പ്രോത്സാഹനം നല്കുക.

*. തയ്യൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

*. വനിതകൾക്ക് തൊഴിൽസംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായത്തിന് ബാങ്കുകളുടെ പ്രവർത്തനത്തിൽ മുൻഗണന ലഭ്യമാക്കുക.

*. പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിൽ യൂണിറ്റുകൾ തുടങ്ങുവാൻ സ്ത്രീകൾക്ക് മുൻഗണന നല്കുക.

*. പുകയില്ലാത്ത അടുപ്പുകൾ ലഭ്യമാക്കാൻ നടപടിയുണ്ടാവുക.

*. സമ്പൂർണ്ണ മദ്യവർജ്ജന പ്രവർത്തം ശക്തമാക്കുക.

*. സംസ്കൃത യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രദേശികമായി വനിതകൾക്ക് ജോലിയിൽ മുൻഗണന നല്കണം.

പൊതുസ്ഥലങ്ങളിൽ അശ്ലീലപോസ്റ്ററുകൾ തടയണം

സാദ്ധ്യതകൾ

*. സ്ത്രീതൊഴിൽ വിദ്യാഭ്യാസം നടത്തുന്നതിനാവശ്യമായ പരിശീനലത്തിനായി തൊഴിലാളി വിദ്യാഭ്യാസകേന്ദ്രം ആരംഭിക്കുക.

*. കാർഷികരംഗത്ത് അടുക്കളത്തോട്ടം, പുരയിടകൃഷിക്കാവശ്യമായ സഹായങ്ങൾക്ക് സ്ത്രീകളുടെ സഹകരണസംഘം സ്ഥാപിക്കുക.

*. ഗാർമെന്റ്സ്, പലഹാരവ്യാപാര ഉല്പന്നങ്ങൾ, കൊതുകുതിരി നിർമ്മാണയൂണിറ്റ്, സോപ്പുനിർമ്മാണ യൂണിറ്റ് തുടങ്ങിയ വ്യവസായസംരഭം നടത്തുകയും അതിന് സ്ത്രികളുടെ സഹകരണ സ്ഥാപനങ്ങൾ ആക്കുകയും ചെയ്യുക.

*. സ്ത്രീവിദ്യാഭ്യാസം, പൊതുരംഗത്തെ അവസ്ഥ, മാദ്ധ്യമ ചൂഷണ സ്ത്രീപഡനം, ഉപഭോക്തൃ ചൂഷണം ഇവയെ സംബന്ധിച്ച് സ്ത്രീകൾക്കുവേണ്ടി നടത്തുന്ന ശില്പശാലകൾ നടത്തുക.

* പരമ്പരാഗതവ്യവസായങ്ങളായ പനമ്പ് നെയ്ത്ത് കളിമൺ വസ്തുനിർമ്മാണം, പപ്പട വ്യവസായം തുടങ്ങിയവയിൽ നൂതന സാങ്കേതിക വിദ്യാഭ്യാസം സ്ത്രീതൊഴിലാളികൾക്ക് നല്കുക.
*. സ്ത്രീകൾക്ക് വേണ്ടി നേതൃത്വ പരിശീലനക്യാമ്പുകൾ സംഘടിപ്പിക്കുക.

* അനാചാരങ്ങൾക്കും അവഗണനകൾക്കും എതിരെ ബോധവത്കരണം നടത്തുക, പുരുഷന്മാർക്കും സ്ത്രീകളുടെ സംരക്ഷണത്തെകുറിച്ച് ബോധ്യപ്പെടുത്താവുന്ന ബോധവത്കരണ സെമിനാറുകൾ നടത്തുക.

* അങ്കണവാടികൾ, ബാലവാടികൾ എന്നിവയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും സ്ത്രീകൾക്ക് മാന്യമായവേതനം ലഭ്യമാക്കുകയും ചെയ്യുക.
*. അയൽക്കൂട്ടങ്ങൾ വനിതാനേതൃത്വത്തിൾ സംഘടിപ്പിക്കുക.
* പൊതുസ്ഥലങ്ങളിൾ സ്ത്രീകൾക്ക് പ്രാഥമികാവശ്യത്തിനുള്ള കക്കൂസ്, കുളിമുറികൾ സ്ഥാപിക്കുക.
*. പഞ്ചായത്തധികാരത്തിൽ വനിതാ ഹോസ്റ്റലുകൾ ആരംഭിക്കുക.
*. വനിതകളുടെ മാത്രമായ സന്നദ്ധ സംഘടനകളിലൂടെ പൊതു ആവശ്യത്തിനുള്ള കർമ്മസേനയെ വാർത്തെടുക്കുക.
* സ്ത്രീനാഥകളായുള്ള കുടുംബങ്ങൾക്ക് തൊഴിലിൽ മുൻഗണന ലഭ്യമാക്കുന്നതിനുള്ള നടപടികൾ.
*. വനിതകൾക്ക് ഉപരിവിദ്യാഭ്യാസത്തിന് സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട്, വനിതാകോളേജ് എന്നിവ സ്ഥാപിക്കുക.
*. വനിതകൾക്ക് മാത്രമുള്ള ബസ്സ് സർവ്വീസ് ആരംഭിക്കുക.
* സ്ത്രീതൊഴിലാളികൾക്ക് പെൻഷൻപദ്ധതി നടപ്പാക്കുക.
* സ്ത്രീപീഡനങ്ങളിൽ, സ്ത്രീഹത്യകളിൽ, അപകടങ്ങളിൽപ്പെടുന്നവർക്ക് ഇൻഷ്വറൻസ് പദ്ധതികൾ ഉണ്ടാക്കുക.
* സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടി ക്രഷേകൾ എല്ലാവർഡിലും ആരംഭിക്കുക.
* വനിതാസഹകരണസംഘങ്ങൾ ഉടൻ പ്രവർത്തനമാരംഭിക്കുക.
* പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുക.
*. വനിതാസ്പോർട്ട്സ് ക്ലബുകൾ സ്ഥാപിക്കുക.

സംഗ്രഹം

മേൽസൂചിപ്പിച്ച അവലോകനത്തിൽ നിന്നു ബോധ്യപ്പെടുന്നകാര്യം കാലടി പഞ്ചായത്തിൽ സ്ത്രീകളുടെ നില അത്രപിന്നോക്കമല്ലെങ്കിലും ഉദ്ദേശ്യച്ച പുരോഗതി ലഭ്യമായിട്ടില്ല. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ, സ്ത്രീ വിദ്യാഭ്യാസം, നിരക്ഷരതാ നിർമാർജനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം, തൊഴിൽരംഗത്ത് വൻകുതിച്ചുചാട്ടം സ്ത്രീകളുടെ പദവി ഉയർത്തൽ എന്നിവയിൽ ഗുണപരമായ മാറ്റം ഉണ്ടാകുമെന്നാണ് ഗ്രാമസഭനിർദ്ദേശങ്ങളുടെയും, വിദഗ്ദ്ധ സമിതിയുടെയും ജനകീയാസൂത്രണ പ്രക്രിയയിലൂടെയും നേടാനാകുമെന്നാണ് പഞ്ചായത്ത് സമിതി കരുതുന്നത്. അതു പോലെസ്ക്കൂൾ കേരളോത്സവം തുടങ്ങി സംസ്ഥാന മത്സരങ്ങളിൽ പെൺകുട്ടികളുടെയും വനിതകളുടെയും ജയം ഉറപ്പാക്കാൻ സാധിക്കുമെന്ന പ്രതീക്ഷയാണുള്ളത്.

തൊഴിൽ സംബന്ധമായ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്തുന്നവ


കൃഷി കാർഷിക മൃഗ ക്വാറി നിർമ്മാണ സംസ്കരണ

തൊഴിലാളി സംബന്ധമായ സ്ത്രീകളുടെ നേത്രത്വത്തിൽ നടത്തുന്നവ					
കൃഷി	കാർഷിക തൊഴിലാളി	മൃഗ സംരക്ഷണം	കുറി	നിർമ്മാണ യൂണിറ്റ്	സംസ്കരണ യൂണിറ്റ്
161	701	18	5	43	1235

പഞ്ചായത്ത് തല (1991 ജില്ലാ സ്റ്റാറ്റിസ്റ്റിക്സ്)
കാലടി പോലീസ് സ്റ്റേഷനിൽ 95-96 വർഷത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ

നമ്പർ	വിവിധതരം	പുരുഷൻ	സ്ത്രീ	ആകെ
1	വിഷം കഴിച്ച മരണം	1	1	2
2.	സാധാരണ മരണം	2		2
3.	അപകടമരണം	1		1
4.	തൂങ്ങിമരണം	1	1	2
5.	മറ്റ് മരണം	4		4
6.	രജിസ്റ്റർ ചെയ്ത മറ്റുകേസ്സുകൾ	70	5	75

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം



പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കേരളത്തിന്റെ വികാസപരിണാമ ചരിത്രത്തിൽ വളരെയേറെ സ്വാധീനം ചെലുത്തിയിട്ടുള്ളവരും എന്നാൽ നൂറ്റാണ്ടുകളോളം മനുഷ്യിക വികാസത്തിന്റെ മുഖ്യധാരയിൽ നിന്നും അവഗണിച്ച് തീണ്ടാദൂരത്തിൽ മാറ്റി നിർത്തപ്പെട്ടവരുമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർ.

കാട് വെട്ടിത്തെളിച്ച് നാടാക്കിയവർ, നാടിനെ നഗരമാക്കിയവർ, ജനങ്ങളെ തീറ്റിപ്പോറ്റാൻ കൃഷിപ്പണി ചെയ്തവർ, മണിമന്ദിരങ്ങൾ തീർക്കാൻ കല്ല് വെട്ടിയവർ, മരം അറുത്തവർ, മണ്ണു ചുമന്നവർ, സ്വയം അഴുക്കിൽ നിന്ന് മറ്റുള്ളവരുടെ വസ്ത്രമലക്കിയവർ, റോഡുണ്ടാക്കിയവർ, പാലം പണിതവർ! അതൊക്കെ പറഞ്ഞുവന്നാൽ ഈ നാടിന്റെ ഇന്നത്തെ രൂപപരിണാമത്തിൽ മുഖ്യപങ്കുവഹിച്ചവർ! അവരാണ് ആദിവാസികളായിരുന്ന പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും.

അവർക്ക് വേണ്ടത്ര പരിരക്ഷ അഥവാ പരിഗണന ലഭിച്ചിട്ടുണ്ടോ? അവരെക്കൂടി കൈപിടിച്ച് ഒപ്പം നടത്താതെ ഈ നാടിന്റെ വികസനം സാദ്ധ്യമാകുമോ? ഇല്ല എങ്കിൽ അവരുടെ ഭാവി ഭാഗധേയം നിർണ്ണയിക്കാൻ നാം ഒരുമിച്ച് ശ്രമിച്ചേ മതിയാകൂ സ്വയം നടക്കാൻ കഴിയാത്ത കുട്ടികളെ കൈപിടിച്ച് നടത്തുന്നതു പോലെ അവർക്ക് വേണ്ടത് സഹതാപമല്ല തോളോടു തോൾ ചേർന്നുള്ള സഹകരണമാണ്.

ഇതിഹാസങ്ങളും സ്മൃതികളും പതിത്വം കല്പിച്ച് മാറ്റിനിറുത്തിയത് സ്ഥിരമായി ഒരു വർക്കിംഗ് ക്ലാസ്സിനെ നിലനിർത്താനും ഭരണവും മേൽക്കോയ്മയും തങ്ങളിൽത്തന്നെ സുരക്ഷിതമായിരിക്കാനുമായിരുന്നു. ഈ പ്രവണത നൂറ്റാണ്ടുകളോളം അനസ്യൂതമായി തുടർന്നപ്പോൾ നിന്ദിതരും പീഡിതരുമായ ഈ സമൂഹം സാമൂഹികവും സാംസ്ക്കാരികവും സാമ്പത്തികവുമായി ഒറ്റപ്പെട്ടു. ഈ തുരുത്തുകൾ മാറ്റപ്പെട്ടാലല്ലാതെ ഈ സമൂഹവും രാഷ്ട്രവും രക്ഷപ്പെടുകയില്ല എന്ന് തിരിച്ചറിച്ച മനുഷ്യസ്നേഹികളാണ് ഈ നൂറ്റാണ്ടാരംഭത്തിൽ സാംസ്ക്കാരിക നവോത്ഥാനത്തിന്റെയും സാമൂഹിക-രാഷ്ട്രീയ വിപ്ലവങ്ങൾക്കും നേതൃത്വം നല്കിയത്.

അധ:സ്ഥിതരായ ഇവരുടെ ഇടയിൽ നിന്നു തന്നെ ചരിത്രത്തിന്റെ ആവശ്യമെന്നപോലെ; ഇപ്പോഴും ലോകം വേണ്ടത്ര രീതിയിൽ തിരിച്ചറിഞ്ഞിട്ടില്ലാത്ത ഒരു വിപ്ലവകാരി ഉയർന്നുവന്നു. അതാണ് അക്ഷരഭ്യാസം പോലുമില്ലാതിരുന്ന അജയ്യനായ അയ്യൻകാളി. ഇപ്പോഴും അയ്യൻകാളിയെ തിരിച്ചറിയുന്നവർ പട്ടികജാതിക്കാരിൽ തന്നെ വളരെക്കുറച്ചുപേർ മാത്രം. ഈ ധീര വിപ്ലവകാരിയുടെ നേതൃത്വത്തിൽ തിരിവിതാംകൂറിൽ അങ്ങോളമിങ്ങോളം ധാരാളം സമരങ്ങൾ നടന്നിട്ടുണ്ട്. ചിലത് രക്തരൂക്ഷിതവും ആയിരുന്നു.

മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യത്തിന്, കല്ലുമാലയുപേക്ഷിക്കാൻ, പൊതുവഴിയിലൂടെ നടക്കാൻ, കൂലിക്കൂടുതലിന്, കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ..... അതെ മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാനുള്ള സ്വാതന്ത്ര്യത്തിനുവരെ സമരം ചെയ്തു.

ഈ വിപ്ലവകാരിയെ കാലടിയുടെ മണ്ണിൽ കൊല്ലവർഷം 110ൽ കൊണ്ടുവരികയും ഈ നാട്ടുകാരെ പരിചയപ്പെടുത്തുകയും ചെയ്തു. കാലടിയുടെ ചരിത്രത്തിൽ മറ്റൊരിതിഹാസമായിരുന്നു ശ്രീ പറയത്ത് കുട്ടൻ മേനോൻ ആയിരുന്നു.

ശ്രീ അയ്യൻകാളി നടത്തിയ വിപ്ലവത്തിന്റെ ഒരുതീപ്പൊരി കാലടിയിലും പറന്നുവീണു. അത് ആളിക്കത്തിക്കാൻ മുന്നിട്ടുനിന്ന ശ്രീ പറയത്ത് കുട്ടൻ മേനോൻ കൊല്ലവർഷം 108 ൽ മറ്റൂർ കുന്നിൽ ഒരു ഹരിജൻ സ്ക്കൂൾ സ്ഥാപിച്ചു. ആ സ്ക്കൂളിലെ ആദ്യത്തെ വിദ്യാർത്ഥിയും പിന്നീട് ഹരിജൻ പ്രവർത്തനങ്ങളിൽ കുട്ടൻമേനോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു ആളുമാണ് പട്ടികജാതിക്കാരനായ ശ്രീ M.P. രാജഗോപാലൻ.

മറ്റൂർ കുന്നിൽ സ്ഥാപിച്ച ഹരിജൻ സ്ക്കൂ

ളിൽ എല്ലാവർക്കും പ്രവേശനമുണ്ടായിരുന്നു വെങ്കിലും ഉയർന്ന ജാതിക്കാരിലാരും തന്നെ തങ്ങളുടെ കുട്ടികളെ ആ സ്ക്കൂളിൽ ചേർത്തിരുന്നില്ല. ഇതിന്നൊരുപവാദമായിരുന്നത് തെക്കിനേടത്ത് മനയിൽ രാമൻ നമ്പൂതിരിപ്പാട് മാത്രമായിരുന്നു. അദ്ദേഹം തന്നെ മൂത്തപുത്രനേയും പുത്രിയേയും ആ സ്ക്കൂളിലേക്കയച്ചു.

മറ്റൂർ കുന്നിൽ പറയത്ത് വക സ്ഥലത്ത് സ്ഥാപിച്ച സ്ക്കൂൾ നടത്തിപ്പിനായി കുട്ടൻ മേനോൻ ആഗമാനന്ദസ്വാമികളെയാണ് ഏല്പിച്ചത് കുന്നിൽ ശ്രീ ശങ്കരാകോളജ് സ്ഥാപിക്കാൻ ആലോചന വന്നപ്പോൾ ആ സ്ക്കൂൾ മറ്റൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയാണുണ്ടായത്. ഹരിജനങ്ങളുടെ പേരിൽ ഉണ്ടാക്കിയ ഹരിജൻ സംഘത്തിന്റെ പേരിലുള്ള ടി. സ്ഥലത്തിന്റെ വിശദീകരണം ചുവടെ ചേർക്കുന്നു.

സ്ഥലത്തിന്റെ സ്ഥാനം - ശ്രീ ശങ്കരാകോളേജ് കോമ്പൗണ്ട്.
പഴയ സർവ്വേനമ്പർ - 143/1/11
റീ സർവ്വേനമ്പർ - 8/1
തണ്ടപ്പേർ നമ്പർ - T No. 446
വിസ്തീർണ്ണം - 60 സെൻറ്.

തണ്ടപ്പേർ ഉടമ

ഹരിജൻ സംഘത്തിനുവേണ്ടി സംഘം പ്രസിഡൻറ് മാണിക്കമംഗലം കര പറയത്തുവീട്ടിൽ നായർ സ്ഥാനി ഹരിജനോദ്ധാരാംഗം ഇരവി ഡോ: കുട്ടൻമേനോൻ

ഹരിജൻ സ്ക്കൂൾ സന്ദർശിച്ചവരും പ്രഗത്ഭന്മാരുമായിരുന്ന ചിലരുടെ വിവരം

തിരുവിതാംകൂർ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡൻറും ഹരിജനുമായിരുന്ന ശ്രീ കെ. കുമാർ.

മാണിക്കമംഗലം വില്ലേജാകെയുള്ള ഹരിജനങ്ങളുടെ സ്ഥിതിവിവരങ്ങൾ ശേഖരിക്കാൻ വേണ്ടി. ശ്രീ എ.പി. രാജഗോപാലനെ കൂടെ ചേർത്ത് ഓരോവീടും കയറിയിറങ്ങിയ ആളാണ് പിന്നീട് പാർലമെൻറ് അംഗമായി മാറിയ ശ്രീ ആർ. വേലായുധൻ.

കൊച്ചി ഹൈകേഖകാടതി ജഡ്ജിയായിരുന്നു ശ്രീ അമ്പാടി ശങ്കരമേനോൻ.

**മറ്റൂരിൽ സംഘടിപ്പിച്ച ഹരിജൻ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനും ഹരിജൻ സ്ക്കൂൾ സന്ദർശിക്കുന്നതിനു വേണ്ടി ആൾ ഇന്ത്യാഹരിജൻ സംഘത്തിന്റെ ജനറൽ സെക്രട്ടറിയും ജവഹർലാൽ നെഹ്രുവിന്റെ കസിനുമായിരുന്നു രാജേശ്വരി നെഹ്രുവിനെ ക്ഷണിച്ചുവരുത്തുകയുണ്ടായി. അവർ ഹരിജൻ സ്ക്കൂൾ പ്രവർന്നങ്ങൾക്കായി പ്രതിമാസം 7 രൂപ വച്ച് അനുവദിച്ചു എന്നാൽ ടി. തുക ശമ്പളത്തിന് തികയാതിരുന്നതിനാൽ ശ്രീ കുട്ടൻമേനോനും രാജഗോപാലൻ എം. കെ. കേശവൻ, എം.കെ. ഗോപാലൻ എന്നിവർ ചേർന്ന് സമ്പന്നരുടെയും മനുഷ്യസ്നേഹികളുടെയും വീടുകളിലും മറ്റുപൊതു സ്ഥലങ്ങളിലും കയറിയിറങ്ങി ഭജനയും പാട്ടും പാടി പണം ശേഖരിക്കുകയും അങ്ങനെ കിട്ടിയതുകൊണ്ട് ശ്രീ ചിത്തിര ഹരിജൻ അഗതിമന്ദിരം മറ്റൂരിൽ സ്ഥാപിക്കുകയും ചെയ്തു. ടി. ഓർഫനേജിന്റെ ഉദ്ഘാടനം ശ്രീമദ് ആഗമാനന്ദസ്വാമികൾ നിർവ്വഹിച്ചു. അക്കാലത്ത് നടന്ന ഒരു സാമൂഹിക നവോത്ഥാന പരിപാടിയായിരുന്നു ക്ഷേരത പ്രവേശനത്തിനുള്ള സമരവും ക്ഷേത്രപ്രവേശന വിളംബരവും. ഇതിൽ നിന്നും ആവേശമുൾക്കൊണ്ട് അന്ന് ദേവസ്വം ബോർഡിന്റെ കീഴിൽ അടുത്തുണ്ടായിരുന്ന കോതകുളങ്ങര ക്ഷേത്രത്തിലേക്ക് കുട്ടൻ മേനോന്റെ നേതൃത്വത്തിൽ കാൽനടയായി പോയി ക്ഷേത്രദർശനം നടത്തി. ഇത്തരം പരിപാടികൾക്കു സഹായിച്ചവരാണ് വേങ്ങൂർ കാഞ്ഞിലി കർത്താക്കന്മാരുടെ കുടുംബത്തിലെ അംഗമായിരുന്നു. ശ്രീ ഗോപാലപിള്ള അദ്ദേഹം NSS സ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. മറ്റൊരാൾ NSS ലെ മലയാളം മുൻഷിയായിരുന്ന ശ്രീ ശങ്കരപ്പിള്ളയായിരുന്നു.

ഇത്തരം പരിപാടികൾ കാലടി പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ പുരോഗതിക്കു ഒരു വലിയ ശക്തി പകർന്നിട്ടുണ്ട്. ആ സ്വാധീനത്തിന്റേറയും ശ്രമങ്ങളുടെയും ഫലമായിട്ടാണ് കാലടിയിൽ നിന്ന് കേരളചരിത്ര

ത്തിൽ ആദ്യമായി പട്ടികജാതിക്കാരണായ ശ്രീ എം.കെ. കുട്ടപ്പൻ I.A.S. കാരനായത്.

കേരള ചരിത്രത്തിലെ മാറ്റങ്ങൾ ഒരു വശത്ത് നടക്കുമ്പോൾത്തന്നെ അഖിലേന്ത്യാതലത്തിൽ ഡോ. ബി. ആർ. അംബേദ്കർ മനുസ്മൃതിയിലെ അനാചര പ്രസ്താവനകൾക്കും ചാതുർവ്വർണ്യവ്യവസ്ഥയ്ക്കുമെതിരെ ആഞ്ഞടിക്കുകയയായിരുന്നു. തുടർന്ന് പൂനാകരാറും അതിനെതുടർന്ന് പട്ടികജാതിക്കാർക്കായി പ്രത്യേക സംവരണ സംരക്ഷണ പദ്ധതികളുമുണ്ടായി.

നാം ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ഒരു നല്ല സമൂഹസൃഷ്ടി ആഗ്രഹിക്കുന്നു. നാം പ്രതീക്ഷിക്കുന്ന സമൂഹത്തിൽ എല്ലാവർക്കും ഭക്ഷണം ലഭിക്കണം, ആരോഗ്യ പരിരക്ഷവേണം, വിദ്യാഭ്യാസം, പാർപ്പിടം, കുടിവെള്ളം എന്നിവ വേണം അതായത് എല്ലാവർക്കും ക്ഷേമം വേണം. ഇതിനായി എല്ലാവരേയും ഒന്നിച്ചുകൊണ്ടുപോവുക തന്നെ വേണം. സമൂഹത്തിൽ അന്യഥാബോധം വന്ന ജനങ്ങൾ സ്വയംശക്തിയാർജിക്കാൻ സംഘടിക്കുന്നു. പട്ടികജാതി/വർഗ്ഗക്കാർ സ്വയം സംഘടിക്കുന്നതിന്റെ മനഃശാസ്ത്രം അതാണ്. അത് സ്ഫോടനാത്മകമാകാതെ നാം നോക്കേണ്ട? പട്ടികജാതി/വർഗ്ഗങ്ങളെ സംഘടിപ്പിക്കൽ അത്രലഘുവായ കാര്യമല്ല. അവർ വിവിധ സമുദായങ്ങളിൽ സംസ്ക്കാരങ്ങളിൽ ഉൾപ്പെട്ടവരാണ്. കേരളത്തിൽ ആകെ 68 പട്ടികജാതി വിഭാഗങ്ങളും 35 പട്ടിവർഗ്ഗവിഭാഗങ്ങളും അടക്കം 103 അവാന്തര വിഭാഗങ്ങളെ ഒന്നിച്ച് പറയുന്ന പേരാണ് പട്ടികജാതി/വർഗ്ഗങ്ങൾ ഇവൾക്ക് ജനസംഖ്യാനുപാതികമായി ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണം അവർക്കുതന്നെ നല്കേണ്ടതുണ്ട്. പാടത്തും പറമ്പിലും പണി ചെയ്തിരുന്നവരെ സർക്കാർ ഓഫീസുകളിൽ തൂപ്പുകാരാക്കുന്ന സംവരണ നയം തന്നെ അവസാനിപ്പിക്കേണ്ടതുണ്ട്. അവരുടെ ഇടയിൽത്തന്നെ വിപ്ലവം നടത്തിയ വിപ്ലവകാരികളെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിലേണ്ടതുണ്ട് അവരെ തങ്ങളുടേതായി അംഗീകരിക്കേണ്ടതുണ്ട്. അതുവഴി മാത്രമേ കേരളത്തിലെ പട്ടികജാതി/വർഗ്ഗങ്ങളുടെ ആത്മാഭിമാനം ഉണരുകയുള്ളൂ. ആത്മാഭിമാനം ഉള്ള ജനങ്ങൾക്കുമാത്രമേ സ്വന്തം അസ്തിത്വത്തിൽ വിശ്വാസം വരൂ അഭിമാനിതരായവർ തീർച്ചയായും വികസനത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരും.

പട്ടികജാതി/വർഗ്ഗക്കാർക്ക് തനതായ കലയും സംസ്ക്കാരവുമുണ്ട്. തുടികൊട്ട്, പറകൊട്ട്, ചാക്കാട്, മരംകൊട്ട് എന്നീ താളങ്ങളും കുടകളി, കൈക്കൊട്ടികളി എന്നീ കളികളും നാവോറ് പാട്, ചാവുപാട്ട് എന്നീ പാട്ടുകളും നിലനിന്നിരുന്നു. കലകളിലും സംസ്ക്കാരത്തിലും വിശ്വാസത്തിലും ക്രമമായി മാറ്റം വരിക യും അവളപേക്ഷിക്കുകയും ചെയ്തു പകരം ഹിന്ദുമതത്തിന്റെ ആചാരവിചാരങ്ങളിൽ അലിച്ചുചേർന്നിരിക്കുന്നുവെന്ന് പറയാം.

കാലടിപഞ്ചായത്തിൽ ഭരണസമിതി രൂപികരിച്ചപ്പോൾ 1955-56 കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും ആദ്യമായി പഞ്ചായത്തു മെമ്പറായത് ശ്രീ. സി.എൻ. കുമരനാണ്. പഞ്ചായത്തിൽ 533 അംഗങ്ങളും ഇത് ഒരു ഹരിജൻ വിവിധോദ്ദേശയസഹകരണ സംഘം ഉണ്ടെങ്കിലും പ്രവർത്തനം ആശാവഹമല്ല. ഇതിന്റെ പ്രവർത്തനത്തിനുവേണ്ട സാമ്പത്തിക സഹായം സർക്കാർ ഭാഗത്ത് നിന്നും, പഞ്ചായത്തിൽ നിന്നും ഉണ്ടാകണം.

പട്ടികജാതി/വർഗ്ഗങ്ങളുടെ ആകെ ജനസംഖ്യ ആണ് 1385, പെൺ 1346 അടക്കം ആടെ 2731 പേരാണ്. ഇത് 11.05% വരും. (അവലംബം 1991 ലെ ജനസംഖ്യാ സെൻസസ്സ്)

കാലടി ഗ്രാമ പഞ്ചായത്ത് പട്ടികജാതി സങ്കേതങ്ങൾ

ക്രമ നമ്പർ	കോളനികൾ	വീട്	വാർഡ്	ഓല വീട്	വൈദ്യുതി കരിക്ഷ്ണ വീട്	കക്കൂസ് ഇല്ലാത്ത വീട്	കിണർ ഇല്ലാത്തത്	ഡോക്ടർ	എഞ്ചിനിയർ	വക്കീൽ	അദ്ധ്യാപകർ	ഗവ : ജീവനക്കാർ	ഫാക്ടറി തൊഴിലാളി.	കർഷക തൊഴിലാളി.	S.S.L.C.	P.D.C.	D.C.	P.G.	സാക്ഷരത	ടെലിവിഷൻ ഉള്ള വീടുകൾ	പത്രം വരിക്കാർ	ജനസംഖ്യ
1	മട്ടപ്പുറം	11	I	2	3	3	7	-	-	-	-	2	-	22	5	1	-	1	-	1	-	49
2	തുറമട്ടം	17	I	6	13	8	9	-	-	-	-	-	-	33	5	1	-	1	1	1	1	72
3.	കാളമട്ടം	10	I	6	2	1	8	-	-	-	-	2	-	18	3	-	-	-	-	1	-	49
4	കുറ്റിയാലുക്കൽ	8	I	5	5	6	4	-	-	-	-	-	2	18	2	5	1	-	1	1	-	28
5	പൂപ്പിള്ളിച്ചാൽ	10	I	1	4	2	3	-	-	-	-	1	-	20	6	3	2	-	4	3	-	40
6	കുറ്റിലക്കര	18	I	-	15	5	13	-	-	-	-	-	-	43	3	-	-	-	-	1	-	62
7	നെല്ലിപ്പറമ്പ്	38	II-III	9	13	9	14	-	1	-	1	1	-	84	21	9	5	-	7	2	1	187
8	മരോട്ടിച്ചോട്	40	III	12	18	9	26	-	-	-	-	-	-	42	15	11	2	-	3	2	2	175
9	വട്ടപ്പറമ്പ്	61	III-VI	6	18	17	27	1	-	1	3	5	-	53	29	11	2	-	3	6	5	211
10	തോട്ടേക്കാട്	47	IV	13	20	16	23	-	-	-	-	3	1	104	11	9	-	-	1	3	3	267
11	മറ്റൂർ (MHC)	60	IV	6	7	-	29	2	4	1	4	28	4	105	17	3	6	2	8	21	15	341
12	ആര്യപ്പാറ	20	VIII	2	7	4	11	-	-	-	-	2	-	48	10	4	4	2	2	3	-	79
13	വരക്കട	15	VI	-	4	5	5	-	-	-	-	-	-	30	3	2	2	-	-	3	-	58
14	മുണ്ടങ്ങാമഠം	13	X-XI	0	3	1	4	-	-	-	-	-	-	27	5	6	1	-	1	2	2	68
15	ചിറ്റേപ്പാടം	30	XI	4	12	9	15	-	-	-	-	4	1	55	13	21	4	-	-	1	-	153
16	നെട്ടിനംപിള്ളി	13	X	-	2	2	7	-	-	-	-	-	-	45	6	5	1	-	-	-	2	70
17	മഠത്തേടത്ത്	28	IX	-	-	-	10	-	-	1	-	15	3	26	14	9	3	-	11	10	6	117
18	തോട്ടകം	72	X	16	30	26	42	-	-	-	-	2	-	164	16	24	4	-	14	4	4	366
	ആകെ	531		83	176	123	257	3	5	3	8	65	11	937	181	126	41	5	56	65	41	2392

പട്ടികജാതി സങ്കേതങ്ങൾ

1. മറ്റൂർ ഹരിജൻ കോളനി
ജനസംഖ്യ - 341
വീടുകൾ - 62
വാർഡ് - നാല്

കാലടി പഞ്ചായത്തിലെ വളരെ പഴക്കം ചെന്നതും, ചരിത്രപരമായി പ്രാധാന്യമായതും, പഞ്ചായത്തിലെ വികസിതവുമായ കോളനിയാണ്. തിരുവിതാംകൂർ ദിവാൻ സർ: സി.പി. രാമസ്വാമി അയ്യരുടെ കാലത്ത് കൊല്ല വർഷം 114-ൽ അൻപത് ഹരിജൻ കുടുംബങ്ങൾക്കായി 10 സെൻറ് വീതം നൽകി അഞ്ച് ഏക്കർ സ്ഥലം മറ്റൂരിൽ ഏറ്റെടുത്താണ് ഇ കോളനി സ്ഥാപിച്ചത്.

സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളും, പരിഗണനകളും വേണ്ടത്ര അളവിൽ ഈ കോളനിക്ക് ലഭിച്ചിട്ടുണ്ട്. ഹരിജനോദ്ധാരണ പ്രവർത്തകരായിരുന്ന ശ്രീമദ്. ആഗമാനന്ദസ്വാമികൾ, ശ്രീ. പറയത്ത് കുട്ടൻ മേനോൻ തുടങ്ങിയവരുടെ ശ്രമഫലമായി ഇവിടെ ഒരു ഹരിജൻ സ്ക്കൂളും സ്ഥാപിക്കപ്പെട്ടു. 1945 ൽ 'എൽ.പി.സ്ക്കൂളായി ഈ സ്ഥാപനം വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തു' സ്ക്കൂളിനോട് ചേർന്ന് ഹരിജൻ വായനശാലയും നിലനിൽക്കുന്നു. ശ്രീ രാമകൃഷ്ണ ആശ്രമം വകയായി കേന്ദ്ര സർക്കാർ സഹായത്തോടെ ഒരു ഹരിജൻ കമ്മ്യൂണിറ്റിഹാളം, ലൈബ്രറി, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വനിത തയ്യൽ കേന്ദ്രം, ബാലവാടി എന്നീസ്ഥാപനങ്ങൾ ഈ കോളനിയോട് ചേർന്ന് പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ പൈപ്പ് ലൈൻ വാട്ടർ സപ്ലൈ ഉള്ള ഏക കോളനിയാണിത്. ആദ്യമായി വൈദ്യുതി എത്തിയകോളനിയുമിതാണ്.

വിദ്യാഭ്യാസ, സാമ്പത്തിക പരമായി പൊതുവെ മറ്റുള്ള കോളനികളിൽ വച്ച് മുൻപന്തിയിൽ നില്ക്കുന്നു. ഒട്ടെല്ലാ മേഖലകളിലും തൊഴിൽ ചെയ്യുന്നവർ ഇവിടെയുണ്ട്. പഞ്ചായതിലെ ആദ്യത്തെ ഹരിജൻ എം.ബി.ബി.എസ്. വനിത ഈ കോളനിയിലെ ഡോ. എം.എസ്സ്. സുശീലയാണ്.

കോളനി നിവാസികളുടെ ആവശ്യങ്ങൾ

1. ഇറിഗേഷൻ സൗകര്യത്തിായി സ്ഥാപിച്ച മോട്ടോർ പമ്പ്സെറ്റിൻെറ പ്രവർത്തനം വൈദ്യൂതി കുടിശ്ശികമൂലം ഇപ്പോഴില്ല. ഇതിൻെറ പ്രവർത്തനം സർക്കാർ, പഞ്ചായത്ത് സഹായത്തോടെ പുന:സ്ഥാപിക്കുക.
2. കോളനി നിവാസികൾക്ക് എം.സി. റോഡിനോട് ചേർന്ന് ഇത് 50 സെ. വരുന്ന സ്മശാനം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.
3. ഹരിജൻ വെൽഫയർ സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുക. വായനശാലയുടെ പ്രവർന്നനം പുനരുദ്ധരിക്കുക.
4. കോളനിയുടെ കിഴക്കുവശത്തു ഉള്ള റോഡ് ടാർചെയ്യുക.

'95-'96 ൽ കോളനിക്ക് നൽകിയ ആനുകൂല്യം

ഹരിജൻ വനിതകൾക്കായി 'പുലരി' എന്ന പേരിൽ DWCRA സ്കീം പ്രകാരം ചിപ്സ് നിർമ്മാനയൂണിറ്റ് ആരംഭിക്കുന്നയിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതു സ്മശാനം മതില് കെട്ടുന്നതിന്, കോളനി റോഡ് ടാർ ചെയ്യുന്നതിനും DRDA യിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്.

2 - തോട്ടേക്കാട് ഹരിജൻ കോളനി

സജനസംഖ്യ - 267
വീടുകൾ - 56
വാർഡ് - നാല്

ശ്രീ ശങ്കരസോളേജിന് തെക്ക്വശത്തായി സ്ഥിതിചെയ്യുന്ന ഭൂരിപക്ഷം ജനങ്ങളും കൂലിപണിക്കാരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ്. പത്ത് സെൻറിന് താഴെ ഭൂമിയുള്ളവരാണ് എല്ലാവരും. പുണോളി ഔസേഫ് മത്തായിയുടെയും, പറയത്തുകാരുടെയും കുടിയാന്മാരാണ് ഈ കോളനിയിൽ. കുടികിടപ്പു അവകാശം ലഭിച്ചിട്ടുണ്ടെങ്കിലും, ഭൂരിഭാഗത്തിനും ഇതേവരെ പട്ടം ലഭിച്ചിട്ടില്ല. ഇലക്ട്രിസിറ്റി എത്തിചേർന്നിട്ടുണ്ടെങ്കിലും, വൈദ്യൂതി

കരിക്കാത്ത വീടുകൾ നിരവധിയാണ്. കുടിവെള്ളം പ്രശ്നം രൂക്ഷമായി ബാധിക്കുന്ന പ്രദേശമാണ്. ഒരു കുഴൽ കിണറും, ഒരു പൊതുകിണറും ഉണ്ട് വേനൽ സമയത്ത് വെള്ളം എത്തിക്കുന്നത് ടാങ്കർ ലോറി വഴിയാണ്. ഹരിജൻ സമുദായത്തിന്റെ വകയായി മൂന്ന് സെൻറ് ഭൂമി പൊതുവായി കിടക്കുന്നുണ്ട്. പ്രതിഭ ആർട്ട് ക്ലബിന്റെ സാംസ്ക്കാരിക പരിപാടികളും, സമുദായം വക അയ്യപ്പൻ വിളക്കും വർഷം തോറും നടന്നുവരുന്നു. ഒരുഫീഡിംഗ് സെൻററും ഇവിടെ പ്രവർത്തിക്കുന്നു.

ആവശ്യങ്ങൾ

1. കോളനി നിവാസികൾക്ക് പട്ടയം നൽകുക.
2. കാനാൽ ബണ്ട് റോഡ് ടാറിങ്ങ് ചെയ്യുക.
3. ഫീഡിംഗ് സെൻററിന് സ്വന്തമായി കെട്ടിടം പണിയുക.
4. പൊതുവായി കിടക്കുന്ന സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ പണിയണം.

'95-'96 ൽ കോളനിക്ക് നൽകിയ ആനുകൂല്യം

എല്ലാ കുടുംബങ്ങൾക്കും അത്യുല്പാദന ശേഷിയുള്ള പത്ത് കോഴികളെ വീതം വിതരണം ചെയ്തു; രണ്ട് തെങ്ങിൻ തൈ വീതവും, പൊതുകിണറും കൃഷിഭവൻ വഴി നൽകി. രണ്ട് കക്കൂസും, രണ്ട് വീടും നൽകിയിട്ടുണ്ട്. കനാൽബണ്ട് റോഡിന് ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തോട്ടകം കോളനി

ജനസംഖ്യ - 368
വീട് - 72
വാർഡ് - അഞ്ച്

പഞ്ചായത്തിലെ IRDP കോളനിയും. ഏറ്റവും വലിയ കോളനിയുമാണ്. മംഗലത്തറ മുതൽ ജോസ് കവലവരെ വ്യാപിച്ചതും, നാല് സെൻറ് കോളനിയും ഉൾപ്പെട്ടതാണ്. ഏറ്റവും പിന്നോക്കം നിൽക്കുന്നതുമാണ്. ജനങ്ങൾ ഭരിഭാഗവും കർഷകത്തൊഴിലാളികളും, നിർമ്മാണ തൊഴിലാളികളുമാണ്. രണ്ട് കുഴൽ കിണറുകളും, ഒരു പൊതുകിണറും ഉള്ള ഈ കോളനിയിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. നവധാരവായനശാലയും, ഒരുഫീഡിംഗ് സെൻററും ഈ പ്രദേശത്ത് പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൽ നിന്ന് കോളനിക്ക് നൽകിയ ടെലിവിഷൻ സെൻറർ പ്രവർത്തിക്കുന്നുണ്ട്. ഇലക്ട്രിസിറ്റി എത്തിച്ചേർന്നിട്ടുണ്ടെങ്കിലും വൈദ്യുതികരിക്കാത്ത വീടുകൾ ഇനിയുമുണ്ട്.

പ്രധാന ആവശ്യങ്ങൾ

1. കുടിവെള്ളക്ഷാമം പരിഹരിക്കുക.
2. ഫീഡിംഗ് സെൻറർ ബാലവാടിയായി ഉയർത്തുക.
3. നാല് സെൻറ് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.
4. ഈറ്റ, മുള, ചൂരൽ ഉപയോഗിച്ച് പരമ്പരഗത തൊഴിൽ ചെയ്യുന്നവർക്ക് സാമ്പത്തിക സഹായം നൽകുക.

'95-'96 ൽ നൽകിയ ആനുകൂല്യങ്ങൾ

കോളനിയിലെ എല്ലാ കുടുംബങ്ങൾക്കും മൃഗസംരക്ഷണം വകുപ്പ് മുഖേന പത്ത് മുട്ടക്കോഴികളെവീതം സൗജന്യമായി വിതരണം ചെയ്തു. മൂന്ന് വീടും, ആറ് കക്കൂസും പഞ്ചായത്തിൽ നിന്ന് കൊടുത്തിട്ടുണ്ട്.

വട്ടപ്പറമ്പ് കോളനി

ജനസംഖ്യ - 236
വീട് - 61
വാർഡ് - മൂന്ന്, ആറ്

എല്ലാ വിഭാഗം ജനങ്ങളും ഇടതിങ്ങിപാർക്കുന്ന പ്രദേശമായതിനാൽ പൊതുധാരയിലേക്ക് കോളനി നിവാസികൾക്ക് ഇറങ്ങിവരാൻ സാധിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളികൾ, നിർമ്മാണതൊഴിലാളികളുമാണ് ഭൂരിപക്ഷവും, പൊൻപുലരി ആർട്ടസ് ക്ലബ്, സ്വന്തമായുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ബാലവാടിയും, ഫീഡിംഗ് സെൻററും പ്രവർത്തിക്കുന്നു.

ഹരിജൻ സമുദായ അംഗമായ ആയുർവ്വേദ മെഡിക്കൽ ആഫീസർ C.A. ജനാർദ്ദനൻ ഈ കോളനിനിവാസിയാണ്. ആറ് പൊതുകിനറുകളും, മൂന്ന് കുഴൽ കിണറുകൾ ഉണ്ടെങ്കിലും വേനൽ സമയത്ത് ടാങ്കർ ലോറികളിൽ വെള്ള മെത്തിച്ചാണ് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത് ഇലക്ട്രിസിറ്റി എത്തയിട്ടുണ്ടെങ്കിലും നാമ മാത്രമായി വൈദ്യുതീകരിക്കാത്ത വീടുകളും ഉണ്ട്.

പ്രധാന ആവശ്യങ്ങൾ

1. കുടിവെള്ളക്ഷാമം പരിഹരിക്കുക.
2. കോളനി റോഡ് ടാർചെയ്യുക.
3. മൂടക്കുളത്തിൽ നിന്ന് കോളനിയിലേക്ക് ജലസേചനത്തിനായി L.I. സ്ക്കീം നടപ്പിലാക്കുക.

'95-'96 ൽ കോളനിക്ക് നൽകിയ ആനുകൂല്യം

വനിതസ്വയം തൊഴിൽ പദ്ധതി പ്രകാരം കൃഷിഭവനിൽ നിന്നും ലഭിച്ച ആനുകൂല്യമായി വനിത കർഷക സമിതി രൂപികരിച്ച് രജിസ്റ്റർ ചെയ്തു. ഇതിൽ 5 പേർ പട്ടികജാതിക്കാരാണ്. ഒരു വീടും, രണ്ട് കക്കൂസും നൽകിയിട്ടുണ്ട്. കോളനി റോഡ് JRY പദ്ധതി പ്രകാരം പണി ഉടനെ ആരംഭിക്കാൻ നടപടി പൂർത്തിയാക്കിയിട്ടുണ്ട്.

മാണിക്യമംഗലം - നെട്ടീനംപിള്ളി കോളനി

ജനസംഖ്യ - 70
വീട് - 13
വാർഡ് - പത്ത്

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കോളനിയാണ്. സർക്കാർ തലങ്ങളിലോ, കമ്പനികളിലോ തൊഴിൽ ചെയ്യുന്നവർ ആരും തന്നെയില്ല. കർഷതൊഴിലാളികളും, നിർമ്മാണതൊഴിലാളികളും മറ്റ് കൂലിവേലക്കാരുമാണ് ഭൂരിഭാഗവും. കോളനിയിൽ പൊതുകിണർ ഉണ്ടെങ്കിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്.

പ്രധാന ആവശ്യങ്ങൾ

1. ഓരേവീട്ടിൽ രണ്ടും, മൂന്നും കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവരെ മാറ്റിപാർപ്പിക്കാൻ വേണ്ട സ്ഥലവും, വീടും കൊടുക്കണം.
2. കക്കൂസ്, കിണർ ഇവ ഇല്ലാത്തവീടുകളിൽ എത്രയും വേഗം അവ നിർമ്മിച്ചുകൊടുക്കണം.
3. ടി.വി. സെൻറർ, വയാനശാല - റീഡിംഗ് റൂം സ്ഥാപിക്കണം.

'95-'96 ൽ നൽകിയ ആനുകൂല്യങ്ങൾ

ഏഴ് കുടുംബങ്ങൾക്ക് കക്കൂസ് നൽകി. പൊതു കിണർ നന്നാക്കി ഉപയോഗ്യമാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു. കോളനിയിലേക്കുള്ള റോഡ് ടാർചെയ്യുന്നതിന് പഞ്ചായത്തിൽ നിന്നും തീരുമാനമെടത്ത് പണം അനുവദിച്ചിട്ടുണ്ട്.

കാളമട്ടം കോളനി

ജനസംഖ്യ - 49
വീട് - പത്ത്
വാർഡ് - ഒന്ന്

രണ്ടാം വാർഡിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന പത്ത് വീടുകളിലായി 18 പേർ കർഷകത്തൊഴിലാളികളാണ്. സാമൂഹികമായും വിദ്യാഭ്യാസപരമായും വളരെ താഴ്ന്ന നിലയിലുള്ളവരാണ്.

പ്രധാന ആവശ്യങ്ങൾ

1. കോളനിയിലേക്കുള്ള 10 അടി വീതിയുള്ള വഴി സഞ്ചാരയോഗ്യമാക്കുക.
2. ഇപ്പോൾ വഴിവിളക്കുകൾ നിലവിലുള്ളവ എപ്പോഴും ഫ്യൂസായിപ്പോകുന്നു. പകരം സോഡിയം വേപ്പർ ലാംബ് ഉപയോഗിക്കണം.
3. പഞ്ചായത്തിന്റെ പുനരധിവാസ പദ്ധതി

യിൽപ്പെടുത്തി വീടില്ലാത്തവരെ പുനരധിവസിപ്പിക്കണം.

കുറ്റിയാലുക്കൽ കോളനി

ജനസംഖ്യ - 28
വീട് - 8
വാർഡ് - 1

പഞ്ചായത്തിൽ ഏറ്റവും കുറവ് വീടുകളുള്ള കോളനി. കാർഷിക രംഗത്ത് തൊഴിൽ ചെയ്യുന്നവരാണ് ഏറെയും വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും സാമാന്യം ഉയർന്ന നിലവാരം പുലർത്തുന്നു. എങ്കിലും ഭൂരിഭാഗം വീടുകളും ഓലമേഞ്ഞതും വൈദ്യുതീകരിക്കാത്തതുമാണ്.

പ്രധന ആവശ്യങ്ങൾ

1. പശു, ആട്, കോഴി, പന്നി എന്നിവ വളർത്താൻ താല്പര്യമുള്ളവർക്ക് സഹായം നല്കണം.

തുറമുട്ടം കോളനി

ജനസംഖ്യ - 72
വീട് - 17
വാർഡ് - ഒന്ന്

ഒന്നാംവാർഡിൽ സ്ഥിതിചെയ്യുന്ന ഈ കോളനിയിലെ എല്ലാ ജനങ്ങളും കർഷകത്തൊഴിലാളികളാണ്. ഭൂരിഭാഗവും വീടുകളും വൈദ്യുതികരിക്കാത്ത പഞ്ചായത്തിലെ ഏക കോളനി. ദുർബല വിഭാഗങ്ങൾ വസിക്കുന്ന പ്രദേശമായതിനാൽ പഞ്ചായത്തിന്റെ പ്രത്യേകശ്രദ്ധയും പരിഗണനയും അർഹിക്കുന്നു.

പ്രധാന ആവശ്യങ്ങൾ

1. പുറമ്പോക്കിൽ വസിക്കുന്ന അഞ്ച് വീട്ടുകാർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തികരിക്കണം.
2. കോളനിയിലുള്ള വഴി വിളക്കുകളുടെ ബൾബുകൾ അടിക്കടി നശിച്ചുപോകുന്നു. ഇത് മാറ്റി പകരം സോഡിയം വേപ്പർ ലാംബുകൾ സ്ഥാപിക്കുക.
3. വൈദ്യുതികരിക്കാത്ത വീടുകൾക്ക് എത്രയും വേഗം കണക്ഷൻ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുക.

'95-'96 ൽ കോളനിക്ക് നൽകിയ ആനുകൂല്യം

രണ്ട് വീടുകൾക്ക് കക്കൂസ് നൽകിയിട്ടുണ്ട്.

മരോട്ടിച്ചോട് കോളനി

ജനസംഖ്യ - 175
വീട് - 40
വാർഡ് - 3

പഞ്ചായത്തിലെ ലക്ഷംവീട് കോളനിയും, നാല്സെൻറ് കോളനിയും, പരിസരവാസികളായ പട്ടികജാതിക്കാരും പെടുന്ന സാമാന്യം ജനസംഖ്യയുള്ള കോളനിയാണ്. നാമമാത്രമായ വികസനം മാത്രമേ ഇവിടെ എത്തിയിട്ടുള്ളു. കുടിവെള്ളക്ഷാമം പരിഹരിക്കുക എന്നതാണ് പരമപ്രധാനം. എല്ലാവർക്കും വേണ്ടത്ര പ്രാഥമിക സൗകര്യങ്ങൾ ഇല്ല. വളരെയേറെ ദുർബലവിഭാഗങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശമായതുകൊണ്ടും, പ്രാഥമിക സൗകര്യങ്ങളുടെ അഭാവംകൊണ്ടും ആരോഗ്യപൂർണ്ണമായ ജീവിതം ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്നു. സാമ്പത്തികമായും, വിദ്യാഭ്യാസപരമായും വളരെ പിന്നിലാണ്. കർഷകതൊഴിലാളികളും നിർമ്മാണതൊഴിലാളികളും ഈറ്റപനമ്പ് തൊഴിലാളികളുമാണ് എല്ലാവരും. പഞ്ചായത്തിൽ നിന്ന് കൊടുത്തിട്ടുള്ള ടെലിവിഷൻ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ നിന്ന് കൊടുത്തിട്ടുള്ള എല്ലാ ടെലിവിഷനുകളും പ്രവർത്തിക്കുന്നതിന് അതാത് പ്രദേശത്തെ ഒരാളെ ചുമതലപ്പെടുത്തണം. വിദ്യാർത്ഥികളുടെ പഠനത്തെബാധിക്കാത്തവിധത്തിൽ ഇതിന്റെ പ്രവർത്തനം നിജപ്പെടുത്തുകയും വേണം. വിദ്യാഭ്യാസപരമായും, സാംസ്ക്കാരികമായും ഇനിയും ബഹുദൂരം മുന്നേറേ

ണ്ടതുണ്ട്.

പ്രധാന ആവശ്യങ്ങൾ

1. എത്രയും വേഗം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തിയാക്കുക.
2. ഹെൽത്ത് ഡിപ്പാർട്ട്മെൻറിന്റെ പ്രത്യേക ശ്രദ്ധ കോളനിയിൽ ഉണ്ടാകണം.
3. സ്വന്തമായി വീടും, സ്ഥലവും ഇല്ലാത്തവർക്ക് പഞ്ചായത്തിൽ നിന്നും സൗജന്യമായി അവകൊടുക്കണം.
4. ഫീഡിംഗ് സെൻറർ തുടങ്ങണം. അമ്മമാരുടെയും, കുഞ്ഞുങ്ങളുടെയും ആരോഗ്യം സംരക്ഷിക്കണം.
5. അർഹതപ്പെട്ടവർക്ക് എല്ലാവിഭാഗം പെൻഷനുകളും കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.
6. ഇടക്ക്വെച്ച് വിദ്യാഭ്യാസം നിർത്തുന്ന കുട്ടികളെ കണ്ട് പിടിച്ച് പുനർവിദ്യാഭ്യാസത്തിനുള്ള സാമ്പത്തികസഹായവും മറ്റ് പ്രോത്സാഹനങ്ങളും നൽകണം.
7. പട്ടികജാതിക്കാരുടെ തനത് കലകളും, മറ്റ് കലാവാസനകളും വികസിപ്പിച്ചെടുക്കുന്നതിന് പരിശീലനകേന്ദ്രങ്ങൾ പഞ്ചായത്ത് ചുമതലയിൽ ആവിഷ്ക്കരിക്കുക.
8. പഞ്ചായത്തിൽ നിന്നും അടിയന്തിരമായി ഒരു സ്മാശനത്തിന് സ്ഥലം അനുവദിച്ച് തരിക.
9. സംസ്കാരിക പുരോഗതിക്കായി കോളനിയിൽ വായനശാല കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുക. പഞ്ചായത്തിൽ നിന്ന് ഇതിനുള്ള തുക ഗ്രാൻറായി തരിക.
10. കോളനിയിൽ നിലവിലുള്ള കിണറുകൾ കെട്ടുന്നതിന് ധനസഹായം നൽകുക.
11. കോളനിപരിസരത്തുള്ള 2 കുഴൽകിണറുകൾ അടിയന്തിരമായി നന്നാക്കുക.

'95 - '96 ൽ നൽകിയ ആനുകൂല്യങ്ങൾ

ഒരു വീടും, രണ്ട് കക്കൂസും കൊടുത്തിട്ടുണ്ട്.

ആര്യപാറ കോളനി

ജനസംഖ്യ - 79
വീട് - 17
വാർഡ് - 8

ആര്യപ്പാറതോടിനോട് ചേർന്നാണ് കോളനി സ്ഥിതിചെയ്യുന്നത്. സാംബവസമുദയങ്ങൾ തിങ്ങിപാർക്കുന്ന പഞ്ചായത്തിലെ തോട്ടകം കോളനിയോട് ചേർന്ന് കിടക്കുന്നു. 41% സാംബവസമുദായക്കാരും ബാക്കി പുലയസമുദായക്കാരും ആണ്. ഈറ്റ പനമ്പ് തൊഴിലാളികളും, കർഷകതൊഴിലാളികളുമാണ് ഭൂരിഭാഗവും. വിദ്യാഭ്യാസപരമായി മോശമല്ലാത്ത നിലവാരം പുലർത്തുന്നു. ഇലക്ട്രിസിറ്റി എത്തിയിട്ടുണ്ടെങ്കിലും വൈദ്യുതീകരിക്കാത്ത വീടുകൾ ഇനിയുമുണ്ട്.

പ്രധാന ആവശ്യങ്ങൾ

1. പുതിയ കിണറുകൾ കുഴിക്കുന്നതിനും, നിലവിലുള്ളവ കെട്ടി സംരക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക.
2. പണിപൂർത്തിയാക്കാത്ത വീടുകൾക്ക് അവ പൂർത്തീകരിക്കുന്നതിനുള്ള ധനസഹായം ചെയ്യുക.
3. സർക്കാരിൽ നിന്നും കാലകാലങ്ങളിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിന് സംവിധാനമുണ്ടാക്കുക.
4. ഈറ്റ, മുള, ചൂരൽ ഇവ ഉപയോഗിച്ചുള്ള കൈതൊഴിലിന് സഹകരണസംഘം രൂപീകരിക്കുക.

നെല്ലിപറമ്പ് കോളനി

ജനസംഖ്യ - 187
വീട് - 38
വാർഡ് - 2,3

ഈ കോളനി മൂന്നാം വാർഡിലെനെല്ലിപ്പറമ്പു മുതൽ മറ്റൂർ വരെയും, രണ്ടാം വാർഡിന്റെ സെ. ആൻറണീസ് പള്ളിറോഡ് വരെ നീണ്ട് കിടക്കുന്നു. കാർഷിക മേഖലയിലും,

നിർമ്മാണരംഗത്തും തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നു. വിദ്യാഭ്യാസപരമായും, സാമൂഹ്യമായും സാമന്യം നിലവാരം പുലർത്തുന്നു. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ നല്ലനിലവാരം പുലർത്തുന്നു. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും, വൈദ്യുതീകരിക്കാത്ത വീടുകളും, കക്കൂസ് ഇല്ലാത്തതും, കിണറുകൾ ഇല്ലാത്തതുമായ നിരവധി വീടുകൾ ഇനിയും ണ്ട്. കുടിവെള്ളത്തിന്റെ രൂക്ഷത എടുത്ത് പറതേണ്ടതാണ്.

പ്രധാന ആവശ്യങ്ങൾ

1. കുടിവെള്ളക്ഷാമം മുൻഗണനയോടെ പരിഹരിക്കുക.
2. ഭൂമിസംബന്ധമായ തർക്കങ്ങൾ പരിഹരിയ്ക്കുവാൻ പ്രത്യേകസമിതിയെ നിയോഗിച്ച് പ്രശ്നങ്ങൾ തീർക്കണം.
3. വീടുകൾ പുതുക്കി പണിയാൻ ധനസഹായം നൽകണം.
4. അമ്മമാരുടെയും, കുഞ്ഞുങ്ങളുടേയും ആരോഗ്യസംരക്ഷണത്തിനായ് ഡോക്ടർമാരും, ആരോഗ്യപ്രവർത്തകരും പങ്കെടുക്കുന്ന മെഡിക്കൽ ക്യാമ്പുകൾ 3 മാസത്തിലൊരിക്കൽ സംഘടിപ്പിക്കണം.
5. വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കണം.
6. എല്ലാവിധ പെൻഷനുകളും അർഹരായവർക്ക് എത്രയും വേഗം നൽകണം.
7. കോളനിയിൽപ്പെടുന്ന പാലച്ചോട് റോഡ് ടാർ ശചയ്യണം.
8. കൂട്ടുകുടംബമായി താമസിക്കുന്നവരെയും പുറമ്പോക്കിൽ താമസിക്കുന്നവരെയും മാറ്റി പാർപ്പിക്കാൻ സ്ഥലവും, വീടും കൊടുക്കണം.
9. നിരക്ഷരരായ വരെ കണ്ട് പിടിച്ച് തുടർന്ന സാക്ഷരതാ സൗകര്യം പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിക്കണം.
10. ചെറുകിട വ്യവസായ യൂണിറ്റുകൾ രൂപീകരിക്കണം.
11. കമ്മ്യൂണിറ്റിഹാൾ, റേഡിയോ, ടെലിവിഷൻ, ബാലവാടി എന്നിവ സ്ഥാപിക്കണം.
12. കോളനി റോഡ് ടാർചെയ്യുകയും, വെള്ള കെട്ട് ഒഴിവാക്കുകയും ചെയ്യണം.

'95 - '96 ൽ കോളനിക്ക് നൽകിയ ആനുകൂല്യങ്ങൾ

കോളനിയിൽപ്പെട്ട രണ്ടാം വാർഡിൽ നാല് കക്കൂസും ഒരു വീടും കൊടുത്തിട്ടുണ്ട്. മൂന്നാം വാർഡ് ഭാഗത്ത് ഒരു കക്കൂസ് കൊടുത്തിട്ടുള്ളത്.

വരക്കട കോളനി

ജനസംഖ്യ - 58
വീട് - 15
വാർഡ് - 4

കുളപ്പാറ നിറഞ്ഞ പ്രദേശമാണ് ആയതിനാൽ തെങ്ങ് ജാതിപോലുള്ളവ കൃഷി ചെയ്യാൻ സാദ്ധ്യതകുറവാണ്. കൃഷിപ്പണി തന്നെയാണ് ജീവിതാവലംബം. സാമൂഹികമായി അല്പം പിന്നിലാണ് ജാതിപ്പോർ പറഞ്ഞു വിളിക്കുന്നതായി ഗ്രാമസഭ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു. കുടിവെള്ള ക്ഷമാമുണ്ട്.

പ്രധാന ആവശ്യങ്ങൾ

1. ചാലക്കുടി ലിഫ്റ്റ് ഇറിഗേഷന്റെ ഇടതുകരകനാൽ തുറന്നുവിട്ടാൽ ടി പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമത്തിൽ പരിഹാരം കാണാനാകും.
2. സ്മശാനത്തിന് ചുറ്റും മതിൽ കെട്ടി സംരക്ഷിക്കണം. ആധുനിക രീതിയിലുള്ള ചൂള നിർമ്മിക്കണം.

കുറ്റിലക്കര കോളനി

ജനസംഖ്യ - 62
വീട് - 18
വാർഡ് - 1

ഈ പഞ്ചായത്തിൽ ഏറ്റവും അവഗണിക്കപ്പെട്ടുകിടക്കുന്ന കോളനിയാണ്. വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും സാമ്പത്തികമാ

യും വളരെ പിന്നിൽ നില്ക്കുന്നു. കാർഷികമേഖലയിലും നിർമ്മാണരംഗത്തും പണിയെടുക്കുന്നു.

പ്രധാന ആവശ്യങ്ങൾ

1. കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ചു നല്കുക; എല്ലാ വീടുകളും വൈദ്യുതികരിക്കുക.
2. പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോകുന്നവരെ പ്രത്യേകം കണ്ടുപിടിച്ച് നിർബ്ബന്ധമായും സ്ക്കൂളിലേയ്ക്കെത്തിക്കണം.
3. മൂന്ന് കിലോമീറ്റർ ദൂരത്താണ് LP സ്ക്കൂളുള്ളത്.
4. ഏറ്റവുമടുത്തുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ ചേർക്കാൻ പറ്റിയ സാമ്പത്തിക ചുറ്റുപാടുള്ളവരില്ല.
5. ഒരു ടി.വി. സെൻറർ സ്ഥാപിക്കണം

'95 - '96 ൽ നല്കിയ ആനുകൂല്യങ്ങൾ
നാലു കക്കൂസുകളും രണ്ട് കിണറുകളും നല്കി.

മട്ടപുറംകോളനി

ജനസംഖ്യ - 49
വീട് - 11
വാർഡ് - 1

ഒന്നാം വാർഡിലെ ആറ് കോളനികളിൽ ഒന്നാണിത്. കർഷകതൊഴിലാളികളും, മറ്റ് കൂലിവേലക്കാരുമാണ് അധികം പേരും, സാമൂഹ്യസംസ്ക്കാരിക-വിദ്യാഭ്യാസ രംഗത്ത് സാമാന്യ നിലവാരം പുലർത്തുന്നു. വൈദ്യുതീകരിക്കാത്തതും കക്കൂസില്ലാത്തതും, കിണറില്ലാത്തതുമായ വീടുകൾ ഇനിയും ഇവിടെയുണ്ട്. ഒന്നാംവാർഡിലെ എല്ലാ കോളനികളിലും വികസന പ്രവർത്തനങ്ങൾ എത്തിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രധാന ആവശ്യങ്ങൾ

1. കോളനി ഭാഗത്തേക്ക് ഇപ്പോഴുള്ള വഴിവിളക്കുകൾ ശാശ്വതമല്ല. ഇവ മാറ്റി സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കുക.
2. വൈദ്യുതീകരിക്കാത്തതും, കക്കൂസില്ലാത്തതും, കിണർല്ലാത്തതുമായ വീടുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുക.
3. വായനശാല - റീഡിംഗ്റൂം, ടെലിവിഷൻ സെൻറർ തുടങ്ങിയവ സ്ഥാപിക്കുക.

പൂപ്പിള്ളിച്ചാൽ കോളനി

ജനസംഖ്യ - 40
വീട് - 10
വാർഡ് - 1

കുടിവെള്ള പ്രശ്നമില്ലാത്ത അപൂർവ്വം ചില കോളനികളിലൊന്നാണ് കൂടുതലും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസം സിദ്ധിച്ചു വളർന്നുവരുന്ന ഒരുഘട്ടമാണിപ്പോൾ.

പ്രധാന ആവശ്യങ്ങൾ

1. ഇനിയും വീടുകൾ വൈദ്യുതികരിക്കാനുണ്ട്.
2. കക്കൂസുകൾ എല്ലാ വീടുകളിലും ആയിട്ടില്ല.

മുണ്ടങ്ങാമഠം കോളനി

ജനസംഖ്യ - 68
വീട് - 12
- വാർഡ് 10,11

പഞ്ചായത്തിന്റെ 10,11 എന്നീ രണ്ടു വാർഡുകളിലായ് സ്ഥിതിചെയ്യുന്നു. വിദ്യാഭ്യാസരംഗങ്ങളിൽ ഇനിയും ഉയർന്നുവരേണ്ടിയിരിക്കുന്നു. കർഷത്തൊഴിലാളികളും നിർമ്മാണ തൊഴിലാളികളുമാണ് ഏറിയകൂറും. പുതതായി പഠനം തുടരുന്ന കുട്ടികൾ പത്താം ക്ലാസ്സിൽ എത്തുന്നതിനുമുമ്പ് തന്നെ പൊഴിഞ്ഞുപോകുന്ന പ്രവണതകണ്ടുവരുന്നു.

പ്രധാന ആവശ്യങ്ങൾ

1. വൈദ്യുതി എത്താത്ത വീടുകൾ

വൈദ്യുതീകരിക്കുക.
2. കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമിവാങ്ങാൻ നല്കിത അപേക്ഷകളിൽ തീരുമാനമെടുക്കണം.

ചിറ്റേപ്പാടം കോളനി

ജനസംഖ്യ - 153
വീട് - 33
വാർഡ് 11

കാർഷിക രംഗത്ത് ജോലിചെയ്യുന്നവരാണ് കൂടുതലും വിദ്യാഭ്യാസരംഗത്ത് കുറച്ചു പേർ ഉയർന്നു വന്നിട്ടുണ്ട്. S.S.L.C., P.D.C., Degree ക്ലാസ്സുകളിൽ പഠിക്കുന്ന 38 വിദ്യാർത്ഥികളുണ്ട്. സാംസ്ക്കാരിക നിലവാരം മെച്ചപ്പെട്ടിട്ടുണ്ട്.

പ്രധാന ആവശ്യങ്ങൾ

1. വൈദ്യുതി കണക്ഷന് അപേക്ഷകൊടുത്തിട്ട് കണക്ഷൻ ലഭിച്ചിട്ടില്ല.
2. വീടിനും കൃഷിഭൂമി വാങ്ങാനും കൊടുത്ത അപേക്ഷകൾ തീർപ്പാകാണം.
3. അഭ്യസ്ഥവിദ്യർക്കു കൃഷിവ്യവസായം എന്നീ രംഗങ്ങളിൽ തൊഴിൽ ലഭ്യമാകുംവിധം ഒരു സഹകരണസംഘം ഉണ്ടാക്കണം.
4. താമസിക്കുന്ന സ്ഥലത്തിന് പട്ടയം ലഭിക്കണം.

മഠത്തേടത്ത് കോളനി

ജനസംഖ്യ - 117
വീടുകൾ - 20
വാർഡ് - 9

പഞ്ചായത്തിലെ താരതമേന്യ മുന്നോക്കം നില്ക്കുന്ന കോളനികളിലൊന്നാണിത്. കർഷതൊഴിലാളികളേറെയുണ്ടെങ്കിലും ഗവ. ജീവനക്കാരും ഫാക്ടറി തൊഴിലാളികളുമുണ്ട്. വിദ്യാഭ്യാസത്തിൽ യുവതീയുവാക്കൾ നിലവാരം പുലർത്തുന്നുണ്ട്. നെൽപാടങ്ങളാൽ ചുറ്റപ്പെട്ട ഒരു തുരുത്താണ് ഈ കോളനി മേക്കാലടി ലക്ഷംവീടുകളിലേയും കുറച്ചു വീടുകൾ ഈ കോളനിയിൽ ചേർത്തിട്ടുണ്ട്. കനൽപ്പാടങ്ങളും പുഴയോരവുമായതിനാൽ കുടിവെള്ളപ്രശ്നം ഇവിടെയില്ല. ഇലക്ട്രിസിറ്റി എത്തിച്ചേർന്നിട്ടുണ്ട്. എല്ലാ കുടുംബങ്ങളിലും വൈദ്യുതി ഉണ്ട്. ഓലമേഞ്ഞ വീടുകളില്ല. കക്കൂസ് സൗകര്യം എല്ലാ വീടുകളിലും ഉണ്ട്.

പ്രധാന ആവശ്യങ്ങൾ

1. ചാത്തേടത്ത് കോളനി റോഡ് ടാർ ചെയ്യുക.
2. കിണർ കുഴിക്കുവാനുൻ സാമ്പത്തിക സായം നല്കുക.
3. അടുത്തുള്ള മെറ്റൽക്രഷുറുകളിലെ മലിനീകരണം അവസാനിപ്പിക്കുക.

ലക്ഷംവീട് കോളനികൾ

പട്ടിക ജാതിക്കാരും, മറ്റ് അവശജനവിഭാഗങ്ങളുമാണ് ഈ കോളനികളിൽ താമസിക്കുന്നത്. 1973-ൽ ടി പദ്ധതി പ്രകാരം പഞ്ചായത്തിലെ മറ്റൂർ, പിരാരൂർ, മരോട്ടിച്ചുവട്, മാണക്യമംഗലം, മേക്കാലടി ഭാഗങ്ങളിലായി അഞ്ച് കോളനികളാണ് ഉള്ളത്. അന്നത്തെ കാലടി പഞ്ചായത്ത് പ്രസിഡൻറായിരുന്ന ശ്രീ. പി.എം. എബ്രാഹാമിൻെറ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തകരുടെ ശ്രമഫലമായി ഈ കോളനികൾ സ്ഥാപിക്കപ്പെട്ടത്.

ഇരട്ടവീടുകളായി നിർമ്മിച്ചിട്ടുള്ള കുടുസുമുറികളിൽ നരകതുല്യമായ ജീവിതമാണ് ജനങ്ങൾ നയിക്കുന്നത്. അടിസ്ഥാനസൗകര്യം പോലും ഇല്ലാത്ത ഇവരുടെ ജീവിതം വളരെ ശോചനീയമാണ്. പല കുടുംബങ്ങളും കൈമാറ്റം ചെയ്ത് പുതിയ കുടുംബങ്ങൾ പാർക്കുകയും ഇവർക്ക് സ്വന്തമായി പട്ടയമോ, കൈവശാകാശരേഖകളോ ഒന്നും തന്നെയില്ല. കാലാകാലങ്ങളിൽ വേണ്ട റിപ്പയർ ചെയ്യാത്തതുകൊണ്ട് പൊട്ടിപൊളിഞ്ഞ് ചോർന്നൊലിച്ച് നിലംപൊത്താറായ കൂരകളാണ് ഇന്നുള്ളത്. കാലാനുസൃതമായി പെരുകിവന്ന ജനസംഖ്യാവർദ്ധനയും, സാമ്പത്തിക പിന്നോക്കാവസ്ഥയും കൊണ്ടും മറ്റൊരിടവും ഇല്ലാതെ ശ്വാസം മുട്ടുന്നവരാണ് ഇവർ. അതുകൊണ്ട് ഇനി

യെങ്കിലും സർക്കാരിന്റേയും, പഞ്ചായത്തിന്റെയും, മറ്റ് ഡിപ്പാർട്ടുമെൻറുകളുടേയും ആത്മാർത്ഥമായ സഹായസഹകരണവും, പ്രതിവിധികളും ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

പ്രധാന ആവശ്യങ്ങൾ

1. ഇരട്ടവീടുകളെ ഒറ്റവീടാക്കാനുള്ള നടപടിയെടുക്കുക.
2. എല്ലാ കോളനികളിലും വാട്ടർ കണക്ഷനുകളും പൊതു കിണറുകളും സ്ഥാപിച്ച് കുടിവെള്ളം ഉറപ്പ് വരുത്തുക.
3. ഇപ്പോൾ താമസിക്കുന്ന മുഴുവൻ പേർക്കും കൈവശാവകാശം രേഖകൾ നൽകുക.
4. പ്രാഥമിക സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.
5. അമ്മമാരുടെയും, കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണത്തിനായ് ഫീഡിംഗ് സെൻറുകൾ ബാലവാടികൾ സ്ഥാപിക്കുക.
6. എല്ലാലക്ഷംവീട് കോളനികളിലും ഗ്രന്ഥശാലകളും, റീഡിംഗ് റൂമുകളും, ടെലിവിഷനുകളും എത്രയും വേഗം സ്ഥാപിക്കുക.
7. നിലവിലുള്ള കുഴൽ കിണറുകൾ അറ്റകുറ്റപണികൾ നടത്തുക.

നാല് സെൻറ് കോളനികൾ

റോഡ് പുറമ്പോക്കുകളിലും, കടതിണ്ണകളിലുമായി കഴിഞ്ഞിരുന്നവരെയും, ഭൂരഹിത, ഭവനരഹിത ആളുകളെയും പുനഃരധിവസിപ്പിക്കുന്നതിനായി സംസ്ഥാനസർക്കാർ ഗ്രാന്റെ ഉപയോഗിച്ച് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണിത്. കാലടി പഞ്ചായത്തിൽ മരോട്ടിച്ചുവട്ടിലും, തോട്ടകത്തുമാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. ഏകദേശം എൺപതോളം കുടുംബങ്ങൾ ഇവിടെതാമസിച്ച് വരുന്നു.

നാല് സെൻറ് സ്ഥലം മാത്രം കിട്ടിയ ഇവർ പ്രാഥമിക സൗകര്യങ്ങൾ ഒന്നും തന്നെയില്ലാത്ത ഓലമേഞ്ഞ കൂരകളിലായി ജീവിതം തള്ളിനീക്കുന്നു. നിരാലംബരായ ഈ സമൂഹം സാമൂഹ്യമായ പരിഗണന തീർച്ചയായും അർഹിക്കുന്നതിനാൽ ഈ നാല് സെൻറ് കോളനിനിവാസികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് ഉടനടി നടപടിയുണ്ടാക്കണം.

ഉടനെ നടപ്പിലാക്കേണ്ട ആവശ്യങ്ങൾ

1. വീടില്ലാത്ത എല്ലാവർക്കും വീടുകൾ നൽകുക.
2. കക്കൂസ്, കിണർ, വൈദ്യുതി ലഭ്യമാക്കുക.
3. പട്ടയം, കൈവശാവകാശ രേഖ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുക.
4. വായനശാല - റീഡിംഗ് തുടങ്ങുക.
5. കോളനികളിൽ ഫീഡിംഗ് സെൻറർ - ബാലവാടി തുടങ്ങുക.

വാർഡുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1. 1973 ൽ സ്ഥാപിച്ച ലക്ഷം വീട് കോളനികളിലുള്ള ഇരട്ട വീടുകളീൽ സ്വാഭാവികമായി പെരുകിയ അംഗങ്ങളെ ഉൾക്കൊള്ളാൻ പറ്റാത്ത അവസ്ഥ വന്നിരിക്കുന്നു. അത്തരം കുടുംബങ്ങളെ കണ്ടുപിടിച്ച് സൗകര്യപ്രദമായ പുതിയവീടുകൾ വച്ചുകൊടുക്കുക.
2. സർക്കാർ സർവ്വീസിൽ നിന്ന് പിരിയുന്നവർക്ക് വരുമാനം നോക്കാതെയാണ് പെൻഷൻ നല്കുന്നത് അതുപോലെതന്നെ ഒരു ജീവിതകാലം മുഴുവൻ നാടിനെ തീറ്റിപ്പോറ്റാൻ ശ്രമിച്ച കർഷകത്തൊഴിലാളികൾക്കും വരുമാന പരിധി വയ്ക്കാതെ തശന്ന എല്ലാവർക്കും പെൻഷൻ നല്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്യുക.
3. സർക്കാർ ആനുകൂല്യങ്ങൾക്ക് വേണ്ടി ഏതോ കാലത്ത് നിശ്ചയിച്ചിരുന്ന വരുമാന പരിധിയാണ് ഇപ്പോഴും നിലനില്ക്കുന്നത്. ഈ വരുമാന പരിധി പുനർനിർണ്ണയം ചെയ്യുക.
4. പട്ടികജാതി ആവാസകേന്ദ്രങ്ങളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ എല്ലാവർക്കും ലഭ്യമാണെന്ന് ഉറപ്പുവരുത്തുക.
5. ഈറ്റ, മുള, ചൂരൽ എന്നിവകൊണ്ടുള്ള കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രാരംഭം മുതൽ മുടക്ക് നടത്തു അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെ

ത്താൻ സഹായിക്കുകയും ചെയ്യുക. ഇതിനു വേണ്ടി ഒരു സഹകരണസംഘം സ്ഥാപിക്കുക.

6. പട്ടികജാതിക്കാർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാൻ പഞ്ചായത്തിന്റെ കീഴിൽത്തന്നെ കാലടിയിൽ ഒരു വിപണന കേന്ദ്രം ആരംഭിക്കുക.

7. കാലടി പഞ്ചായത്തിൽ പട്ടികജാതികാർക്കായി ഒരു തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

8. പണപ്പെരുപ്പം മൂല്യത്തകർച്ച എന്നിവ പരിഗണിച്ച് പട്ടികജാതിക്കാർക്ക് നല്കുന്ന ഭവനവായ്പാപരിധി ഉയർത്തുക. വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി സഹായം നല്കുക.

9. ഇതേവരെ പട്ടയം നല്കാത്ത വർക്ക് ഉടൻ പട്ടയം വിതരണം ചെയ്യുക.

10. സ്വയം തൊഴിൽ വായ്പകൾ പഞ്ചായത്ത് നേരിട്ട് നല്കുകയും തിരിച്ചു പിടിക്കുന്ന തുകയ്ക്ക് പലിശയിളവ് നല്കുകയും ചെയ്യുക; ദീർഘകാല ഇൻസ്റ്റാൾമെൻറുകളായി തിരിച്ചു പിടിക്കുക.

11. എല്ലാ പട്ടികജാതി സങ്കേതങ്ങളിലും കമ്മ്യൂണിറ്റിഹാൾ, ലൈബ്രറി, നവസാക്ഷരർക്കുള്ള തുടർസാക്ഷരതാ പരിപാടി എന്നിവ ആരംഭിക്കുകയും പഠനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്കായി ട്യൂഷൻ സെൻറുകൾ ആരംഭിക്കുകയും ചെയ്യുക. ട്യൂഷൻ പഠിപ്പിക്കുന്നവർക്ക് ചെറിയ സാമ്പത്തികാനുകൂല്യം നല്കുകയും വേണം.

12. എല്ലാ വീടുകളിലും പച്ചക്കറിവിത്തുകൾ വിതരണം ചെയ്യുകയും കൂട്ടുചേർന്നുള്ള മുയൽ, കോഴി പന്നി, വളർത്തലുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

13. എല്ലാ പട്ടികജാതി കോളനികളോടനുബന്ധിച്ചും പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

14. അന്യാധീനപ്പെട്ട ഭൂമി തിരികെ നല്കുക; തൊട്ടടുത്തുള്ളവർ അതിന് കയ്യേറുന്ന പ്രവണത ഒഴിവാക്കാൻ വേണ്ട നടപടികളെടുക്കുക.

15. പഞ്ചായത്തിന്റെ കീഴിൽ മാർക്കറ്റിലും മറ്റുമുള്ള സ്റ്റാളുകളിൽ ആനുപാതികമായ അവകാശം പട്ടികജാതിക്കാർക്ക് നല്കുകയും അതിൽത്തന്നെ ഈ പഞ്ചായത്തിലുള്ളവർക്ക് മുൻഗണന നല്കുകയും ചെയ്യുക.

16. വേണ്ടത്രവീതിയുള്ള റോഡുകൾ എല്ലാ സങ്കേതങ്ങളിലേക്കും ഉണ്ടാക്കുക.

17. ബാംബുപ്ലൈ ഫാക്ടറിയുടെ പുതിയ പ്ലാൻറ് നിലവിൽ വരുമ്പോൾ പനമ്പുനെയ്ത്തു തൊഴിലാളികളായ പട്ടികജാതി കുടുംബങ്ങളിൽ നിന്നുവരുന്നവർക്ക് മുന്തിയ പരിഗണന നല്കുക.

18. സംസ്കൃത സർവ്വകലാശാല നിയമനങ്ങളിൽ പട്ടികജാതി/വർഗ്ഗക്കാർക്ക് എല്ലാ കാറ്റഗറികളിലും മതിയായ പ്രാതിനിധ്യം നല്കുക.

19. സർക്കാർ സഹായം പറ്റുന്ന സ്കൂൾപോലുള്ള സ്വകാര്യ സ്ഥാപനങ്ങളിലും പട്ടികജാതി/വർഗ്ഗങ്ങൾക്ക് ആനുപാതിക പ്രാതിനിധ്യം നല്കുക.

20. APCOS പോലുള്ള ഗ്രാമീണ സഹകരണ സംഘങ്ങളിലും അതിന്റെ ഭരണസമിതികളിലും പട്ടികജാതി/വർഗ്ഗ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

21. പട്ടികജാതി സങ്കേതങ്ങളിൽ നല്കിയിട്ടുള്ള ടി.വിയുടെ പ്രവർത്തനം മൂലം കുട്ടികളുടെ പഠനം താറുമാറായിരിക്കുന്നു. ഇത് പരിഹരിക്കുന്നതിനായി അതാതിടങ്ങളിലുള്ള ടി.വി.കൾ പ്രവർത്തിപ്പിക്കാൻ പ്രത്യേകം ആളുകളെ ചുമതലപ്പെടുത്തുകയും പഠനത്തിന് കോട്ടം തട്ടാത്തവിധത്തിൽ ടി.വി.യുടെ പ്രവർത്തനം നിജപ്പെടുത്തുകയും ചെയ്യുക.

22. വിറകിന്റെ ഉപയോഗം കുറയ്ക്കുന്നതിനും ക്ഷമത കൂട്ടുന്നുതിനും എല്ലാവർക്കും പഞ്ചായത്തിൽ നിന്നും സൗജന്യമായി പരിഷിത്തടുപ്പുകൾ വച്ചുകൊടുക്കുക.

23. പട്ടികജാതിക്കാർക്ക് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ വിവിധ ക്ഷേമവകുപ്പുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ചും വിവിധ വകുപ്പികളിലേയ്ക്കുള്ള ആനുകൂല്യങ്ങൾയ്ക്കുവേണ്ടി എവിടെ, എങ്ങനെ, എപ്പോൾ അപേക്ഷിക്കണമെന്ന ധാരണ വരുത്താൻ വേണ്ടിയും പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കണം.

24. കക്കൂസും കിണറും അടുത്തടുത്തുവരുന്ന സ്ഥലങ്ങളിൽ കക്കൂസിൽ നിന്നുള്ള മലി

നജലം കിണറിൽ അരിച്ചിറങ്ങാതിരിക്കാൻ സെപ്ടിക് ടാങ്കുകൾ നിർമ്മിച്ച് കക്കൂസും കിണറും സുരക്ഷതിമാക്കുക.

25. പഞ്ചായത്തിലെ പട്ടികജാതി സങ്കേതങ്ങളിൽ അടുത്ത രണ്ട് വർഷത്തിനുള്ള എല്ലാ പ്രാഥമികാവശ്യങ്ങളും എത്തിക്കുന്നതിനുള്ള ഒരു ഊർജ്ജിത പരിപാടി Intenssive Programme) ആവിഷ്ക്കരിച്ച് നടപ്പാക്കുക.

26. തൊഴിലില്ലായ്മ വേതനം വരുമാന പരിധി ബാധകമാക്കാതെ നല്കണം.

27. മദ്യപാനം, നിരക്ഷരത, അജ്ഞത, അന്ധ വിശ്വാസം ഈ വിഷയങ്ങളിൽ ബോധവൽക്കരണം നൽകുക.

28. കാലടി ഹരിജൻ വെൽഫെയർ വിവിധോദ്ദേശ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

29. പുറംബോക്ക് പഞ്ചായത്ത് ഭൂമി ഏറ്റെടുത്ത് സ്ഥലമില്ലാത്തവർക്ക് വിതരണം ചെയ്യുക.

സംസ്ക്കാരം

പഴയഗോത്രവർഗ്ഗസംസ്ക്കാരത്തിന്റെ ഭാഗമായി കാവുകൾ, കൊട്ടിലുകൾ, പതികൾ എന്ന പേരുകളിൽ ഈ വിഭാഗത്തിന്റെ ആരാധനാലയങ്ങൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാണാൻ കഴിയും. ഇപ്പോഴും ഭൂരിഭാഗം വീടുകളിലും ഇതെല്ലാം കണ്ടുവരുന്നു. കുടുംബകാരണവന്മാരെ കൂടാതെ ഭദ്രകാളി, ചാത്തൻ സേവാമൂർത്തികളായ ചൊവ്വ, ചാവുണ്ണി, കാപ്പിരി, പറക്കുട്ടി, കലഹയക്ഷി, രക്ഷസ്സ്, മാരണചാത്തൻ, ഒടിഭൈരവൻ, ഒടിഗുളികൻ, തെക്കൻ കരിയാത് തുടങ്ങിയ മൂർത്തികളെ മാരണനിവാരണത്തിനെന്ന പേരിൽ സേവിച്ചുപോന്നിരുന്നു. ഇവരെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി അവൽ, മലർ, വറപൊടി, കള്ള്, ചാരായം, കോഴി എന്നിവ നിവേദിച്ചിരുന്നു. ഓരോ പ്രദേശത്തമുള്ള മുഖ്യകർമ്മിയെ മഠവതി എന്ന പേരിലാണ് അറിയപ്പെടുന്നത്. അന്തരിച്ചുപോയ മുണ്ടപ്പിള്ളി കാവലൻ, കൈപ്പകൊടുത്ത് നീലൻ, വട്ടേക്കാടൻ ചാത്തൻ, പൊയ്ക്കാടൻ നീലൻ, വാത്തിപ്പിള്ളി ചെറിയാൻ, മാടശ്ശേരി ഗോപാലൻ എന്നിവർ പ്രധാനികളിൽ ചിലർമാത്രം. പിരാരൂരിൽ - വരിക്കപ്പിള്ളി മുത്തിയുടെ നടയിലും, മറ്റൂർ മാടശ്ശേരി പാതിയിലും വർഷംതോറും ബന്ധപ്പെട്ടവർ ഒത്ത് ചേർന്ന് കർമ്മാദികൾ നടത്തിവരുന്നുണ്ട്.

ഏതാനുവർഷങ്ങൾക്ക് മുൻപ് ചില വിഭാഗത്തിൽ ആരെങ്കിലും മരിച്ചു കഴിഞ്ഞാൽ പറകൊട്ടലും, ചാക്കാട് കൊട്ടലും ആചാരത്തിന്റെ ഭാഗമായി ഉണ്ടായിരുന്നു. ഇന്ന് ഇത് പൂർണ്ണമായി നിന്നിട്ടുണ്ട്. സ്ത്രീകൾ മൂന്ന് മാസം ഗർഭിണിയായിരിക്കുമ്പോൾ ഗർഭസംരക്ഷണമെന്ന പേരിൽ "കാപ്പുകെട്ട്" എന്ന സമ്പ്രദായവും, പ്രസവത്തിന് കൂട്ടികൊണ്ടു പോകുന്നതിനെ "പൂതനൂട്ട്" എന്നും വിളിച്ചിരുന്നു. കല്യാണം, കാത്കുത്ത്, തെരണ്ട് കല്യാണം, കുട്ടികളുടെ പേര് വിളി ഈ വിശേഷങ്ങൾക്കൊക്കെ മരംക്കൊട്ടും, പാട്ടും, മുടിയാട്ടവും നടന്നിരുന്നു. ഉത്സവം, പെരുന്നാൾ സമയങ്ങളിൽ നടക്കുന്ന കലാരൂപങ്ങളാണ് കുടകളി, വടിതല്ല്, മുടിയാട്ടം. ഈ പരിപാടിയുമായി പ്രദേശത്തെ വീടുകൾ കയറിയിറങ്ങി കിട്ടുന്ന പിരിവിന്റെ ഒരു വിഹിതം പള്ളിയിലും, അമ്പലത്തിലും കൊടുത്തിരുന്നു. മരണശേഷം തുള്ളലിൽ കൂടി പ്രേതത്തെ വരുത്തുന്നതിന് തുടികൊട്ടി പാടുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. നാവേറ്പാട്ട്, പുള്ളവൻ പാട്ട് ഇവയെല്ലാം നടന്നിരുന്നു. മരിച്ചു കഴിഞ്ഞാൽ 15 ന്റെ തലേരാത്രിയിൽ മരിച്ചയാളുടെ ജനനം മുതൽ മരണംവരെയുള്ള കാര്യങ്ങളും അപ്പനപ്പൂപ്പൻമാരേയും ദൈവങ്ങളെയും മറ്റും ചൊല്ലിപ്പാടുന്ന സവുന്ദിരം പാട്ട് കിണ്ണത്തിൽ കൊട്ടിപാടുന്ന പതിവുണ്ട്.


ആചാരങ്ങളേക്കാൾ അനാചാരങ്ങൾ ഏറെയുള്ള സാംസ്ക്കാരിക പശ്ചാത്തലത്തിന് മാറ്റം വരേണ്ടതുണ്ട്. എന്നാൽ പലകലകളും സംരക്ഷിക്കപ്പെടേണ്ടതായിട്ടുമുണ്ട്. സമൂഹത്തിന് മൊത്തമായി പങ്കെടുക്കാവുന്ന കലകളും സംസ്ക്കാരവും വളർന്നുവരുന്ന ഒരു കാലഘട്ടത്തിന് വേണ്ടിയുള്ള ശ്രമങ്ങളാണിന്നു നമുക്കാവശ്യം.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി – പട്ടിക വിഭാഗം

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുബങ്ങൾ
I	43	35
II	3	2
III	44	35
IV	56	40
V	38	30
VI	17	12
VII	4	1
VIII	5	1
IX	7	3
X	21	7
XI	സർവേ കാലത്ത് വാർഡില്ല	---------
ആകെ	**238**	**166**

അവലംബം : ജനസംഖ്യാ സെൻസസ്സ് –1991

സഹകരണ മേഖല



സഹകരണം

കാലടിഗ്രാമപഞ്ചായത്തിൽ സഹകരണസ്ഥാപനങ്ങൾ കുറവാണെന്നു പറഞ്ഞുകൂടാ എന്നാൽ ഓരോ കാറ്റഗറിയിലും പെട്ടസ്ഥാപനങ്ങൾ സ്തുത്യർഹമായി പ്രവർത്തിച്ചു കാണുന്നില്ല എന്നതാണ് സത്യം. സഹകരണത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഏറിവരുന്ന ഇക്കാലത്ത് സകഹരണരംഗത്തോടുണ്ടാകുന്ന അവഗണന വികസനപ്രക്രിയയെ സാരമായി ബാധിക്കുമെന്ന കാര്യത്തിൽ പക്ഷാന്തരമുണ്ടാവില്ല. കാർഷികം, വ്യവസായം, വിദ്യാഭ്യാസപരം, തൊഴിൽപരം തുടങ്ങി ഒട്ടേറെ തുറകളിൽ സഹകരണത്തിലൂടെ വികാസം നേടാൻ നമുക്ക് സാദ്ധ്യതയുണ്ട്. ഇവിടെയുള്ള സഹകരസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. കാലടി ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്.
2. ഹൗസിംഗ് സൊസൈറ്റി.
3. ഹരിജൻ വിവിധോദ്ദേശസഹകരണസംഘം.
4. കാർപ്പന്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മറ്റൂർ.
5. മൺപാത്ര നിർമ്മാണ സഹകരണസംഘം, മറ്റൂർ.
6. ക്ഷീരോല്പാദക ഓക്സീകരണസംഘങ്ങൾ.
7. നാഷണൽ എജൂക്കേഷനൽ സൊസൈറ്റി.
8. നെഹ്റു ആർട്ട്സ് സൊസൈറ്റി.
9. വനിതാ സഹകരണസംഘം (WINCOS)

കാലടി ഫാർമേഴ്സ് സഹകരണ ബാങ്ക് ഇവിടുത്തെ ഏറ്റവും പഴക്കം ചെന്ന സഹകരണ സ്ഥാപനമാണ്. വളരെക്കുറച്ചു അംഗസംഖ്യയോടെ പിരാരൂരിൽ 20-7-1955 ൽ ആരംഭിച്ച ഈ സ്ഥാപനം വളർച്ചയുടെ പലപടവുകൾ കടന്ന് ഇന്ന് ആലുവാതാലൂക്കിലെ ഒന്നാംകിട സഹകരണസ്ഥാപനങ്ങളിൽ ഒന്നായിത്തീർന്നിട്ടുണ്ട് ഇപ്പോൾ. ഈ ബാങ്കിൽ 12015 അംഗങ്ങളുണ്ട്. ഇതിന്റെ ഇപ്പോഴത്തെ കൂടുതൽ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

ഇപ്പോൾ ഈ ബാങ്കിന് ബ്രാഞ്ചുകളൊന്നുമില്ല. ഈ പഞ്ചായത്തിനു സുപ്രധാനകാര്യം സ്ഥാപനമെന്ന നിലയിൽ ബ്രാഞ്ചുകൾ തുടങ്ങുക എന്നത് അടിയന്തിരാവശ്യമാണ്. മാണിയ്ക്കാമംഗലം, പൊതിയക്കര, പിരാരൂർ എന്നിവിടങ്ങളിൽ ഇതിന്റെ കീഴിൽ ഏജൻസിവ്യവസ്ഥയിൽ വളംവില്പനശാലകൾ നടത്തിവരുന്നുണ്ട്. മേക്കാലടിയിലുണ്ടായുരുന്നത് നിർത്തിയിട്ട് വീണ്ടും തുടങ്ങാനയില്ല. സ്വർണ്ണപണമിടപാട് അംഗങ്ങൾക്ക് വലിയ ആശ്വാസമാണ്. സ്വകാര്യപണമിടാപാടുകാരുടെ ചൂഷണത്തിൽ നിന്നും തെല്ലെങ്കിലും ഒഴിവാകാൻ ഇതുവഴി സാധിയ്ക്കുന്നു. കാർഷികവശ്യങ്ങൾക്ക് പ്രാധാനമായി വായ്പകൾ നൽകുന്നു എങ്കിലും വ്യവസായികാവശ്യങ്ങൾക്കു ഓവർഡ്രാഫ്റ്റ് അനുവദിയ്ക്കാനും സ്വയംതൊഴിലിന് വായ്പ കൊടുക്കാനും നിലവിലുള്ള വായ്പതുകവർദ്ധിപ്പിയ്ക്കാനും കൂടുതൽ സൗകര്യമുണ്ടാകണം. IRDP വായ്പ വിതരണം ചെയ്യാനും കൃഷിഭവൻ പെർമിറ്റുകൾ പ്രകാരം വളം വിതരണം ചെയ്യാനും ഇപ്പോൾ ഈ ബാങ്ക് സഹായിയ്ക്കുന്നുണ്ട്. സഹകരണ ആക്റ്റിന്റെറയും റൂളിന്റെറയും സാങ്കേതികത്വങ്ങൾ ലഘൂകരിക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഓണക്കാലത്ത് ഓണച്ചന്ത നടത്തുക വഴി അക്കാലത്തെ സാധനങ്ങളുടെ അമിതവില വർദ്ധന പിടിച്ചു നിർത്താൻ കഴിയാറുണ്ട്. എന്നാൽ ഈ ബാങ്കിന്റെ കീഴിൽ കുറെക്കാലം മുമ്പുവരെ പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സ്റ്റോർ നിന്നുപോയത് പുനരാരംഭിച്ചിട്ടില്ല. സ്ഥിരമായി രണ്ടോ മൂന്നോ കൺസ്യൂമർ സ്റ്റോറുകൾ വിവിധ കേന്ദ്രങ്ങളിലായ് ബാങ്കിന്റെ കീഴിൽ തുടങ്ങേണ്ടതാണ്. തുണി, നോട്ടുബുക്കുകൾ എന്നിവ ഇപ്പോൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും തുണിയുടേയും സ്റ്റേഷനറിയുടേയും കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ട

കാലടിഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി. നമ്പർ 3789. കാലടി

അംഗീകൃത ഓഹരി മൂലധനം	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	സർക്കാർ ഓഹരി	സ്വീകരിച്ച നിക്ഷേപങ്ങൾ	കാർഷിക വായ്പ്പ	മറ്റുവായ്പ്പകൾ	ബ്രാഞ്ചുകൾ	കർസ്യൂമർ സ്റ്റോർ
1.5 കോടി രൂപ	1907650 രൂപ	197500 രൂപ	3420000 രൂപ	600000 രൂപ	28,6000 രൂപ	ഇല്ല.	ഇല്ല

താണ്. ഈ ബാങ്കിന് സ്വന്തമായി ഒരു ഇരുനില കെട്ടിടവും മറ്റൂർ കവലയ്ക്കു സമീപം ഒരു പഴയകെട്ടിടവും സ്വന്തമായിട്ടുണ്ട്. ഇവിടെ മാനേജിംഗ് ഡയറക്ടർ അടക്കം 9 ജീവനക്കാരുണ്ട്.

കാലടിപഞ്ചായത്തിലെ ഏക ഹരിജൻ സൊസൈറ്റിയാണ് മറ്റൂർ കേന്ദ്രമായി സ്ഥപിച്ചിട്ടുള്ള ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘം.

അംഗസംഖ്യ	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	സർക്കാർ ഓഹരി	നിക്ഷേപം	നൽകിയിട്ടുള്ള വായ്പകൾ	കിട്ടാനുള്ളത്	പ്രവർത്തനമാരംഭിച്ചത്.
533	10000 രൂപ	ഇല്ല	ഇല്ല	35000 രൂപ	21000 രൂപ	26-7-1977

ഹരിജന വികസനത്തിനുവേണ്ടി കാര്യമായ എന്തെങ്കിലും ചെയ്യാൻ കഴിയുന്നുണ്ടെന്നു ഈ സംഘത്തിന് അവകാശപ്പെടാൻ കഴിയില്ല. ചില ചിട്ടികളും നിസ്സാരവായ്പ്പകളും ഇതിന്റെ പ്രവർത്തനപരിധിയിൽ വരുന്നുണ്ട്. തൊഴിൽ പരമായ സാധ്യത കണക്കാക്കുകയും വ്യവകസയിക ലക്ഷ്യം വച്ചുകൊണ്ടും ഒരു ഫ്ളവർമിൽ സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടിയിട്ടുണ്ടെങ്കിലും അതുഇതുവരെ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു ടില്ലർ അനുവദിച്ച് കിട്ടിയിട്ടുള്ളത് പ്രവർത്തിപ്പിക്കുന്നുണ്ട്. സ്വന്തമായി കൊട്ടിടം സമ്പാദിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിമാനാർഹമാണ് ഹരിജനങ്ങളുടെ ഉന്നമനത്തെ ലക്കാക്കി പലതം ചെയ്യാൻ കഴിയുന്ന ഈ സഹകരണസ്ഥാപനത്തെ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ ഹൗസിംഗ് സൈസൈറ്റി പ്രവർത്തിച്ചിരുന്നു എങ്കിലും രണ്ടുമൂന്നു വർഷമായി നിർജീവമാണ്. അതിന്റെ ഓഫീസുപോലും കലാടിയിൽ നിന്നും അങ്കമാലിയിലേക്ക് മാറ്റി. കാലടി പ്രദേശത്ത് 10 ൽതാഴെ ഭവനനിർമ്മാണവായ്പ്പ വിതരണം ചെയ്തിട്ടുണ്ട് എന്നതിൽ കവിഞ്ഞു, അതിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. മാസശമ്പളക്കാരായ അനേകം പേരുള്ള കാലടിയിൽ ഭവന വായ്പ്പയ്ക്കുവേണ്ടി അവർ പരക്കം പായുകയാണ്. കേവലം ഒരു കടലാസു സംഘമായിട്ടാണ് ഇപ്പോൾ ഹൗസിംഗ് സൊസൈറ്റി കാലടിയിൽ അറിയപ്പെടുന്നത്.

പ്രത്യേക വിഭാഗം ജനങ്ങളുടെ തൊഴിൽ പരമായ സുരക്ഷിതത്വം വ്യാവസായികോന്നമനവും കണക്കാക്കി പഞ്ചായത്തതിർത്തിയിൽ സ്ഥാപിക്കപ്പെട്ട രണ്ടു സഹകരണ സ്ഥനപനങ്ങളുമാണ് കാർപ്പെന്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും മൺപാത്ര നിർമ്മാണ സഹകരണസംഘവും. കുറച്ചുകാലം മുമ്പുവരെ ഇവ രണ്ടും പ്രയോജനപ്രദമായി പ്രവർത്തിച്ചിരുന്നു. മറ്റൂർകേന്ദ്രമായി രൂപംശകാണ്ട ഈ രണ്ടു സംഘങ്ങളും ഇന്ന് പ്രവർത്തനക്ഷമമല്ല. ഈ രണ്ടു വിഭാഗത്തിലുംപെട്ട വളരെയധികംപേർ ജീവിയ്ക്കുന്ന ഈ പ്രപഞ്ചത്തിൽ ഈ രണ്ടു സംഘങ്ങളും പുനരുജീവിപ്പിയ്ക്കേണ്ടത് അടിയന്തിരാവശ്യമാണ്.

ക്ഷീരോല്പാദന രംഗത്തു ശ്രദ്ധയമായ കാൽവയ്പ്പുകൾ നടത്താൻ കാലടി പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ക്ഷീരോല്പാദക യൂണിയന്റെ കീഴിൽ പ്രവർത്തിക്കുന്ന APCOS മാതൃകയിലുള്ള നാലുസംഘങ്ങൾ ഇവിടെയുണ്ട്. ഇവ പിരാരൂർ, മറ്റൂർ, മേക്കാലടി, മാണിക്യമംഗലം എന്നിവിടങ്ങളിലാണ്. ഈ യൂണിറ്റുകളിലെ പാൽസംഭരണം ശരാശരി 400 ലിറ്ററാണ്. ഇതിൽ പകുതിയിലധികവും പാൽ ഡയറിക്ക് കൊടുക്കുകയും ബാക്കി ഈ പഞ്ചായത്തിൽ വിതരണം ചെയ്യുകയും ചെയ്യുന്നു.

ക്ഷീരരംഗത്തു സ്വകാര്യമേഖലയിലുള്ള ഒരു ജനകീയ സ്ഥാപനമാണ് മരോട്ടിച്ചോട് കേന്ദ്രമായി പ്രവർത്തിക്കുന്ന പീപ്പിൾസ് ഡയറി ഡവലെപ്പ്മെൻറ് പ്രോജക്ട് PDDP. ചെറിയ തോതിൽ ആരംഭിച്ച ഈ സ്ഥാനപം ഇന്ന് വിവിധ ജില്ലകളിൽ ക്ഷീരവിതരണവും ഇതര സേവനങ്ങളും നടത്തുന്ന ഒരു വൻ സ്ഥാപനമായി വളർന്നു നില്ക്കുന്നു. മരോട്ടിച്ചോട്ടിൽ പാസ്ച്ചുറൈസേഷൻ പ്ലാൻറ് പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ബ്രാഞ്ചുകളായി പിരാരൂർ, മരോട്ടിച്ചോട്, പൊതിയക്കര, മാണിയ്ക്കമംഗലം

എന്നവിടങ്ങളിൽ യൂണിറ്റുകളുണ്ട്. കറവമാടുകളെയും കന്നുകുട്ടികളേയും വിതരണം ചെയ്യുന്നതിന് പുറമെ പന്നിവളർത്തൽ, കോഴിവളർത്തൽ, ആടുവളർത്തൽ, പുൽകൃഷി എന്നീ വിഷയങ്ങളിൽ കർഷകർക്ക് സഹായം നല്കുന്നു. ഇതിന്റെ ഹെഡ് ഓഫീസിൽ സദാസന്നദ്ധരായിരിക്കുന്ന മൃഗഡോക്ടർമാരും ഡയറിഅസിസ്റ്റന്റുമാരും മൃഗചികിത്സാരംഗത്തും കിടയറ്റ സേവനമാണു ചെയ്തുകൊണ്ടിരിക്കുന്നത്. ഇത്ര വിപുലവും വ്യാപകവുമായ സ്വകാര്യമേഖലയിലെ ഒരു സഹകരണ - ജനകീയ സ്ഥാപനം പടുത്തുയർത്തി കൊണ്ടുവന്നതിൽ ഇന്നും അതിന്റെ ചെയർമാനായി ഫാ. ജോർജ് മുട്ടുമന അഭിനന്ദനാർഹനാണ്. പശുപ്രദർശനങ്ങൾ, സെമിനാറുകൾ തുടങ്ങി ക്ഷീരവികസനരംഗത്ത് ആവിശ്യമായ എല്ലാ ബോധനപരിപാടികളും സംഘടിപ്പിക്കുന്നതിൽ PDDP ബദ്ധശ്രദ്ധമാണ്.

പൊതുസാമ്പത്തിക പ്രശ്നങ്ങൾക്കു ഒരു പരിധിവരെയെങ്കിലും പരിഹാരമുണ്ടാക്കുന്നതിനും തൊഴിലില്ലായ്മയുടെ രൂഷത അല്പമെങ്കിലും കുറയ്ക്കാൻ സഹായകമാകുന്നതിനും കാർഷികവും വ്യാവസായികവുമായ പുരോഗതി ഉണ്ടാകുന്നതിനും വനിത, ഭവന നിർമ്മാണം, പട്ടികജാതി-പട്ടികവർഗ്ഗ ഉന്നമനം പൊതുവിതരണം എന്നീ വിഷയങ്ങളിൽ ശരിയായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനും പഞ്ചായത്തിൽ സഹകരണസ്ഥാപനങ്ങളുടെ എണ്ണവും വണ്ണവും വർദ്ധിക്കണമെന്നകാര്യം കൂടുതൽ വ്യക്തമായികൊണ്ടിരിക്കുന്നതിനാൽ പഞ്ചായത്തു കമ്മിറ്റി ഈ രംഗത്തിനു പ്രഥമവും പ്രധാനവുമായ പരിഗണന നല്കേണ്ടതുണ്ട്.


പ്രശ്നങ്ങൾ

1. കാലടി ഫാർമേഴ്സ് സഹകരണ ബാങ്കിൽ വായ്പാസൗകര്യങ്ങൾ പോരാ; അതിനു ശാഖകളില്ല.
2. വായ്പത്തുക കാലോചിതമായി പരിഷ്ക്കരിച്ചിട്ടില്ല.
3. ഹരിജൻ സൊസൈറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
4. സഹകരണ സ്ഥാപനങ്ങളിൽ വിപണന-വിതരണ സൗകര്യങ്ങളില്ല.
5. ഹൗസിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചുപോയി.
6. പരമ്പരാഗത തൊഴിലുകളെ അടിസ്ഥാനമാക്കിയുള്ള സഹകരണസംഘങ്ങളില്ല. ഉള്ളവ നാശോന്മുഖമായി.
7. പൊതുവിതരണ രംഗത്തു സഹകരണ സംഘങ്ങൾ മുൻകൈയെടുക്കുന്നില്ല.
8. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ വളരെ കുറച്ചേയുള്ളൂ.

സാധ്യതകൾ

1. കാലടി ഫാർമേഴ്സി സഹകരണ ബാങ്കിൽ വായ്പസൗകര്യം വർദ്ധിപ്പിക്കണം. ബാങ്കിന് പഞ്ചായത്തിന്റെ വിവിധവാർഡുകളിൽ നാല് ശാഖകളെങ്കിലും തുറക്കണം. ഈവനിംഗ് കൗണ്ടർ ആരംഭിക്കണം.
2. വളങ്ങളുടെയും കീടനാശിനികളുടേയും മറ്റു കാർഷികോത്പന്നങ്ങളുടെയും വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ വായ്പതുക വർദ്ധിപ്പിക്കണം.
3. ഹരിജൻ സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
4. വിവിധ വാർഡുകളിൽ കാർഷീകോത്പന്നങ്ങൾ സംഭരിക്കാൻ ഫാർമേഴ്സ് ബാങ്ക് തയ്യാറാവുക.
5. നിലച്ചുപോയ ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുക.
6. കാർപ്പന്റേറഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും മൺപാത്ര നിർമ്മാണ സഹകരണസംഘവും പ്രവർത്തന ക്ഷമമാക്കുകയും ഈറ്റ പനമ്പുത്പന്നങ്ങളുടെ സംഭരണ - വിതരണ സംഘം സ്ഥാപിക്കുകയും ചെയ്യുക.
7. പൊതുവിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ വിവിധവാർഡുകളിൽ കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങുക.
8. ഷീരോത്പാദക സഹകരണസംഘങ്ങൾ എല്ലാവാർഡിലും സ്ഥാപിക്കുക. പഞ്ചായത്തിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

വിഭവസമാഹരണം




വിഭവ സമാഹരണം

കാലടി പഞ്ചായത്തിന്റെ വിഭവസമാഹരണത്തിൽ പ്രധാന പങ്ക് നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുകയാണ്. പ്രധാനമായും തൊഴിൽ നികുതിയിനത്തിലും കെട്ടിട നികുതിയിനത്തിലും ലഭിക്കുന്ന വരുമാനത്തിന്റെ തോത് കഴിഞ്ഞ 15 വർഷത്തിനുള്ളിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഒരു താരതമ്യ വിശകലനത്തിന്, താഴെ പട്ടിക നല്കുന്നു.

കെട്ടിട നികുതി	വീടുകൾ	വ്യാപാര സ്ഥാപനങ്ങൾ	വ്യവസായ ശാലകൾ	മറ്റ് സ്ഥാപനങ്ങൾ	ആകെ
1991-92					1,91,110
1992-93					2,22,600
1993-94					2,37,000
1994-95					3,33,200,
1995-96					4,02,090

തൊഴിൽ നികുതി	സർക്കാർ സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ	രജി: മറ്റു സ്ഥാപനങ്ങൾ	ആകെ

91-1992 - 1,67,269
92-1993 - 1,97,500
93-1994 - 2,36,400
94-1995 - 2,71,700
95 - 1996 - 4,04,125



കാഴ്ച നികുതി
91-92 1065 + 266 = 1331
92-93 1200 + 300 = 1500
93-94 1100 + 300 = 1400
94-95 1910 + 490 = 2400
95-96 2190 + 548 = 2738

വിനോദ നികുതി
91-92 27910 + 16614 = 44524
92-93 36900 + 22000 = 58900
93-94 40000 + 24000 = 64000
94-95 45000 + 26900 = 71900
95-96 62620 + 37572 = 100192

പരസ്യ നികുതി
93-94
94-95 3050
95-96 8000

ലൈസൻസ്
91 6759
92 8200
93 29000
94 26,600
95 - 96 52890

പഞ്ചായത്ത് സ്വത്തുക്കൾ (മാർക്കറ്റ്, വാടക, Shopping)
91-92 86410
92-93 150700
93-94 181,600
94-95 2,30,000
95-96 2,71,000 (Market)

റവന്യൂ വരുമാന വിഹിതം
Vehicle tax =
91 Nil
91-92 -93 94,500
93-94 18700
94-95 23,000
95-96 1,66,020
Basic Tax
91 --- nil
92- nil
93- 28,600
94 27,300
95-96

75 % ഡ്യൂട്ടി
91-92 74,100 + 90,000 = 1,64,100
93 1,88,700 + 1,50,000 =3,38,700
94 2,32,700 + 1,00,000 = 3,32,700
95 -96 2,16,462 + 1,29,366 = 3,75,828
ഗ്രാന്റ്
Unit F. 91 - 1,70,000
92 2,86,000
93 1,90,000
94. 2. 65, 000
95 -96 2,76, 700
Will R.M. Grant
92 - 12,100
93 12300
94 14200
95- 96 16470

MI Grant
92-93 6000
93-94 6000
94-95 6000
95-96 6000

ചിലവുകൾ	91	92	93	94	95-96
പൊതുഭരണച്ചെലവ്	488906	6,14,210	647230	567687	654203
പൊതുമരാമത്ത്	60989	1,22,648	74859	473056	276700
വൈദ്യുതി	103852	100829	114337	197191	220283
വെള്ളം	4482	16790	194850	–	–
വിദ്യാഭ്യാസം	1250	23434	21870	12416	24598
പൊതു ജനാരോഗ്യം	1160	4000	–	–	
സാമൂഹ്യക്ഷേമം	11505	4587	12650	13101	
മറ്റ് ചിലവുകൾ					

വരുമാന പട്ടിക

	വിഭവ സമാഹരണം								റവന്യൂ വരുമാനം				ഗ്രാന്റ്				
വർഷം	കെട്ടിട നികുതി	തൊഴിൽ നികുതി	കാഴ്ച നികുതി	വിനോദ നികുതി	പരസ്യ നികുതി	ലൈസൻസ്	പഞ്ചായത്ത് സ്വത്തുക്കൾ മാർക്കറ്റ്, വാടക, ഷോപ്പിംഗ്	ആകെ	വാഹന നികുതി	അടിസ്ഥാന നികുതി	75% ഡ്യൂട്ടി	ആകെ	United fund	Village R.M ഗ്രാന്റ്	M.T ഗ്രാന്റ്	ആകെ	മൊത്തം ആകെ
1991-92	1,91,110	1,67,269	1,331	44,524	-	6,754	86,410	**4,97,403**	-	-	-	-	1,70,000	-	-	**1,70,000**	**6,67,403**
1992-93	2,22,600	1,97,500	1,500	58,900	-	8,200	1,50,700	**6,39,400**	94,500	-	1,64,100	**2,58,600**	2,86,000	12,100	6,000	**3,04,100**	**12,02,100**
1993-94	2,37,000	2,36,400	1,400	64,000	-	29,000	1,81,600	**7,49,400**	18,700	28,600	3,38,700	**3,86,000**	1,90,000	12,300	6,000	**2,08,300**	**13,43,700**
1994-95	3,33,200	2,71,700	2,400	71,900	3,050	26,600	2,30,000	**9,38,850**	23,000	27,300	3,32,700	**3,83,000**	2,65,000	14,200	6,000	**2,85,200**	**16,07,050**
1995-96	4,02,090	4,04,125	2,738	1,00,192	8,000	52,890	2,11,000	**11,81,035**	1,66,020	-	3,75,828	-	2,76,700	16,470	6,000	**2,99,170**	**19,70,623.35**

ചെലവുകൾ

വർഷം	പൊതുഭരണ ചിലവ്	പൊതുമരാമത്ത്	വൈദ്യുതി	വെള്ളം	വിദ്യാഭ്യാസം	പൊതുജനാരോഗ്യം	സാമൂഹ്യക്ഷേമം	ആകെ
1991-92	4,88,906	60,989	1,03,852	4,482	1,250	1,160	11,505	6,72,144
1992-93	6,14,210	1,22,648	1,00,829	16,790	23,434	4,000	4,587	8,86,498
1993-94	6,47,230	74,859	1,14,337	1,94,850	21,870	-	12,650	10,65,796
1994-95	5,67,687	4,73,056	1,97,191	-	12,416	-	13,101	12,63,451
1995-96	6,54,203	2,76,700	2,20,283	-	24,598	-	-	14,13,893-20

കെട്ടിട നികുതിയിനത്തിൽ വരവ്		പരസ്യ നികുതിയിനത്തിൽ വരവ്	
1991-92	1,91,110		
1992	2,22,600	1993-94	
1993	2,37,000	1994-95	3,050
1994-95	3,33,200	1995-96	8,000
1995-96	4,02,090		11,050

തെഴിൽ നികുതിയിനത്തിൽ വരവ്		ലൈസൻസ് ഇനത്തിൽ വരവ്	
1991-92	1,67,269	1991	6,759
1992-93	1,97,500	1992	8,200
1993-94	2,36,400	1993	29,000
1994-95	2,71,700	1994	26,600
1995-96	4,04,125	1995-96	52,890
			1,23,449

കാഴ്ച നികുതിയിനത്തിൽ വരവ്		പഞ്ചായത് സ്വത്തുക്കൾ	
1991-92	1,33,1	1991-92	86,410
1992-93	1,500	1992-93	1,50,700
1993-94	1,400	1993-94	1,81,600
1994-95	2,400	1994-95	2,30,000
1995-96	2,738	1995-96	2,11,000
			8,59,710

വിനോദ നികുതിയിനത്തിൽ വരവ്		വാഹന നികുതിയിനത്തിൽ വരവ്	
1991-92	44,524	1990-91	Nil
1992-93	58,900	1991-92-93	94,500
1993-94	64,000	1993-94	18,700
1994-95	71,900	1994-95	23,000
1995-96	1,00,192	1995-96	1,66,020
			3,02,220

Basic Tax	
1991	Nil
1992	Nil
1993	28,600
1994	27,300
	55,900

75% ഡ്യൂട്ടി	
1991-92	1,64,100
1993	3,38,700
1994	3,32,700
1995-96	3,75,828
	12,11,328

ഗ്രാന്റ്	
1991	1,70,000
1992	2,86,000
1993	1,90,000
1994	2,65,000
1995-96	2,76,700
	11,87,700

M.T. ഗ്രാന്റ്	
1992-93	6,000
1993-94	6,000
1994-95	6,000
1995-96	6,000

R.M ഗ്രാന്റ്	
1992	12,100
1993	12,300
1994	14,200
1995-96	16,470
	55,070

ചൈലവ് സംബന്ധിച്ച വിവരങ്ങൾ Ref. C, B. (1995-96)

ഇനം	തുക
1	2
ഭരണം	6,54,420.00
പൊതുമരാമത്ത്	35,267.00
വിദ്യാഭ്യാസം	24,598.00
ജലവിതരണം, ഓടകൾ,പൊതുജനാരോഗ്യം	162,919.00
തെരുവുവിളക്കുകൾകത്തിക്കുന്നത്	220,283.00
മറ്റുള്ളവ	316,623.00
ആകെ	14,13,893.00


പൊതു സാമ്പത്തിക നില Ref. B


-	പൊതു കണക്ക്	മൂലധന കണക്ക്	കടം സംബന്ധിച്ച കണക്
1	2	3	4
വരവ്	24,21,572.00	2,76,700.00	36,802.00
ചെവ്	11,79,029.00	2,07,364.00	27,500.00


പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ Ref. Work Bill Register

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ്	യഥാർത്ഥ ചെലവ്		
		ഗ്രാന്റ് തുക	പഞ്ചാ. ഫണ്ട്	ആകെ
1	2	3	4	5
റോഡ്	56,700.00	56,700	300	57,000
തോട്	–	–	–	–
കെട്ടിടം	–	–	–	–
നടപ്പാലം	–	–	–	–
മറ്റുള്ളവ(കക്കൂസ്)	2,20,000.00	2,20,000	4,000	2,24,000
ആകെ	**2,76,700.00**	**2,76,700**	**4,300**	**2,81,000**

തൻവർഷത്തെ വരവിനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ പട്ടികയിനത്തിൽ വിശദീകരിച്ചിരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കെട്ടിട നികുതിയിൽ കാലാനുസൃത സർവകലാശാലയിൽനിന്നും തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയ തുകയും പരിശോധിക്കുമ്പോൾ ഇത് ബോദ്ധ്യപ്പെടും







മുൻവർഷത്തെ അപേക്ഷിച്ച് പഞ്ചായത്തിന്റെ ധനസ്ഥിതിയിൽ കാര്യമായ മാറ്റം സംഭവിച്ചിട്ടുണ്ട്. മൊത്തം നികുതിയിനവരുമാനത്തിൽ തനത് നികുതി വരുമാനം 48 % ആണ്. സംസ്ഥാന സർക്കാരിൽ നിന്നും 8,39,550 രൂപയാണ്. അത് 40 % ത്തോളം വരും. ഇതിനെ സംബന്ധിച്ച് വരുമാനത്തിന്റെ പട്ടിക താഴെകൊടുക്കുന്നു. 5വർഷമായി ഉണ്ടായിട്ടുള്ള പട്ടികയും ഇതോടൊപ്പം ചേർക്കുന്നു. വ്യവസായ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന ലൈസൻസ് ഫീ വർഷങ്ങളായി ഒരേ തോതിൽ ആണെന്നും കാര്യമായ വർദ്ധനവ് വരുത്തിയാൽ വിഭവ സമാഹരണത്തിന് സാദ്ധ്യതയാവും. വസ്തു കൈമാറ്റനികുതിയിനത്തിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിന് നല്കുന്ന തുകയുടേതുപോലെ ഒരു തുക പഞ്ചായത്തിന് വിഹിതമായി നേരിട്ട് സ്വരൂപിക്കാനുള്ള തീരുമാനം ഉണ്ടാക്കും. സർക്കാരിൽനിന്നും ലഭിക്കുന്ന ധനസഹായത്തിൽ അൺടൈഡ് ഫണ്ടിന്റെ ശതമാനം പൊതു ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്ന JRY ഫണ്ട്.

എസ്റ്റബ്ലിഷ്മെൻറ് ഗ്രാൻറിന്റെ തുക വർദ്ധിപ്പിക്കാൻ ശ്രമം നടത്തേണ്ടതുണ്ട്.

പഞ്ചായത്തിന്റെ ചിലവിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 5 വർഷങ്ങളിലെ വിവരങ്ങൾ വച്ച് പരിശോധിച്ചതിൽ എസ്റ്റാബ്ലിഷ്മെൻറ് ചിലവ് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. എസ്റ്റാബ്ലിഷ്മെൻറ് ചിലവ് ഗണ്യമായി വർദ്ധിക്കാനുള്ള കാരണം ഉദ്യോഗസ്ഥന്മാരുടെ ശമ്പളയിനത്തിലുണ്ടായ വർദ്ധനവുതന്നെയാണ്. പഞ്ചായത്ത് സമിതി അംഗങ്ങൾക്ക് അലവൻസ് വർദ്ധിപ്പിച്ചതും ഭരണച്ചിലവിനത്തിലെ വർദ്ധനയ്ക്ക് കാരണമാണ്. കാലാനുസൃതമായി പ്രിൻറിംഗ്, സ്റ്റേഷനറി തുടങ്ങിയ ചിലവിനങ്ങളിലും ഉണ്ടായ വർദ്ധനവ് വൈദ്യുതി ചാർജിനത്തിലുള്ള ഗണ്യമായ വർദ്ധനവുണ്ടെങ്കിലും പൊതുനിരത്തിലെ വിളക്കുകൾ കത്തുന്നതിൽ അതിനേറേതായ പ്രയോജനം ഇല്ലാത്തതും. 2,22,163 11% ചിലവഴിക്കുന്നു. മൊത്തം ചിലവിനത്തിന്റെ 20 % ത്തോളം പൊതുമരാമത്ത് കാര്യങ്ങൾക്ക് ചിലവിടുന്നുണ്ട്. കഴിഞ്ഞ വർഷം 4.75 ലക്ഷം രൂപയോളം മുടക്കിയിട്ടുണ്ട് മിക്കവാറും റോഡുപണികൾ കോൺട്രാക്റ്റ് നല്കിയാണിതുവരെ നടത്തിയിട്ടുള്ളത്. മറ്റുവികസനചെലവിനത്തിൽ സോഡിയം തെരുവുവിളക്കുകൾ സ്ഥാപിച്ചതിന് 25,000 രൂപയും ദുർബല വിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കുമായി കക്കൂസുകൾ പണിതു നല്കിയിട്ടുണ്ട്.

പ്രത്യക്ഷ ഉല്പാദന മേഖലകളിൽ പഞ്ചായത്തിൽ സമീപകാലത്ത് കാര്യമായി പ്രവൃത്തികളൊന്നും നടന്നിട്ടില്ല. വായ്പയുടെ ഉപയോഗത്തിലുള്ള ആസ്തികളിൽനിന്നും ലഭിക്കുന്നതുകൊണ്ട് തിരിച്ചടക്കുന്നതിന് ഉപയുക്തമാവുന്നില്ല.

ധനകാര്യ കമ്മീഷന്റെറയും സെൻകമ്മീഷന്റെറയും റിപ്പോർട്ടുകൾ സംബന്ധിച്ച് പഞ്ചായത്തുകൾക്കുള്ള ധനകാര്യഅവകാശങ്ങളെകുറിച്ച് അഭിപ്രായം പഞ്ചായത്ത് സമിതിയുടെ രേഖപ്പെടുത്തണം.

ബാങ്കുകൾ

ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെ വാണിജ്യ ബാങ്കുകൾ 5 ബാങ്കുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

1. യൂണിയൻ ബാങ്ക്
2. ബാങ്ക് ഓഫ് ഇന്ത്യ
3. സൗത്തിന്ത്യൻ ബാങ്ക്
4. എറണാകുളം ജില്ലാ സഹകരണബാങ്ക്.
5. കലാടി ഫാർമേഴ്സ് കോ-ഒപ്പറേറ്റീവ് ബാങ്ക്.
6. സഹകരണ വായ്പ സംഘങ്ങൾ

യോഗക്ഷേമ സഭ നടത്തുന്ന ചിട്ടി സ്ഥാപനം.

ബാങ്കിന്റെ പേര്	പട്ടിക നിക്ഷേപം രൂ. ലക്ഷം	95-96 വായ്പ രൂ. ലക്ഷം
യൂണിയൻ ബാങ്ക്		
ബാങ്ക് ഓഫ് ഇന്ത്യ		
സൗത്തിന്ത്യൻ ബാങ്ക്	437	174
ജില്ലാസഹകരണ ബാങ്ക്	474.89	547.74
കാലടി ഫാർമേഴ്സ്സഹകരണബാങ്ക്		

കൂടാതെ മണിലെൻറേഴ്സ് വിഭാഗത്തിൽ

പ്പെടുന്ന 8 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 36% പലിശ വാങ്ങിയാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. പണ്ടം, വസ്തു തുടങ്ങിയവയുടെ പണയത്തിലാണ് വായ്പകൾ അനുവദിക്കുന്നത്.

ഗൾഫ് കുടിയേറ്റത്തോടനുബന്ധിച്ച് മേക്കാലടി ഭാഗത്ത് 150ഓളം പേരുണ്ട്. വ്യവസായ മേഖലയിൽ ഇവരിൽ ഭൂരിഭാഗവും പണംമുടക്കി തൊഴിൽ ചെയ്യുന്നുണ്ട്. കൂടുതൽ വ്യവസായ മേഖലയിൽ ഇടപെടിക്കുവാനുള്ള സാദ്ധ്യത ഈ വിഭാഗത്തിലുണ്ട്. സംഭാവന രൂപത്തിലും എന്റോവ്മെന്റ് രൂപത്തിലും വിദേശമലയാളികളുടെ സഹായം ലഭ്യമാക്കിയാൽ വികസന പ്രവർത്തനത്തിന് വിഭവ സമാഹരണം സാദ്ധ്യമാക്കാൻ കഴിയും.

1. സന്നദ്ധ പ്രവർത്തനങ്ങളുടെ വികസന സാദ്ധ്യതകൾ

സ്ഥാപനങ്ങൾ

(a) നാഷണൽ സേവിംഗ്സിൽ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളെയും ചേർത്ത് അതിന്റെ വിഹിതം വികസനപ്രവർത്തനത്തിന് ഉപയോഗിക്കാൻ സാധിക്കും.

(b) നാഷണൽ സർവ്വീസ് സ്കീമിലുള്ള വിദ്യാർത്ഥികളുടെ സന്നദ്ധസേവനങ്ങളിലൂടെ പൊതുമരാമത്ത്, പരിസരശുചീകരണം തുടങ്ങിയ കാര്യങ്ങളിൽ നേട്ടമുണ്ടാക്കാൻ കഴിയുമെന്ന പ്രത്യാശയാണുള്ളത്.

(c) സംസ്കൃത സർവ്വകലാശാലയിലെ സോഷ്യൽവർക്ക് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സന്നദ്ധ പ്രവർത്തകരുടെ സംഘടനാ ശേഷി വർദ്ധിപ്പിച്ച് വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാക്കാൻ കഴിയും.

(d) നേച്ചർ ക്ലബ്ബുകളുടെ സഹായത്തോടെ പരിസ്ഥിതി പ്രവർത്തനത്തിന് ഊന്നൽ നല്കുന്ന സാമൂഹ്യവനവല്ക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതുണ്ട്.

(e പഞ്ചായത്തുതലത്തിൽ വിവിധ സാംസ്കാരിക സംഘടനകളുടെ കേന്ദ്രസമിതി പ്രവർത്തനമാരംഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിലേക്ക് സന്നദ്ധസേനകളുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുണ്ട്.

(f) വ്യക്തിപരമായ സ്പോൺസറിംഗിലൂടെ പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിനുള്ള സാമ്പത്തിക സഹായം നേടാൻ ശ്രമിക്കാവുന്നതാണ്.

(g) വിദേശമലയാളികളിൽനിന്നും ഫണ്ട് സ്വരൂപിക്കാനുള്ള പരിപാടി ആരിഷ്ക്കരിച്ചു നടപ്പാക്കാവുന്നതാണ്.

കാലടി പഞ്ചായത്തിലെ സ്കൂളുകളിൽ പി. ടി. എ. പ്രവർത്തനം ശക്തമാക്കേണ്ടതുണ്ട്. വിഭവസമാഹരണത്തിന് പി. ടി. എയുടെ പങ്ക് വിദ്യാഭ്യാസരംഗത്ത് ഒഴിച്ചു കൂടാനാവാത്തതാണ്. പി. ടി. എ. ഫണ്ട് സ്വരൂപിക്കാൻ ശ്രമം നടത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ-നികുതിയിനത്തിൽ പിരിച്ചെടുക്കുന്നത് പൂർണ്ണമായ തോതിൽ കഴിഞ്ഞിട്ടില്ല.
2. ഭരണച്ചെലവിനത്തിലെ ഗണ്യമായ വർദ്ധനവ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്.
3. പൊതുമാരാമത്ത് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്തു ചെയ്യാതെ, കോൺട്രാക്ടർമാരുടെയും മദ്ധ്യവർത്തികളുടേയും ലാഭേച്ഛയും അമിതലാഭവും നിർമ്മാണരംഗത്ത് ഗുണമേന്മകുറയ്ക്കുകയും വിഭവത്തിന്റെ നല്ലൊരു പങ്ക് അപഹരിക്കുകയും ചെയ്യുന്നു.
4. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വേണ്ടത്ര വായ്പ പഞ്ചായത്തിന് ലഭിക്കുന്നില്ല. വായ്പ ലഭ്യമാക്കുന്നതിൽ ഏറെ തടസ്സങ്ങൾ നിലനില്ക്കുന്നു. ഈ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നിബന്ധനങ്ങൾ ബാങ്കുകൾ ലഘൂകരിക്കേണ്ടതുണ്ട്.
5. പഞ്ചായത്തിന്റെ പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് സ്കീമുകൾതയ്യാറാക്കുന്നതിൽ വിഭവത്തിന്റെ ലഭ്യതയ്ക്കനുകൂലമായി പ്രവർത്തിക്കാൻ ഏറെ അസൗകര്യങ്ങൾ ഉണ്ട്.
6. വായ്പാവിനിയോഗത്തിലും ഫണ്ടിന്റെ ഉപയോഗത്തിലും ആസൂത്രണത്തിന്റെ കുറവ്, ഫണ്ടുകളെ മുൻഗണനാക്രമം നിശ്ചയിക്കാതെയുള്ള വിനിയോഗം.
7. പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗം സംബന്

ധിച്ച കണക്കുകളുടെ സുതാര്യതയില്ലായ്മ.

8. നികുതി, ഗ്രാൻറ് തുടങ്ങിയ ഫണ്ടുകളുടെ ക്രമീകരണത്തിലെ നിയമാനുസൃതമല്ലാത്തതും അശാസ്ത്രീയവുമായ കാരണങ്ങൾ മൂലമുള്ള അവ്യക്തത.
9. സന്നദ്ധപ്രവർത്തകരുടെ പങ്കാളിത്തം കുറവ് സന്നദ്ധപ്രവർത്തനങ്ങളിൽ പൊതുവായി സംഭവിച്ചിട്ടുള്ള മൂല്യത്തകർച്ച.
10. മനുഷ്യവിഭവശേഷിവേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതിയാവിഷ്ക്കരണത്തിൻെറ അപര്യാപ്തത.
11. തൊഴിലും തൊഴിലില്ലായ്മയും തമ്മിൽ ബന്ധപ്പെടുത്തുന്നതിലെ കാഴ്ചപ്പാടിൻെറ കുറവ്.
12. വിഭവസമാഹരണത്തിന് ഗവ: മറ്റ് ഫണ്ടുകളെ മാത്രം ആശ്രയിക്കുന്ന രീതി. എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ.

സാദ്ധ്യതകൾ

- നികുതിപിരിവ് കാര്യക്ഷമമാക്കേണ്ടതുണ്ട്. ഏറ്റവും പ്രധാനമായി ലഭിച്ചുകൊണ്ടിരിക്കുന്നത്. കെട്ടിടനികുതി, തൊഴിൽ നികുതിയിനങ്ങളിലാണ്. എന്നാൽ കെട്ടിടനികുതി പിരിവിൻെറ ഘടനമാറ്റേണ്ടതുണ്ട്. ഇപ്പോൾ കെട്ടിടങ്ങൾക്ക് നമ്പർ ഇട്ടുകഴിഞ്ഞാൽപ്പിന്നെ അതേ നികുതി മാത്രമാണ് അടയ്ക്കുന്നത്. പിന്നീട് എക്സ്റ്റൻഷൻ നടത്തുമ്പോൾ അതിന് പ്രത്യേകം വീണ്ടും നികുതി ഈടാക്കുന്നില്ല.
- വിഭവസമാഹരണത്തിന് ആവശ്യമായ മനുഷ്യശേഷി ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കും.
- നികുതി നിരക്ക് കാലാനുസൃതമായ രീതിയിൽ ഉയർത്താവുന്നതാണ്.
- ഭരണച്ചെലവ് പരമാവധി കുറയ്ക്കാവുന്നതാണ്.
- പഞ്ചായത്ത് നിയമം നല്കുന്ന പുതിയ നികുതിയധികാരങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.
- ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പകൾ ഉപയോഗിച്ച് ഉല്പാദനപ്രവർത്തനത്തിന് ആക്കം കൂട്ടാം.
- സന്നദ്ധസംഘടനകൾക്ക് പ്രോജക്റ്റ് അടിസ്ഥാനത്തിൽ കേന്ദ്രഗവ:ൽനിന്നും സഹായധന പദ്ധതികളിൽനിന്നും ലഭ്യമാക്കാവുന്ന തുക ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.


കാലടി പഞ്ചായത്തിൽ എല്ലാവാർഡുകളിൽ നിന്നും പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ച് "കാലടിഗ്രാമപഞ്ചായത്ത് കോ - ഓപ്പറേറ്റീന് സൊസൈറ്റി" രൂപീകരിക്കുക. കാലടി പഞ്ചായത്തിലെ കഴിയുന്നത്ര എല്ലാ കുടുംബങ്ങളിൽനിന്നും ഷെയർ പിരിച്ചെടുക്കുക. (ഏകദേശം 10,000) അതുവഴി 200×10000) 2 ലഷം രൂപ സമാഹരിക്കാം. ബാങ്കിംഗ് മേഖലയും പ്രവർത്തിപ്പിക്കണം (മറ്റൂർ സൊസൈറ്റിപോലെ) ലോണുകൾ (കാർഷികം, ചെറുകിട വ്യവസായം വ്യക്തിഗതം) അനുവദിക്കുക. കാലടിപഞ്ചായത്തതിർത്തിയിൽ ഉള്ളവർക്ക് പഞ്ചവത്സര ബോണ്ടുകൾ പുറത്തിറക്കുക. പെൻഷൻ സ്കീം, ക്ഷേമപദ്ധതി സ്കീം, കൂടാതെ ഉത്സവ സ്കീം (ക്രിസ്തുമസ്, ഓണം) എന്നിവയും തുടങ്ങാവുന്നതാണ്. ബാങ്കുമുഖേന Medical Insurace Scheme (വ്യക്തിഗതം) ആരംഭിച്ചാൽ ആരോഗ്യം വിഭവവും ഒരുമിച്ചു പരിഹരിക്കാവുന്നതാണ്.

സൊസൈറ്റി വഴി സൂപ്പർ മാർക്കറ്റ് നടത്തണം ഏജൻസികളിൽനിന്നും നേരിട്ടോ അല്ലാതെയോ കുറഞ്ഞനിരക്കിൽ സാധനങ്ങൾ വാങ്ങി, ലാഭം കുറച്ചുമാത്രം എടുത്ത് പൊതുമാർക്കറ്റിനേക്കാൾ (വിലകുറച്ച് (MRP യിൽ കുറവ്) ജനങ്ങൾക്ക് സാധനങ്ങൾ വിതരണം ചെയ്യണം. സൂപ്പർ മാർക്കറ്റിൽ പലചരക്ക് സാധനങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, പച്ചക്കറികൾ, അത്യാവശ്യ തുണിത്തരങ്ങൾ (കൈലി, മുണ്ട്, തോർത്ത്, കുറഞ്ഞസാരികൾ മുതലായവ), വീട്ടാവശ്യത്തിനുള്ള അത്യാവശ്യപാത്രങ്ങൾ ഈറ്റ നിർമ്മിത സാധനങ്ങൾ, മൺപാത്രങ്ങൾ എന്നിവ ഉൾപ്പെടുത്തണം. വളങ്ങളും കീടനാശിനികളും ഉൾപ്പെടുത്താം. ലോൺവഴി കാർഷികോപകരണങ്ങൾ, ചെറുകിട വ്യവസായികോപകരണങ്ങൾ എന്നിവ ജനങ്ങൾക്ക് നൽകാവുന്നതാണ്. സൊസൈറ്റി ഓഫീസിൽ 15 പേർക്കും സൂപ്പർമാക്കറ്റിൽ 15 പേർക്കും മൊത്തം 30 പേർക്ക് തൊഴിൽ സാദ്ധ്യതയും ഇതു വഴി ലഭിക്കുന്നതാണ്.

പഠനപര്യടന പാത ഗ്രൂപ്പ് – 1
ശ്രീ ശങ്കരാ പാലം മുതൽ എം സി റോഡ് കൂടി വേങ്ങൂർ തോട് വരെ

	തീരസമതലം	സമതലം	ഉയർന്നപ്രദേശം	താഴ്വര	ചരിവ് പ്രദേശം	താഴ്ന്ന സമതലം
ഭൂപ്രക്യതി						
മൺതരം	ചെളിമണ്ണ് മണൽമണ്ണ് എക്കൽ	ചെളിമണ്ണ്	വെടുകൽ മണ്ണ്	വെട്ടുകൽ മണ്ണ് ചെമ്മണ്ണ്	വെട്ടുകൽ മണ്ണ്	പശ മണ്ണ് എക്കൽ മണ്ണ്
സസ്യാവരണം	തെങ്ങ് ജാതി	നെല്ല്	തെങ്ങ്, വാഴ ഇടകലർന്ന കൃഷി	നെല്ല്, തെങ്ങ് വാഴ, ജാതി ഇടകലർന്ന വിള	നെല്ല്, തെങ്ങ് കുരുമുളക് മരച്ചീനി ഇടകലർന്ന വിള	നെല്ല്, തെങ്ങ് മരച്ചീനി ഇടകലർന്ന വിള
ജലസ്രോതസ്സ്	പുഴതീരം	കനാൽ തോട്	കനാൽ, കുഴൽ കിണർ	കുളം പൊതുകിണർ	കനാൽ കുളം	കുളം 2 തോട്
പരിസ്ഥിതി	മണൽവാരൽ, ചന്ത (വായു മലിനീകരണം) ചപ്പ് ചവറുകൾ	നെൽപ്പാടം നികത്തൽ വെള്ളക്കെട്ട്	എല്ലുപൊടി കമ്പനി (വ്യവസായ മലിനീകരണം)		പാൽ സംസ്കരണ കമ്പനി (വായു മലിനീകരണം)	ടയർ കമ്പനി ഓയിൽ മില്ല് (മലിന ജലം) (വായു മലിനീകരണം)


പഠനപര്യടനം - ഗ്രൂപ്പ് - 2
ശൃംഗേരി - കുഴിയമ്പാടം



മൺതരം	എക്കൽ	ചെമ്മണ്ണ്	ചെമ്മണ്ണ്, ചെറിയ തോതിൽ കുളപ്പാറ	വെട്ടുകല്ല്	വെട്ടുകല്ല്	കളിമണ്ണ്	വെട്ടുകല്ല്, കുളപ്പാറ, കരിങ്കല്ല്	വെട്ടുകല്ല്
സസ്യാവരണം എക്കൽ	ജാതി, തെങ്ങ്, നെല്ല്, ഇടകലർന്ന കൃഷി.	തെങ്ങ്, ജാതി, മരച്ചീനി.	തെങ്ങ്, ജാതി, നെല്ല്, ഇടകലർന്ന കൃഷി	റബ്ബർ, ഇടകലർന്ന കൃഷി, തെങ്ങ്,ജാതി	തെങ്ങ്, വാഴ, ജാതി, ഇടകലർന്ന കൃഷി	തൈങ്ങ്, വാഴ, ജടകലർന്ന കൃഷി, ജാതി.	റബ്ബർ, തെങ്ങ്, പൈനാപ്പിൾ, റബ്ബറിനടിയിൽ പൈനാപ്പിൾ ഇടകലർന്ന കൃഷി	തെങ്ങ്, ജാതി, ഇടകലർന്ന കൃഷി
ജലസ്രോതസ്സ് ലിഫ്റ്റ് ഇറിഗേഷൻ	ടാപ്പ്, തോട്, കനാൽ	വെള്ളമില്ലാത്ത കനാൽ	തോട്, അക്വഡക്ട്	വെള്ളമില്ല	കുളം, കിണർ	തോട്, കനാൽ, (വെള്ളമില്ല), കുളം	വെള്ളമില്ല. രൂക്ഷമായ ജലക്ഷാമം	മിതമായ തോതിൽ ജല ലഭ്യത, കിണർ
പരിസ്ഥിതി പ്രശ്നങ്ങൾ മണ്ണിടിച്ചൽ, ജല ലഭ്യത കുറയുന്നു, മണൽവലരൽ	നെൽപ്പാടം നികന്നത്, വെള്ളക്കെട്ട്, കൊതുകു പെരുകൽ	-	വെള്ളക്കെട്ട്	ചപ്പുചവറുകൾ കുന്നു കൂടുന്നു, വെളിമ്പ്രദേശത്തുള്ള മലമൂത്ര വിസർജ്ജനം, കൊതുകു പെരുകൽ, കനാലിന്റെ പരിസരപ്രദേശങ്ങൾ കന്നുകാലികൾ മേയുന്നു.	-	മണ്ണെടുക്കൽ	പാറപ്പൊട്ടിച്ച കുളം	വലയു മലിനീകരണം, ശബ്ദമലിനീകരണം, ജല മലിനീകരണം ജലലഭ്യത കുറക്കുന്നു.

പഠനപര്യടനം - ഗ്രൂപ്പ് - 3

ഉടുമ്പുഴ കോളനി മുതൽ പൊതിയക്കര വഴി മംഗലത്തറ




ഭൂപ്രക്യതി												
മണ്ണിന്റെതരം	എക്കൽ	കുളപ്പാറ	കുളപ്പാറ, വെട്ടുകല്ല്	ചെമ്മണ്ണ്	വെട്ടുകല്ല്	വെട്ടുകല്ല് ചെമ്മണ്ണ് ചരൽ	കുളപ്പാറ ചരൽ വെട്ടുകല്ല്	ചെമ്മണ്ണ്	വെട്ടുകല്ല്	വെട്ടുകല്ല് ചെമ്മണ്ണ്	ചരൽമണ്ണ് വെട്ടുകല്ല് ചെമ്മണ്ണ്	ചെമ്മണ്ണ് കുളപ്പാറ വെട്ടുകല്ല്
സസ്യാവരണം	നെല്ല് തെങ്ങ് ജാതി	ഇടകലർന്ന കൃഷി	നെല്ല്, തെങ്ങ്, വാഴ, ജാതി, മരച്ചീനി ഇടകലർന്ന കൃഷി	ഇടകലർന്ന കൃഷി	തെങ്ങ്, മഞ്ഞൾ, കശുമാവ്	റബ്ബർ, കശുമാവ്	തെങ്ങ് ജാതി ഇടകലർന്ന കൃഷി	നെല്ല്, വാഴ, തെങ്ങ്, ജാതി, ഇടകലർന്ന കൃഷി	ഇടകലർന്ന കൃഷി	ഇടകലർന്ന കൃഷി	റബ്ബർ, തെങ്ങ്, ഇടകലർന്ന കൃഷി	നെല്ല്, വാഴ, തെങ്ങ്, ജാതി, ഇടകലർന്ന കൃഷി
ജലസ്രോതസ്സ്	തോട്	കനാൽ (വെള്ളമില്ലാത്ത)	തോട്, കുളം, കിണർ	കുഴൽകിണർ	കനാൽ	പൈപ്പ് (ടാപ്പ്)	കനാൽ കുളം കിണർ	തോട്, കനാൽ	കനാൽ	കനാൽ കുളം	ജല ലഭ്യത കുറവ്	തോട്, കുളം
പരിസ്ഥിതി പ്രശ്നങ്ങൾ	ചതുപ്പ്	വരൾച്ച	പാടം നികത്തൽ	-	ജല ലഭ്യത കുറവ്	-	ഇഷ്ടിക്കളം	പാടം നികത്തൽ,വായു മലിനീകരണം	വായു മലിനീകരണം	അറവുശാലകൾ	ഇഷ്ടികക്കളം ചപ്പ് ചവറ് കൂനകൾ	ചതുപ്പ്

പഠനപര്യടനം – ഗ്രൂപ്പ് – 4
പിരാരൂർ, കുറ്റിലക്കര മരോട്ടിച്ചുവട് വഴി എരപ്പ്

	സമതലം	സമതലം	ചെറിയ കുന്ന്	താഴ്വര	സമതലം
ഭൂപ്രക്യതി					
മൺതരം	എക്കൽ മണ്ണ് വെട്ടുകൾ മണ്ണ്	ചെമ്മണ്ണ് മണൽ നിറഞ്ഞമണ്ണ് ചെളിമണ്ണ്	ചെക്കൽമണ്ണ്	ംകളപ്പാറ ചെമ്മണ്	ചെമ്മണ്ണ്
സസ്യാവരണം	തെങ്ങ്, ജാതി, നെല്ല്	നെല്ല്, ജാതി, വാഴ, കുരുമുളക്, ഇടകലർന്ന വിള	തെങ്ങ്, ജാതി, വാഴ കമുക്ക്, ജടകലർന്നവിള	ജാതി വാഴ, കരുമ;ളെക് ഇടകലർന്ന വീമ	നെൽകൃഷി തെങ്ങ്, കമുക് ഇടകലർന്ന കൃഷി
ജലസ്രോതസ്സുകൾ	തുറയുടെ സാമീപ്യം കുളം 3	കുളം – 2 കുഴൽ കിണർ കനാൽ	കുളം കുഴൽകിണർ	കുളം, കുഴൽകിണർ, കിണർ –5	കിണർ
പരിസ്ഥിതി പ്രശ്നങ്ങൾ	ക്രഷർ ഓട്ടുകമ്പനി	മോഡേൺ റൈസ് മിൽ മരംകമ്പനി പാൽസംസ്കരണം	ടയർ കമ്പനി ക്രഷർ.	പൈപ്പ് കമ്പനി ക്രഷർ)	ക്രഷർ

പഠനപര്യടനം – ഗ്രൂപ്പ് – 5
തെക്കേക്കര മുതൽ കൈപ്പട്ടൂർ വഴി കൊറ്റമം പാത

കയറ്റം



ഭൂപ്രകൃതി							
മൺതരം	മണൽകലർന്ന മണ്ണ്	കുളപ്പാറ ചെങ്കല്ല്	ചെമണ്ണ്	കളിമണ്ണ് ചെമണ്ണ്	മണൽകലർന്ന മണ്ണ്	പുഴിമണ്ണ്	മണൽമണ്ണ് ചെളിമണ്ണ്
സസ്യാവരണം	തെങ്ങ്, വാഴ, നെല്ല്, ജാതി	ഇടകലർന്ന വിള തെങ്ങ് റബ്ബർ	റബ്ബർ, തെങ്ങ്, ഇടകലർന്ന വിള	തെങ്ങ്, ഇടകലർന്ന വിള	നെല്ല്, തെങ്ങ്	നെല്ല്,തെങ്ങ്, ഇലകലർന്ന വിള	തെങ്ങ്, ജാതി
ജലസ്രോതസ്സ്	കനാൽ കുളം – 2 സ്വകാര്യകിണർ	കനാൽ	വെള്ളമില്ലാത്ത കനാൽ	വെള്ളമില്ലാത്ത കനാൽ	തോട്	കനാൽ	കനാൽ
പരിസ്ഥിതി	മെറ്റൽ ക്രഷർ ഇഷ്ടിക്കളം	–	–	എല്ലുപൊടി കമ്പനി ക്രഷർ	ഹോളോബ്രിക്സ്	മെറ്റൽ ക്രഷർ 4 ഇഷ്ടികകളും, റബ്ബർ വ്യവസായവും	മെറ്റൽക്രഷർ 4 പ്ലൈവുഡ് കമ്പനി അറക്കമിൽ കുമ്മായചൂള

ഉപസംഹാരം

ലോകത്തിനു തന്നെ മാതൃകയായേക്കാവുന്ന ജനാധിപത്യത്തിന്റെ ഏറ്റവും ഫലപ്രദമായ രൂപമാണ് അധികാരം ജനങ്ങളിലേക്ക് നല്കുകയെന്നത്. എന്നാൽ ഈ അധികാരം ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയണമെങ്കിൽ ഒരു പുതിയ വികസനകാഴ്ചപ്പാട് രൂപപ്പെടുത്തിയെ മതിയാകു. വികസനത്തെ സംബന്ധിച്ച നിലവിലുള്ള ധാരണ തിരുത്തികൊണ്ട് ആസൂത്രണം താഴെത്തട്ടിൽനിന്നും മുകളിലോട്ട് വരണമെന്ന ജനകീയ ചിന്തയുടെ ഫലമാണ് നമ്മുടെ സംസ്ഥാനത്ത് രൂപംകൊണ്ട ജനകീയാസൂത്രണ പ്രസ്ഥാനം. പ്രാദേശികാസൂത്രണത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഉടലെടുക്കുന്ന വികസനപ്രക്രിയയുടെ നിർവ്വഹണത്തിൽ ഒരു നാടിന്റെ പുരോഗതിസുസ്ഥിരവും സുതാര്യവും ദ്രുതഗതിയിലുമായിരിക്കുമെന്ന് ഉറപ്പിച്ചു പറയാം.

മേൽസൂചിപ്പിച്ച കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഒൻപതാം പദ്ധതിയുടെ കരടുരേഖയ്ക്ക് രൂപം നല്കുന്നതിൽ നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രശ്നങ്ങളും സാദ്ധ്യതകളും പരമാവധി ഉൾപ്പെടുത്തികൊണ്ട് പൗരാണിക സമ്പന്നതയിൽനിന്നും ഊർജ്ജം ഉൾകൊണ്ട് ഒരു പുത്തൻ സംസ്കാരം ഉയർത്തികൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ വികസന രേഖ. ഈ രേഖ പൂർണ്ണമാണെന്ന് ഞങ്ങൾകരുതുന്നില്ല. ഒരു ദിശാബോധം നല്കുകമാത്രമേ ചെയ്യുന്നുള്ളു. ഈ രേഖ ചർച്ചചെയ്യുകയും ക്രിയാത്മകമായ പ്രവർത്തനങ്ങളോടെ ഭാവിഭാഗധേയം നിശ്ചയിക്കുകയും ചെയ്യുമെന്ന വിശ്വാസത്തോടെ ഈ വികസനരേഖ ഉപസംഹരിക്കുന്നു.

കാലടി ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണസമിതി.

അധികാരം ജനങ്ങളിലേയ്ക്ക്
ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

★ ജനലക്ഷങ്ങൾ കർമ്മപദ്ധതി നടപ്പാക്കാൻ രംഗത്ത്

★ ആസൂത്രണ നിർവ്വഹണങ്ങളിൽ വമ്പിച്ച ജനപങ്കാളിത്തം

★ ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലേയ്ക്ക്

★ ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും ഒന്നിക്കുന്നു.